ശ്ലീഹന്മാരുടെ കൂദാശക്രമം

2003

ആമുഖം

1959-ൽ പ്രസിദ്ധീകരിച്ച കിഴക്കിന്റെ സഭയുടെ കുർബ്ബാന ക്രമങ്ങളിൽ വലിയ മാറ്റങ്ങളില്ലാതെ പുറത്തിറക്കുന്നതാണ് ഈ രണ്ടാം പതിപ്പ്. നമ്മുടെ സഭയിലെ കശീശന്മാരായ പി.കെ. വർഗ്ഗീസ്, പി. കെ. റാഫേൽ, ടി.ആർ. ജോസ്, ജോൺ കെ. ഡേവീസ്, ടി.പി. ഡേവീസ്, എൻ.ജെ. അബ്രഹാം എന്നിവരുടെ പരിശ്രമഫലമായി പൂർത്തിയായ ഈ പരിഷ്ക്കരിച്ച പതിപ്പ് എല്ലാവർക്കും പ്രയോജനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 44 വർഷം മുമ്പ് അച്ചടിച്ച ഒന്നാം പതിപ്പിലെ കോപ്പികൾ എല്ലാം തീർന്നുപോയതുകൊണ്ടാണ് ഈ രണ്ടാം പതിപ്പിന്റെ ആവശ്യം വന്നത്. കമ്മിറ്റിക്കാരോട് നന്ദി പ്രകാശിപ്പിക്കട്ടെ.

ഈ കൃതിയുടെ പ്രസിദ്ധീകരണം ഭംഗിയായി നിർവ്വഹിച്ച മാർ നർസൈ പ്രസ്സിനോടും മാനേജർ സി.ഡി. പോളി കശീശയോടും ഉള്ള നന്ദി രേഖപ്പെടുത്തേണ്ടത് എന്റെ കടമയാണ്.

കംപ്യൂട്ടറിൽ മലയാളം അടിച്ചുകയറ്റുകയും സുറിയാനിഭാഗങ്ങൾ സ്കാൻ ചെയ്തു ചേർക്കയും ചെയ്ത് ഈ പുസ്തകത്തിന്റെ കമ്പോസിറ്റിംഗ് ഭംഗിയായി നിർവ്വഹിച്ച കൊരട്ടിയിലെ ഡിജിടെക് ഉടമ ശ്രീ. ജോൺസൻ എ. ജോണിയും അനുമോദനം അർഹിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും എല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാർഅപ്രേം
ദൈവകൃപയാൽ
ഇന്ത്യയിലെ പൌരസ്ത്യ സഭയുടെ
മെത്രാപ്പോലീത്ത

തൃശൂർ 680 001
29-9-2003

ܒܫ̈

ܩܘܕܡܐ.

ܠܒܢ̈ܝ ܕܥܘܫܐ ܘܡܫܡܫܢ̈ܝ ܕܡܪܢ: ܡܠܦܢܘܬܐ
ܘܡܘܕܥܢܘܬܐ ܒܟܠܗ ܡܢ ܫܒܩܗ: ܒܢ̈ܝܐ ܚܒܝܒܐ ܡܫܝܚܝܐ
ܡܫܠܡܢܘܬܐ ܘܫܘܬܠܡܘܬ ܕܡܫܝܚܐ ܕܒܢܝܬܐ ܕܝܗܒܗ:
ܨܠܘܬܐ ܘܬܘܕܝܬܐ ܕܡܪܢ.

ܡܫܝܚܐ ܗܘ ܠܟܘܢ ܐܒܐ: ܕܟܠܗܘܢ ܟܗܢ̈ܐ
ܡܫܝܚ̈ܐ ܕܡܥܡܕܢܘܬܐ ܝܘܚܢܢܝܐ ܘܩܘܫܬܝܐ ܡܟܪܙܝܢ
ܘܡܫܡܫܝܢ ܒܟܢ ܐܢܘܫ ܡܫܝܚܝܐ ܘܡܠܦܢ̈ܐ ܕܠܐܘܡܬܐ
ܒܠܫܢܐ ܐܪܡܝܐ: ܗܘ ܕܝ ܒܠܫܢܐ ܗܘ ܕܒܗ
ܡܠܠ ܡܪܢ ܘܡܠܝܫܘܥ ܩܘܪܝܐ: ܡܢ ܟܬܒ ܠܗ
ܕܡܢܝܢ ܘܡܫܬܟܚܝܢ: ܒܢ̈ܝܐ ܝܕܥܝ ܕܒܢܝܬܐ ܗܢܐ
ܟܠ ܡܬܚܙܝܢ ܕܡܫܬܟܚܝܢ ܠܚܝܝܗܘܢ:
ܡܛܠ ܕܗܘܝܘ ܠܫܢܐ: ܘܟܠܗ ܡܦܩܝܢ ܒܗ: ܡܢ
ܕܝܢ ܗܘܝ ܟܠ ܐܢܫܝܢ ܟܠ ܕܡܢܝܢ ܘܟܠ ܕܡܫܬܘܕܝ
ܒܠܫܢܐ ܕܡܠܝܠܐ: ܡܛܠ ܗܕܐ: ܡܫܡܫܝܢ ܕܪܝܫܢܘܬܐ
ܗܘܝ ܫܡܝܐ: ܘܡܛܠ ܚܘܝܕ ܕܝܕܥܝܢ ܠܗܘܢ

അംഗീകരണം

ഇന്ത്യായിലെ പരിശുദ്ധവും, ശ്ലീഹായ്ക്കടുത്തതും,
കാഥോലിക്കയുമായ പൌരസ്ത്യസഭയുടെ അംഗങ്ങ
ളായി വൈദികർ,
ആത്മേനികൾ എന്നിവരുടെ മുഴുവൻ കൂട്ടവുമായ
നമ്മുടെ ആത്മീയമക്കളും കർത്താവിൽ
പ്രിയരുമായവർക്ക്

നമ്മുടെ കർത്താവിൽ പ്രാർത്ഥനകളും അനുഗ്രഹങ്ങളും

നമ്മുടെ വിശുദ്ധ പിതാക്കന്മാരും, സത്യത്തിന്റെ മല്പാന്മാരു(ഗുരുക്കന്മാർ)മായവരാൽ വിരചിതവും, എഴുതപ്പെട്ടവയുമായി സഭാ ശുശ്രൂഷപരവും ആത്മീയവുമായ നമ്മുടെ എല്ലാ ഗ്രന്ഥങ്ങളും ആറാമായ (സുറിയാനി - അതായതു നമ്മുടെ കർത്താവും ഭാഗ്യവാന്മാരായ തന്റെ ശ്ലീഹന്മാരും സംസാരിച്ചിരുന്നതായ) ഭാഷയിൽ ആണെന്നു നിങ്ങൾക്കു നല്ലപോലെ അറിവുള്ളതാണല്ലോ. എന്നാൽ ഈ നാട്ടിലുള്ള നമ്മുടെ സഭാമക്കൾക്കു ആ ഭാഷയിലുള്ള പരിജ്ഞാനക്കുറവും, പരിചയമില്ലായ്മയും നിമിത്തം അവയുടെ ഉള്ളടക്കങ്ങൾ ഗ്രഹിക്കുവാൻ കഴിയുന്നില്ലെന്നു നമുക്ക് മനസിലായശേഷവും, നമുക്ക് മലയാളഭാഷയിൽ വായിക്കുവാനും എഴുതുവാനും സാധിക്കാത്തതിനാലും, അവയുടെ ഉള്ളടക്കങ്ങൾ ഗ്രഹിക്കുന്നതിനും അവയിലുള്ള വിശിഷ്ടാനുഭവങ്ങൾ(വിശുദ്ധ തത്വങ്ങൾ) നിങ്ങളുടെ

ܠܠܫܢܐ ܕܐܢܓܠܝܙܝܐ ܘ ܕ̈ ܠܠܫܢܐ ܕܝܠܢ ܥܡܐ.
ܐܡܪܢܐ ܕܫܡܥܘܗܝ ܕܫܘܬܦܘܬܗ ܠܚܝܒܘܬܗ:
ܘܫܘܫܛܦܐ ܡܢܗ ܫܒܘܩܘܬܐ ܫܪܝܐ ܡܛܠ
ܡܘܕܝܢܐ ܘܦܘܪܩܢܐ ܕܐܘܣܬܘܬܗ.

ܘܠܐ ܕܝܢ ܐܦ ܗܕܐ ܠܡܕܘܕ: ܕܡܬܩܠܛܢܝܬܐ
ܕܟܠܐ ܐܢܫܝܢ ܡܢ ܗܢܘ ܕܝܠܗ ܒܡܫܪ ܠܡܕܒܪܢܘ
ܕܟܬܒܐ ܗܢܐ ܡܢ ܐܬܘܬܐ ܠܡܠܝܠܝܢ.

ܡܩܕܡܢܐ: ܡܢܚܐ ܡܫܡܫܢܐ ܦܠܘܣ ܕܝܠܗ
ܡܘܕܥܐ ܕܝܘܡ. ܠܡܢܝܐ ܕܟܬܐ ܕܟܪܣܛܝܢܐ ܡܫܠܡܢܐ
ܠܡܠܝܠܝܢ: ܡܢ ܡܕܡ ܥܒܪܬܗ ܕܡܢ ܬܠܡܕܐ ܗܢܐ.
ܕܟܠܚܝܢ: ܡܗܝܡܢܐ ܡܘܕܐ ܒܘܟ ܕܝܫܘܥ ܕܝܕܥܬܐ
ܕܚܝܝܢ ܬܡܘܬܝܐ. ܕܟܠܗܝܢ: ܡܫܡܫܢܐ ܦܪܘܦܣܘܪ
ܕܝܠܗ ܡܢܘܗܕܝ: ܡܫܡܫܢܐ ܦܪܘܦܣܘܪ ܕܝܠܗ ܦܪܘܦܣܘܪ:
ܡܫܡܫܢܐ ܡܘܫܐ ܕܝܠܗ ܦܘܠܘܣܘܣܘܒܝ: ܡܫܡܫܢܐ
ܦܪܘܦܣܘܪ ܕܝܠܗ ܦܘܠܠܘܣܝ: ܡܫܡܫܢܐ ܕܝܕܗ.
ܕܗܢܘ ܕܡܠܠܘ ܘܦܝܫܘ ܒܚܘܒܐ ܒܫܪܪܐ ܘܦܝܫܘ
ܦܘܪܐ ܘܡܗܝܡܢܘܢ ܠܥܘܡܠܢܐ.

ܡܪܝ ܡܪܐ ܕܟܠ: ܗܘ ܦܪܢܣܗ ܕܝܗܒ ܛܝܒܘܬܐ
ܒܡܠܟܘܬܗ ܥܡܝܢܝܬܐ.

ആത്മാക്കളുടെ നന്മയ്ക്കും രക്ഷയ്ക്കുമായി പെറുക്കിയെടുപ്പാൻ കഴിയേണ്ടതിനുമായി മലയാളത്തിലേക്കു - നിങ്ങളുടെ മാതൃ ഭാഷയിലേക്കുത്തന്നെ - അവയെ ഭാഷാന്തരം ചെയ്യേണ്ടതു അവശ്യം ആവശ്യവും, ഏറ്റവുമുചിതവുമാണെന്ന് നാം കരുതി.

ഈ പുസ്തകം ആറാമായ ഭാഷയിൽനിന്നു മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുവാൻ പ്രയത്നിച്ചിട്ടുള്ളവരോട് നമുക്കുള്ള അപാരമായ കൃതജ്ഞതയെ സ്മരിക്കുന്നതു എത്രയും ആവശ്യമത്രെ.

ഒന്നാമതായി ഈ ലോകത്തിൽനിന്നു വേർപ്പിട്ടുപോകുന്നതിനുമുമ്പ് 'ശ്ലീഹന്മാരുടെ കൂദാശക്രമ'ത്തിന്റെ നല്ലൊരുഭാഗം മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയവനായ നിര്യാണമടഞ്ഞ ബ.കോനിക്കര പൌലൂസ് കശ്ശീശ, രണ്ടാമതായി നമ്മുടെ യാക്കോബായ സഹോദരന്മാരുടെ സഭയിലെ ബ. കുരിയൻ കോർഎപ്പിസ്കോപ്പാ, മൂന്നാമതായി അത്യദ്ധ്വാനം ചെയ്തു പ്രതികൾ തമ്മിൽ ഒത്തുനോക്കിയും, തെറ്റുകൾ തിരുത്തിയും പരിപൂർണ്ണതയിലേക്കു എത്തിച്ച നമ്മുടെ സഭയിലെ വൈദികന്മാരായ ബ.മണ്ണൂക്കാടൻ ഫ്രാൻസീസ്സ് കശ്ശീശ, ബ.പെരിങ്ങായി ഫ്രാൻസീസ് കശ്ശീശ, ബ.പുതുക്കാട്ടുകാരൻ യോഹന്നാൻ കശ്ശീശ, ബ.പുള്ളൂക്കാരൻ ഫ്രാൻസീസ് കശ്ശീശ എന്നിവരോടും തന്നെ. സർവ്വനാഥനായ കർത്താവ് സ്വർഗ്ഗരാജ്യത്തിൽ ഇവർക്ക് നല്ല പ്രതിഫലം നൽകുമാറാകട്ടെ.

ദൈവകൃപയാലും, പരിശുദ്ധവുമായ നമ്മുടെ സഭയുടെ നേരെയുള്ള നിങ്ങളുടെ എരിവേറിയതും, സ്നേഹനിർബ്ബരവുമായ പ്രയത്നങ്ങളാലും നമ്മുടെ ഉൽകൃഷ്ടമായ ഉദ്ദേശം സഫലീകരിച്ചിരിക്കുന്നു. ഇപ്പോഴിതാ കിഴക്കിന്റെ പ്രേഷിതന്മാരും,

ܒܬܫܒܘܚܬܐ ܕܐܠܗܐ ܘܒܥܘܕܪܢܗ، ܚܕܪܐ
ܘܡܘܦܩܢܐ ܕܟܠܗ ܫܢܬܐ، ܡܕܢܚܝܬܐ: ܡܬܝܗܒ ܠܐܝܕܝܟܘܢ
ܗܫܐ: ܘܗܕܐ ܒܫܘܠܡܐ ܕܫܢܬܐ ܡܬܩܪܝܢ ܘܡܬܚܫܚܝܢ
ܠܗܘܢ: ܒܥܕܬܗܘܢ، ܠܬܫܥܝܢ ܗ̈ ܕ̈ ܕܠܫܢܐ ܐܪܡܝܐ
ܘܕܡܬܚܫܚܝܢ: ܠܡܕܝܢܬܐ ܕܗܢܕܘ: ܕܗܪܟܐ ܐܝܟ ܘܕܗܪܟܐ
ܗܪܟܐ ܒܠܚܘܕ ܡܬܚܕܬܢ ܘܡܬܠܡܕܢܘܬܐ ܕܡܕܢܚܝܐ:
ܘܕܗܪܟܐ ܐܬܝܠܕܘ ܡܫܒܚܢܐ ܕܟܬܒܐ ܕܐܠܗܝܐ:
ܘܕܗܪܟܐ ܢܩܦܘܢܗ ܟܬܒܐ ܕܐܘܪܝܬܐ ܕܠܘܬ
ܗܢ ܡܫܡܫܢܘܬܗܘܢ. ܡܕܝܢܬܐ: ܗܕܐ ܕܟܠ
ܕܗܐ: ܕܐܝܟܐ ܢܣܟܦ ܟܘܢܐ ܕܡܫܡܫܢܘܬܐ ܕܐܠܗܘܬܐ.

ܘܒܝܕ ܕܝܠܢ، ܡܝܛܪܦܘܠܝܛܐ ܕܥܕܬܐ
ܕܒܗܢܕܘ ܡܕܢܚܝܬܐ.

ܒܝܘܡ ܐܪܒܥܒܫܒܐ 25 ܒܟܢܘܢ ܐ: (ܠܦܘܬ
ܚܘܫܒܢܐ ܡܕܢܚܝܐ) ܐܝܬܘܗܝ ܝܘܡ ܥܐܕܐ
ܕܡܘܠܕܗ ܕܡܪܢ ܫܢܬ 1959.

7—1—1959.

✝ ܡܣܟܢܐ ܬܐܘܡܐ ܕܪܡܘ
ܕܬܪܝܫܘܪ.
ܡܝܛܪܦܘܠܝܛܐ ܕܥܕܬܐ ܕܡܕܢܚܐ.
ܕܒܗܢܕܘ.

വിശുദ്ധ ശ്ലീഹന്മാരുമായ മാർ അദ്ദായി, മാർ മാറി എന്നിവരുടേയും, ദൈവികഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവായ മാർ തിയാദോറോസ്സിന്റേയും, രക്തം ചിന്താത്ത സഹ്ദായും, സത്യവിശ്വാസത്തിനുവേണ്ടി പീഢിപ്പിക്കപ്പെട്ടവനും, ബുസന്തിയായുടെ, അതായതു കുസ്തന്തീനാപ്പോലീസ് നഗരിയുടെ, പാത്രിയാർക്കീസുമായ മാർ നെസ്തോറീസിന്റേയും "കുദാശക്രമങ്ങൾ" ആറാമായ, മലയാളം എന്നീ രണ്ടു ഭാഷകളിലായി അത്യധികം സന്തോഷത്തോടുകൂടെ നാം അംഗീകരിച്ചു (നിങ്ങൾക്ക്) പ്രദാനം ചെയ്തുകൊള്ളുന്നു.

തെക്കെ ഇന്ത്യയിൽ തൃശ്ശിവപേരൂരിലുള്ള മെത്രാപ്പോലീത്തായ്ക്കടുത്ത നമ്മുടെ അരമനയിൽനിന്നും

പൌരസ്ത്യ പഞ്ചാംഗപ്രകാരം 1959-ാമാണ്ട് നമ്മുടെ കർത്താവിന്റെ ജനനതിരുന്നാൾ ദിവസമായ ഒന്നാം ക്യാനോൻ 25-ാംനു ബുധനാഴ്ച, 7-1-59.

+ ബലഹീനനായ മാർ തോമാ ധർമ്മോ
ദൈവകൃപയാൽ
ഇന്ത്യായിലെ പൌരസ്ത്യസഭയുടെ
മെത്രാപ്പോലീത്ത.

✠ ܡܚܝܠܐ ܬܐܘܡܐ ܕܪܡܘ
ܒܛܝܒܘܬܗ.
ܡܝܛܪܦܘܠܝܛܐ ܕܥܕܬܐ ܕܡܕܢܚܐ.
ܕܒܗܢܕܘ.

ܒܫܡ

ܒܚܝܠ ܚܝܠܗ ܕܡܪܢ ܝܫܘܥ ܡܫܝܚܐ

ܡܫܪܝܢܢ ܠܡܟܬܒ

ܟܬܒܐ ܕܚܘܕܪܐ

ܕܫܠܝܚܐ

ܕܥܒܝܕ

ܠܡܪܝ ܐܒܐ ܘܡܪܝ ܦܠܕܝ ܥܠܝܬܐ

ܓܘܢܝܐ. ܡܪܝ ܢܛܘܪܝܗ

ܕܩܕܝܫܐ: ܐܡܝܢ.

ܡܫܝܚܐ

ܡܫܝܚܝܐ ܫܘܬܐ: ܕܣܡ ܢܦܩܐ ܘܒܪܬܐ

ܘܪܘܚܐ ܕܩܘܕܫܐ ܠܟܠܡܢ ܡܥܕܘܢܘܬܐ

ܠܬܘܒܐ ܡܩܕܫܐ ܕܒܝ ܠ: ܫܢܝܢ.

നമ്മുടെ കർത്താവായ ഈശോമ്ശീഹായുടെ
ശക്തിയാൽ ഭാഗ്യവാന്മാരായ മാർ അദ്ദായ്
മാർ മാറി എന്നീ ശ്ലീഹന്മാരാൽ
രചിക്കപ്പെട്ട

ശ്ലീഹന്മാരുടെ
കൂദാശക്രമം

എഴുതുവാൻ ഞങ്ങൾ ആരംഭിക്കുന്നു.
ഞങ്ങളുടെ കർത്താവേ നിന്റെ
കരുണയാൽ എന്നെ (ഞങ്ങളെ)
സഹായിക്കേണമേ. **ആമേൻ.**

പ്രാരംഭത്തിൽ പുരോഹിതൻ തുടങ്ങുന്നു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നെന്നേക്കും ആമേൻ.

അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം. (മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു) ഭൂമിയിൽ സമാധാനവും മനുഷ്യർക്കു നല്ല പ്രത്യാശയും എല്ലാ സമയങ്ങളിലും എന്നെന്നേക്കും ആമേൻ.

ܘܥܠ ܐܪܥܐ ܫܠܡܐ ܘܣܒܪܐ ܛܒܐ
ܠܒܢܝ̈ܢܫܐ: ܒܟܠܙܒܢ ܠܥܠܡܝܢ ܐܡܝܢ.
ܘܡܢ ܐܒܘܢ ܕܒܫܡܝܐ ܢܬܩܕܫ ܫܡܟ:
ܬܐܬܐ ܡܠܟܘܬܟ. ܩܘܪܝܠܝܣܘܢ. ܩܘܪܝܠܝܣܘܢ. ܩܘܪܝܠܝܣܘܢ:
ܐܒܘܢ ܕܒܫܡܝܐ ܕܡܠܝܢ ܫܡܝܐ ܘܐܪܥܐ
ܪܒܘ ܫܘܒܚܗ: ܠܒܪܟܐ ܘܐܝܩܪܐ ܩܕܝܫ
ܠܟ: ܩܘܪܝܠܝܣܘܢ. ܩܘܪܝܠܝܣܘܢ. ܩܘܪܝܠܝܣܘܢ: ܐܒܘܢ
ܕܒܫܡܝܐ ܢܬܩܕܫ ܫܡܟ: ܬܐܬܐ
ܡܠܟܘܬܟ. ܢܗܘܐ ܨܒܝܢܟ: ܐܝܟܢܐ
ܕܒܫܡܝܐ ܐܦ ܒܐܪܥܐ. ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ: ܘܫܒܘܩ ܠܢ ܚܘ̈ܒܝܢ:
ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝ̈ܒܝܢ. ܘܠܐ
ܬܥܠܢ ܠܢܣܝܘܢܐ: ܐܠܐ ܦܨܢ ܡܢ ܒܝܫܐ:
ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ: ܠܥܠܡ ܥܠܡܝܢ: ܐܡܝܢ.
ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ

(അനന്തരം) സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ. നിന്റെ രാജ്യം വരേണമേ. "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ ആകുന്നു. സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ മഹത്വത്തിന്റെ ആധിക്യംകൊണ്ടു സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു നിന്നോടു നിലവിളിക്കുന്നു." സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകട്ടെ. ഞങ്ങളുടെ ആവശ്യത്തിനുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരികയും, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കുകയും ചെയ്യേണമേ. ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കയും അരുതേ. എന്നാൽ ദുഷ്ടനിൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നെന്നേക്കും നിനക്കുള്ളതാകുന്നു ആമേൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി. അനാ

ܕܩܘܕܫܐ: ܡܢ ܥܠܡ ܘܥܕܡܐ ܠܥܠܡ
ܐܡܝܢ ܘܐܡܝܢ. ܢܦܩܘ܆ ܕܡܫܡܫܢܐ ܢܙܡܪܘܢ
ܒܩܠܐ: ܬܠܬܐ ܡܠܟܘܬܐ. ܩܕܝܫ ܩܕܝܫ
ܩܕܝܫܐ: ܢܦܩܘ܆ ܕܡܫܡܫܢܐ ܕܩܕܝܫܝܢ ܬܫܒܚܬܐ
ܘܙܡܪܘ ܐܢܘܢ ܫܘܒܚܐ: ܠܒܪܐ ܘܠܪܘܚܐ
ܩܕܝܫ ܠܟ: ܩܕܝܫ ܩܕܝܫ ܩܕܝܫܐ.
ܘܐܡܪ ܫܡܫܐ. ܒܪܟ: ܫܠܡܐ ܥܡܟܘܢ.
ܨܠܘܬܐ ܕܩܕܡ ܡܙܡܘܪܐ.
ܕܫܒܥܬܐ ܘܥܕܬܐ. ܫܒܚ ܡܪܝ܆
ܘܒܪܟ܆ ܠܡܫܝܚܘܬܟ܆ ܒܫܠܝܐ ܕܫܡܝܐ
ܠܥܕܬܐ ܩܕܝܫܬܐ ܕܐܬܩܝܡܬ ܠܫܘܒܚܟ
ܘܠܬܘܕܝܬܟ ܕܥܠܡܐ ܚܕܬܐ. ܒܨܠܘܬܗ
ܕܪܘܚܐ ܩܕܝܫܐ. ܡܪܐ ܕܟܠ: ܢܦܩܐ ܘܪܒܐ
ܘܚܘܒܐ ܕܩܘܕܫܐ ܠܥܠܡܝܢ.
ܐܣܪܐ ܕܨܠܘܬܐ ܡܪܝܐ. ܫܒܚ ܡܪܝ܆
ܘܒܪܟ܆ ܠܡܫܡܫܢܐ ܒܬܫܒܚܬܐ ܕܪܘܚܐ.

ദിമുതൽ എന്നെന്നേക്കും ആമേൻ, ആമേൻ. സ്വർഗ്ഗത്തിലു ള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധ മാക്കപ്പെടട്ടെ. നിന്റെ രാജ്യം വരേണമേ. "പരിശുദ്ധൻ, പരി ശുദ്ധൻ, പരിശുദ്ധൻ നീ ആകുന്നു. സ്വർഗ്ഗത്തിലു ള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ മഹത്വത്തിന്റെ ആധിക്യംകൊണ്ടു സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരി ക്കുന്നു. മാലാഖമാരും മനുഷ്യരും പരിശുദ്ധൻ, പരിശു ദ്ധൻ, പരിശുദ്ധൻ എന്നു നിന്നോട് നിലവിളിക്കുന്നു."

ശമ്മാശൻ പറയുന്നു നമുക്കു പ്രാർത്ഥിക്കാം; നമ്മോടു കൂടെ സമാധാനം.

മർമീഥക്കുമുമ്പുള്ള പ്രാർത്ഥന

ഞായറാഴ്ചകളിലും തിരുനാളുകളിലും

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നിന്റെ പ്രിയപ്പെട്ട പുത്രന്റെ കരുണകളാൽ ഞങ്ങളുടെ ബല ഹീനസ്വഭാവത്തിന്റെ പുതുക്കത്തിന്നും രക്ഷയ്ക്കുമായി നൽകപ്പെട്ട വിശുദ്ധരഹസ്യങ്ങളെ ശുശ്രൂഷിപ്പാൻ നിന്റെ കനിവിനാൽ ഞങ്ങളുടെ ബലഹീനതയെ ശക്തിപ്പെടുത്തേ ണമേ. എന്നെന്നേക്കും സർവ്വനാഥനായ പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ. ആമേൻ.

ܘܐܬܚܙܝ ܗܘܝܐ ܐܝܟ ܕܐܢܫܐ
ܒܪܢܫܐ. ܠܡܫܡܫܘ ܐܪܙܐ ܡܫܝܚܝܐ
ܡܩܕܫܐ ܕܦܘܪܩܢܢ، ܘܦܓܪܗ
ܘܕܡܗ. ܘܠܡܬܒܪܘ ܐܝܟ ܕܠܒܪܢܫܐ
ܘܩܕܝܫܐ ܡܩܕܫ ܡܢ ܓܘܠܬܐ ܘܩܕܝܫ
ܡܢ ܚܛܝܬܐ ܡܬܚܡܬܐ ܘܐܢܫܝܐ.
ܘܠܡܥܒܕܘ ܐܝܟ ܟܠ ܦܘܩܕܢܐ ܕܥܒܕܗ
ܠܗ ܒܩܝܡܐ ܥܦܝܐ ܕܓܘܫܡܗ
ܐܢܫܝܐ. ܡܪܐ ܕܟܠ.

ܘܡܟܪܙ ܡܫܡܫܢܐ (ܐ) ܐܡܪ ܕܝܢ.

ܘܥܢ ܥܡܐ ܐܡܝܢ.

(ܛܘܟܣܐ ܕܩܘܪܒܢܐ).

(ܐ) ܘܒܬܪܗܕܐ ܫܠܡ ܡܫܡܫܢܐ ܡܩܪܐ ܩܕܡܝܐ. ܡܪܝܐ ܡܪܗ ܝܗܒ ܠܡܫܒܚܘ: ܘܩܪܘ ܝܬܝܪ ܠܓܘܪܐ ܡܫܝܚܐ. ܒܩܪܘܒ ܫܘܒܚܐ ܡܪܐ. ܘܡܫܡܫܢܐ ܡܢܗ ܡܩܕܫܝܢ ܐܡܝܢ ܕܡܫܝܚܐ ܕܟܠ

കർത്താവിന്നടുത്ത തിരുനാളുകളിൽ

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, പരിശുദ്ധമായി ആത്മാക്കളെയും ശരീരങ്ങളെയും വെടിപ്പായി ശുദ്ധീകരിക്കുന്ന പരിഹാരരഹസ്യങ്ങളെ ശുശ്രൂഷിപ്പാനും, മാലിന്യത്തിൽനിന്നു നിർമ്മലമാക്കപ്പെട്ടതും അശുദ്ധവിചാരങ്ങളിൽനിന്നു വിദൂരമായതുമായ ഹൃദയത്തോടും ബോധത്തോടുംകൂടെ നിന്നെ പരിചരിപ്പാനും, നിന്റെ കൃപയുടെ ധാരാളമാകുന്ന കരുണകളാൽ നീ ഞങ്ങൾക്കു നിരന്തരമായി ദാനംചെയ്ത രക്ഷയ്ക്കുവേണ്ടി നിന്നെ സ്തുതിപ്പാനും നിന്റെ നാമത്തിൽ യഥാർത്ഥമായി വിശ്വസിക്കുന്നവരെയും കോട്ടമില്ലാത്ത വിശ്വാസത്തെ സത്യമായിട്ട് ഏറ്റുപറയുന്നവരെയും ശക്തിപ്പെടുത്തേണമേ. എന്നെന്നേക്കും സർവ്വനാഥനായ.....

സാധാരണദിവസങ്ങളിൽ

സങ്കീർത്തനം 15

പുരോഹിതൻ: കർത്താവേ, നിന്റെ കൂടാരത്തിൽ ആർ വസിക്കും. നിന്റെ വിശുദ്ധപർവ്വതത്തിൽ ആർ പാർക്കും. (ഞങ്ങളുടെ കർത്താവേ, വിചാരങ്ങളുടെ ശുദ്ധതയിൽ നിന്റെ ബലിപീഠത്തിന്റെ മുമ്പാകെ എന്നെ നിർത്തേണമേ.)

പുരോഹിതൻ: കർത്താവേ, നിന്റെ കൂടാരത്തിൽ ആർ വസിക്കും. നിന്റെ വിശുദ്ധപർവ്വതത്തിൽ ആർ പാർക്കും.

ܕܒܘܥܕܢܐ ܘܕܢܘܩܦܬܐ ܥܢܝܢܐ.

ܢܗܒ ܠܢ ܘܢܫܬܒܚ ܘܢܬܪܥܐ ܘܢܬܪܡܪܡ ܘܢܬܩܕܫ ܘܢܬܒܪܟ ܒܫܡܝܐ ܘܒܐܪܥܐ: ܥܠܡܐ ܗܢܐ ܘܥܠܡܐ ܕܐܬܐ ܥܕܡܐ ܠܥܠܡ ܥܠܡܝܢ: ܐܡܝܢ.

ܡܘܡ ܘܡܠܟ ܕܡܠܟܘܬܐ: ܘܡܬܓܠܐ ܥܘܢܝܐ ܕܠܒܪܗ ܘܠܐ ܢܗܘܐ ܕܠܒܪܗ ܘܠܐ ܡܠܟ ܠܥܒܕܘܗܝ ܒܪܥܘܬܐ: ܘܡܘܪܝܐ ܥܠܝܗ ܢܘܕܝܗ ܠܐ ܡܬܕܟܪ ܘܡܬܓܠܝܐ ܕܐܘܪܚܬܐ ܕܚܝܐ: ܘܠܐܝܠܝܢ ܕܫܪܝܢ ܡܥܒܕܐ ܐܝܟ ܠܥܒܕܘܗܝ ܘܠܐ ܡܬܪܥܐ: ܘܟܠܗ ܕܥܒܕܐ ܠܐ ܢܗܘܐ ܘܡܘܪܝܐ ܥܠܝܗ ܘܡܢܐ ܠܐ ܢܗܘܐ: ܗܘ ܕܡܠܟ ܗܘ ܒܥܠܡܐ ܗܘ: ܘܠܐ ܡܬܚܫܒ ܠܐܠܗܐ ܥܒܕܘ ܠܡܪܝܐ ܒܫܘܒܚܗ: ܥܒܕܘܗܝ ܥܒܕܝܢ ܕܫܘܒܚܗ ܥܒܕܘܗܝ ܒܚܘܠܡܢܗ: ܥܒܕܘܗܝ ܕܒܢܝܢܐ ܕܥܒܕܘܗ ܥܒܕܘܗܝ ܒܡܠܟܐ ܕܡܪܝܐ: ܥܒܕܘܗܝ ܒܡܫܝܚܐ ܘܥܢܝܢܐ ܥܒܕܘܗܝ ܕܠܥܠܡܐ ܘܠܥܠܡ ܥܠܡܝܢ: ܥܒܕܘܗܝ ܕܫܡܝܐ ܥܒܕܘܗܝ ܚܠܦܝܢ ܥܒܕܘܗܝ ܒܫܡܝܐ ܘܒܐܪܥܐ ܒܟܠ ܫܒܝܐ ܥܒܕܘܗܝ ܥܒܕܘܗܝ ܫܡܝܐ

മർമീഥ ആരംഭിക്കുന്നു.

അനന്തരം സമാധാനം നമ്മോടുകൂടെ.

ഓർമ്മദിവസങ്ങളിലും സാധാരണദിവസങ്ങളിലും

നിന്റെ മഹത്വമുള്ള ത്രിത്വത്തിന്റെ വന്ദ്യവും സ്തുത്യവുമായ നാമം സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലായ്പോഴും ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ഏറ്റുപറയപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്യുമാറാകട്ടെ. എന്നെന്നേക്കും സർവ്വനാഥനായ പിതാവും പുത്രനും റൂഹാദ് കുദ്ശായുമായുള്ളോവേ

ഉത്തരം ആമേൻ

ശമ്മാശൻ: നിഷ്ക്കളങ്കനായി നടക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും ഹൃദയത്തിൽ സത്യം സംസാരിക്കുന്നവനും നാവുകൊണ്ടു വഞ്ചിക്കാതിരിക്കുന്നവനും.

പുരോഹിതൻ: തന്റെ കൂട്ടുകാരനോടു ദോഷം പ്രവർത്തിക്കാത്തവനും തന്റെ അയല്ക്കാരന്ന് എതിരായ് കോഴ വാങ്ങിക്കാത്തവനും.

ശമ്മാശൻ: കോപിപ്പിക്കുന്നവനെ തന്റെ കാഴ്ചയിൽ വെറുക്കുന്നവനും കർത്തൃഭക്തന്മാരെ ബഹുമാനിക്കുന്നവനും.

പുരോഹിതൻ: തന്റെ കൂട്ടുകാരനോട് ആണയിട്ട് അവനെ ചതിക്കാത്തവനും തന്റെ പണം പലിശക്കു കൊടുക്കാത്തവനും.

ശമ്മാശൻ: നീതിമാന്ന് എതിരായി കൈക്കൂലി വാങ്ങാത്തവനുംതന്നെ. ഇവ

ܨܠܘܬܐ ܕܩܕܡ ܬܫܒܘܚܬܐ ܕܡܠܐܟܐ. ܕܡܫܡܫܢܐ.

ܩܕܡ ܬܪܘܢܘܣ ܡܪܟ ܫܒܝܚܐ ܕܡܪܟܒܬܟ: ܘܟܘܪܣܝܐ ܪܡܐ

ܫܒܚ ܠܡܪܝܐ ✣ ܫܒܚܘ ܠܡܪܝܐ ܟܠܗܘܢ ܥܡ̈ܡܐ:
ܫܒܚܘܗܝ ܟܠܗܝܢ ܐܡܘܬܐ ✣ ܡܛܠ ܕܥܫܢܬ
ܥܠܝܢ ܛܝܒܘܬܗ: ܫܪܝܪܐܝܬ ܡܪܝܐ ܗܘ ܠܥܠܡ
ܒܚܕܒܫܒܐ ܘܥܐ̈ܕܐ ✣ ܫܒܚܘ: ܠܥܠܡ. ܒܥܪܘܒܬܐ
ܘܥܐ̈ܕܐ ✣ ܡܪܝܐ ܡܠܟ ܢܡܠܟ. ܗܘ ܩܢܐ ܘܡܫܒܚ
ܒܗ ܡܫܚܠܦ ܐܠܗܐ ܡܫܒܚܐ. ܟܠ ✣ ܘܐܡܪ ܫܡܫܐ:
ܫܠܡܐ ܥܡܟ.
ܘܐܡܪ ܟܗܢܐ. ܘܥܠ ܢܦܫ̈ܬ ܟܠܢ.... ܘܐܡܪܝܢ
ܠܥܘܠܡܐ ✣ ܨܠܘܬܐ ܡܫܚܘ ܡܪܢ ܡܫܒܚܝܢ ✣
ܘܐܡܪ ܫܡܫܐ ܡܫܒܚܘ ܟܠܟܘܢ ✣ ܘܫܒܚܬܐ
ܐܠܗܐ ✣ ܘܟܕ ܡܫܠܡ ܫܡܫܐ. ܡܛܠ ܕܫܘܒܚܐ ✣
ܘܐܡܪ ܡܫܒܚܘܢ ܘܡܫܠܡ ܫܡܫܐ ܦܬܓܡܐ.
ܘܡܫܬܡܠܐ ܟܗܢܐ ܦܬܓܡܐ. ܘܡܫܠܡ ܟܗܢܐ ܦܬܓܡܐ
ܘܐܡܪ ܩܘܡ ܒܗ ܒܨܠܘܬܐ ܗܕܐ ܕܥܝܕܐ. ܘܩܐܡ ܠܦܬܓܡܐ
ܟܠ ܚܕ ܡܢܗܘܢ ܒܡܘܗܒܬܐ ܕܐܠܗܐ ܐܠܗܘܬܐ ✣ ܘܗܟܢܐ
ܕܫܠܡܐ ܐܠܗܘܬܐ ܐܡܪ ܟܗܢܐ ܠܟ ܡܪܝܐ ܐܠܗܐ
ܡܠܟܐ ܡܫܒܚܢܐ.. ✣

കൻക്കിയിലെ ഗീതത്തിനുമുമ്പുള്ള പ്രാർത്ഥന

ഞായറാഴ്ചകളിൽ

കർത്താവേ, നിന്റെ വല്ലഭത്വത്തിന്റെ സ്തുതിക്കപ്പെട്ട ത്രോണോസിന്റെയും നിന്റെ ബഹുമതിയുടെ അത്യുന്നത സിംഹാസനത്തിന്റെയും നിന്റെ സ്നേഹാധിക്യത്തിന്റെ ഭയഭക്തിജനകമായ ആസ്ഥാനത്തിന്റെയും നിന്റെ ദിവ്യ ശക്തിയാൽ സ്ഥാപിതമായ വിമോചകബലിപീഠത്തി ന്റെയും നിന്റെ മഹത്വം അധിവസിക്കുന്ന സ്ഥലത്തി ന്റെയും മുമ്പാകെ നിന്റെ ജനവും മേച്ചിലിലെ ആടുകളു

പ്രവർത്തിക്കുന്നവൻ നീതിമാനാകുന്നു. അവൻ ഒരു നാളും ഇളക്കപ്പെടുകയില്ല.

സങ്കീർത്തനം 150

പുരോഹിതൻ: കർത്താവിനെ തന്റെ വിശുദ്ധ (സ്ഥലത്തിൽ) സ്തുതിപ്പിൻ. തന്റെ ശക്തിയുടെ ആകാശവിതാനത്തിൽ അവനെ സ്തുതിപ്പിൻ.

ശമ്മാശൻ: തന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. തന്റെ മഹിമാധിക്യത്തിൽ അവനെ സ്തുതിപ്പിൻ.

പുരോഹിതൻ: കാഹളനാദത്തോടെ അവനെ സ്തുതിപ്പിൻ. വീണകളാലും കിന്നരങ്ങളാലും അവനെ സ്തുതിപ്പിൻ.

ശമ്മാശൻ: തപ്പുകളാലും മദ്ദളങ്ങളാലും അവനെ സ്തുതിപ്പിൻ. ഇമ്പകരമായ കമ്പികളാൽ അവനെ സ്തുതിപ്പിൻ.

പുരോഹിതൻ: ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ. ആർപ്പോടും അട്ടഹാസത്തോടും അവനെ സ്തുതിപ്പിൻ.

ܘܡܫܒܚܢܐ ܕܐܝܬܘܬܗ: ܘܒܪܡܫܐ ܕܝܘܡܢܐ
ܕܦܘܪܩܢܗ ܕܝܠܢ: ܘܡܥܕܪܢܐ ܡܫܝܚܝܬܐ
ܩܕܡ ܩܕܡ ܩܘܪܝ: ܘܒܟܠܐ ܕܡܬܚܙܝܢ
ܕܡܘܕܝܢ: ܚܝܠ ܓܒܝܢ ܘܡܠܟܐ ܕܡܫܡܫܝܢ:

ܘܐܡܪ ܫܡܫܐ ܫܡܫܐ ܒܫܡܗ ܕܡܫܝܚܐ ✤ ܘܡܫܡܫ
ܟܗܢܐ ܩܕ ܡܫܡܫ ܩܐܡ ܡܫܡܫܢܐ ܫܠܡܐ ܡܫܝܚܐ ܕܝܠܟ
ܐܡܝܢ . . ܘܗܘ ܕܝܠܗܝܢ ܩܐܡ ܘܐܡܪ ܘܦܬܚ ܩܠܐ
ܒܫܢܝܐ✤
ܘܡܫܡܫ ܫܡܫܐ ܩܡ ܕܟܠ ܥܡܠܟ ܠܗ
ܡܫܡܫܢܐ✤ ܘܐܡܪ ܟܗܢܐ ܫܠܡܐ ܥܡܟܘܢ
ܘܫܡܫܐ ܟܗܢܐ. ܘܐܡܪ ܟܗܢܐ ܡܫܡܫܢܐ ܫܦܝܪܐ܉
ܦܬܚܗ ܡܫܡܫܢܐ ✤ ܘܐܡܪܡܫܡܫܢܐ ܐܢܬܘܢ ܘܫܡܥܘܢ ✤
ܘܐܡܪ ܫܡܫܐ ܢܩܝܦ: ܥܠܡܐ ܫܡܝܐ ✤ ܘܐܡܪ
ܟܗܢܐ ܢܗܘܐ ܥܡܟܘܢ ܠܥܠܡܝܢ ܐܡܝܢ ✤
ܘܡܫܡܫ ܡܫܡܫܢܐ ܕܡܫܡܫܢ ✤ ܘܡܫܡܫܢܐ ܠܗܘ
ܒܥܘܢܝܬܐ ✤
ܘܡܫܒܚܝܢ ܫܠܡ ܡܫܡܫ ܡܫܒܚܐ . . . ✤
ܫܠܡ ܥܠܡܫܘܗܝ ܫܒܚܐ ✤ ܘܐܡܪ ܕܡܫܒܚܝܢ ܠܟ ܘ ✤
ܗܘ ܥܡܟܘܢ✤ ܘܡܫܡܫܢ ܡܫܡܫܡܫܢ ✤ [ܘܡܫܡܫܢܐ
ܕܡܫܡܫܐ] ✤

മായ ഞങ്ങൾ നിനക്കു ഹല്ലേലൂയ പാടുന്ന ക്രോബേന്മാരുടെ ആയിരങ്ങളോടും നിന്നെ ശുശ്രൂഷിക്കുന്ന സ്രാപ്പെന്മാരുടെയും റബ്ബൈ മാലാഖമാരുടെയും പതിനായിരങ്ങളോടുംകൂടെ കുമ്പിടുകയും ആരാധിക്കുകയും പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്നെന്നേക്കും സർവ്വനാഥനായ.....

ശമ്മാശൻ: എല്ലാ ശ്വാസനിശ്വാസങ്ങളാലും നമുക്കു കർത്താവിനെ സ്തുതിക്കാം.

സങ്കീർത്തനം 117

പുരോഹിതൻ: സർവ്വജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ. സർവ്വ വംശങ്ങളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ശമ്മാശൻ: എന്തുകൊണ്ടെന്നാൽ തന്റെ കൃപ നമ്മുടെ മേൽ പ്രബലപ്പെട്ടിരിക്കുന്നു. സത്യമായിട്ടും അവൻ എന്നെന്നേക്കും കർത്താവാകുന്നു. ഞങ്ങളുടെ കർത്താവേ, വിചാരങ്ങളുടെ ശുദ്ധതയിൽ നിന്റെ ബലിപീഠത്തിന്റെ മുമ്പാകെ എന്നെ നിർത്തേണമേ.

പുരോഹിതൻ: പിതാവിന്നും പുത്രന്നും റൂഹാദ്കുദ്ശായ്ക്കും സ്തുതി. അനാദിമുതൽ എന്നെന്നേക്കും ആമേൻ, ആമേൻ. ഞങ്ങളുടെ കർത്താവേ, വിചാർങ്ങളുടെ ശുദ്ധതയിൽ നിന്റെ ബലിപീഠത്തിന്റെ മുമ്പാകെ എന്നെ നിർത്തേണമേ.

ശമ്മാശൻ: കർത്താവേ! നിന്റെ കൂടാരത്തിൽ ആർ വസിക്കും. നിന്റെ വിശുദ്ധ പർവ്വതത്തിൽ ആർ പാർക്കും സർവ്വത്തെയും ശുദ്ധീകരിക്കുന്ന ദൈവമേ, നിന്റെ വിശുദ്ധമന്ദിരം എത്രയോ മനോഹരവും മഹത്വപ്പെട്ടതുമാകുന്നു.

ശമ്മാശൻ: നമ്മോടുകൂടെ സമാധാനം.

ܥܡ ܥܝܪ̈ܐ ܩܕܝܫ̈ܐ ܡܗܠܠܝܢܢ. ܘܪ̈ܒܘܬܐ ܕܫܡܝܐ ܘܪ̈ܒܘܢ ܡܠܐܟ̈ܐ ܡܫܒܚܝܢܢ. ܟܪ̈ܘܒܝܢ ܘܣܪ̈ܦܝܢ ܘܫܘܠܛܢܝܢ ܘܡܫܡܫܢܝܢ. ܒܟܠ ܙܒܢ: ܡܪܐ ܕܟܠ.

ܐܚܪܬܐ ܕܥܐܕ̈ܐ ܡܪ̈ܢܝܐ. ܕܡܪܢ ܝܠܕܐ ܦܘܠܚܢܐ ܘܠܒܝܫܐ.

ܡܪܝ ܒܥܠܡܐ ܕܚܝܠܬܐ ܕܢܨܚܘܢܘܬܐ: ܘܡܢܬܘܢܐ ܡܠܠܬܐ ܕܝܠܝܕܘܬܗ. ܘܡܢܗܝܢܐ ܩܕܝܫܐ ܕܢܫܡܬܗ: ܘܡܨܠܝܢܢ ܥܡ ܫܡܝܐ ܕܡܪܢܘܬܗ. ܐܬܐ ܩܕܝܫܐ ܡܫܒܚܝܢܢ ܡܗܠܠܝܢ ܢܗܝܪ̈ܐ: ܘܫܡܝܐ ܡܙܡܪܝܢ ܡܢܟܢܝܢ ܟܠ ܐܬܪ̈ܘܬܐ. ܟܪ̈ܘܒܐ ܒܥܢܢܐ: ܘܣܪ̈ܦܐ ܒܩܠܠܐ: ܘܫܘܠܛܢܐ ܘܡܫܡܫܢܐ ܕܟܠ ܐܬܪܐ ܒܟܠܙܒܢ: ܡܪܐ ܕܟܠ.

കർത്താവിന്നടുത്ത തിരുനാളുകളിൽ

മാർ ഈവലിയ മൂന്നാമൻ കാഥോലിക്കയുടെ

നിന്നെ ശുശ്രൂഷിക്കുന്ന ക്രോബെന്മാർ ഇടവിടാതെ ഹല്ലേലൂയ പാടുകയും നിന്നെ സ്തുതിക്കുന്ന സ്രാപ്പെന്മാർ സദാ പരിശുദ്ധൻ എന്നാർക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന നിന്റെ വല്ലഭത്വത്തിൻ ഭയഭക്തിജനകമായ ആസ്ഥാനത്തിന്റെയും, നിന്റെ ദൈവത്വത്തിൻ അത്യുന്നതമായ ത്രോണോസിന്റെയും, നിന്റെ ബഹുമതിയുടെ അലംകൃതസിംഹാസനത്തിന്റെയും, നിന്റെ കർതൃത്ത്വത്തിൻ സ്തുതിക്കപ്പെട്ട ഭദ്രാസനത്തിന്റെയും മുമ്പാകെ ഞങ്ങൾ ഭയത്തോടെ കുമ്പിടുകയും വിറയലോടെ ആരാധിക്കുകയും ഇടവിടാതെ പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്നെന്നേക്കും സർവ്വനാഥനായ...

ഓർമ്മദിവസങ്ങളിൽ സ്തുതിക്കപ്പെട്ട നിന്റെ ത്രിത്വത്തിന്റെ മഹത്വവും ഭയങ്കരവും പരിശുദ്ധവും വാഴ്ത്തപ്പെട്ടതും ധന്യവും ഗ്രഹിക്കാൻ സാദ്ധ്യമല്ലാത്തതുമായ തിരുനാമത്തെയും ഞങ്ങളുടെ ജാതിയോടുള്ള നിന്റെ കൃപയെയും എല്ലായ്പോഴും പുകഴ്ത്തുവാനും

ܕܥܽܘܗܕܳܢܳܐ. ܠܥܳܠܡܳܐ ܕܳܪܳܐ ܘܰܕܚܶܠܬܳܐ ܘܰܡܚܰܝܳܢܳܐ ܘܡܰܢܗܪܳܢܳܐ: ܘܰܡܫܰܒ݂ܚܳܢܳܐ ܘܟ̣ܠ ܡܫܰܡܠܝܳܢܳܐ ܕܰܐܠܳܗܽܘܬܳܟ̣ ܡܫܺܝܚܳܐ: ܘܰܠܐܰܒ݂ܽܘܟ̣ ܕܫܰܠܚܳܟ̣ ܒܪܺܝܫ: ܫܒܺܝܚܺܝܢ ܕܗܽܘܝܳܐ ܘܡܫܰܒ݂ܚܺܝܢ ܘܡܰܘܕܶܝܢ ܒܟ̣ܠ ܥܶܕܳܢ: ܡܳܪܳܐ ܕܟ̣ܠ.

ܘܳܐܡܪܺܝܢ ܥܽܘܢܺܝܬܳܐ ܕܦܰܝܚܳܐ ܐܰܡܪܳܐ ܕܝܽܘܡ.

(ܘܰܡܢܳܐ ܕܢܺܝܣܳܢ ܩܝܳܡܬܳܐ ܘܰܐܠܺܝܦܳܐ ܐܶܠ ܕܝܽܘܡܳܐ ܘܗܳܠܶܝܢ ܠܺܝܬ: ܐܳܡܰܪ ܫܰܡܳܫܳܐ. ܫܠܳܡܳܐ ܥܰܡܰܢ.)

ܚܰܬܡܳܐ ܕܠܰܒ݂ܽܘܫܳܐ ܕܡܰܕܒ݁ܚܳܝܬܳܐ ܘܰܕܒ݂ܪܳܬܳܐ. ܘܰܡܢܳܐ ܕܦܳܢܶܐ ܐܶܢ ܡܳܪܰܢ، ܘܰܐܠܳܗܶܗ، ܕܡܫܺܝܚܳܐ ܘܰܡܠܟܳܐ ܕܥܽܘܡܪܶܗ ܕܝܽܘܚܢܳܢ. ܘܥܰܡܶܗ، ܒܚܰܝܠܶܗ، ܘܒܬܰܚܽܘܡܶܗ

ആരാധിക്കുവാനും സ്തുതിക്കുവാനും ഞങ്ങൾ കടക്കാരാകുന്നു. എന്നെന്നേക്കും സർവ്വനാഥനായ.....

കൻക്കിയിലെ ഗീതം ചൊല്ലുന്നു.

കശ്ശീശ സ്ലീവ കയ്യിലെടുത്തു ബീമയിലേക്കു കയറുമ്പോൾ ശമ്മാശൻ പറയുന്നു: നമ്മോടുകൂടെ സമാധാനം.

ഞായറാഴ്ചകളിലും തിരുനാളുകളിലും

'ലാഹൂമാറ'യുടെ പ്രാർത്ഥന.

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നിന്റെ സ്നേഹപ്രസാദത്തിന്റെ സൗരഭ്യവാസന ഞങ്ങളിൽ വീശുകയും, നിന്റെ സത്യത്തിന്റെ അറിവിനാൽ ഞങ്ങളുടെ ആത്മാക്കൾ പരിശോഭിക്കുകയും ചെയ്യുമ്പോൾ സ്വർഗ്ഗത്തിൽനിന്നുള്ള നിന്റെ പ്രിയപ്പെട്ടവന്റെ വെളിപാടിനെ അഭിമുഖീകരിപ്പാനും അവിടെ സർവ്വസഹായങ്ങളും സർവ്വഭാഗ്യങ്ങളും നിറഞ്ഞ കിരീടധാരിണിയായ തിരുസഭയിൽ നിന്നെ നിരന്തരം പുകഴ്ത്തുവാനും സ്തുതിക്കുവാനും ഞങ്ങൾ യോഗ്യരാക്കപ്പെടുമാറാകട്ടെ. എന്തുകൊണ്ടെന്നാൽ സർവ്വത്തിന്റെയും കർത്താവും സ്രഷ്ടാവും നീ ആകുന്നുവല്ലോ. എന്നെന്നേക്കും സർവ്വനാഥനായ.....

ܐܚܝܕ ܟܠ ܠܥܠܡ ܕܡܫܬܒܚ ܝܬܝܪܐܝܬ. ܡܫܒܚܬ
ܕܡܢ ܥܠܡܐ. ܘܫܡܗ ܢܘܕܐ ܠܟ ܦܪܘܩܢ
ܕܟܠ ܒܪܝܬܐ: ܕܒܝܕܗܬ ܡܫܠܠܬܐ ܡܢܟ
ܟܠ ܚܘܕܪܝܢ ܘܟܠ ܙܘܒܢܝܢ. ܕܐܝܬܘ
ܡܪܐ ܘܦܪܘܩܐ ܕܟܠ. ܐܒܐ ܘܒܪܐ ܘܪܘܚܐ
ܕܩܘܕܫܐ ܠܥܠܡܝܢ.

ܕܩܘܒܪܐ. ܘܥܠ ܐܦܝ ܟܠܗܘ،
ܚܘܕܪܝܢ ܘܥܕܥܕܬ ܕܟܠܗ، ܕܟܠ
ܡܬܦܪܢܣܝܢ: ܢܘܕܐ ܠܟ ܦܪܘܩܢ ܕܟܠ
ܒܪܝܬܐ ܕܒܝܕܗܬ ܡܫܠܠܬܐ ܡܢܟ ܟܠ
ܚܘܕܪܝܢ ܘܟܠ ܙܘܒܢܝܢ. ܕܐܝܬܘ ܡܪܐ
ܘܦܪܘܩܐ ܕܟܠ ܐܒܐ.

(ܕܫܒܐ ܕܫܡܝܐ. ܒܫܡܐ ܗܝܟܠܐ
ܘܡܫܒܚܢܐ ܕܫܠܝܚܘܬܐ ܡܫܒܚܬܐ
ܢܬܒܪܟ، ܕܫܡܝܐ ܗܠܝܢ ܕܫܡܫܝܢ
ܠܐܠܗܘܬ: ܘܢܣܘܚ، ܠܡܘܬܗܝܢ: ܟܪܘܙܐ

ഓർമ്മദിവസങ്ങളിൽ പ്രത്യുപകാരം ചെയ്യുവാൻ സാധിക്കാത്തവയായി ഞങ്ങളോടുള്ള നിന്റെ എല്ലാ സഹായങ്ങൾക്കും കൃപകൾക്കുംവേണ്ടി സർവ്വാനുകൂല്യങ്ങളും സർവ്വ സൗഭാഗ്യങ്ങളും നിറഞ്ഞ കിരീടധാരിണിയായ തിരുസഭയിൽ ഞങ്ങൾ നിന്നെ നിരന്തരം പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ സർവ്വത്തിന്റെയും കർത്താവും സ്രഷ്ടാവും നീ ആകുന്നുവല്ലോ. എന്നെന്നേക്കും സർവ്വനാഥനായ.....

ധൂപവർഗ്ഗം ഇടുമ്പോൾ ഇമ്പകരമായ മൂലങ്ങളുടെയും സൗരഭ്യമേറിയ സുഗന്ധദ്രവ്യങ്ങളുടെയും സ്രഷ്ടാവേ, നിന്റെ ബഹുമതിക്കായ് ഞങ്ങൾ ഇടുന്ന ഈ ധൂപവർഗ്ഗം നിന്റെ മഹനീയത്രിത്വത്തിന്റെ വന്ദ്യവും സ്തുത്യവുമായ നാമത്താൽ വാഴ്ത്തപ്പെടുകയും അതു ഞങ്ങളുടെ വിമോചനത്തിന്നായിത്തീരുകയും ചെയ്യുമാറാകട്ടെ. എന്നെന്നേക്കും സർവ്വനാഥനായ....

ശമ്മാശൻ ധൂപം വീശുമ്പോൾ മ്ശീഹ തന്റെ കൃപയാലും കനിവിനാലും തന്റെ രാജ്യത്തിൽ നിന്നെ ആനന്ദിപ്പിക്കുകയും നിന്റെ ശുശ്രൂഷ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. ആമേൻ.

ܕܥܝܪ̈ܐ ܫܡܝܢ̈ܐ ܘܕܒܢܝ̈ܢܫܐ ܐܪܥܢ̈ܝܐ.
ܡܪܐ ܕܟܠ. ܐܡܝܢ.)

ܟܕ ܡܩܪܒ ܫܡܫܐ ܦܝܪܡܐ.

ܡܫܝܚܐ ܕܫܡܥܬ ܠܨܠܘܬܗ ܘܩܒܠ
ܒܒܣܡܬ ܕܟܗܢܘܬܗ ܕܐܗܪܘܢ ܐܡܝܢ.

ܘܡܫܡܫ. ܫܘܒܚܐ ܕܟܠܝ ܡܘܗܒܢ:
ܘܠܟ ܡܪܢ ܡܫܝܚܐ ܡܫܒܚܝܢ:
ܕܐܢܬܘ ܡܢܗܪܢܐ ܕܦܓܪܝܢ: ܘܐܢܬܘ
ܦܪܘܩܐ ܕܢܦܫܬܢ ✤ ܥܢܝܢܐ ܕܩܠܐ
ܐܚܪܢܐ: ܘܐܬܡܠܝܢ ܠܡܫܡܫܢܐ ܡܪܢܐ.
ܫܘܒܚܐ ✤ ܟܗܢܐ: ܬܘܒ ܫܘܒܚܐ ✤

ܫܡܫܐ ܩܘܡܘ: ܒܫܠܡܐ ܢܨܠܐ.

ܟܗܢܐ. ܐܢܬܘ ܡܪܢ ܡܫܒܚܢܐ
ܡܢܗܪܢܐ ܕܦܓܪܝܢ: ܘܐܢܬܘ ܦܪܘܩܐ
ܛܒܐ ܕܢܦܫܬܢ: ܘܡܢܛܪܢܐ ܐܡܝܢܐ

തുടരുന്നു സർവ്വത്തിന്റെയും നാഥനായുള്ളോാവേ..... കർത്താവേ, ഞാൻ എന്റെ കൈകൾ നിർമ്മലമായി കഴുകി നിന്റെ ബലിപീഠത്തെ വലംവെച്ചു. സർവ്വത്തിന്റെയും നാഥനായുള്ളോാവേ.... പിതാവിന്നും പുത്രന്നും.... അനാദിമുതൽ.... സർവ്വത്തിന്റെയും....

ശമ്മാശൻ നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.

കർത്താവേ, നീ സത്യമായിട്ടും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ഞങ്ങളുടെ ആത്മാക്കളുടെ നല്ല രക്ഷകനും ഞങ്ങളുടെ ജീവനെ നിരന്തരം കാത്തു സൂക്ഷിക്കുന്നവനുമാകുന്നു. കർത്താവേ, ഞങ്ങൾ എല്ലായ്പോഴും നിന്നെ പുകഴ്ത്തുവാനും സ്തുതിക്കുവാനും വന്ദിക്കുവാനും കടക്കാരാകുന്നു. എന്നെന്നേക്കും സർവ്വനാഥനായ....

ശമ്മാശൻ സർവ്വജനമേ, നിങ്ങളുടെ ശബ്ദമുയർത്തി ജീവനുള്ള ദൈവത്തെ സ്തുതിപ്പിൻ.

ഉത്തരം പരിശുദ്ധനായ ദൈവമേ..... പിതാവിന്നും,...... പരിശുദ്ധനായ...... അനാദിമുതൽ..... പരിശുദ്ധനായ......

ܕܒܢܝܢ: ܘܠܟ ܡܪܢ ܡܫܒܚܝܢ ܕܢܘܗܪܐ
ܘܝܗܠܘܢ ܘܣܓܕܝܢ ܠܐܠܗܘܬܟ: ܡܪܐ.
ܫܡܫܐ. ܩܘܡܘ ܫܠܡܘܢ ܘܫܡܫܘ
ܕܠܗ ܫܡܫܐ ܠܐܠܗܐ ܚܝܐ.
ܟܗܢܐ. ܡܫܒܚܐ ܐܠܗܐ: ܡܫܒܚܐ
ܒܡܪ̈ܘܡܐ: ܡܫܒܚܐ ܠܟ ܚܝܠܘܬܐ:
ܠܥܠܡ ❖ ܥܢܝܢ ܡܫܒܚܐ ܐܠܗܐ: ܚܠܝܡ
ܡܫܒܚܐ ❖
ܨܠܘܬܐ ܕܩܕܡ ܡܥܢܝܬܐ. ܡܫܒܚܐ
ܘܡܒܪܟܐ ܘܡܗܠܠܐ ܘܠܟ ܡܘܕܝܐ:
ܕܡܫܒܚܝܢ ܟܠܗ ܘܡܫܬܒܚܝܢ ܠܥܠܡܝܢ:
ܕܢܦܫ ܡܪܢ ܘܚܘܒ ܘܪܚܡ ܚܠܝܢ:
ܢܣܝܡ ܕܡܫܒܚܐ: ܒܟܠܙܒܢ: ܡܪܐ ܕܟܠ.
(ܟܕ ܐܡܪ ܫܘܪܝܐ ܕܡܥܢܝܬܐ: ܠܥܠ
ܟܬܝܒܐ ܗܘ ܕܝܢ ܟܘܢܝܐ: ܡܬܕܟܪ ܠܗ
ܘܐܡܪ ܐܠܗܐ ܡܪܐ ܕܟܠ ܢܫܒܚܟ

കിർയാനക്കുമുമ്പുള്ള പ്രാർത്ഥന

വിശുദ്ധന്മാരിൽ വസിക്കുകയും അവരിൽ പ്രസാദിക്കുകയും ചെയ്യുന്ന പരിശുദ്ധനും സ്തുത്യനും ബലവാനും അമർത്ത്യനുമായുള്ളോവേ, കർത്താവേ, ഞങ്ങളിലേക്കു തിരിഞ്ഞ് എല്ലായ്പോഴും നിനക്കു പതിവുള്ളപോലെ ഞങ്ങളോടു മനസ്സലിവുതോന്നി കരുണ ചെയ്യുമാറാകേണമേ. എന്നെന്നേക്കും സർവ്വനാഥനായ.....

തിരുവെഴുത്തു വായിക്കുന്നവൻ പുരോഹിതന്റെയോ മഹാപുരോഹിതന്റെയോ അടുക്കൽ വരുമ്പോൾ അവനെ അനുഗ്രഹിച്ചുകൊണ്ടു പറയുന്നു **സർവ്വനാഥനായ ദൈവം തന്റെ ദിവ്യോപദേശത്താൽ നിങ്ങളെ ജ്ഞാനിയാക്കുമാറാകട്ടെ. തന്റെ ദയയും കരുണയും വായിക്കുന്നവന്റെയും കേൾക്കുന്നവരുടെയുംമേൽ ഉണ്ടായിരിക്കുമാറാകട്ടെ. തന്റെ കരുണകളാലും കനിവിനാലും നിങ്ങളുടെ വായിൽനിന്നുള്ള ശ്രേഷ്ഠോപദേശത്തെ കേട്ടനുസരിക്കുന്ന ഏവർക്കും നീ ഒരു മനോഹരകണ്ണാടി ആയിത്തീരുമാറാകട്ടെ.**

ܒܚܘܠܦܝܗ ܕܝܘܡܐ: ܘܥܠ ܫܘܪܝܐ
ܘܥܠ ܫܘܠܡܐ ܕܫܡܫܘܗܝ ܘܢܗܝܪܗ
ܝܗܘܗ܆ ܘܛܝܒܘܬܐ ܡܫܘܚܬܐ ܐܦܝܣܩܘܦܐ
ܠܟܠܗܘܢ܆ ܐܢܫܝܢ ܕܢܬܡܢܝܢ ܘܢܬܒܪܟܘܢ
ܡܠܟܐ ܕܡܫܠܦܘܬܐ ܡܢ ܦܘܡܗ ܒܚܕܘܐ
ܕܫܘܒܚܗ: ܐܡܝܢ.

(ܘܐܝܟܢ ܕܐܡܪ ܩܕܡܝܐ ܒܚܕܡܪܐ.
ܡܥܕܪ ܠܗ ܡܠܟ: ܒܠܗܐ ܡܕܒܪܢܐ
ܢܝܫܘܥ ܘܢܚܡܠܝ ܒܚܘܠܦܝܗ ܕܝܘܡܐ
ܒܚܕܘܐ ܕܫܘܒܚܗ: ܐܡܝܢ.)

ܘܩܪܝ ܡܙܡܘܪܐ. ܘܡܩܕܡ ܥܘܢܝܬܐ
ܕܠܝܠܝܐ.

ܨܠܘܬܐ ܕܣܘܓܝܐ ܥܠܝܡܐ.

ܕܟܪܘܢ ܠܢ ܡܪܝ܆ ܘܢܓܠܐ܆ ܘܙܘܥܝܐ
ܕܫܘܒܚܝܢ: ܠܟܘܪܗܐ ܘܠܡܫܬܒܚܘ ܥܡܟܐ
ܘܚܢܢܐ ܕܦܘܡܝܢ ܡܚܬܐ ܘܢܓܠܐ.

തിരുവെഴുത്തു വായിക്കുന്നവൻ 'കർത്താവേ അനുഗ്രഹിക്കേണമേ' എന്നു പറയുമ്പോൾ അവനെ ഇപ്രകാരം അനുഗ്രഹിക്കുന്നു.

സർവ്വനാഥനായ ദൈവം തന്റെ കൃപയാലും കനിവിനാലും നിന്നെ ശക്തിപ്പെടുത്തുകയും തന്റെ ദിവ്യോപദേശത്താൽ നിന്നെ ജ്ഞാനിയാക്കുകയും ചെയ്യുമാറാകട്ടെ. ആമേൻ.

കിർയാന വായിക്കുന്നു. നിശ്ചയിക്കപ്പെട്ട ശൂറായ ചൊല്ലുന്നു.

ശ്ലീഹയ്ക്കുമുമ്പുള്ള പ്രാർത്ഥന

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ദൈവികവും ജീവിപ്പിക്കുന്നതുമായ നിന്റെ കല്പനകളുടെ മധുരസ്വരത്തെ ശ്രദ്ധയോടെ കേൾക്കുവാനും ഗ്രഹിക്കുവാനും ഞങ്ങളുടെ അന്തരേന്ദ്രിയങ്ങളെ പ്രകാശിപ്പിക്കേണമേ. നിന്റെ കൃപയാലും കരുണകളാലും അവയിൽനിന്നു ഞങ്ങളുടെ ആത്മശരീരങ്ങൾക്കുതകുന്ന സ്നേഹം, പ്രത്യാശ, രക്ഷ എന്നിവയെ സംഭരിക്കുവാനും

ܘܢܫܠܡ ܠܟܢܘܫܬܐ ܘܒܫܘܒܚܝܢ
ܕܝܠܟ ܡܪܢ ܘܡܫܝܚܢ: ܚܘܝܐ
ܘܫܒܚܐ ܘܬܘܕܝܬܐ: ܕܬܬܠ ܠܢܦܫܬܐ
ܘܠܦܓܪܐ: ܘܢܣܓܘܕ ܠܟ ܒܚܕܝܘܬܐ ܘܒܬܒܬܐ
ܕܟܠ ܨܠܘܬܐ ܕܒܠܠܝܐ: ܡܪܐ ܕܟܠ.

ܒܥܘܢܝܬܐ ܕܝܢ ܘܒܝܘܡܐ ܗܟܢܐ ܡܢ
ܩܕܡܝܬܐ ܕܝܘܡܐ ܡܬܐܡܪ

ܠܟ ܡܕܒܪܢܐ ܫܘܒܚܐ: ܘܒܝܬܐ
ܘܬܘܕܝܬܐ ܕܝܠܟ ܟܘܠ: ܕܒܝܬܐ ܕܟܠܐ ܡܕܝܢܐ
ܠܟ ܠܡܪܝܐ ܘܒܟܠ ܠܥܠܡܝܢ
ܕܡܫܝܚܘܬܟ: ܡܥܕܥܕܝܢ ܝܘܡܐ ܡܪܐ
ܘܚܘܒ ܘܪܚܡ ܠܟܠܢ ܐܝܟ ܕܡܪܝܐ
ܒܟܠ ܥܕܢ: ܡܪܐ ܕܟܠ.

ܘܥܢܝܢ ܥܡܐ. ܘܐܡܪ ܕܐܡܪ
ܩܘܦܐ ܕܩܕܡ ܥܡܐ ܩܕܡܝܬܐ. ܟܢܘܢ
ܩܢܘܢܐ. ܡܥܢܝܬܐ ܕܥܠܘܝܗ

ഞങ്ങൾ ഇടവിടാതെ എല്ലായ്പോഴും നിനക്കു സ്തോത്രം പാടുവാനും ഞങ്ങൾക്കു കൃപ നൽകേണമേ. എന്നെന്നേക്കും സർവ്വനാഥനായ.....

ഓർമ്മദിവസങ്ങളിലും ഉപവാസകാലങ്ങളിൽ ഞായറാഴ്ച ഒഴികെയും പ്രാർത്ഥിക്കുന്നു

ജ്ഞാനിയായ ഭരണകർത്താവും തന്റെ ഭവനക്കാരുടെ അതിശയിക്കത്തക്ക പരിപാലകനും തന്റെ കാരുണ്യത്താൽ സർവ്വസഹായങ്ങളും നന്മകളും ഒഴുക്കുന്ന മഹാഭണ്ഡാരവുമായുള്ളോവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, ഞങ്ങളിലേക്കു തിരിഞ്ഞു നിന്റെ പതിവുപോലെ മനസ്സലിഞ്ഞു ഞങ്ങളോടു കരുണയുണ്ടാകേണമേ. എന്നെന്നേക്കും സർവ്വനാഥനായ.....

ശ്ലീഹ വായിക്കുന്ന ശമ്മാശൻ ബാറിക് മാർ എന്നു പറയുമ്പോൾ പുരോഹിതൻ മറുപടി പറയുന്നു.

മ്ശീഹ തന്റെ ദിവ്യോപദേശത്താൽ നിങ്ങളെ ജ്ഞാനിയാക്കട്ടെ. നിങ്ങളെ ശ്രദ്ധിക്കുന്ന എല്ലാവർക്കും നിങ്ങളെ മനോഹര കണ്ണാടിയാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ.

ܡܕܝܢܬܐ: ܘܝܗܒܬܢ ܡܫܘܚܬܐ ܕܫܘܦܪܬܐ
ܠܟܠܗܘܢ ܢܦܫܢ ܕܢܦܩܢ ܠܟ.

ܟܕ ܢܣܒ ܥܪܣܐ ܡܢ ܒܝܬܗ: ܘܡܦܩܝܢ
ܠܗ ܠܒܪܐ ܕܡܕܝܢܬܐ: ܗܘ ܘܟܗܢܐ ܩܕܡܘܗܝ
ܘܐܡܪ ܫܡܫܐ ܗܠܝܢ: ܫܠܡܐ
ܥܡܟܘܢ. ܘܡܙܡܪܝܢ ܥܘܢܝܬܐ ܒܩܠܐ: ܠܟ
ܡܫܝܚܐ ܕܒܨܒܝܢܗ ܕܢܒܥܘܗܝ: ܘܒܠܡܐ
ܕܡܘܬܐ ܛܥܡܘܗܝ: ܕܢܚܠܠܢ ܘܢܚܝܢ
ܒܦܓܪܐ ܕܐܢܫܘܬܢ: ܘܢܗܘܐ ܠܡܠܟܘܬܗ
ܒܝܪܒܚܐ ܕܪܒܘܬܗ: ܢܗܘܐ ܡܪܢ
ܢܦܫܗ ܕܡܘܬܐ ܕܫܒܩܬܗ: ܘܢܫܒܘܩ
ܕܝܠܗ ܕܚܛܗܝܢ: ܘܢܚܘܣ
ܒܡܘܬܪܢܘܬܗ ܡܚܝܢܐ ܘܦܪܘܩܐ. ܡܪܝܐ
ܕܟܠ.

(ܦܘܢܝܐ ܠܩܠ ܕܡܘܡܪܐ ܟܕ ܐܡܪ
ܟܪܘܙܘܬܐ. ܐܡܪ ܠܗ ܟܘܢܐ ܒܬܪܗ

ബീമയിൽനിന്നു പുരോഹിതൻ ഇറങ്ങുകയും മദ്ബ്ഹയുടെ വാതിൽക്കൽ എത്തുകയും ചെയ്യുമ്പോൾ താനും ശമ്മാശനും കുമ്പിടുന്നു.

ശമ്മാശൻ നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.

ഞങ്ങളുടെ മനുഷ്യശരീരത്തിൽ പ്രത്യക്ഷപ്പെട്ട് ഉദിക്കുകയും തന്റെ വല്ലഭത്വത്തിന്റെ ജ്ഞാനത്താൽ മനുഷ്യരെ പ്രകാശിപ്പിക്കുകയും ചെയ്ത തന്റെ പിതാവിന്റെ മഹത്വത്തിന്റെ പ്രഭയും തന്റെ ജനകന്റെ മൂർത്തിയുടെ പ്രതിച്ഛായയും ആയുള്ളോവേ, നിന്റെ സുവിശേഷത്തിന്റെ വെളിച്ചത്താൽ ഞങ്ങളുടെ ആത്മാക്കളെ പ്രശോഭിപ്പിക്കേണമേ. നിന്റെ തിരുവെഴുത്തുകളെ ധ്യാനിക്കുന്നതിന്നും, ജീവിപ്പിക്കുന്നതും ദൈവികവുമായ നിന്റെ കല്പനകളാൽ നയിക്കപ്പെടുന്നതിന്നും ഞങ്ങൾക്കു കൃപ നൽകുമാറാകേണമേ. എന്നെന്നേക്കും സർവ്വനാഥനായ.....

പാടുന്നവൻ കർത്താവേ അനുഗ്രഹിക്കേണമേ എന്നു മറുപടി പറയുമ്പോൾ പുരോഹിതൻ പറയുന്നു.

ܡܵܪܵܐ ܕܟܠ ܢܚܝܠ ܚܘܼܣܵܝܢܘܟ ܦܝܼܠܠ
ܬܲܒ݂ܬܵܐ ܕܝܘܼܡܵܐ ܕܫܲܒ݂ܬܵܗ ܕܚܒܝܒܗ
ܕܢܘܼܚܵܡܹܗ: ܐܵܡܹܝܢ.)

ܕܒ݂ܬܪ ܩܘܼܠܵܐ ܡܘܼܪܵܐ ܕܒܫܦܝܪܐ ܘܒ݂ܬܠܝܘ܀ ܫܘܒ݂ܚܵܐ ܠܐܲܚܕܵܐ ܡܣܲܒ݂ܪܵܢܵܐ
ܕܒܐܚܝܗ ܠܐܕܝܢ: ܡܫܝܚܵܐ ܢܘܗܪܗ
ܕܟܠܡܢ ܘܚܝ̈ܐ ܕܟܠ: ܠܥܵܠܡܝܢ ܐܵܡܹܝܢ.

ܕܒ݂ܬܪ ܡܐܢ ܠܗ ܕܒܦܘܩ. ܢܫܲܒܲܚ
ܚܲܝܡܘܼܬܵܐ ܘܢܸܒܪܟ ܘܢܘܼܕܸܐ ܠܡܵܪܢܵܐ:
ܘܢܸܫܲܒܲܚ ܐܲܦܝ̈ܢ ܕܥܲܠܡܵܐ: ܘܲܢܸܒܪܘܿܟ ܕܢܗܘܐ
ܡܘܕܦܫܢܐ ܠܡܠܟܝ̈ܢ ܘܡܬܦܢܝܢܐ
ܠܦܘܼܪܥܢܝܢ ܕܒܠܚܘܕ: ܡܵܪܵܐ ܕܟܠ.

ܥܢܝܢܐ. ܡܪܢܐ ܠܡܠܟܬܐ ܕܐܝܬܝܗ
ܕܪܒܘܬܗ: ܢܦܪܐ ܡܪܐ ܚܘܣܝܢܐ
ܠܡܫܡܠܝܘ ܕܫܦܝܪ ܡܢܘܬܐ ܘܢܘܕܐ
ܒܠܚܘܕ: ܡܵܪܵܐ ܕܟܠ.

സർവ്വനാഥനായ ദൈവം തന്റെ സ്തുതികൾ പാടുന്നതിന്നു തന്റെ കൃപയാലും കനിവിനാലും നിന്റെ വിചാരങ്ങളെ ശക്തിപ്പെടുത്തുകയും നിന്റെ രാഗങ്ങൾ മാധുര്യമാക്കുകയും ചെയ്യുമാറാകട്ടെ. ആമേൻ.

പുരോഹിതൻ ഈവൻഗാലിയോൻ എടുക്കുവാൻ സമീപിക്കുമ്പോൾ ലോകത്തിന്റെ പ്രകാശവും സർവ്വത്തിന്റെയും ജീവനുമായ മ്ശീഹായേ, നിന്നെ ഞങ്ങളുടെ അടുക്കലേക്ക് അയച്ച അനാദിയായ കരുണകൾക്കു സ്തുതി. എന്നെന്നേക്കും ആമേൻ.

അത് എടുത്തുകൊണ്ടു പുറപ്പെടുമ്പോൾ നിന്റെ പ്രമാണത്താൽ ഞങ്ങളെ ജ്ഞാനികളാക്കുകയും നിന്റെ അറിവിനാൽ ഞങ്ങളുടെ അന്തരേന്ദ്രിയങ്ങളെ പ്രകാശിപ്പിക്കുകയും നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും എല്ലായ്പോഴും നിന്റെ വചനങ്ങളെ അനുസരിക്കുന്നവരും നിന്റെ കല്പനകളെ നിവർത്തിക്കുന്നവരുമായിത്തീരുവാൻ ഞങ്ങൾക്കു (കൃപ) നൽകുകയും ചെയ്യുമാറാകേണമേ. എന്നെന്നേക്കും സർവ്വനാഥനായ......

ܕܦܪܘܩܢ. ܪ̈ܚܡܐ ܫܠܝܢ ܘܫܝܢܐ ܕܦܝܣ
ܡܢܝ ܒܒܝܬܐ ܕܢܦܩܬܝ ܡܢܗ ܢܘܚܡܐ
ܡܚܝܢܐ ܡܪܡܘܡܐ ܥܠ ܕܥܡ: ܗܘ ܝܗܒ ܠܢ
ܠܒܣܡܬܐ ܗܠܝܢ ܕܗܝܡܢܘܬܐ ܠܡܫܪܝܐ:
ܘܠܝܘܠܦܢܐ ܕܫܘܒܚܐ ܘܕܝܚܘܬܗ: ܡܪܐ
ܕܟܠ.

ܘܐܡܪ ܟܗܢܐ ܒܩܠܐ ܪܡܐ:

ܢܣܒ ܒܐܝܕܘܗܝ ܠܡܩܪܐ ܐܘܢܓܠܝܘܢ
ܩܕܝܫܐ ✠ ܐܡܪ ܟܗܢܐ ܗܘ ܫܠܡܐ، ܘܥ
ܠܟܠܟܘܢ ܗܘܐ ܥܡܟܘܢ. ܘܥܢܝܢ ܥܡܐ
ܘܐܡܪ: ܥܠܡܐ ܕܡܪܢ، ܘܚܝܝܢ ܘܥܡ
ܘܥܡ ܪܘܚܟ. ܘܥܢܐ ܐܘܢܓܠܝܘܢ،
ܘܗܢܐ ܕܝܠܗ ܐܘܢܓܠܝܘܢ، ܐܡܪܝܢ:
ܥܘܢܝܬܐ ܠܡܫܝܚܐ ܡܪܢ. [2] ܘܐܡܪ

[2] ܘܐܡܪ ܡܫܡܫܢܐ: ܩܘܡܘ ܫܬܩܘ: ܘܫܡܥܘ
ܐܡܘܢܘܬܐ ܕܡܠܬܐ ܐܘܢܓܠܝܘܢ. ܗܘ ܕܡܬܟܪܙ: ܕܟܕ

മറ്റൊന്ന് തന്റെ മഹത്വത്തിന്റെ ജ്ഞാനത്താൽ മനുഷ്യരെ പ്രകാശിപ്പിക്കുന്നവനേ, കർത്താവേ, പരിശുദ്ധവും ദൈവികവുമായ തിരുവെഴുത്തുകളെ ധ്യാനിക്കുന്നതിന്ന് എന്റെ വിചാരങ്ങളെ പ്രശോഭിപ്പിക്കേണമേ. എന്നെന്നേക്കും സർവ്വനാഥനായ......

ധൂപത്തിന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം ഒഴിച്ചപ്പോൾ നിന്നിൽനിന്നു പുറപ്പെട്ട ആ പരിമളംതന്നെ നിന്റെ ബഹുമാനത്തിന്നും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിന്നുമായി ഞങ്ങൾ സമർപ്പിക്കുന്ന ഈ സുഗന്ധവർഗ്ഗത്തോടു കലരുമാറാകട്ടെ. എന്നെന്നേക്കും സർവ്വനാഥനായ.......

ശമ്മാശൻ കേൾക്കാവുന്ന സ്വരത്തിൽ പറയുന്നു വിശുദ്ധസുവിശേഷം കേൾക്കുന്നതിന്നു നമുക്കു ഒരുക്കത്തോടുകൂടി എഴുന്നേറ്റു നിൽക്കാം.

സാധാരണദിവസം പതുക്കെ പറയുന്നു അടക്കത്തോടെ നിശ്ശബ്ദത പാലിപ്പിൻ.

പുരോഹിതൻ തുടർന്നു പറയുന്നു. നിങ്ങളോടുകൂടെ

ܡܫܰܡܫܳܢܳܐ ܩܽܘܪܳܒܳܐ ܗܳܢܳܐ ܕܒܶܣܡܳܐ:
ܘܫܽܘܒܚܳܐ ❖

ܘܡܶܢ ܕܝܠܗ ܩܽܘܪܳܒܳܐ: ܐܳܡܰܪ
ܟܳܗܢܳܐ ܠܳܟ ܡܳܪܝܳܐ ܐܰܠܳܗܳܐ ܚܰܝܠܬܳܢܳܐ
ܡܩܰܪܒܺܝܢܰܢ ܘܰܡܥܰܠܝܢܰܢ: ܡܶܛܽܠ ܚܢܰܢ
ܛܰܝܒܽܘܬܳܟ ܘܰܫܦܰܥ ܥܰܠܰܝܢ ܡܪܰܚܡܳܢܽܘܬܳܟ:
ܘܩܰܒܶܠ ܘܣܽܘܓܳܐ ܕܛܰܝܒܽܘܬܳܟ ܕܰܢܗܰܘܘܶܐ
ܠܚܽܘܣܳܝܳܐ ܕܰܚܛܳܗܰܝܢ: ܘܠܫܽܘܒܩܳܢܳܐ
ܕܰܚܛܳܗܶܐ ܕܥܰܠܡܳܐ ܟܽܠܶܗ ܕܡܶܬܚܰܣܝܳܢܽܘܬܳܟ: ܕܰܠܟ
ܠܳܟ ܕܛܰܝܒܽܘܬܳܟ ܘܰܪܚܡܶܝܟ: ܫܽܘܒܚܳܐ
ܘܫܽܘܟܪܳܢܳܐ: ܗܳܫܳܐ ܘܰܒܟܽܠ.

ܘܰܐܡܰܪ ܡܫܰܡܫܳܢܳܐ ܕܩܳܠܳܐ ܐܰܡܪܳܐ
ܐܰܪܝܳܐ ܕܫܰܒܰܚ ܠܰܡܫܺܝܚܳܐ ܕܰܚܙܳܐ ܘܰܐܡܰܪ

ܡܳܪܝ ܕܢܶܦܠܽܘܢܳܐ ܡܫܰܒܚܺܝܢ ܗܽܘܝܽܘ ܐܰܝܟ ܕܰܟܬܺܝܒ: ܘܚܰܝܶܐ
ܩܕܺܝܫ ܢܶܦܠܽܘܢܳܐ ܡܩܰܕܫܺܝܢ ܗܽܘܝܽܘ ܠܗܽܘܢ ܠܐܰܠܳܗܳܐ ܡܫܰܒܚܺܝܢ ❖
ܩܳܠܳܐ: ܚܶܕ: ܡܰܐܡܪܳܐ: ܒ: ܕܰܒܦܰܩܳܐ ܕܡܶܫܡܫܳܢܶܐ.

സമാധാനം ഉത്തരം നിങ്ങളോടും നിങ്ങളുടെ ആത്മാവി

ഈൗവൻഗാലിയോൻ വായിക്കുന്നു. അവസാനിക്കുമ്പോൾ പറയുന്നു നമ്മുടെ കർത്താവായ മ്ശീഹായ്ക്കു സ്തുതി.

ശമ്മാശൻ 'ആവ ദ്റഹ്മെ' എന്ന ക്യാറോസൂഥ വായിക്കുന്നു.

ക്യാറോസൂഥ ചൊല്ലിക്കഴിയുമ്പോൾ പുരോഹിതൻ പറയുന്നു ബലവാനായ ദൈവമായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. നിന്റെ കൃപ ഞങ്ങളിൽ പൂർത്തിയാക്കുകയും നിന്റെ ദാനം ഞങ്ങൾ വഴിയായി ഒഴുക്കുകയും ചെയ്യേണമേ. നല്ലവനും മനുഷ്യസ്നേഹിയുമായുള്ളോവേ, നിന്റെ ദൈവത്വത്തിന്റെ കരുണകളും കനിവും നിന്റെ ജനങ്ങളുടെ കടങ്ങളുടെ മോചനത്തിന്നും, നിന്റെ കൃപയാലും കരുണകളാലും നീ നിനക്കായ് തിരഞ്ഞെടുത്ത നിന്റെ ആട്ടിൻകൂട്ടത്തിലെ എല്ലാ ആടുകളുടെ പാപമോചനത്തിന്നും ആയിരിക്കുമാറാകട്ടെ. എന്നെന്നേക്കും സർവ്വനാഥനായ.....

ܒ݁ܽܘܪܟ݁ܬ݂ܳܐ. ܘܡܪܟܒܝܢ ܩܰܕ݁ܺܝܫܽܘ، ܐܰܝܟ݂

ܥܰܡ ܫܰܡܳܫ̈ܶܐ.

ܘܶܐܡܰܪ ܟ݁ܳܗܢܳܐ ܗܳܢܽܘܢܳܝܬ݂ܳܐ ܗܳܕܶܐ ܒ݁ܠܚܽܘܕ݂

ܒ݁ܰܫܠܳܝܳܐ ܥܰܠ ܟ݁ܽܠܗܽܘܢ.

ܡܳܪܝܳܐ ܐܰܠܳܗܳܐ ܚܰܝܠܬ݂ܳܢܳܐ. ܥܢ. ܕ݁ܺܝܠܳܟ݂

ܗ̱ܝ ܓ݁ܰܒ݂ܳܬ݂ܳܐ ܡܰܥܠܝܳܬ݂ܳܐ ܫܽܘܒ݂ܚܳܐ:

ܕ݁ܰܒ݂ܥܺܝܢ ܠܳܟ݂ ܕ݁ܡܰܥܒ݁ܕ݂ܳܢ ܫܽܘܒ݂ܚ̈ܶܐ ܠܰܫ̈ܡܰܝܳܐ

ܕ݁ܡܳܪܝܳܘܬ݂ܳܐ. ܘܥܰܡ ܠܰܝܬ݂ܳܘܬ݂ܳܐ ܕ݁ܪܽܘܚܳܐ

ܕ݁ܩܽܘܕ݁ܫܳܐ: ܗܽܘ ܕ݁ܡܶܬ݂ܩܰܪܶܐ ܥܰܠ ܟ݁ܽܠܳܐ

ܕ݁ܰܐܠܳܗܽܘܬ݂ ܡܥܰܒ݁ܕ݂ܳܢܳܐ: ܡܬ݂ܝܰܩܪܺܝܢ

ܒ݁ܰܢ̈ܝܳܐ ܕ݁ܗܳܢܽܘܢܳܝܬ݂ܳܐ ܕ݁ܗܳܝܡܳܢܽܘܬ݂ܳܐ ܡܫܰܒ݁ܚܬ݂ܳܐ.

ܘܡܫܰܡܠܝܳܢܽܘܬ݂ ܡܳܪܰܢ ܒ݁ܡܰܘܬܶܗ ܗܘܳܐ

ܠܰܢ ܠܡܶܬ݂ܦܰܪܳܩܽܘ ܕ݁ܥܶܢܳܝܳܢ ܫܠܳܡܳܐ: ܕ݁ܢܶܗܘܶܐ

ܗܳܕ݂ܶܐ ܒ݁ܶܣܬ݂ܳܐ ܠܡܶܫܬ݁ܰܘܕ݁ܳܥܽܘ ܕ݁ܳܬ݂ܶܐ ܕ݁ܒ݂ܰܝܬ݂ܳܐ

ܡܰܥܠܝܳܐ ܡܫܰܡܠܝܳܐ: ܘܰܢܦܺܝܫܺܝܢ ܠܳܘܩܒ݂ܰܠ

ܐܰܘܪܺܝܬ݂ܳܐ ܠܥܳܠܡܳܐ ܕ݁ܡܶܬ݂ܥܰܒ݁ܪܺܝܢ. ܐܰܝܟ

ശമ്മാശൻ ഉച്ചത്തിൽ പറയുന്നു കൈവെപ്പിന്നായി നിങ്ങളുടെ ശിരസ്സുകൾ കുനിച്ച് അനുഗ്രഹം കൈക്കൊൾവിൻ.

ശമ്മാശന്മാരോടുകൂടെ ജനവും ശിരസ്സുകൾ കുനിക്കുന്നു. പുരോഹിതൻ കുനിഞ്ഞുനിന്ന് കൈവെപ്പിന്റെ ഈ പ്രാർത്ഥന ഹൃദയത്തിൽ സാവധാനം ചൊല്ലുന്നു.

ബലവാനായ ദൈവമായ കർത്താവേ, ആവർത്തിക്കുക വിശുദ്ധ കാഥോലീക്കീ സഭ നിന്റേതാകുന്നു. എന്തുകൊണ്ടെന്നാൽ നിന്റെ മ്ശീഹായുടെ കഠിനകഷ്ടാനുഭവത്താൽ നിന്റെ മേച്ചിലിലെ ആടുകൾ വിലയ്ക്കു വാങ്ങിക്കപ്പെട്ടിരിക്കുന്നുവല്ലോ. നിന്റെ മഹത്വപ്പെട്ട ദൈവത്വത്തോടു സമസ്വഭാവമുള്ള പരിശുദ്ധാത്മാവിന്റെ കൃപയാൽ സത്യപൗരോഹിത്യത്തിന്റെ കൈവെപ്പിൻ പദവികൾ നല്കപ്പെടുന്നു. വിശുദ്ധ കാഥോലീക്കീസഭയുടെ വലിയ ശരീരത്തിൽ അറിയപ്പെട്ട അംഗങ്ങളായിത്തീരുവാനും വിശ്വാസികളുടെ ആത്മാക്കൾക്ക് ആത്മികസഹായങ്ങൾക്കായ് ശുശ്രൂഷിക്കുവാനും കർത്താവേ, നിന്റെ മനസ്സലിവിനാൽ ഞങ്ങളുടെ ബലഹീനസ്വഭാവത്തിന്റെ കുറവിനെ യോഗ്യമാക്കിയല്ലോ. ആകയാൽ നീയോ

ܩܒܠ ܡܪܢ ܫܡܫܐ ܕܡܢ ܛܝܒܘܬܟ:
ܘܐܫܦܥ ܥܠܝܢ ܡܘܗܒܬܟ: ܘܪ̈ܚܡܝܟ
ܘܚܢܢܐ ܕܐܠܗܘܬܟ: ܢܗܘܘܢ ، ܥܠܝܢ
ܘܥܠ ܥܡܐ ܗܢܐ ܕܒܥܐ ܠܟ. ܘܡܥܢ
ܬܘܡܗܘ: ܘܡܪܝܡ ܩܠܗ ܘܐܡܪ. ܘܥܒܠ
ܡܪܢ ܚܝ̈ܝܢ ܕܥܠܡ ܢܚܙܐ ܐܘܡܢܝܢ
ܟܠܗܘܢ ، ܐܘܡܬܐ ܕܒܢ̈ܝܢܫܐ: ܢܫܦܪ
ܠܐܠܗܘܬܟ ܒܥܒ̈ܕܐ ܛܒ̈ܬܐ ܕܬܘܕܝܬܐ:
ܕܡܒܣܡܝܢ ܘܡܕܟܝܢ ܠܟܝܢܐ ܡܥܒܕܢܐ
ܕܡܪܘܬܟ: ܘܢܥܡܘܬܐ ܒܟܘܠܗ ، ܛܝܒܘܬܟ
ܠܡܫܡܫܘ ܠܟ ܒܐܢܘܫܝܐ ܘܠܫܒܚܐ
ܘܬܘܕܝܬܐ ܘܣܓܕܬܐ: ܕܠܥܠܡ ، ܡܪܐ
ܕܟܠ❖

ܘܡܫܠܡ ܡܫܡ̈ܫܢܐ ܠܡܕܒܚܐ

ܘܐܡܪܝܢ: ܡܢ ܕܠܐ ܫܡܫܐ ܠܗ
ܡܫܡܫܢܘܬܐ ܝܗܒ: ܡܢ ܕܠܐ ܡܦܬܒ

കർത്താവേ, നിന്റെ കൃപ ഞങ്ങളിൽ പൂർണ്ണമാക്കുകയും നിന്റെ ദാനം ഞങ്ങൾ വഴിയായ് ഒഴുക്കുകയും നിന്റെ ദൈവത്വത്തിന്റെ കരുണകളും മനസ്സലിവും ഞങ്ങളുടെ മേലും നീ നിനക്കായ് തിരഞ്ഞെടുത്ത ഈ ജനത്തിന്മേലും ഉണ്ടായിരിക്കുകയും ചെയ്യുമാറാകേണമേ.

നിവർന്നു ശബ്ദമുയർത്തി ചൊല്ലുന്നു

കർത്താവേ, നിന്റെ ദയയാൽ ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും ഞങ്ങളെല്ലാവരും ഒന്നായി യോജിച്ചു നിന്റെ കർത്തൃത്വത്തിന്റെ മഹത്തായ ഇഷ്ടത്തെ പ്രസാദിപ്പിക്കുകയും നിരപ്പിക്കുകയും ചെയ്യുന്നതായ നീതിയുടെ സൽപ്രവൃത്തികളാൽ നിന്റെ ദൈവത്വത്തെ പ്രസാദിപ്പിക്കുന്നതിന്നും നിന്റെ കൃപയുടെ സഹായത്താൽ നിനക്കു സ്തുതിയും ബഹുമാനവും പുകഴ്ചയും ആരാധനയും ഉയർത്തുന്നതിന്നും ഞങ്ങൾ യോഗ്യരായിത്തീരുവാൻ ഞങ്ങൾക്കു (കൃപ) നൽകുമാറാകേണമേ. എന്നെന്നേക്കും സർവ്വനാഥനായ....

ശമ്മാശന്മാർ മദ്ബ്ഹയിലേക്കു പ്രവേശിച്ചു ചൊല്ലുന്നു.

ܠܗ ܫܘܒܚܐ ܕܒܢܝ̈ܢܫܐ ܢܬܩܪܒ: ܡܢ ܟܠ
ܦܘܡ ܠܗ ܢܬܩܪܒ: ܘܠܗ ܫܘܒܚ̈ܬܐ
ܢܣܩܘܢ ܡܫܒܚܐ ✠

ܘܐܚܕ ܟܘܣܐ ܘܡܩܪܒܐ ܦܝܢܟܐ ܠܦܬܘܪܐ
ܕܩܘܪܒܐ ܒܐܝܕܐ ܕܝܠܗ. ܘܢܚܬ ܠܗ ܒܐܝܕܝܗ
ܕܡܕܒܚܐ ✠ ܘܡܫܝܢ ܟܘܣܐ ܠܒܝܬܐ
ܕܚܝܐ ܕܝܗܒ. ܘܡܨܠܐ ܡܫܝܢ ܠܡܕܒܚܐ:
ܕ: ܪܚܡܝܢ. ܘܡܢ ܠܒܝܬܐ. ܘܡܢ ܠܡܕܒܚܐ
ܚܕܐ ܘܚܕܐ. ܘܩܠܐ. ܘܡܢ ܡܫܝܢ
ܠܡܕܒܚܐ: ܕ: ܪܚܡܝܢ. ܘܡܢ ܠܡܫܟܢܐ:
ܘܚܕܐ. ܘܠܡܕܒܚܐ: ܘܚܕܐ. ܘܠܡܫܟܢܐ
ܘܚܕܐ. ܘܗܢܘܢ ܦܬܝܚܝܢ ܩܕܡ ܕܡܕܒܚܐ:
ܘܢܦܩܝܢ ܡܫܡܫܢܐ ܠܒܝܬ ܟܘܣܐ.
ܘܡܩܪܒ ܟܘܣܐ ܠܦܝܢܟܐ ܕܩܘܪܒܐ. ܘܫܝܢ
ܘܡܩܪܒ ܡܢ ܐܝܕܐ ܠܗܘ ✠ ܘܡܢ ܕܡܫܝܢ
ܠܗܘ ܡܫܡܫܢܐ: ܫܪܝܢ ܠܗ ܦܪܘܦܝܢ

മാമോദീഥ കൈക്കൊണ്ടിട്ടില്ലാത്തവൻ പുറത്തു പോകട്ടെ. ജീവന്റെ അടയാളം സ്വീകരിക്കാത്തവൻ പുറത്തു പോകട്ടെ. അതിനെ സ്വീകരിക്കാത്തവൻ പുറത്തു പോകട്ടെ. കേൾവിക്കാരേ നിങ്ങൾ പോയി വാതിലുകളെ സൂക്ഷിപ്പിൻ.

തിരശ്ശീല മൂടി പുരോഹിതൻ ഓനീഥ ദ്റാസി ആരംഭിക്കുന്നു. മദ്ബ്ഹയിലുള്ളവർ അതുതന്നെ ആവർത്തിക്കുന്നു. ബീമയുടെ നാലുകോണുകളിലും പുരോഹിതൻ കുമ്പിട്ടാരാധിക്കുന്നു. ഒന്നാമതു കിഴക്കോട്ട് രണ്ടു പ്രാവശ്യം. തുടർന്ന് വലതുഭാഗത്ത്. അതിന്റെ ശേഷം കിഴക്കോട്ട് ഒരു പ്രാവശ്യം. എന്നിട്ട് എഴു ന്നേൽക്കുന്നു. അനന്തരം കിഴക്കോട്ട് രണ്ടു പ്രാവശ്യം. പിന്നെ ഇടത്തോട്ട് ഒരു പ്രാവശ്യം. വീണ്ടും കിഴക്കോട്ടും തന്റെ പിറകോട്ടും ഓരോ പ്രാവശ്യം. പിന്നീട് മദ്ബ്ഹ യുടെ തിരശ്ശീല തുറക്കുകയും പുരോഹിതനെ എതിരേ ല്പാൻ ശമ്മാശൻ പുറപ്പെടുകയും പുരോഹിതൻ ഓനീഥ ദ് റാസിയുടെ പിതാവിന്നും പുത്രന്നും.... ശേഷവും പറ യുകയും ചെയ്യുന്നു. ഇറങ്ങി സർവ്വജനത്തെയും ആശീർവ്വ ദിക്കുന്നു. പുരോഹിതൻ ശമ്മാശന്മാരുടെ അടുക്കൽ എത്തുമ്പോൾ അദ്ദേഹത്തെ അവർ വണങ്ങുന്നു.

ܠܘܬ ܥܡܐ. ܘܐܡܪ ܡܫܡܫܢܐ
ܒܪܟܡܪܝ: ܣܛܘܡܢ ܩܠܘܣ ܐܡܝܢ *
ܘܐܡܪ ܡܫܡܫܢܐ ܩܘܪܒܢܐ ܐܘܠ
ܟܗܢܐ ܕܢܗܘܐ ܫܠܡܐ ܥܠ ܡܕܒܚܐ. ܕܒܪ
ܡܗܡܢ ܦܬܘܪܐ ܥܠ ܡܕܒܚܐ: ܢܣܒ
ܟܗܢܐ ܦܢܝܬܐ: ܘܫܡܝܐ ܟܘܢܐ * ܘܡܫܡܫܝܢ
ܟܘܪܣܝܐ.

ܡܫܡܫܢܐ ܫܪܝܪ ܕܡܢܐ * ܕܐܬܬܘ
ܡܫܡܫܢܐ ܘܗܪܟܐ. ܦܬܪܘ ܕܡܫܝܚܐ
ܘܒܝܬܗ ܢܣܒܬܐ: ܥܠ ܡܕܒܚܐ ܩܘܕܫܐ:
ܕܝܫܘܥ ܘܕܐܝܣܛܦܢܘܣ ܗܠܝܢ ܢܦܩܘܢ ܠܗ.
ܘܥܡ ܡܠܐܟܐ ܢܥܢܐ ܠܗ ܩܕܝܫ ܩܕܝܫ:
ܩܕܝܫ ܡܪܝܐ ܐܠܗܐ. ܗܝܝ: ܒ ܙܒܢܝܢ.

ܘܢܗܒ ܟܗܢܐ ܠܐܒܘܗ ܕܝܩܪܬܐ
ܫܡܐ: ܘܠܐܒܘܗ ܕܫܡܝܐ ܦܝܢܩܐ: ܟܕ
ܟܕ ܐܝܕܘܗܝ ܚܠܦܐܝܟ.

ശമ്മാശന്മാർ പറയുന്നു.

കർത്താവേ അനുഗ്രഹിക്കേണമേ. നമുക്ക് പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.

ക്യാറോസൂഥ ചൊല്ലുന്നതിനിടക്കു പുരോഹിതൻ രഹസ്യങ്ങളെ മദ്ബ്ഹമേൽ കയറ്റിവെക്കുന്നതിന്നായി പോകുന്നു. പാത്തോറ മദ്ബ്ഹമേൽ കയറ്റുമ്പോൾ പുരോഹിതൻ പീലാസയും ശമ്മാശൻ ക്യാസയും എടുക്കുന്നു.

അവർ ഓനീഥ ചൊല്ലുന്നു.

ഞാൻ കർത്താവിൽ തീർച്ചയായും പ്രത്യാശവെച്ചിരിക്കുന്നു: സാധുക്കൾ ഭക്ഷിച്ചു തൃപ്തിപ്രാപിക്കട്ടെ. വിശുദ്ധ ബലിപീഠത്തിന്മേൽ മ്ശീഹായുടെ തിരുശരീരവും വിലയേറിയ തിരുരക്തവും: നാമെല്ലാവരും ഭയഭക്തിയോടും സ്നേഹത്തോടും അതിനെ സമീപിച്ചു മാലാഖമാരോടൊന്നിച്ചു കർത്താവായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് അട്ടഹസിക്കുക. ആവർത്തിക്കുക.

പുരോഹിതൻ ക്യാസ വലത്തുകയ്യിലും പീലാസ ഇടത്തുകയ്യിലും എടുത്തു തന്റെ കൈകൾ കുരിശടയാളത്തിൽ പിടിക്കുന്നു.

ܘܐܡܪ ܫܡܫܐ ܒܨܠܘ: ܫܠܡܐ ܥܡܢ.
ܘܐܡܪ ܟܗܢܐ ܬܘܒ ܫܘܒܚܐ
ܠܐܠܗܘܬܟ ܡܫܒܚܬܐ ܒܟܠܙܒܢ
ܠܥܠܡܝܢ܀ ܡܫܝܚܐ ܕܐܬܚܫ ܚܠܦ
ܦܘܪܩܢܢ: ܘܦܩܕ ܠܢ ܕܢܥܒܕ ܥܘܗܕܢܐ
ܕܚܫܗ ܘܕܩܒܘܪܬܗ ܘܕܩܝܡܬܗ. ܗܘ
ܢܩܒܠܝܗ̇ ܠܒܥܘܬܐ ܗܕܐ ܡܢ ܐܝܕܝܢ
ܒܛܝܒܘܬܗ ܘܒܪ̈ܚܡܘܗܝ ܠܥܠܡܝܢ
ܐܡܝܢ. (ܐܢܫܐ ܐܡܪܝܢ ܠܗ ܒܕܘܟܬܐ
ܚܕ ܗܟܢ ܒܥܘܬܐ ܒܟܠ ܡܕܒܚܐ. ܒܥܘܬܐ
ܡܕܝܢܬܐ ܕܐܬܩܪܒܬ ܚܠܦ ܦܘܪܩܢܢ
ܢܗܘܐ ܠܫܘܒܩܢܐ ܕܚܘܒ̈ܐ ܕܥܒܕܝܗ̇
ܕܡܩܒܠܝܢ ܠܗ̇ ܒܛܝܒܘܬܗ
ܘܒܪ̈ܚܡܘܗܝ ܕܡܫܝܚܐ ܠܥܠܡܝܢ.)
ܘܢܦܩ ܦܠܓܐ ܠܟܠܗ̇ ܗܟܢ ܘܒܬܪܝܢ:
ܘܒܥܠ ܘܒܢܬܐ ܐܡܪ: ܕܦܘܩܕܢܟ ܡܪܢ،

ശമ്മാശൻ പറയുന്നു നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.

പുരോഹിതൻ പറയുന്നു മഹത്വപ്പെട്ട നിന്റെ ത്രിത്വത്തിന്ന് എന്നും എന്നെന്നേക്കും ഞങ്ങൾ സ്തുതി ഉയർത്തും. നമ്മുടെ രക്ഷയ്ക്കുവേണ്ടി ബലി അർപ്പിക്കപ്പെടുകയും തന്റെ മരണത്തിന്റെയും കബറടക്കത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഓർമ്മയെ കൊണ്ടാടുവാൻ നമ്മോടു കല്പിക്കുകയും ചെയ്ത ആ മ്ശീഹ തന്നെ തന്റെ കൃപയാലും കരുണകളാലും ഈ ബലി നമ്മുടെ കൈകളിൽനിന്നു സ്വീകരിക്കുമാറാകട്ടെ. എന്നെന്നേക്കും ആമേൻ.

(വലിയ നൊയ്മ്പിൽ വിശുദ്ധ രഹസ്യങ്ങൾ മദ്ബ്ഹമേൽ വെയ്ക്കുമ്പോൾ പറയുന്നു നമ്മുടെ രക്ഷയ്ക്കുവേണ്ടി പൂർണ്ണമാക്കപ്പെട്ട വിശുദ്ധരഹസ്യങ്ങൾ മ്ശീഹായുടെ കൃപയാലും കരുണകളാലും അവയെ കൈക്കൊള്ളുന്ന ജനങ്ങളുടെ മോചനത്തിന്ന് എന്നെന്നേക്കും ആയിത്തീരുമാറാകട്ടെ.)

പീലാസ മൂന്നു പ്രാവശ്യം ക്യാസയോടു മുട്ടിച്ച്, ഓരോ പ്രാവശ്യവും പറയുന്നു.

ܘܢܛܪܗ܆ ❖ ܩܠܐ ❖ ܡܫܡܫܢܝܢ
ܘܩܕܝܫܬܐ ܥܢܝܢܬܐ ܗܘܠܝܢ ܠܛܘܪܐ ܘܡܫܒܚܝܢ
ܡܕܒܚܐ ܥܠ ܘܢܗܪܬܐ ܘܡܫܝܚܬܐ
ܕܡܪܝܐ܆ ܠܡܫܡܫܢܘ ܕܢܦܫܐ: ܡܫܡܫܢܐ:
ܕܠܗ: ܫܘܒܚܐ ܕܒܢ ܢܒܝܐ ܕܥܠܝܡ
ܫܘܒܚܐ ܕܒܠܝܐ܆: ܠܥܠܡܝܢ ܐܡܝܢ.

ܘܣܐܡ ܠܛܘܪܐ ܥܠ ܡܕܒܚܐ: ܘܡܪܫܡ
ܠܛܘܪܐ ܒܬܘܬܦܐ ܘܡܩܪܒ❖ ܘܐܡܪ:
ܡܪܝܐ. ܥܠ ܡܕܒܚܟ ܩܘܕܫܐ ܢܣܩܘܢ
ܕܘܡܪܐ: ܕܓܘܠܓܠܐ ܡܪܢܐ ܢܡܪܘ
ܕܡܥܢܝܐ ❖ ܬܘܒ. ܥܠܝܗܘܢ ܕܝܠܗ
ܘܐܣܬܘܢܘ ܕܚܒܝܒܐ: ܢܛܪܘ ܕܝܠܗ
ܥܢܝܐ ܟܬܒܬܐ ❖ ܢܚܬ. ܕܡܚܕܝܢ
ܢܦܫ܆ ܥܠ ܡܕܒܚܟ ܩܘܕܫܐ: ܒܟܘ
ܚܝܠܐ ܕܪܘܚܐ ܘܗܘܕܝܐ ܕܢܦܫܠܬܗ ❖
ܗܘ ܡܪܢܐ ܥܠ ܡܪܕܐ ܚܠܦܘ܆ ܒܟܢܫܐ:

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ നിന്റെ കല്പനപ്രകാരം. ആവർത്തിക്കുക ന്മുടെ കർത്താവിന്റെ സ്വർഗ്ഗത്തിൽനിന്നുള്ള രണ്ടാം വരവുവരെ സ്തുതിക്കപ്പെട്ടതും പരിശുദ്ധവും ജീവിപ്പിക്കുന്നതും ദൈവികവുമായ ഈ രഹസ്യങ്ങൾ വിമോചകബലിപീഠത്തിന്മേൽ നിരത്തിവെയ്ക്കപ്പെടുന്നു. അവന്നു സദാ സ്തുതി. എന്നെന്നേക്കും ആമേൻ.

വിശുദ്ധരഹസ്യങ്ങളെ മദ്ബ്ഹമേൽ നിരത്തി ശോശിപ്പകൊണ്ടു സൂക്ഷ്മത്തോടെ മൂടി പറയുന്നു. പിതാവിന്നും .... സ്തുതി. മ്ശീഹായുടെ അമ്മയായ കന്യകമറിയത്തിന്റെ ഓർമ്മ വിശുദ്ധബലിപീഠത്തിന്മേൽ ഉണ്ടായിരിക്കട്ടെ. അനാദിമുതൽ .... ആമേൻ. പുത്രന്റെ ശ്ലീഹന്മാരും ഏകജാതന്റെ സ്നേഹിതന്മാരുമായുള്ളോരേ, സൃഷ്ടിയിൽ സമാധാനമുണ്ടാകുവാൻ പ്രാർത്ഥിപ്പിൻ. ജനമെല്ലാം........... പറയട്ടെ. ഞങ്ങളുടെ പിതാവേ, മഹത്വപ്പെട്ട നീതിമാന്മാരോടും കിരീടം ധരിപ്പിക്കപ്പെട്ട സഹദേന്മാരോടുംകൂടെ നിന്റെ ഓർമ്മ വിശുദ്ധ മദ്ബ്ഹമേൽ ഉണ്ടായിരിക്കട്ടെ.

(ചെറിയവർ വലിയവരോടുകൂടെ) മഹത്വപ്പെട്ട പുന

ܕܒܣܝܡܘܬܐ ܥܛܝܪܘܬܐ ܕܒܘܣܡܐ ܗܘܝܬ
ܠܗ، ❖

ܘܢܦܩܘܢ ܠܒܪ ܠܘܬܗܘܢ: ܘܩܪܒܝܢ
ܩܘܪܒܢܐ ܠܡܫܡܫܢܘܬܐ ܙܠܒܫܐ
ܘܙܒܢܬܗ، ܘܐܡܪ ܡܫܝܚܐ ܡܪܢ،
ܢܥܒܕܗ، ܕܒܣܘܠܦܗ، ܦܪܘܩܢ ܕܒܪܝܬܐ
ܒܠܚܘܕܝܗ: ܐܡܝܢ ❖

ܘܗܘ ܐܡܪ ܠܗܘ، ܒܪܘܢܐ ܡܪܢ ܡܢ
ܢܩܒܠ ܒܫܘܒܚܗ، ܘܢܘܕܐ ܠܗ،
ܥܡ ܟܘܠܗܘܢ: ܘܢܒܪܟܗ، ܕܥܡ
ܟܘܠܗܘܢ ܕܫܘܒܚܗ ܠܥܠܡܝܢ ܐܡܝܢ ❖

ܘܟܕ ܫܠܡ ܠܡܠܟܐ ܕܡܫܡܫܢܘܬܐ
ܘܫܡܐ ܕܫܡܫܐ ܠܥܠܡ ܢܦܫܐ ܕܝܘܡܐ
ܡܕܒܚܐ ܫܠܝܐ: ܘܐܡܪܝܢ ܡܫܡܫܢܐ
ܕܠܗܘ، ܢܘܗܪܐ ܚܝܠܐ: ܥܠܡܐ
ܒܠܒܒ.

രുത്ഥാനത്തിൽ നീ അവരെ മഹത്വത്തോടെ ഉയിർപ്പിക്കുമെന്ന പ്രത്യാശയിൽ ഇതാ എല്ലാ അന്നീദന്മാരും നിദ്ര പ്രാപിച്ചിരിക്കുന്നു.

പുരോഹിതൻ സ്ലീവയും, ഈവൻഗാലിയോനും ശമ്മാശന്മാരെക്കൊണ്ട് എടുപ്പിച്ച് ഹൈക്കലായിലേക്കു പുറപ്പെടുന്നു. പുരോഹിതൻ പറയുന്നു. നമ്മുടെ കർത്താവായ മ്ശീഹ മുഖപ്രസാദത്തോടുകൂടി തന്നെ അഭിമുഖീകരിക്കുന്നതിന്നു നിങ്ങളെ യോഗ്യരാക്കുമാറാകട്ടെ. ആമേൻ.

പുരോഹിതൻ അവരോടു പറയുന്നു. സർവ്വനാഥനായ ദൈവം നിങ്ങളുടെ ശുശ്രൂഷയിൽ പ്രസാദിക്കുകയും എല്ലാ ഭംഗികളാലും നിങ്ങളെ അലങ്കരിക്കുകയും തന്റെ എല്ലാ ദാനങ്ങളാലും നിങ്ങളെ സമ്പന്നരാക്കുകയും ചെയ്യുമാറാകട്ടെ. എന്നെന്നേക്കും ആമേൻ.

അനന്തരം കിസ്ത്രോമമേൽ കയറുകയും കൻകിയുടെ അതായത് മദ്ബഹായുടെ വാതിൽക്കൽ എത്തുമ്പോൾ കുമ്പിട്ടാരാധിക്കുകയും ശമ്മാശന്മാർ എല്ലാവരും ഒന്നിച്ചു നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം എന്നു പറയുകയും ചെയ്യുന്നു.

ܘܩܳܐܶܡ ܘܦܳܢܶܐ ܠܡܰܕܢܚܳܐ ܘܐܳܡܰܪ

[illegible]

[illegible]

[illegible] ܘܡܰܠܰܐܟ̈ܶܐ.

[illegible]

[illegible]

[illegible]

[illegible] ܘܗܳܦܶܟ [illegible]

ܠܥܳܠܰܡ [illegible] ܠܥܳܠܰܡ: [illegible]

[illegible]

[illegible]

[illegible]

[illegible] ܐܳܡܰܪ:

[illegible]

[illegible]

ܠܥܳܠܡܺܝܢ: ܐܰܡܺܝܢ.

എഴുന്നേറ്റുനിന്നു കൈകൾ വിരിച്ചു പറയുന്നു.

ഞങ്ങളുടെ ഹൃദയങ്ങൾ ഹിമകണങ്ങളാക്കിയും ദുഷ്ടമനസ്സാക്ഷിയിൽനിന്നു നിർമ്മലമാക്കിയും വലിയതും അത്യുന്നതവുമായ അതിവിശുദ്ധസ്ഥലത്തേക്കു ഞങ്ങൾ പ്രവേശിക്കുവാനും നിന്റെ വിശുദ്ധ ബലിപീഠത്തിന്റെ മുമ്പാകെ വെടിപ്പോടും നിർമ്മലതയോടും വിശുദ്ധിയോടുംകൂടെ നിൽക്കുവാനും ആത്മികവും വിവേകമുള്ളതുമായ ബലികൾ സത്യവിശ്വാസത്തോടെ നിനക്ക് അർപ്പിക്കുവാനും ഞങ്ങൾ യോഗ്യരാക്കപ്പെടുമാറാകട്ടെ. തുടരുന്നു ഒരിക്കലും കോപിക്കാത്തവനും തന്റെ കോപം സംഗ്രഹിക്കാത്തവനുമായ നല്ലവനേ, എന്റെ പാപങ്ങളിൽനിന്നു നിന്റെ മുഖം തിരിക്കുകയും നിന്റെ കാരുണ്യത്തിന്റെ ബഹുത്വത്താൽ എന്റെ പിഴകൾ മായിച്ചുകളയുകയും ചെയ്യുമാറാകേണമേ. പിതാവും പുത്രനും...

ഇതിനു സമയമില്ലെങ്കിൽ പറയുന്നു. നമ്മുടെ കർത്താവായ ഈശോമ്ശീഹ തന്റെ കൃപയാലും കരുണകളാലും എന്നെന്നേക്കും നാമെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.

ܘܗܘ ܡܘܫܐ ܫܠܡ ܠܦܪܥܘܢ ܡܪܕܘܬܐ:
ܘܡܚܘܢ ܘܬܕܡܪܬܐ: ܘܦܪܩܗ ܠܒܢܝ ܥܡܗ
ܠܝܡܐ ܘܐܡܪ ܕܢܫܒܚ ܠܗ: ܡܕܢܚܝܢ
ܣܓܝܢ ܕܢܚܝ ܢܘܗܪܐ: ܢܦܩܐ ܢܣܝܢܐ ܕܟ.
ܬܫܒܘܚܬܐ ܕܡܠܟܘܬܟ: ܢܦܠܢ ܕܡܫܝܚܘܬܟ:
ܘܟܠܗ ܡܫܝܚܘܬܟ. ܘܢܚܝ ܡܪܢܐ: ܫܡܥܘܢ
ܡܥܡܕܐ: ܕܗܘ ܕܢܘܗܪܐ. ܫܡܝܢܐ: ܕܒܪܥܝܬܐ
ܕܡܠܟܘܬܟ ܫܒܝܚܬܐ. ܗܘ ܕܒܗ ܢܦܩܘܢ
ܡܫܝܚܐ ܡܢܝܢ ܕܠܗܘܢ ܟܠܗܝܢ: ܘܟܠ
ܡܫܝܚܐ. ܢܘܗܪܐ ܥܡܝܕܐ: ܕܒܗ ܢܘܗܪܐ
ܥܡܝܕܐ: ܒܪ ܟܢܫܐ ܕܢܦܩܘܢ. ܕܒܐܝܕܘܗܝ
ܡܬܦܢܝܢ ܟܠܗܝܢ: ܘܡܬܚܪܪܝܢ ܒܠܒܝܒܗ.
ܗܘ ܕܡܬܚܙܐ ܒܢܗܝܪܐ: ܘܡܬܠܒܒ
ܦܘܪܫܢ: ܢܣܒ ܡܢ ܥܡܪܐ. ܘܡܬܠܒܫ
ܡܢ ܪܘܚܐ ܕܩܘܕܫܐ ܘܢܘܗܪܐ ܒܢܗܝܪܘܬܐ:
ܘܡܬܒܪܟܝܢ ܘܡܬܢܛܪܝܢ ܡܢ ܡܪܢܐ ܕܥܘܠܡܐ.

പുരോഹിതൻ മദ്ബ്ഹയുടെ വാതിൽക്കൽ വന്നു കുമ്പിട്ട് എഴുന്നേറ്റു കൈകൾ ഉയരത്തിലേക്കു നീട്ടി ഉച്ചത്തിൽ പറയുന്നു.

സർവ്വശക്തിയുള്ള പിതാവും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടികർത്താവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകജാതനായ പുത്രനും, സർവ്വസൃഷ്ടികൾക്കും ആദ്യജാതനുമായ ഈശോമ്ശീഹ എന്ന ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ സർവ്വലോകങ്ങൾക്കുംമുമ്പെ തന്റെ പിതാവിൽനിന്നു ജനിക്കപ്പെട്ടു; ഉണ്ടാക്കപ്പെട്ടവനുമല്ല. സത്യദൈവത്തിൽനിന്നു സത്യദൈവം തന്റെ പിതാവിനോട് ഏകസ്വഭാവമുള്ളവൻ, അവന്റെ കൈകളാൽ ലോകങ്ങൾ ഉണ്ടാക്കപ്പെടുകയും സകലവും സൃഷ്ടിക്കപ്പെടുകയും ചെയ്തു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി, റൂഹാദ്കുദ്ശയാൽ ശരീരമെടുത്തു മനുഷ്യനായിത്തീരുകയും കന്യകമറിയത്തിൽനിന്നു ഗർഭം ധരിക്കപ്പെടുകയും ജനിക്കുകയും ചെയ്തു. പന്തിയോസ്

ܘܫܢܝ ܘܐܬܚܠܦ: ܒܚܘܙܬܐ ܦܪܨܘܦܗ
ܘܠܒܘܫܗ. ܘܐܬܚܙܝ: ܘܩܡ ܠܬܠܬܐ
ܐܘܩܝܡ ܐܢܘܢ ܕܚܙܘ. ܘܡܠܠ ܠܡܫܝܚܐ:
ܘܢܚܬ ܡܢ ܛܘܪܐ ܕܬܒܘܪ. ܘܢܚܬ
ܒܟܢܝܫܐ ܠܡܠܬܐ: ܠܡܪܢ، ܠܡܫܝܚܐ ܘܠܫܒܚܐ.
ܘܚܢܝܢ ܕܘܟܪܐ ܕܩܘܕܫܐ: ܕܘܟܪܐ ܕܥܕܬܐ:
ܗܘ ܕܡܢ ܐܒܐ ܢܦܩ: ܕܘܟܪܐ ܡܫܝܚܝܐ.
ܘܚܕܝܐ ܒܝܘܡܐ ܡܕܝܢܬܐ: ܘܫܠܝܚܘܬܐ
ܡܫܘܠܡܢ. ܘܡܘܕܝܢ ܚܕܝܐ
ܡܩܕܫܝܢܐ: ܠܡܘܒܕܢܐ ܕܫܠܝܚܐ.
ܘܡܫܡܫܢܐ ܕܦܓܪܗ: ܘܒܢܝܐ ܕܥܠܡܐ
ܥܠܡܝܢ: ܐܡܝܢ❖

ܘܡܘܠܝܢ ܕܩܘܪܒܢܐ ܘܫܒܚܝܢ
ܕܟܠ ܝܘܡܝܢ: (ܘܡܫܠܡܢܝܢ ܕܡܢܐ ܫܒܚܐ
ܠܩܘܪܒܢܐ ܡܘܢܐ ܠܟܢܐ ܘܡܢ ܡܘܢܐ ܠܟܢܐ
ܠܟܠ ܐܝܟ ܡܫܡܫܢܐ ܒܠܒܘ، ܘܫܒܚ

പീലാത്തോസിന്റെ നാളുകളിൽ കഷ്ടമനുഭവിച്ചു, കുരിശിന്മേൽ തറയ്ക്കപ്പെട്ടു അടക്കപ്പെടുകയും ചെയ്തു. എഴുതപ്പെട്ടിരിക്കുന്നപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി, തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു. മരിച്ചവരെയും ജീവനോടിരിക്കുന്നവരെയും വിധിപ്പാൻ വീണ്ടും വരുവാനിരിക്കുന്നു.

സത്യത്തിന്റെ ആത്മാവും, പിതാവിൽനിന്നു പുറപ്പെടുന്നവനും, ജീവിപ്പിക്കുന്ന ആത്മാവുമായ ഏകറൂഹാദ്കുദ്ശായിലും ഞങ്ങൾ വിശ്വസിക്കുന്നു. പരിശുദ്ധവും ശ്ലീഹായ്ക്കടുത്തതും കാഥോലീകിയുമായ ഏകസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപങ്ങളുടെ മോചനത്തിന്നുള്ള ഏക മാമോദീഥയെയും; നമ്മുടെ ശരീരങ്ങളുടെ ഉയിർത്തെഴുന്നേല്പിനെയും; എന്നെന്നേക്കുമുള്ള ജീവനെയും ഞങ്ങൾ ഏറ്റുപറയുന്നു. ആമേൻ.

ഭയഭക്തിയോടെ അവർ പ്രവേശിക്കുകയും മൂന്നു പ്രാവശ്യം കുമ്പിട്ടാരാധിക്കുകയും ചെയ്യുന്നു. പുരോഹിതൻ വരികയിൽ ഓരോ ഭാഗത്തുമുള്ള ശമ്മാശന്മാരുടെ

ܦܛܪܝܪܟܐ ܡܬܡܢܐ ܗܘ ܀ ܐܘ ܟܬܘܠܝܩܐ
ܐܘ ܡܝܛܪܦܘܠܝܛܐ ܐܘ ܐܦܝܣܩܘܦܐ
ܩܐܡ ܩܕܡ ܬܪܥܐ ܕܡܕܒܚܐ ܒܝܬ
ܠܡܕܒܚܐ: ܒܕܘܟܬܐ ܕܫܠܡܝܢ ܡܢ
ܩܕܡ ܬܪܥܐ.) ܘܟܕ ܣܓܕ ܩܕܡ ܡܕܒܚܐ:
ܐܡܪ ܟܗܢܐ: ܫܠܡܐ ܠܟܠܟܘܢ ܢܗܘܐ
ܥܡ ܪܘܚܟ ܕܟܠܢ: ܕܡܪܢ ܝܫܘܥ
ܘܒܟܠܥܕܢ ܠܥܠܡܝܢ: ܐܡܝܢ.

ܩܪܐ ܡܫܡܫܢܐ ܟܪܘܙܘܬܐ.
ܘܡܫܬܠܡܝܢ ܡܢ ܟܗܢܐ ܕܡܕܒܚܐ
ܒܕܘܟܬܐ ܕܫܠܡܝܢ. (ܘܩܪܐ ܡܫܡܫܢܐ
ܡܫܡܫܢܐ ܠܡܕܒܚܐ ܟܪܘܙܘܬܐ ܩܕܡ
ܬܪܥܐ ܟܗܢܐ ܕܡܕܒܚܐ ܡܕܒܚܐ:
ܘܡܩܝܡ ܐܝܟ ܥܠܝܗ ܠܗܘ ܡܫܡܫܢܐ
ܕܡܫܡܫܢܐ ܘܡܫܬܠܡ ܘܐܡܪ:
ܢܗܘܐ ܥܠܝܢ ܪܚܡܐ. ܘܡܩܝܡ ܠܗ ܩܕܡ:

ശിരസ്സിൽ കൈകൾ വെയ്ക്കുന്നു. അപ്പിസ്ക്കോപ്പയൊ, മെത്രാപ്പോലീത്തയൊ, കാഥോലിക്കയൊ ഉണ്ടെങ്കിൽ അദ്ദേഹം പടിഞ്ഞാട്ടു മുഖംതിരിച്ചു വിശ്വാസപ്രമാണം അവസാനിക്കുന്നതുവരെ ബീമയിൽ നിൽക്കുന്നു. മദ്ബ്ഹയുടെ മുമ്പാകെ കുമ്പിട്ടാരാധിക്കുമ്പോൾ പുരോഹിതൻ പറയുന്നു.

സർവ്വനാഥനായ ദൈവം തന്റെ കൃപയാലും കരുണകളാലും നാം എല്ലാവരോടും കൂടെയും നമ്മിലെല്ലാവരിലും എന്നെന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ. ആമേൻ.

പുരോഹിതൻ കൈകൾ കഴുകുന്നു. മദ്ബ്ഹയിലുള്ള റുശ്മകൾ കഴിയുന്നതുവരെ അവർ ശ്ലാമ കൊടുക്കുന്നു. ശമ്മാശൻ ക്യാറോസൂഥ പ്രസ്താവിപ്പാൻ തുടങ്ങുമ്പോൾ പുരോഹിതൻ മദ്ബ്ഹയുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു തന്റെ ശിരസ്സ് ഇടത്തും വലത്തുമുള്ള ശമ്മാശന്മാരുടെ അടുക്കലേക്ക് അല്പം തിരിച്ചു പറയുന്നു. കർത്താവേ, അനുഗ്രഹിക്കേണമേ. എന്റെ സഹോദരന്മാരേ, എനിക്കു വേണ്ടി പ്രാർത്ഥിക്കുവിൻ.

അവർ അവനോട് ഇപ്രകാരം ഉത്തരം പറയുന്നു.

ܡܫܝܚܐ ܢܫܡܥ ܨܠܘ̈ܬܢ ܘܢܩܒܠ
ܒܥܘ̈ܬܢ ܘܢܫܕܪ ܚܘܣܝ̈ܐ ܠܡܝ̈ܬܝܢ
ܕܢܝܚܘ ܠܥܠܡܝܢ ܐܡܝܢ.

ܬܘܪܓܡܐ. ܕܢܚܐ: ܥܠܡܐ ܟܠܗ.
ܨܠܘ ܥܠ ܕܡܘܬܐ ܕܐܒܘܢ ܫܡܝܢܐ
ܘܐܬܦܫܩܘ. ܘܕܡܠܘܗ̱ ܡܫܝܚܐ
ܘܡܫܡܫܢܐ ܘܢܒܝ̈ܐ ܘܫܠܝ̈ܚܐ.
ܘܕܡܠܘܗ̱ ܐܠܗܐ ܕܐܒܘܗ̱ ܘܐܒܘܗ̱
ܡܢ ܥܠܡܐ ܗܢܐ ܠܡܠܟܘܬܐ ܕܫܡܝܐ.
ܘܕܡܠܘܗ̱ ܐܒܘܢ ܘܐܡܢ. ܘܕܡܠܘܗ̱
ܚܝ̈ܐ ܘܒܢܝ̈ܐ. ܘܕܡܠܘܗ̱ ܡܠܟܐ
ܘܡܫܡܫܢܐ ܕܡܫܝܚܐ. ܘܕܡܠܘܗ̱
ܢܒܝ̈ܐ ܘܫܠܝ̈ܚܐ. ܘܕܡܠܘܗ̱ ܗܘ̈ܝܐ
ܘܡܢܝܢ̈ܐ ܕܐܒܘܢ ܘܕܡܠ ܐܒܐ. ܕܐܝܬܘܗܝ
ܥܠ ܟܠ ܢܫܡܬܐ ܕܡܢ ܩܕܡ
ܡܢܐ: ܘܡܠܬ ܠܟ ܐܡܝܢ: ܫܠܡܐ

മ്ശീഹാ നിങ്ങളുടെ പ്രാർത്ഥനകൾ കേൾക്കട്ടെ. നിങ്ങളുടെ അപേക്ഷകളിൽ അവൻ പ്രീതിപ്പെടട്ടെ. തന്റെ കൃപയാലും കനിവിനാലും നിങ്ങളുടെ കുർബ്ബാന അവൻ സ്വീകരിക്കട്ടെ. എന്നെന്നേക്കും ആമേൻ.

ക്യാറോസൂഥ നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം. നമ്മുടെ പിതാക്കന്മാരായ കാതോലിക്കന്മാർ, അപ്പിസ്ക്കോപ്പന്മാർ, കശ്ശീശന്മാർ, ശമ്മാശന്മാർ, ബ്രഹ്മ ചാരികൾ, കന്യകകൾ, സത്യവിശ്വാസത്തിൽ ഈ ലോക ത്തിൽനിന്നു കടന്നുപോയവർ, നമ്മുടെ പിതാക്കന്മാർ, സ ഹോദരന്മാർ, പുത്രീപുത്രന്മാർ, മ്ശീഹായെ സ്നേഹിച്ച വിശ്വസ്തരാജാക്കന്മാർ എന്നിവരുടെ ഓർമ്മയ്ക്കായ് പ്രാർത്ഥിപ്പിൻ. നബീയന്മാരും ശ്ലീഹന്മാരുമായ എല്ലാവരു ടെയും ഇവിടെയും എല്ലാദേശങ്ങളിലുമുള്ള സർവ്വസഹ ദേന്മാരുടെയും മോദ്യാനന്മാരുടെയും ഓർമ്മയ്ക്കായ് പ്രാർത്ഥിപ്പിൻ. മരിച്ചവരുടെ ഇടയിൽനിന്നുള്ള ഉയിർത്തെ ഴുന്നേല്പിൽ ദൈവം അവരെ കിരീടം ധരിപ്പിക്കുന്നതിന്നും അവരോടുകൂടെ നമുക്കും സ്വർഗ്ഗരാജ്യത്തിൽ നല്ല പ്രത്യാ ശയും ഓഹരിയും അവകാശവും ജീവനും നൽകുന്നതി ന്നുമായ് പ്രാർത്ഥിപ്പിൻ.

ܛܒ̈ܬܐ ܘܡܢܬܐ ܘܡܘܗܒܬܐ ܘܚܝ̈ܐ
ܕܡܠܟܘܬܐ ܕܫܡܝܐ ✠ ܘܢܬܩܒܠ
ܩܘܪܒܢܐ ܗܢܐ ܕܢܩܦܐ ܠܒܢ̈ܝܐ:
ܘܒܕܘܚܬܐ ܕܢܓܗܐ ܕܡܠܟܐ ܘܢܬܩܪܒ
ܕܩܘܕܫܐ: ܕܢܗܘܐ ܠܢ ܠܚܘܣܝܐ
ܘܠܫܘܒܩܢܐ ܘܠܚܝ̈ܐ ܕܠܥܠܡ ܥܠܡܝܢ:
ܕܡܠܟܘܬܐ ܕܫܡܝܐ ܕܛܝܒܘܬܗ
ܕܡܫܝܚܐ.

ܘܟܕ ܐܡܪ ܟܗܢܐ ܠܡܫܡܫܢܐ
ܕܡܫܡܠܝ: ܢܟܗܐ ܡܪܐܠ ܕܢܣܟܝ
ܕܢܒܣܡ ܒܪܚܡܘܗܝ. ܘܡܚܘܦ ܒܣܘܡܐ
ܠܡܕܒܚܐ ܘܡܚܕܪ ܠܗ ܡܫܘܬܦܝܢ:
ܟܕ ܕܒܠ ܣܕܪܐ ܡܚܘܬܐ ܠܡܕܡܘܗܝ
ܣܕܪ. ܘܟܕ ܥܘܕܗ ܡܚܘܬܐ ܡܚܢܐ
ܘܡܬܚܫܚ ܗܟܢ: ܟܕ ܡܕܒܪ ܕܫܦܝܬܐ
ܗܝ ܥܠܡܐ ܕܫܡܝܐ ܟܕ ܟܘܡܪܐ.

ഈ കുർബ്ബാന മുഖപ്രസാദത്തോടുകൂടി സ്വീകരിക്കപ്പെടുമാറാകട്ടെ. മ്ശീഹായുടെ കൃപയാൽ സ്വർഗ്ഗരാജ്യത്തിൽ നമ്മുടെ സഹായത്തിന്നും രക്ഷയ്ക്കും നിത്യജീവന്നുമായിത്തീരുവാൻ ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും ഇതു വിശുദ്ധീകരിക്കപ്പെടുമാറാകട്ടെ.

അവസാനിപ്പിക്കുന്ന ശമ്മാശനോടു പുരോഹിതൻ പറയുന്നു.

സർവ്വനാഥനായ ദൈവം തന്റെ സ്തുതികൾ പാടുന്നതിന്നു നിന്നെ ശക്തിപ്പെടുത്തട്ടെ.

(പുരോഹിതൻ) തന്റെ മുഖം മദ്ബ്ഹയ്ക്കു നേരെ തിരിച്ചു മൂന്നുപ്രാവശ്യം കുമ്പിട്ടാരാധിക്കുന്നു. ഓരോ പ്രാവശ്യവും കുമ്പിടുന്നതു മുമ്പോട്ടുതന്നെ വേണം. കുമ്പിടുവാൻ തുടങ്ങുമ്പോൾ തന്റെ അധരങ്ങളാൽ മാർ ബർസോമയുടെ ഈ പ്രാർത്ഥന ഉരുവിട്ടു ചൊല്ലുന്നു.

ܫܘܒܚܠܟ ܡܫܡܫܢܐ ܕܢܘܗܪܐ.
ܫܘܒܚܠܟ ܡܟܪܙܢܐ ܕܡܕܒܪܐ.
ܫܘܒܚܠܟ ܡܥܡܕܢܐ ܕܡܫܝܚܐ.
ܫܘܒܚܠܟ ܡܦܢܝܢܐ ܕܚܛ̈ܝܐ ܠܡܠܟܘܬܐ
ܕܫܡܝܐ. ܫܘܒܚܠܟ ܡܪܝ ܝܘܚܢܢ
ܐܦܠܝ ܢܟܠܬܐ ܕܟܠܗܘܢ: ܘܡܪܝܡܘܢ
ܠܗܘܢ ܕܣܢܝܟ. ܘܗܡܢܘܢ ܒܝܟ ܗܘܒܡܢ
ܡ̈ܕܝܢܐ ܕܒܘܫܡܐ ܗܘܐ ܕܒܝܬܗ
ܡܕܝܢܬܐ ܡܘܠܝܬܐ: ܕܐܬܝܬ ܡܢܗܘܢ
ܕܚܝ̈ܐ ܗܘܐ ܢܒܝܐ ܘܡܒܣܪܢܐ
ܘܡܩܒܠܢܐ. ܕܐܬܝܬ ܕܘܟܪܢܐ ܕܢܒܝܘ
ܘܕܡܘܬܗ ܘܕܡܥܡܘܕܝܬܗ ܘܕܡܣܢܝܬܗ
ܕܡܪܢ ܘܦܪܘܩܢ ܝܫܘܥ ܡܫܝܚܐ ❖
ܕܒܗ ܐܬܓܠܝܬ ܘܐܬܒܪܝܬ:
ܠܡܫܟܚ ܚܝ̈ܐ ܕܠܥܠܡ ܕܥܠܡܝܢ.

ܐܐܐ.

കാണാതെ പോയവരെ കണ്ടുപിടിക്കുന്നവനേ, നിനക്കു സ്തുതി. ചിതറിപ്പോയവരെ കൂട്ടിശേഖരിക്കുന്നവനേ, നിനക്കു സ്തുതി. ദൂരസ്ഥന്മാരെ അടുപ്പിക്കുന്നവനേ, നിനക്കു സ്തുതി. തെറ്റിപ്പോയവരെ സത്യത്തിന്റെ അറിവിലേക്കു തിരിച്ചുവരുത്തുന്നവനേ, നിനക്കു സ്തുതി. കർത്താവേ, നിന്റെ കൃപയാൽ ബലഹീനനായ എന്നെയും നീ വിളിക്കുകയും നിന്റെ ദയയാൽ നിന്റെ അടുക്കലേക്ക് എന്നെ അടുപ്പിക്കുകയും, ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ ഈശോ മ്ശീഹായുടെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും കബറടക്കത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും ഓർമ്മയാകുന്ന ജീവനുള്ളതും വിശുദ്ധവും സ്വീകാര്യവുമായ ഈ ബലി തിരുമുമ്പാകെ അർപ്പിക്കുന്നതിന്നു നിന്റെ വിശുദ്ധ കാഥോലീക്കസഭയുടെ വലിയശരീരത്തിൽ അറിയപ്പെട്ട അംഗമായി എന്നെ നിയമിക്കുകയും ചെയ്തതിനാൽ നിനക്കു സ്തുതി. * സർവ്വമനുഷ്യരുടെയും പാപങ്ങൾ ക്ഷമിക്കുന്നതിന്നു ഇതുമുഖാന്തരം നീ പ്രസാദിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തുവല്ലോ. ആവർത്തിക്കുക

ܘܗܟܢܐ ܓܝܪ ܡܘܕܝܢܘܬܐ ܠܚܘܕܝܗ
ܐܘ ܡܪܢ: ܕܢܣܒ ܥܒܕ ܩܘܪܒܢܐ ܠܦܓܪܗ
ܡܕܒܚܐ. ܗܢܐ ܩܘܪܒܢ ܕܡܕܒܚ ܒܝܕ
ܡܫܡܫܢܐ: ܦܠܓܐ ܒܕܡܘܬܐ ܕܡܫܝܚܐ
ܠܡܕܒܚܐ: ܘܡܢ ܦܠܓܐ ܘܩܡ ܘܢܣܒ
ܠܡܫܝܚܐ. ܘܡܢ ܦܠܓܐ ܘܩܡ ܘܢܣܒ
ܠܦܠܓܗ ܕܝܡܝܢܐ. ܘܡܢ ܦܠܓܐ ܘܩܡ
ܘܢܣܒ ܠܦܠܓܗ ܕܣܡܠܐ. ܘܡܢ ܦܠܓܐ
ܘܩܡ ܘܢܣܒ ܠܡܫܝܚܐ ܘܒܦܠܓܐ
ܕܝܡܝܢܐ ܘܒܦܠܓܐ ܕܣܡܠܐ. ܘܪܫܡ ܠܗܘܢ
ܘܗܘ ܕܒܦܠܓܐ ܕܝܡܝܢܐ. ܟܕ ܗܘ ܗܡܝܢ
ܒܦܠܓܐ ܕܣܡܠܐ. ܘܗܦܟ ܠܗܘܢ:
ܘܐܡܪ. ܒܪܟ ܡܪܝ. ܨܠܘ ܥܠܝ ܚܒܝܒܝ:
ܕܢܬܩܒܠ ܩܘܪܒܢܐ ܗܢܐ ܡܢ ܐܝܕܝ.
ܘܥܢܝܢ ܠܗ: ܢܩܒܠ ܡܪܝܐ ܒܟܠ ܚܝܠܗ
ܠܡܫܡܫܢܘܬܟ ܘܢܬܪܥܐ ܘܢܩܒܠ ܩܘܪܒܢܟ.

പുരോഹിതൻ മദ്ബ്ഹയുടെ മുമ്പിലേക്കു പ്രവേശിക്കുന്നത് എങ്ങനെയെന്നതിനെക്കുറിച്ചു നിങ്ങളോട് അറിയിക്കട്ടെ. അപേക്ഷിച്ചുകൊണ്ട് അടുത്തുവരുമ്പോൾ പീഠത്തോടു മുട്ടുന്നതുവരെ കുമ്പിടേണം. പിന്നെ കുമ്പിട്ടെഴുന്നേറ്റു നടുഭാഗത്തു മുത്തേണം. പിന്നെ കുമ്പിട്ടെഴുന്നേറ്റ് വലതുഭാഗത്തു മുത്തേണം. പിന്നെ കുമ്പിട്ടെഴുന്നേറ്റ് ഇടതുഭാഗത്തു മുത്തേണം. പിന്നെ കുമ്പിട്ടെഴുന്നേറ്റ് നടുവും വലതും ഇടതും ഭാഗങ്ങളിൽ മുത്തിക്കൊണ്ട് ഇടത്തോട്ടു ചാഞ്ഞുകൊണ്ട് വലത്തുഭാഗത്തുള്ളവരെ നോക്കി അവരുടെ നേരെ കുമ്പിട്ടു പറയേണം.

കർത്താവേ, അനുഗ്രഹിക്കേണമേ. എന്റെ സഹോദരന്മാരേ, ഈ കുർബ്ബാന എന്റെ കൈകളാൽ പൂർണ്ണമാക്കപ്പെടുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ഉത്തരം പറയുന്നു

സർവ്വനാഥനായ ദൈവം തന്റെ ഇഷ്ടം പൂർണ്ണമാക്കുവാൻ നിങ്ങളെ ശക്തിപ്പെടുത്തുകയും നിങ്ങളുടെ കുർബ്ബാന സ്വീകരിക്കുകയും, ഞങ്ങൾക്കും നിങ്ങൾക്കും ലോകത്തിന്റെ നാലുഭാഗങ്ങൾക്കുവേണ്ടിയും തന്റെ കൃപ

ܘܝܠܕܬܐ ܕܒܣܪܗ. ܕܡܢܗ ܕܝܠܗ
ܣܓܝܦܝܢ ܘܣܓܝܦ ܕܐܬܒܣܝܡܘ
ܕܟܠܢܫܐ: ܒܚܢܢܗ ܕܪܚܡܘܗܝ ܠܥܠܡܝܢ:
ܐܡܝܢ*

ܘܡܢ ܩܕܡ: ܫܘܒܚܠܡܫܢܐ ܡܫܒܚܬܐ
ܕܐܠܗܘܬܐ. ܒܗ ܩܠܐ ܘܩܪܡ ܘܢܝܨ
ܠܡܫܝܚܐ. ܘܡܢ ܩܠܐ ܘܩܪܡ ܘܢܝܨ
ܠܟܢܫܐ ܕܫܡܝܢܐ. ܘܡܢ ܩܠܐ ܘܩܪܡ
ܘܢܝܨ ܠܟܢܫܐ ܕܐܪܥܝܐ. ܘܡܢܗܘܢ
ܡܫܒܚܝܢ. ܘܩܪܡ ܘܢܝܨ ܠܡܫܝܚܐ.
ܘܠܟܢܫܐ ܕܫܡܝܢܐ. ܘܠܟܢܫܐ ܕܐܪܥܝܐ.
ܘܐܢܐ ܠܗܘ ܗܘ، ܕܟܢܫܐ ܕܐܪܥܝܐ:
ܒܗ ܗܘ ܒܟܢܫܐ ܕܫܡܝܢܐ: ܘܐܡܪ. ܒܪܐ
ܡܪܢ. ܐܬܐ ܒܟܠܢ ܐܢܫ ܘܡܫܒܚܝܢ.
ܕܐܬܒܣܡ ܕܐܡܪܝܢ ܡܬܩܘܡܝܢ ܕܡܪܐ،
ܡܫܝܚܐ ܕܒܣܪܐ ܩܕܡ ܫܡܝܐ ܘܐܪܥܐ:

യാലും ദയയാലും നിങ്ങൾ സമർപ്പിക്കുന്ന ബലിയിൽ പ്രസാദിക്കുകയും ചെയ്യുമാറാകട്ടെ എന്നെന്നേക്കും ആമേൻ.

വീണ്ടും ആവർത്തിക്കുക

കാണാതെ പോയവരെ കണ്ടുപിടിക്കുന്നവനേ......

അനന്തരം കുമ്പിട്ടെഴുന്നേറ്റു നടുഭാഗത്തു മുത്തുന്നു. പിന്നെ കുമ്പിട്ടെഴുന്നേറ്റു വലതുഭാഗത്തു മുത്തുന്നു. വീണ്ടും കുമ്പിട്ടെഴുന്നേറ്റ് ഇടതുഭാഗത്തു മുത്തുന്നു. പിന്നെ കുമ്പിട്ടാരാധിക്കുന്നു. വീണ്ടും എഴുന്നേറ്റു നടുവും വലതും ഇടതും ഭാഗങ്ങളിൽ മുത്തി വലതുഭാഗത്തു തിരിഞ്ഞുകൊണ്ട് ഇടതുഭാഗത്തുള്ളവരെ നോക്കി പറയുന്നു.

കർത്താവേ അനുഗ്രഹിക്കേണമേ. എന്റെ സഹോദരന്മാരും പ്രിയരുമായുള്ളോരേ, നമ്മുടെ കർത്താവായ മ്ശീഹായുടെ മുമ്പാകെ എനിക്കുവേണ്ടിയും വിശുദ്ധപൊതുസഭ മുഴുവന്നുംവേണ്ടിയും ജീവനുള്ളതും പരിശുദ്ധവുമായ ഈ ബലി അർപ്പിക്കുന്നതിന്നു തന്റെ കൃപയാലും കനിവിനാലും ഞാൻ യോഗ്യനായിത്തീരുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ എന്നെന്നേക്കും ആമേൻ.

ܚܘܣ ܘܚܘܣ ܥܠܝܗ ܐܠܗܐ ܕܒܪܝܬܐ
ܘܡܕܒܪܢܘܬܐ: ܒܛܝܒܘܬܗ ܕܚܢܢܗ ܠܥܠܡܝܢ:
ܐܡܝܢ. ܘܡܩܝܡ ܠܗ: ܢܚܘܣ ܡܪܝܐ ܥܠ
ܥܡܐ ܕܒܨܠܝܒܗ: ܘܢܛܪ ܡܘܕܝܢܝ:
ܕܡܘܕܝܢ ܠܗ ܚܘܣܝܢ ܘܚܘܣܝܢ:
ܕܒܛܝܒܘܬܗ ܘܒܪܚܡܘܗܝ ܠܥܠܡܝܢ:
ܐܡܝܢ܀

ܘܟܢ ܐܡܪ ܬܘܫܒܚܬܐ ܡܫܡܫܢܐ
ܕܩܕܝܫܐ. ܟܕ ܗܢܐ ܢܦܩ ܟܗܢܐ
ܡܕܒܚܐ. ܘܗܘܐ ܕܐܡܪ ܡܫܡܫܢܐ:
ܘܢܫܒܚ ܡܘܕܝܢܐ: ܗܢܐ ܟܗܢܐ
ܠܦܘܩܕܢܗ ܘܐܡܪ (ܩܢܘܢܐ): ܚܘܣ
ܥܠܝܢ ܕܚܝܢ ܘܡܫܝܚܝܢ: ܡܫܒܚܝܢ
ܡܘܕܝܢܐ ܗܢܐ: ܢܫܒܚ ܡܢ ܚܘܣܝܢ
ܡܪܝܐ ܕܝܢ ܕܚܝܠܬܐ ܕܒܪܘܚܟ ܡܪܢ
ܕܒܪܐ ܠܟܠܢܫ.

ഉത്തരം പറയുന്നു

സർവ്വനാഥനായ ദൈവം തന്റെ കൃപയാലും കരുണകളാലും, ഞങ്ങൾക്കുവേണ്ടിയും നിങ്ങൾക്കുവേണ്ടിയും നിങ്ങൾ അർപ്പിക്കുന്ന ബലിയിൽ പ്രസാദിക്കുകയും നിങ്ങളുടെ കുർബ്ബാന സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ എന്നെന്നേക്കും ആമേൻ.

വീണ്ടും ആവർത്തിക്കുന്നു കാണാതെ പോയ വരെ.......

മുൻക്രമപ്രകാരം കുമ്പിട്ടാരാധിക്കുന്നു. കുർബ്ബാന സ്വീകരിക്കപ്പെടട്ടെ എന്നു ശമ്മാശൻ പറയുമ്പോൾ പുരോഹിതൻ അയാളുടെ നേരെ കുമ്പിട്ട് (ഇപ്രകാരം) പറയുന്നു.

കർത്താവേ, ഞങ്ങൾക്കു കടങ്ങളുടെ മോചനവും പാപങ്ങളുടെ പരിഹാരവും മരിച്ചവരുടെ ഇടയിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പിന്റെ വലിയ പ്രത്യാശയും സ്വർഗ്ഗരാജ്യത്തിൽ പുതുജീവനുമുണ്ടാകുവാൻ, ഞങ്ങളെയും ഇവിടെയും എല്ലാ രാജ്യങ്ങളിലുമുള്ള നമ്മുടെ കർത്താവായ മ്ശീഹായുടെ പരിശുദ്ധസഭയെയും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്ത്വപ്പെട്ട ത്രിത്വത്തിന്റെ ആരാധ്യവും സ്തുത്യവുമായ നാമത്താൽ, സ്തുതിക്കപ്പെട്ടതും പരിശുദ്ധവും ജീവിപ്പിക്കുന്നതും ദൈവികവുമായ ഈ രഹസ്യങ്ങൾ, ഏകമായി നിയോഗിക്കപ്പെടുകയും പരിശുദ്ധമാക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകുയും പൂർണ്ണമാക്കപ്പെടുകയും യോജിപ്പിക്കപ്പെടുകയും കലർത്തപ്പെടുകയും ബന്ധിപ്പിക്കപ്പെടുകയും മുദ്രയിടപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും.

ܡܫܝܚܐ: ܘܠܚܝܐ ܚܕܬܐ ܕܡܠܟܘܬܐ
ܕܫܡܝܐ: ܠܢ ܘܠܥܕܬܟ ܩܕܝܫܬܐ
ܕܡܫܡܫܢܐ ܡܢܟ܆ ܕܢܚܐ ܘܢܒܥܠ ܢܗܘܐ.
ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ ܥܠܡܝܢ܀ ܥܡܐ
ܗܫܐ ܟܕ ܡܥܕܥܕܐ ܬܘܕܝܬܐ: ܕܢܗܘܐ
ܗܘ ܕܝܠܗ ܕܡܫܝܚܐ. ܘܥܢ ܣܒܪ
ܠܟܗܢܐ ܕܦܬܘܪܐ ܚܕ ܡܢ ܚܒܪܘܗܝ
ܕܠܡܫܡܫܘ. ܟܕ ܩܪܝܒ ܕܡܫܡܫܐ ܘܠܐܝܢ
ܗܘܐ ܕܡܫܠܡ ܚܕܐ ܠܢܦܫ ܟܗܢܐ. ܘܩܪܝܒ
ܕܝܠܗ ܕܠܐܝܢ ܗܘܐ ܒܡܫܝܢܐ ܚܕܐ
ܠܡܕܒܚܐ ܠܢܦܫ ܟܗܢܐ. ܥܡ ܕܝܗܘܐ
ܡܘܕܥܐ ܕܝܗ ܠܢܦܫ ܟܗܢܐ: ܒܗܦܟܐ
ܕܡܘܕܥܐ ܕܦܬܘܪܐ ܕܡܢܟ ܡܫܡܫܢܐ.
ܘܡܩܕܫ ܠܢܗܘܪܐ ܕܪܘܚܐ. ܘܐܡܪ
ܢܦܫܗ ܟܕ ܡܫܡܫܢܐ: ܟܦܝܦܐ
ܟܢܫܐ ܕܝܠܗ. ܘܥܢ ܠܥܡܐ

ഇപ്പോഴും എന്നു പറയുന്നതോടുകൂടി രക്തത്തിൽ മുക്കപ്പെട്ടതായ ആ സ്ഥലത്തു തന്റെ തള്ളവിരൽകൊണ്ട് ഒരു പിളർപ്പുണ്ടാക്കുന്നു. **അതിനുശേഷം** പകുതികളെ പാത്തോറയിൽ ഒന്നിനു മീതെ ഒന്നായി സ്ലീവാഭാവത്തിൽ ഇടത്തുകയ്യിൽ പിടിച്ചിരുന്ന ചുവട്ടിലെ കഷണം ക്യാസക്കുനേരെ നോക്കിക്കൊണ്ടും വലത്തുകയ്യിൽ പിടിച്ചിരുന്ന മുകളിലെ കഷണം പടിഞ്ഞാട്ടു പുരോഹിതനെ നോക്കിയും നമ്മുടെ കർത്താവിന്റെ വലത്തെ വിലാപുറത്തെ മുറിവിന്റെ സദൃശമായ അതിലുള്ള പിളർപ്പ് ക്യാസയ്ക്കു നേരെ വെക്കുന്നു. തന്റെ കൈ നല്ലപോലെ തുടയ്ക്കുകയും തന്നെത്താൻ സ്ലീവ അടയാളത്തിൽ തള്ളവിരൽകൊണ്ടു തന്റെ നെറ്റിയിൽ **മുദ്രയിടുകയും** ചെയ്യുന്നു. **അതിനുശേഷം** ചുറ്റുമുള്ള ശമ്മാശന്മാരെയും മുദ്രയിട്ടു പറയുന്നു.

മ്ശീഹ നിന്റെ ശുശ്രൂഷ കൈക്കൊള്ളട്ടെ. മ്ശീഹ നിന്റെ മുഖം ശോഭിപ്പിക്കട്ടെ. മ്ശീഹ നിന്റെ ജീവനെ കാക്കട്ടെ. മ്ശീഹ നിന്റെ ബാല്യത്തെ വളർത്തട്ടെ.

ܡܫܡܫܢ̈ܐ ܕܡܙܡܪܝܢ: ܘܐܡܪܝܢ: ܡܫܝܚܐ
ܢܒܪܟ ܒܫܡܫܬܗ. ܡܫܝܚܐ ܕܗܘܐ
ܦܪܘܩܢ ܡܫܝܚܐ ܢܛܪ ܚܬ̈ܢܝܢ. ܡܫܝܚܐ
ܢܒܪܟ ܟܠܝܠܘܗܝ. ܘܝܗܒ ܠܟܗܢܐ
ܕܒܪܝܢ ܚܕܬܐ ܦܘܪܫܐ ܘܟܗܢܐ. ܘܐܡܪ:
ܫܘܒܚܐ ܠܟ ܡܪܝ ܝܫܘܥ ܡܫܝܚܐ:
ܕܒܪܟܬ ܟܠܝܠܘܗܝ: ܫܘܒܚܐ ܠܟ
ܡܪܝ ܕܐܪܫܡܬ ܠܡܫܡܫܢܘܗܝ:
ܫܘܒܚܐ ܠܟ ܡܪܝ ܕܒܟ ܟܠ ܫܘܝܐ ܐܢܐ
ܗܡܢܝܢ ܟܠܝܠܘܗܝ ܡܫܡܫܢ̈ܐ ܘܡܢ ܟܠܗ
ܕܡܘܕܝܢ ܘܕܐܘܪܝܢ ܫܒܝܚܐ ܘܡܒܪܟܐ
ܘܡܫܒܚܐ ܘܡܪܘܡܐ. ܟܠܝܠܘ ܕܫܢܝܢ
ܫܡܘܢ ܠܡܘܡܢܐ ܕܫܘܒܐ: ܘܠܫܘܒܚܬܐ
ܕܫܠܝܚܐ. ܘܟܠ ܢܦܫ ܒܟܗܘܢ،
ܦܘܩܕܢܝܟ ܫܦܝܪܐ ܕܠܘܩܒ ܢܠܫܘܒ:
ܢܨܒ ܠܟ ܒܫܒܘܚܬܐ ܘܐܝܩܪܐ

പാത്തോറയുടെയും ക്യാസയുടെയും ചുറ്റും ചുരുട്ടിവെച്ചിട്ടുള്ള ശോശിപ്പ മാറ്റിക്കൊണ്ടു പറയുന്നു.

ഞങ്ങളുടെ കർത്താവായ ഈശോമ്ശീഹായേ, നിന്റെ കൃപയാൽ എന്നെ സൃഷ്ടിച്ചതിനാൽ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിന്റെ കാരുണ്യത്താൽ നീ എന്നെ വിളിച്ചതിനാൽ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, ഞാൻ അയോഗ്യനായിരിക്കെ, സ്തുതിക്കപ്പെട്ടതും പരിശുദ്ധവും ജീവിപ്പിക്കുന്നതും ദൈവികവുമായ രഹസ്യങ്ങളുടെ ദാനത്തിന്നു ശുശ്രൂഷകനും മദ്ധ്യസ്ഥനുമായി നിന്റെ കൃപയാൽ നീ എന്നെ നിയമിച്ചതിന്നു നിനക്കു സ്തുതി. കടങ്ങളുടെ മോചനത്തിന്നും പാപങ്ങളുടെ പരിഹാരത്തിന്നുമായ് നിന്റെ കൃപയാലും കനിവിനാലും നീ എന്നെ യോഗ്യനാക്കേണമേ. എന്റെ ബലഹീനാവസ്ഥയോടുള്ള നിന്റെ ധാരാളമായ എല്ലാ പരിപാലനങ്ങൾക്കുവേണ്ടിയും ഞാൻ നിനക്കു സ്തുതിയും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിക്കും. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും.

ܘܫܘܒܚܐ ܘܬܘܕܝܬܐ ܣܓܕܬܐ. ܘܥܡ
ܫܘܒܚܐ ܠܟ ܐܠܗܐ. ܫܘܒܚܐ ܠܟ
ܒܪܐ ܡܫܘܒܚܐ. ܫܘܒܚܐ ܠܟ ܪܘܚܐ
ܕܩܘܕܫܐ: ܡܢܝܢ ܟܠ ܠܥܠܡܝܢ܀
ܘܥܠܡܝܢ ܐܡܝܢ. ܘܩܢܘܢ ܗܕܐ ܡܢܬ
ܡܕܒܚܐ ܘܩܛܡ ܘܩܝܡ ܠܡܪܝܡܘ.
ܘܡܘܕܐ ܢܣܝ ܗܘ ܕܐܡܪ ܗܒܕܒܬܐ
ܘܐܡܪ.

ܩܘܠܐ

ܒܥܘܬܗ ܕܡܪܢ ܝܫܘܥ ܡܫܝܚܐ:
ܘܢܘܗܪܗ ܕܐܠܗܐ ܐܒܐ: ܘܡܘܗܦܘܬܐ
ܕܪܘܚܐ ܕܩܘܕܫܐ: ܢܗܘܐ ܥܡ ܟܠܢ.
ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ ܥܠܡܝܢ܀
ܘܥܠܡܝܢ ܐܡܝܢ. ܘܩܢܘܢ ܟܠ ܩܘܩܝܗ
ܗܝ ܡܕܒܚ ܠܕܝܩܘ ܩܠܝܠ ܠܟܠ:
ܡܢ ܗܢܐ ܟܕ ܘܡܢ ܗܢܐ ܟܕܐ ܗܝ

അനന്തരം ദൈവമേ, നിനക്കു സ്തുതി. ആദ്യന്തമില്ലാത്ത പുത്രനേ, നിനക്കു സ്തുതി. സർവ്വത്തെയും ശുദ്ധീകരിക്കുന്ന റൂഹാദ്കുദ്ശായേ, നിനക്കു എന്നെന്നേക്കും സ്തുതി. ഉത്തരം ആമേൻ.

അനന്തരം പുരോഹിതൻ മദ്ബ്ഹയുടെ മുമ്പാകെ കുമ്പിട്ടാരാധിക്കുകയും അതിന്റെ മദ്ധ്യത്തിൽ മുത്തുകയും സുവിശേഷം അറിയിക്കുന്നവനെപ്പോലെ വിളിച്ചു പറയുകയും ചെയ്യുന്നു.

✠ കാനോന ✠

നമ്മുടെ കർത്താവായ ഈശോമ്ശീഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും. ഉത്തരം ആമേൻ.

ഇരുപാർശ്വങ്ങളിലും തന്റെ വിരലുകൾ അല്പം കാണത്തക്കവണ്ണം കൈകൾ അല്പം ഉയർത്തിക്കൊണ്ടു തന്റെ മേൽ മുദ്രയിടുന്നു. പുരോഹിതൻ തന്റെ മേലാണ് മുദ്രയിടുന്നതെങ്കിലും ഈ അടയാളം ജനങ്ങൾക്കു

ܡܛܠܠ ܡܠܝܠ. ܒܟܬܒܗ ܝ ܡܫܝܚܢ
ܕܪܘܚܐ ܗܢܐ ܟܠ ܒܫܡܐ ܡܩܕܫ:
ܐܦ ܟܠ ܗܘܟܡܬܗ ܕܐܝܬ ܠܗ ܟܘܠܗ܀
ܘܡܫܒܚܝܢ ܡܫܡܫܢܐ ܟܪܘܒܐ. ܟܠܢ
ܒܕܚܠܬܐ ܘܒܢܟܦܘܬܐ: ܢܩܪܒ ܠܐܠܗܐ
ܕܦܓܪܗ ܘܕܡܗ ܢܣܒܐ ܕܦܘܪܩܢ.
ܠܡܠܟܐ ܕܟܠܐ ܘܒܪܗ ܡܫܝܚܐ ܡܫܒܚܬܐ:
ܝܗܒܘܢ ܫܡܗ ܘܢܣܒܘܢ ܒܝܕܝܗ.
ܡܫܠܠܗ ܠܟܢ ܫܘܒܚܐ ܕܝܠܗ:
ܦܓܪܐ ܩܕܝܫܐ: ܘܢܘܗܪܐ ܡܠܟܠܗܝܢ
ܘܡܚܣܝܢܐ ܘܟܠ ܩܕܝܫܐ: ܡܢ
ܕܡܪܝܐ ܢܬܒ. ܘܒܪܘܚܗ ܩܕܝܫܐ:
ܘܒܥܘܗܕܢܗ ܩܕܝܫܐ: ܡܢ ܫܘܒܚܐ
ܠܐܠܗܐ ܕܫܡܝܐ ܩܕܡ. ܘܟܠܗ ܟܠܗ
ܡܫܒܚܝܢܗ ܕܫܠܝܚܐ: ܕܫܡܗ ܕܝܫܘܥ:
ܒܘܣܡܐ ܢܬܒܣܡ: ܘܡܢ ܟܠܗ ܡܫܝܚܐ

വേണ്ടി കൊടുക്കപ്പെടുന്നതാകുന്നു. ശമ്മാശൻ വിളിച്ചു പറയുന്നു.

നമുക്കെല്ലാവർക്കും ഭയത്തോടും ബഹുമാനത്തോടുംകൂടെ നമ്മുടെ രക്ഷിതാവിന്റെ ശരീരത്തിന്റെയും വിലയേറിയ രക്തത്തിന്റെയും രഹസ്യത്തിലേക്കു സമീപിക്കാം. ശുദ്ധഹൃദയത്തോടും സത്യവിശ്വാസത്തോടും തന്റെ കഷ്ടാനുഭവത്തെ ഓർക്കുകയും ഉയിർത്തെഴുന്നേല്പിനെപ്പറ്റി ചിന്തിക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ഏകജാതൻ നമുക്കുവേണ്ടി മനുഷ്യനിൽനിന്നു മർത്ത്യശരീരത്തെയും, ബുദ്ധിയുള്ളതും വിവേകമുള്ളതും അമർത്ത്യവുമായ ആത്മാവിനെയും എടുത്തു, തന്റെ ജീവിപ്പിക്കുന്ന ന്യായപ്രമാണങ്ങളാലും തന്റെ വിശുദ്ധ കല്പനകളാലും തെറ്റിൽനിന്നു സത്യത്തിന്റെ അറിവിലേക്കു നമ്മെ അടുപ്പിച്ചു. നമുക്കുവേണ്ടിയുള്ള തന്റെ എല്ലാ പരസ്യശുശ്രൂഷക്കുംശേഷം നമ്മുടെ സ്വഭാവത്തിന്റെ ആദ്യഫലം ക്രൂശിൽ പരീക്ഷിക്കപ്പെട്ടു, മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി. നമ്മുടെ നേരെയുള്ള തന്റെ എല്ലാ കൃപയും അവയാൽ നാം ഓർക്കേണ്ടതിന്നു തന്റെ പരി

ܩܡ: ܘܠܫܡܝܐ ܐܣܬܠܩ. ܘܐܫܠܡ
ܠܢ ܐܪ̈ܙܘܗܝ ܩܕܝ̈ܫܐ: ܕܒܗܘܢ ܢܥܒܕ
ܟܠܗ ܥܘܗܕܢܗ ܕܠܘܬܗ. ܚܝ ܘܩܒܠ
ܒܗܘܢ ܫܘܒܩܢܐ: ܘܚܘܣܝܐ ܡܚܝܢܐ
ܢܩܒܠ ܡܘܠܕܬܐ ܕܚܝ̈ܐ ܕܠܥܠܡ.
ܘܢܬܠܘܬܐ ܕܒܪܝܬܐ ܘܒܢܝ̈ܢܐ ܕܦܘܪܩܢܐ:
ܢܫܬܘܬܦ ܠܐܪ̈ܙܐ ܕܒܝܬܐ ܒܫܒܝܢܐ
ܕܝܠܢܘܬܐ. ܗܝ ܡܫܦܪ ܚܝܝܢ ܡܢ
ܦܓܪܘܗܝ: ܘܡܬܩܒܠܝܢ ܠܟܠ ܫܘܠܛܢ:
ܘܡܬܠܒܫܝܢ ܫܘܒܚܐ ܘܬܘܕܝܬܐ ܡܢ
ܐܠܗܐ ܡܪܢ. ܘܡܪܝܡ ܟܗܢܐ
ܒܠܚܘܕ. ܘܐܡܪ: ܡܪܢ ܐܢܬ ܡܫܝܚܐ
ܐܠܗܐ ܕܐܝܬܘܗܝ: ܘܡܫܡܫܢܐ ܘܡܫܒܚ
ܫܡܟ ܠܥܠܡ: ܡܛܠ ܕܐܢܬ ܗܘ ܐܢܬ
ܚܝ̈ܐ ܠܟܠܗ ܠܢ. ܐܢܬ ܒܗܘܢܐ
ܕܩܕܝܫܐ ܦܪܘܩ ܡܢ ܫܘܠܛܢܗ

ശുദ്ധരഹസ്യങ്ങളെ നമ്മെ ഏല്പിച്ചു. ആകയാൽ നാം കവിഞ്ഞൊഴുകുന്ന സ്നേഹത്തോടും എളിയ മനസ്സോടും എന്നെന്നേക്കുമുള്ള ജീവന്റെ ദാനം കൈക്കൊള്ളുകയും ചെയ്യുക. നിർമ്മലപ്രാർത്ഥനയാലും പ്രത്യേക ദുഃഖത്താലും അനുതാപത്തിന്റെ പ്രത്യാശയിൽ സഭയുടെ രഹസ്യങ്ങളിൽ നാം പങ്കാളികൾ ആകുക. ഞങ്ങളുടെ പിഴകളിൽനിന്നു പിൻതിരിഞ്ഞും ഞങ്ങളുടെ പാപങ്ങളെപ്രതി ദുഃഖിച്ചും സർവ്വനാഥനായ ദൈവത്തോടു കരുണയും പാപമോചനവും ഞങ്ങൾ യാചിച്ചുംകൊണ്ട് :

പുരോഹിതൻ തന്റെ ഹൃദയത്തിൽ ഉരുവിട്ടു പറയുന്നു. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ നാമം എന്നെന്നേക്കും ഉന്നതവും സ്തുതിക്കപ്പെട്ടതുമാകുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ പാപങ്ങൾക്കൊത്തവണ്ണമല്ല നീ ഞങ്ങളോടു ചെയ്തത്. എന്നാൽ നിന്റെ കരുണകളുടെ ആധിക്യത്താൽ അന്ധകാരത്തിന്റെ അധികാരത്തിൽനിന്നു ഞങ്ങളെ വിടുവിക്കുകയും നിന്റെ പ്രിയപുത്രനായ ഞങ്ങളുടെ കർത്താവീശോമ്ശീഹായുടെ രാജ്യത്തിലേക്കു ഞങ്ങളെ ക്ഷണിക്കുകയും ചെയ്തു.

ܕܡܫܘܚܬܐ: ܘܙܡܝܪܬܗ، ܠܡܠܟܘܬܗ ܕܒܪܬ
ܡܕܒܪܢܐ ܗܘ، ܐܝܟ ܡܫܝܚܐ.
(ܘܒܗ ܥܒܕܗ ܘܫܟܠܠܗ ܥܘܠܡܝܢܗ
ܕܥܘܠܡܐ. ܘܒܪܝܗ ܠܗ ܒ̈ܢܝܐ ܕܠܥܠܡ
ܕܠܐ ܡܫܬܒܩܝܢ. ܘܐܦ ܗܘܐ ܕܢܥܘܠܗ،
ܕܢܩܘܡ ܩܕܡ ܡܕܒܚܝܢ ܕܒܝܬܐ ܘܩܕܝܫܬܐ:
ܘܢܩܪܒ ܠܗ ܕܒܚܬܐ ܗܕܐ ܚܕܬܐ
ܘܩܕܝܫܬܐ ܘܕܟܝܐ ܕܡܛܐ. ܐܝܟܘ،
ܕܡܦܪܫܘܬܐ ܕܒܝܬܗ ܕܒܝܬܐ
ܘܩܕܝܫܘܬܐ ܢܩܒܠܝܗ ܠܡܘܗܒܬܐ ܗܕܐ.
ܘܟܠ ܟܗܢܐ ܠܗ ܠܒܝܬܐ ܘܟܠ ܠܡܕܒܚܐ.
ܟܠ ܠܥܡܡܐ ܘܠܫܘܒܚܐ ܕܫܡܝܐ.
ܘܠܡܢܬܐ ܕܡܢ ܒܗ ܡܫܝܚܐ ܘܠܚ̈ܝܐ
ܕܠܥܠܡ. ܘܢܗܘܐ ܟܠܢ ܡܫܡܠܝܬܐ
ܕܫܘܒܚܐ ܘܬܘܕܝܬܐ ܕܚ̈ܝܐ ܘܗܝܟܠܐ
ܡܕܒܚܐ ܠܡܫܪܝܢ. ܕܗܢܐ ܕܐܬܢܦܩܝܢ

(അതിനാൽ നീ മരണത്തിന്റെ അധികാരത്തെ അഴിക്കുകയും ഇല്ലായ്മ ചെയ്കയും നാശംവരാത്ത നിത്യജീവനെ ഞങ്ങൾക്കു തരികയും ചെയ്തുവല്ലോ. ഇപ്പോഴോ നിർമ്മലവും പരിശുദ്ധവുമായ നിന്റെ ബലിപീഠത്തിന്നു മുൻപാകെ നില്ക്കുവാനും ജീവനുള്ളതും പരിശുദ്ധവും രക്തരഹിതവുമായ ഈ ബലി നിനക്കു സമർപ്പിക്കുവാനും നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ കരുണയാൽ സർവ്വ നിർമ്മലതയോടും പരിശുദ്ധതയോടുംകൂടെ നിന്റെ ഈ ദാനം കൈക്കൊള്ളുന്നതിന്നു ഞങ്ങളെ യോഗ്യരാക്കേണമേ. അതു ഞങ്ങൾക്കു ന്യായവിധിക്കോ പ്രതികാരത്തിന്നോ ആയിത്തീരരുതേ. എന്നാൽ കരുണയ്ക്കും പാപങ്ങളുടെ മോചനത്തിന്നും മരിച്ചവരുടെ ഇടയിൽ നിന്നുള്ള ഉയിർപ്പിന്നും എന്നെന്നേക്കുമുള്ള ജീവന്നും ആയിത്തീരുമാറാകട്ടെ. നിന്റെ മ്ശീഹായുടെ ശരീരരക്തങ്ങളോടു ഞങ്ങൾ കൂട്ടായ്മ ചെയ്തതിന്നുശേഷം തന്റെ വലുതും സ്തുതിക്കപ്പെട്ടതുമായ പ്രത്യക്ഷതയിൽ നിന്റെ എല്ലാ പരിശുദ്ധന്മാരോടുംകൂടെ ഞങ്ങൾ ശോഭിക്കുന്നതിന്നു, ഞങ്ങൾ എല്ലാവരും നിന്റെ സ്തുതി നിറവേറ്റുന്നവരും തിരുനിവാസത്തിന്നു നിർമ്മല ആലയങ്ങളും

ܠܦܓܪܗ ܘܕܡܗ ܕܡܫܝܚܢ: ܢܬܩܪܒ
ܟܠܢ ܒܚܘܒܐ، ܒܢܟܦܘܬܐ ܒܠܒܐ ܕܟܝܐ
ܘܫܦܝܐ. ܕܠܗ ܘܠܐܒܘܗܝ ܘܠܪܘܚܗ ܕܩܘܕܫܐ
ܫܘܒܚܐ ܘܐܝܩܪܐ ܘܬܘܕܝܬܐ ܘܣܓܕܬܐ.
ܗܫܐ ܘܒܟܠܥܕܢ.)

ܘܟܕ ܡܫܠܡܐ: ܩܪܐ ܩܘܠܐ
ܠܦܓܪܐ. ܘܡܢ ܒܬܪ ܠܡܘܕܝܬܐ ܡܫܠܡ
ܟܠܗ. ❖ ܘܫܡܫܬܐ ܕܬܘܕܝܬܐ ܡܫܡܫ:

ܡܫܡܫܢܐ. ܡܪܚܡܢܐ ܬܫܒܘܚܬܐ
ܠܛܝܒܘܬܗ، ܥܡܐ: ܡܪܝܐ ܚܘܣ ܥܠܝܢ:
ܘܬܫܒܘܚܬܐ ܕܠܥܠܡܝܢ. ܡܫܡܫܢܐ.
ܘܡܪܚܡܢܐ ܠܟܠܗ، ܡܢ ܦܘܠܓܐ
ܘܫܘܒܩܢܐ. ܥܡܐ: ܡܪܝܐ ܚܘܣ ܥܠܝܢ:
ܘܬܫܒܘܚܬܐ ܕܠܥܠܡܝܢ. ܡܫܡܫܢܐ.
ܟܕ ܚܕܬܢ ܒܪܘܚܐ، ܡܢ ܚܛܗܐ
ܘܒܠܒܘܫܐ. ܥܡܐ: ܡܪܝܐ ܚܘܣ

വിശുദ്ധമന്ദിരങ്ങളും ആയിത്തീരട്ടെ. തന്മൂലം നിനക്കും അവന്നും പരിശുദ്ധാത്മാവിന്നും മഹത്വവും ബഹുമാനവും സ്തുതിയും ആരാധനയും ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും ഉണ്ടാകട്ടെ.) ഇതു പറയുന്നതിനിടക്ക് പുരോഹിതൻ തിരുശരീരം നുറുക്കുകയും അതിനുശേഷം കുട്ടികൾക്കുവേണ്ടി അതിനെ മുക്കുകയും ചെയ്യുന്നു. തുടരുന്നു

ശമ്മാശൻ ഞങ്ങളുടെ കൂട്ടുകാരോടു പിഴകൾ ഞങ്ങൾ ക്ഷമിക്കുന്നു. ഉത്തരം കർത്താവേ, നിന്റെ ദാസരുടെ പാപങ്ങളും പിഴകളും മോചിക്കേണമേ. ശമ്മാശൻ ഞങ്ങളുടെ മനസ്സാക്ഷികളെ സംശയങ്ങളിൽനിന്നും തർക്കങ്ങളിൽനിന്നും ഞങ്ങൾ വെടിപ്പാക്കുന്നു. ഉത്തരം കർത്താവേ നിന്റെ ദാസരുടെ പാപങ്ങളും പിഴകളും മോചിക്കേണമേ. ശമ്മാശൻ ഞങ്ങളുടെ ആത്മാക്കൾ പകയിൽനിന്നും ശത്രുതയിൽനിന്നും നിർമ്മലമാക്കിക്കൊണ്ട്. ഉത്തരം കർത്താവേ, നിന്റെ ദാസരുടെ പാപങ്ങളും പിഴകളും മോചിക്കേണമേ. ശമ്മാശൻ വിശുദ്ധവസ്തു നാം

ܚܕܬܐ: ܘܡܫܒܚܬܐ ܕܒܪܝܬܐ.
ܡܫܡܫܢܐ. ܗܒ ܡܘܗܒܬܐ ܘܢܩܒܠ
ܒܪܘܚܐ ܕܡܘܗܒܬܐ. ܥܡܐ: ܡܪܢܐ
ܢܗܘܐ ܚܕܬܐ: ܘܡܫܒܚܬܐ ܕܒܪܝܬܐ.
ܡܫܡܫܢܐ. ܘܢܬܩܘܡ ܥܠ ܩܘܪܒܢܐ
ܕܩܕܝܫܝܢ ܢܦܩܘܢ ܟܢܘܫܬܐ ܕܡܫܝܚܐ
ܥܘܬܪܐ ܕܥܕܬܐ. ܥܡܐ: ܡܪܢܐ
ܢܗܘܐ ܚܕܬܐ: ܘܡܫܒܚܬܐ ܕܒܪܝܬܐ.
ܡܫܡܫܢܐ. ܕܝܠܗ ܗܝ ܟܠ ܡܪܢ ܠܫܡܥܬܐ
ܕܦܓܪܗ: ܘܠܥܘܡܪܐ ܕܢܦܫܗ.
ܥܡܐ: ܘܠܥܠܡ ܥܠܡܝܢ܀

ܘܡܢܐ ܕܩܠܝܬܐ ܥܠܘܝܬܐ ܐܠܗܐ

ܡܫܡܫܢܐ: ܣܛܘ: ܫܠܡܐ ܥܡܟܘܢ.

ܘܡܢܐ ܡܘܬܒܐ ܕܩܕܝܫܐ ܕܐܠܗܐ.

ܢܗܘܐ ܡܪܢ ܫܒܝܚܬܐ ܚܕܬܐ ܘܡܫܒܚܬܐ
ܕܒܪܝܬܐ: ܘܗܘܝܐ ܡܦܩܬܐ ܕܥܠܡܐ.

കൈക്കൊള്ളുകയും പരിശുദ്ധാത്മാവിനാൽ വിശുദ്ധീക രിക്കപ്പെടുകയും ചെയ്യുക. ഉത്തരം കർത്താവേ, നിന്റെ ദാസരുടെ പാപങ്ങളും പിഴകളും മോചിക്കേണമേ. ശമ്മാശൻ നമ്മുടെ മനസ്സിന്റെ യോജിപ്പോടും ചേർച്ച യോടുംകൂടെ പരസ്പരമുള്ള ഐക്യത്തിൽ രഹസ്യങ്ങൾ നമുക്കു കൈക്കൊള്ളാം. ഉത്തരം കർത്താവേ, നിന്റെ ദാസരുടെ പാപങ്ങളും പിഴകളും മോചിക്കേണമേ. ശമ്മാശൻ കർത്താവേ, അവ ഞങ്ങളുടെ ശരീരങ്ങളുടെ ഉയിർത്തെഴുന്നേല്പിന്നും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും. ഉത്തരം എന്നെന്നേക്കുമുള്ള ജീവനുമാ യിത്തീരുമാറാകട്ടെ.

ഈ പ്രസ്താവന അവസാനിക്കുമ്പോൾ ശമ്മാശൻ പറയുന്നു.

നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.

പുരോഹിതൻ തന്റെ ഹൃദയത്തിൽ സാവധാനം പറ യുന്നു. കർത്താവേ, നിന്റെ ദയയാൽ നിന്റെ ദാസരുടെ പാപങ്ങളും പിഴകളും ക്ഷമിക്കുകയും നിന്റെ രാജ്യത്തിൽ, നിന്റെ എല്ലാ പരിശുദ്ധന്മാരോടുംകൂടെ നിന്റെ ഉന്നത

ܕܝܗܒܬ ܦܓܪܐ ܕܩܘܕܫܐ ܠܢܛܘܪܘܬܢ ܡܪܢܝܬܐ: ܒܗ ܒܠܗܘܢ ܫܕܝܢܝܢ ܕܡܠܟܘܬܢ.

ܘܐܦ ܐܢܬ ܦܩܘܕܐ ܕܟܠ ܡܫܒܚܝܢ ܫܪܝܐ ܥܒܕ ܠܗܘܢ. ܘܡܫܝܚ ܫܘܡܠܝܗ ܡܢ ܠܥܠܡ: ܘܡܪܝܡ ܫܠܡ ܘܐܡܪ:

ܘܐܣܘܬܐ ܠܝ ܡܪܝ ܘܢܛܪܗ ܕܢܡܫܝܚܝܬ ܕܟܠ ܡܘܡ ܡܢܚܡܝܢ ܒܗܘܡ ܒܠܝܬܐ ܕܝܢܐ ܘܢܦܩܐ ܠܠܡܢܐ: ܘܢܦܪܘܫܘܢܐ ܗ̈ܝ ܕܡܝܬܝܢ ܒܫܡܝܐ ܢܚܘܫܝܢ ܠܟ: ܕܐܝܬ ܫܘܠܛܢ ܢܗܘܪܝܢ ܘܫܒܚܐ ܢܐܡܪ: ܘܚܝܝܢ: ܢܒܘ ܕܒܫܡܝܐ ܘܫܪܝܐ.

ܩܘܠܐ

ܡܢܐܡܪ ܚܠܦ ܘܫܘܐ ܠܝ ܒܝܬ ܡܘܬܐ.

ܫܘܒܚܐ ܡܪܝ ܫܪܝܬ ܫܡܝܗ: ܘܫܠܡܝܢ

ദൈവത്വത്തിന്നു മഹത്വത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാനായി നിന്റെ കൃപയാൽ ഞങ്ങളുടെ അധരങ്ങൾ ശുദ്ധീകരിക്കുകയും ചെയ്യേണമേ.

കൂദാശ ചെയ്യാത്ത കൃാസകൾ ഉണ്ടെങ്കിൽ ഇപ്പോൾ അവയിന്മേൽ വരയ്ക്കുന്നു. ഗ്ഹ്ൻത്തയിൽനിന്നു നിവർന്ന് ശബ്ദമുയർത്തി പറയുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, എപ്പോഴും നിഷ്കളങ്കമായും നിർമ്മലഹൃദയത്തോടും പ്രസന്നമുഖത്തോടും തിരുമുൻപിൽ നിൽക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും നിന്നാൽ കരുണയോടെ ഞങ്ങൾക്കു നല്കപ്പെട്ട ആ ധൈര്യത്തോടുകൂടി ഞങ്ങൾ എല്ലാവരും ഒന്നിച്ചു നിന്നെ വിളിച്ചു ഇപ്രകാരം പറയും. ഉത്തരം സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, ... ശേഷവും.

✠ കാനോന ✠

'ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ...' എന്നതിനുപകരം കർത്താവിന്നടുത്ത തിരുനാളുകളിൽ.

ܒܠܒܘܫܗ̇: ܘܡܫܪܪܬ ܐܢܘܢ ܠܥܒܕܝܢ.
ܘܐܬܚܝܕܬ ܒܚܘܝܕܐ ܐܠܗܘܬܐ ܠܐܢܫܘܬܗ̇.
ܟܕ ܡܫܬܘܕܝܢ ܩܢܘ̈ܡܐ ܬܪ̈ܝܢ ܚܕܐ.
ܘܟܠܗܝܢ ܒܚܘܦܬܐ ܒܦܘܪܫܢܐ. ܐܢܬ
ܡܢܗ ܕܦܪܘܩܘܬܐ ܕܚܝ̈ܝܢ: ܒܥܠܡܐ
ܡܫܝܚܐ ܚܠܦ ܓܢܣܢ ܕܒܪܢܫܐ ܘܐܝܬܘܬܗ.
ܘܗܘ ܕܐܠܦ ܦܘܡܝܢ ܡܢܬܐ ܠܐܠܗܘܬܗ
ܫܘܒܚܐ ܘܝܩܪܐ ܥܠܡܝܢ. ܕܟܠ ܝܘܡܐ
ܕܡܫܠܡܘܢ: ܗܢܘܢ ܚܕܘܬܗ ܡܫܠܡ
ܘܡܘܕܝܢ ܘܡܫܒܚܝܢ. ܘܡܥܢܝܢ: ܐܢܬ
ܕܫܘܒܚܐ: ܝܚܝܕܝ ܒܪܐ ܒܪܐ
ܡܠܟܘܬܗ. ܒܚܘܒܐ ܫܪܝܪܐ: ܐܘܢܐ
ܕܫܘܒܚܐ ܐܦ ܒܐܪܥܐ. ܗܘܠܢ ܠܫܡܝܐ
ܕܡܫܡܫܝܢ ܠܡܠܟܐ. ܘܡܫܠܡ ܠܢ ܗܘܒܐ:
ܐܝܟܢܐ ܕܐܦ ܚܢܢ ܡܫܠܡ ܠܥܠܡܝܢ.
ܘܟܠܐ ܓܠܝܢ ܠܟܠܗܘܢ ܥܕܡܐ ܠܦܢܝ.

കർത്താവേ, നിന്റെ സമാധാനം ഞങ്ങളുടെ ഇടയിലും നിന്റെ ശാന്തത ഞങ്ങളുടെ ഹൃദയങ്ങളിലും വസിപ്പിക്കേണമേ. ഞങ്ങളുടെ നാവുകൾ നിന്റെ സത്യത്തെ ഘോഷിക്കട്ടെ. നിന്റെ സ്ലീവ ഞങ്ങളുടെ ആത്മാക്കൾക്ക് ഒരു കാവൽക്കാരനായിരിക്കട്ടെ. ഞങ്ങളുടെ വായ്കൾ പുതിയ കിന്നരങ്ങളാക്കിക്കൊണ്ട് അഗ്നിയധരങ്ങളാൽ ഞങ്ങൾ പാടുന്നു. നിന്റെ ആത്മാർത്ഥസുഹൃത്തുക്കളായ സത്യശിഷ്യന്മാരെ, ജീവിപ്പിക്കുന്ന തിരുവായ് പഠിപ്പിച്ച, നിർമ്മലവും പരിശുദ്ധവുമായ ഈ പ്രാർത്ഥന നിന്നിൽ നിന്നുള്ള ധൈര്യത്താൽ തിരുമുൻപാകെ പ്രാർത്ഥിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമേ. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഒക്കെയും ഇപ്രകാരം പ്രാർത്ഥിച്ചു സ്തുതിച്ചു പറയുന്നവരാകുവിൻ.

ഉത്തരം സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകട്ടെ. ഞങ്ങളുടെ ആവശ്യത്തിനുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരികയും, ഞങ്ങളുടെ കടക്കാരോടു, ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ

ܡܢ ܒܝܫܐ. ܡܛܠ ܕܕܝܠܟ ܗܝ
ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ
ܥܠܡܝܢ: ܐܡܝܢ.

ܘܝܗܒ ܟܗܢܐ ܫܠܡܐ ܠܥܡܐ ܗܟܢܐ.

ܡܫܡܫܢܐ ܢܟܠܘܗ ܫܠܡܬܐ: ܢܟܠܗ ، ܥܡܐ:
ܘܥܡܗ ، ܡܕܝܢ ܩܘܡܘ: ܟܠܟܘܢ ܡܢܢ:
ܘܡܫܬܥܒܕܝܢ ܠܗܘ ܐܠܐ ܕܡܬܡܪܚܡܢܘܬܐ.
ܟܠ ܡܕܡ ܕܐܝܬܝܢ ܠܝܚܝܕܝܐ. ܝܠܕܐ
ܦܬܝ ، ܡܢ ܒܝܫܐ ܘܫܠܘܛܘܗܝ. ܡܛܠ
ܕܕܝܠܟ ܗܝ ܡܠܟܘܬܐ. ܘܚܝܠܐ ܘܫܘܒܚܐ
ܘܐܝܩܪܘܬܐ ܘܣܘܓܕܢܐ. ܒܥܘܬܢܐ
ܘܕܐܒܘܟ. ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ
ܥܠܡܝܢ: ܐܡܝܢ܀

ܐܘ ܗܟܢܐ. ܘܐܦ ܐܝܟܢܐ ܕܡܬܬܡܪܐ
ܗܢܐ ܒܥܠܡܐ ܥܡܝܠܐ ܕܠܬܚܬ܀

ܐܝܟ ܡܕܡ ، ܘܐܠܗܐ ، ܟܠܟܘܢ ܡܢܢ

ഞങ്ങളോടു ക്ഷമിക്കുകയും ചെയ്യേണമേ. ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കയും അരുതേ. എന്നാൽ ദുഷ്ടനിൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നെന്നേക്കും നിനക്കുള്ളതാകുന്നു. ആമേൻ.

ഈ പ്രാർത്ഥന പുരോഹിതൻ സാവകാശം ചൊല്ലുന്നു.

ഞങ്ങളുടെ നല്ലവനായ ദൈവവും കരുണനിറഞ്ഞ പിതാവുമായ ബലവാനായ ദൈവമായ കർത്താവേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുകയും നിന്റെ കരുണാധിക്യത്തോടു യാചിക്കുകയും ചെയ്യുന്നു. കർത്താവേ, ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. എന്നാൽ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ വിടുവിക്കേണമേ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിലും ഭൂമിയിലും രാജ്യവും ശക്തിയും ബലവും വീര്യവും അധികാരവും നിനക്കുള്ളതാകുന്നു. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും ആമേൻ.

അല്ലെങ്കിൽ ഇത് അനുബന്ധമായി കേൾക്കത്തക്ക സ്വരത്തിൽ ചൊല്ലുന്ന അവസരങ്ങൾ ഉണ്ട്. അതേ ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങൾ

ܘܡܫܒܚܝܢ ܠܡܪܘܡܡܘܬܐ
ܕܫܡܝܘܬܐ. ܠܟ ܡܪܝ: ܠܟ ܡܪܝ
ܐܚܝܕܟܠ ܠܝܬܘܬܐ. ܝܐܐ ܦܘܩܘ ܘܦܐܝܐ
ܠܟ ܡܢ ܟܢܫܐ ܘܫܠܛܘܢ. ܡܠܐܟܐ
ܕܒܝܠܗ ܗܘ ܡܠܟܘܬܐ ܘܚܝܠܐ ܘܫܘܠܛܢܐ
ܘܪܒܘܬܐ ܘܡܠܟܘܬܐ ܟܪܘܒܐ
ܘܟܢܪܐ. ܗܟܢܐ ܡܫܒܚܝܢ. ܘܩܐܡ ܒܠ
ܣܝܘܡܗ: ܘܡܪܝܡ ܩܠܗ: ܠܥܠܡ
ܥܠܡܝܢ❖ ܥܡܐ: ܐܡܝܢ. ܘܐܡܪ ܟܗܢܐ:
ܫܠܡܐ ܠܟܠܟܘܢ. ܥܡܐ ܥܢܐ: ܘܥܡܟ
ܘܥܡ ܪܘܚܟ. ܘܟܗܢܐ. ܡܘܗܒܬܐ ܠܡܘܗܒܬܐ
ܢܗܘܘܢ ܥܡܟܘܢ. ܥܡܐ ܥܢܐ: ܥܡ
ܢܦܫܐ ܟܗܢܝܬܐ: ܥܡ ܪܘܚܐ ܟܗܢܝܬܐ: ܥܡ
ܪܘܚܐ ܟܗܢܝܬܐ: ܘܫܘܚܐ ܠܐܒܐ ܘܠܒܪܐ
ܘܠܪܘܚܐ ܩܕܝܫܐ: ܠܥܠܡ ܥܠܡܝܢ:
ܐܡܝܢ.

നിന്നോട് അപേക്ഷിക്കുകയും നിന്റെ കൃപയുടെ മനസ്സലിവിനോടു യാചിക്കുകയും ചെയ്യുന്നു. കർത്താവേ, അരുതേ; കർത്താവേ പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. എന്നാൽ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കുകയും വിടുവിക്കുകയും ചെയ്യേണമേ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിലും ഭൂമിയിലും രാജ്യവും ശക്തിയും ബലവും വീര്യവും അധികാരവും നിനക്കുള്ളതാകുന്നു. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും

തന്റെമേൽ മുദ്രയിട്ട് 'എന്നെന്നേക്കും' എന്നു പറയുമ്പോൾ സ്വരം ഉയർത്തുന്നു. ഉത്തരം ആമേൻ. പുരോഹിതൻ പറയുന്നു. നിങ്ങളോടുകൂടെ സമാധാനം. ജനം ഉത്തരം പറയുന്നു. നിങ്ങളോടും നിങ്ങളുടെ ആത്മാവിനോടും കൂടെ.

തുടരുന്നു വിശുദ്ധ കുർബ്ബാന വിശുദ്ധിയുള്ളവർക്കു പരിപൂർണ്ണമായും യോഗ്യമാകുന്നു. ജനം ഉത്തരം പറയുന്നു ഏകപിതാവ് പരിശുദ്ധൻ, ഏകപുത്രൻ പരിശുദ്ധൻ, ഏകറൂഹ പരിശുദ്ധൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും എന്നെന്നേക്കും സ്തുതി. ആമേൻ.

(ܟܳܗܢܳܐ ܡܩܰܕܫܳܐ ܗܳܕܶܐ ܐܳܡܰܪ
ܗܳܢܰܘ ܕܺܝܠܶܗ. [ܣܽܘܦ ܟܬܳܒ ܗܽܘܦܳܟܳܐ
ܕܡܳܪܝ ܝܰܥܩܽܘܒ.] ܟܰܕ ܡܠܰܠܝܢ ܩܳܢܽܘܢܳܐ
ܕܰܡܫܰܡܫܳܢܳܐ ܘܡܫܬܰܡܫܺܝܢ ܠܥܕܳܢܳܐ ܕܥܢܝܢܐ.
ܘܰܡܛܰܝܒܺܝܢ ܗܳܢܰܘ ܕܰܠܒܰܪ ܕܡܫܢܝܢ
ܘܐܳܡܪܺܝܢ: ܕܺܝܠܶܗ ܢܶܗܘܶܐ ܡܪܰܚܡܳܢܳܐ ܡܶܢ
ܡܣܰܒܥܺܝܢ: ܠܟܽܠܟܽܘܢ ܟܽܠܗܽܘܢ: ܒܪܰܚܡܰܘܗܝ
ܐܰܒܽܘܗܝ ܕܡܪܰܚܡܳܢܳܐ ܡܶܢ ܫܡܰܝܳܐ. ܘܰܡܣܰܝܡ
ܠܗ ܒܥܠܐ ܐܡܝܢ. ܘܫܠܡܐ ܒܡܪܐ
ܕܡܢܗ ܗܘ ܒܗ ܗܘ ❊ ܫܠܳܡܳܐ ܕܥܢܝܢܐ
ܡܫܰܡܫܳܢܳܐ ✦ ܘܟܕ ܥܢܝܢܘ ܦܬܚܝܢ
ܩܳܢܽܘܢܳܐ.)

ܘܐܳܡܪܺܝܢ ܡܫܰܡܫܳܢܳܐ ܗܘ ܕܝܢܒܪܘ ܠܗܘܢ
ܟܗܢܐ ܘܐܡܪ. ܫܠܝܐ: ܥܠܡܐ ܒܥܠܡ.
ܘܥܢܝܢ ܟܗܢܐ ܠܐܒܘܗ ܕܡܫܰܡܫܳܢܳܐ
ܘܫܢܝܡ ܠܗ ܒܒܠ ܟܗܢܐ ܘܐܡܪ ܠܗ:

[കർത്താവിന്നടുത്ത തിരുനാളുകളിൽ ഇവിടെ 'ദ്ഹീലത്ത്' എന്ന 'കാനോന' ചൊല്ലുന്നു. (മാർ നെസ്തോറീസിന്റെ കൂദാശക്രമത്തിനു ശേഷം നോക്കുക) മദ്ബ്ഹയുടെ തിരശ്ശീല മൂടിക്കൊണ്ടു കൻകിയിൽ നിരയായി നിൽക്കുകയും മദ്ബ്ഹയിൽ ഉള്ളവർ സാവകാശത്തിൽ തുടർന്നു ചൊല്ലുകയും ചെയ്യുന്നു. അത്യുന്നതനായ ദൈവമേ, നിന്റെ തിരുനിവാസത്തിൽ നീ എന്നെന്നേക്കും ഭയങ്കരനാകുന്നു. കർത്താവിന്റെ ബഹുമാനം തന്റെ ആസ്ഥാനത്തിൽ വാഴ്ത്തപ്പെട്ടതാകുന്നു. ഉച്ചത്തിൽ ദ്ഹീലത്ത് ആവർത്തിക്കുന്നു. ഹൈക്ലയിലുള്ള ജനം അതുതന്നെ ആവർത്തിച്ചുചൊല്ലുന്നു. 'ബാത്തേ' കൻകിയിലുള്ളവർ പറയുന്നു. അവസാനിക്കുമ്പോൾ തിരശ്ശീല തുറക്കുന്നു.]

ക്യാറോസൂഥ വായിച്ച ശമ്മാശൻ പുരോഹിതന്റെ അടുക്കലേക്കു വന്നു 'നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.' എന്നു പറയുന്നു.

പുരോഹിതൻ ശമ്മാശന്റെ കൈ പിടിച്ചു ക്യാസമേൽ വെച്ചു പറയുന്നു. റൂഹാദ്കുദ്ശായുടെ കൃപ സ്വർഗ്ഗരാജ്യത്തിൽ നിന്നോടും ഞങ്ങളോടും അതിനെ കൈക്കൊള്ളു

ܓܡܘܪܬܐ ܕܪܘܚܐ ܕܩܘܕܫܐ ܦ̈ܓܪܐ
ܓܡܝܪ ܘܓܡܝܪ ܘܚܬܝܡ ܢܗܘܦܘܗܝ
ܕܡܠܟܘܬܐ ܕܫܡܝܐ ܠܥܠܡܝܢ: ܐܡܝܢ.
ܘܥܢܐ ܡܫܡܫܢܐ. ܓܡܝܪ ܘܓܡܝܪ ܘܚܬܝܡ
ܢܗܘܦܘܗܝ ܕܡܠܟܘܬܐ ܕܫܡܝܐ. ܘܐܡܪ
ܡܫܡܫܢܐ. ܨܠܘ ܠܐܠܗܐ ܒܫܝܢܐ.
(ܘܥܢܐ ܥܡܐ: ܫܘܒܚܐ ܠܗ ܒܡܪܘܡܐ:
ܘܥܠܝܢ ܪ̈ܚܡܘܗܝ ܘܚܢܢܗ: ܢܗܘܘܢ،
ܒܢ̈ܝܐ ܘܒܢ̈ܬܐ.) ܘܐܡܪܝܢ ܕܒܝܡ ܕܩܘܡܝܗ ❖

ܕܬܫܡܫܬܐ ܕܪܘܫܡܐ ܠܘܩܒܠ.

ܕܡܢ ܦܓܪܗ ܘܕܡܗ ܡܪܢ: ܕܡܫܝܚܐ
ܠܚܝ̈ܐ ܢܘܚܡܝܢ. ܘܥܡ ܢܬܥܗܕܘܢ
ܠܥܠܡ: ܕܝܘܡܐ ܥܘܗܕܢܐ ܠܡܪܘܬܐ.
ܘܥܢܝܢ ܡܫܡܫܢܐ: ܢܗܘܐ ܫܠܝܚܐ.
ܠܘܩܕܡ ܟܗܢܐ: ܘܐܡܪ: ܒܪܝܟ ܡܪܝܐ.
ܡܪܝܐ: ܫܠܡܐ ܒܟܘܢ. ܘܡܠܒܫ ܠܗ

ന്നവരോടുംകൂടെ എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ. ആമേൻ.

ശമ്മാശൻ പറയുന്നു സ്വർഗ്ഗരാജ്യത്തിൽ നിന്നോടും ഞങ്ങളോടും അതിനെ അനുഭവിക്കുന്നവരോടും കൂടെ തന്നെ. ശമ്മാശൻ പറയുന്നു ജീവനുള്ള ദൈവത്തെ സ്തുതിപ്പിൻ. (ജനം ഉത്തരം പറയുന്നു. തന്റെ സഭയിൽ അവനു സ്തുതിയും നമ്മുടെ മേൽ തന്റെ കരുണയും കൃപയും എല്ലാ കാലങ്ങളിലും സമയങ്ങളിലും ഉണ്ടായിരിക്കുമാറാകട്ടെ.) ആ ദിവസത്തെ ദ്വീം ചൊല്ലുന്നു.

സാധാരണദിവസങ്ങളിൽ ഊനായ ചൊല്ലുന്നു.

കർത്താവേ, പാപമോചനത്തിന്നായി ജനത്തിന്നു നീ നല്കിയതും അതിനാൽ നിന്റെ കർത്തൃത്വത്തിന്നു സ്തുതി പാടുവാൻ ഞങ്ങളുടെ സ്വഭാവത്തെ നീ ശുദ്ധീകരിച്ചതുമായ നിന്റെ ശരീരവും രക്തവും വാഴ്ത്തപ്പെട്ടതാകുന്നു.

ശ്ലീഹ വായിച്ച ശമ്മാശൻ പുരോഹിതന്റെ മുമ്പാകെ വന്നു പറയുന്നു. കർത്താവേ അനുഗ്രഹിക്കേണമേ. നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.

ܡܫܡܫܢܐ ܘܫܩܠ ܦܓܘܪܐ ܥܠ
ܕܪ̈ܥܘܗܝ. ܘܐܡܪ: ܐܢܬܘܢ ܐܚ̈ܝ
ܒܫܝܢܐ ܒܫܡܝ ܘܒܫܝܢ ܥܡ ܬܫܒ̈ܘܚܬܐ
ܠܥ̈ܠܡܝܢ.

ܘܡܢ ܒܬܪ ܡܫܡܫܢܐ ܕܫܠܡܐ ܘܐܡܪ:
ܟܗܢܐ: ܫܠܡܐ ܥܡܟܘܢ. ܘܥܢܐ ܥܡܐ
ܥܡܐ ܘܐܡܪ ܠܗ. ܘܐܡܪ: ܐܢܬܘܢ
ܕܪܘܚܐ ܕܩܘܕܫܐ ܒܫܝܢܐ ܒܫܡܝ ܘܒܫܝܢ
ܠܥ̈ܠܡܝܢ.

ܘܗܟܢܐ ܕܫܠܡܐ ܕܥܡܐ: ܡܫܡܫ
ܡܫܡܫܢܐ ܕܢܗܘܐ ܟܗܢܐ ܘܐܡܪ: ܒܪܝܟ
ܡܪܝܐ. ܘܡܢ ܟܗܢܐ ܕܡܫܚܐ ܠܟܗܢܐ
ܕܡܫܡܫܢܐ (ܕܡܢܐ ܡܠܠ ܕܫܘܒܚܐ:
ܫܒܘܚ. ܠܡܫܡܫܢܐ ܕܢܗܘܐ ܦܓܘܪܐ
ܥܠ ܡܢ ܡܕܒܚܐ ܕܡܫܡܫܢܐ ܘܟܠܗ
ܠܟܗܢܐ ܡܫܚܐ) ܘܐܡܪ ܒܩܠܐ ܪܡܐ

മ്കബ്ലാന ധരിപ്പിക്കുകയും അവന്റെ കൈകളിൽ പാത്തോറ വെക്കുകയും ചെയ്തു പറയുന്നു.

ദൈവികകൃപ നിന്നോടും ഞങ്ങളോടും അതിനെ കൈക്കൊള്ളുന്നവരോടുംകൂടെ എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ.

പിന്നീടു ശ്ലാമ കൊടുത്ത ശമ്മാശൻ അടുത്തുവന്നു 'നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം.' എന്നു പറയുന്നു. പുരോഹിതൻ ക്യാസയെടുത്തു അവനു കൊടുത്തു പറയുന്നു. റൂഹാദ്കുദ്ശായുടെ കൃപ നിന്നോടും ഞങ്ങളോടുംകൂടെ എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ.

ഊനായ അവസാനിക്കുമ്പോൾ ക്യാസ പിടിച്ച ശമ്മാശൻ ഉറക്കെ പറയുന്നു. കർത്താവേ, അനുഗ്രഹിക്കേണമേ. അനന്തരം പുരോഹിതൻ ഹൈക്ക്ലയിലുള്ള ജനത്തെ അനുഗ്രഹിക്കുന്നു. (പാത്തോറ പിടിച്ചിരിക്കുന്ന ശമ്മാശനെ മദ്ബ്ഹയുടെ പീഠത്തിനരികെ നിർത്തി, അദ്ദേഹം കൻകിയുടെ വാതിൽക്കൽ വന്നു "ദ്മോഹൗഥ" എന്ന വാക്കിനാൽ കേൾക്കത്തക്ക സ്വരത്തിൽ പറയുന്നു).

ܡܘܗܒܬܐ ܕܟܗܢܘܬܗ ܕܡܫܝܚܢ ܡܪܢ،
ܢܦܘܫ ܡܫܒܚܐ ܒܡܠܟܘܬܗ ܕܫܡܝܐ
ܢܚܡ ܒܗ. ܘܐܡܪ ܡܠܦܢܐ ܥܠ ܥܡܐ
(ܒܩܠܐ ܕܡܫܡܫܢܐ) ܘܥܢܝܢ ܥܡܐ
ܠܥܠܡ ܥܠܡܝܢ: ܐܡܝܢ. (ܘܡܢ ܒܬܪܗܘܢ
ܘܡܫܡܫܢܐ ܘܟܗܢܐ ܥܡܗ: ܘܡܨܠܝܢ
ܡܘܬܒܐ ܠܥܡܐ.) ܘܐܡܪܝܢ ܩܢܘܢܐ
ܕܒܥܘܬܐ ✥ ܕܥܢܝ̈ܕܐ. ܚܢܢ ܡܝܬܘ
ܦܓܪܘ ܕܥܒܕܐ ܐܡܪܐ ܕܝܠܟ: ܘܢܦܫܗ
ܢܗܘܐ ܒܡܥܡܘܕܝܬܐ ܕܝܠܟ ܡܫܝܚܘܬܐ.
ܘܐܦ ܕܒܬܪ ܩܘܡܐ ܦܓܪܐ: ܐܡܪ:
ܦܓܪܘ ܕܡܪܢ، ܠܩܘܡܐ ܢܥܒܪ. ܐܘ
ܠܡܫܝܚܢܐ ܕܝܠܗ. ܐܘ ܠܡܫܝܚܢܐ
ܘܗܢܐ: ܠܚܘܫܒܢܐ ܕܩܘܡܬܐ.
ܘܡܫܡܫܢܐ ܐܡܪ ܥܠ ܩܘܡܐ: ܕܡܪܢ
ܢܗܘܐ ܠܚܘܫܒܢܐ ܕܩܘܡܬܐ. ܡܫܒܚܘܬܐ

നമ്മെ ജീവിപ്പിക്കുന്ന നമ്മുടെ കർത്താവായ ഈശോ മ്ശീഹായുടെ കൃപാദാനം കരുണകളാൽ നാമെല്ലാവരോടുംകൂടെ പരിപൂർണ്ണമാക്കപ്പെടട്ടെ. (കൻകിയുടെ വാതിൽക്കൽ വെച്ചു) ജനത്തിന്റെ മേൽ സ്ലീവ വരയ്ക്കുന്നു. ജനം ഉത്തരം പറയുന്നു എന്നെന്നേക്കും ആമേൻ.

(തിരിഞ്ഞു നമസ്കരിച്ചു വീണ്ടും അവനോടുകൂടി വന്നു വിശുദ്ധകുർബ്ബാന ജനത്തിനു വിഭാഗിച്ചു കൊടുക്കുന്നു.) ഊനായയുടെ ശേഷമുള്ളതു ചൊല്ലുന്നു. സാധാരണദിവസങ്ങളിൽ സഹോദരന്മാരേ, രാജ്യത്തിന്റെ മണവറയിൽ വിശ്വാസത്തോടുകൂടി പുത്രന്റെ ശരീരം കൈക്കൊള്ളുകയും തന്റെ ക്യാസ പാനം ചെയ്യുകയും ചെയ്യുവിൻ എന്നു സഭ പറയുന്നു.

പുരോഹിതൻ തിരുശരീരം കൊടുക്കുമ്പോൾ പറയുന്നു. കടങ്ങളുടെ മോചനത്തിന്നായി നമ്മുടെ കർത്താവിന്റെ ശരീരം നിർമ്മല പുരോഹിതന് അല്ലെങ്കിൽ ദൈവത്തിന്റെ ശുശ്രൂഷകന് അല്ലെങ്കിൽ ഭക്തിയുള്ള വിശ്വാസിക്ക്

ശമ്മാശൻ ക്യാസ കൊടുക്കുമ്പോൾ പറയുന്നു.

ജീവന്നായുള്ള ആത്മികപാനീയമാകുന്ന കടങ്ങളുടെ

ܘܫܘܒܚܐ ܠܥܝܢܐ ܕܫܠܚܗ ܠܒܪܘܢܐ
ܢܒܝܐ. ܐܘ ܠܡܫܡܫܢܐ ܕܝܠܗ. ܘܒܠ
ܐܢܫ ܠܟܘܢ ܕܟܪܘ.
ܕܡܫܡܫܢܐ ܕܫܘܠܛܢܘܬܐ ܕܚܫܘܫܐ.
ܕܡܫܡܫܢܐ ܠܟܠܗ ܥܠܡ.

ܡܪܝ ܝܫܘܥ ܡܫܝܚܐ ܚܒܝܒܐ. ܕܘܒܐ
ܕܫܪܝܬ ܠܡܘܬܐ ܒܪܘܚܐ * ܟܕܐ ܕܝܠܗ
ܕܡܠܟܘܬܟ ܚܕܝܐ ܚܝܐ ܠܟ. ܕܫܡܘܥܟ
ܘܢܫܒܚܐ. ܡܢ ܥܠ ܕܒܫܡܝܐ * ܢܚܬ ܗܫܐ
ܕܢܗܘܐ ܢܗܝܪܐ ܘܚܫܘܟܐ * ܕܝܢܘܗ ܕܒܪܝ
ܚܝܐ ܡܝܬܝܢ. ܘܢܦܩܘ ܠܐܘܪܚܟ
ܐܝܟ ܕܟܬܝܒ * ܟܠ ܐܘܡܢܘܬܐ ܬܘܕܝܐ
ܠܥܡܟ. ܥܠ ܒܪܘܟܐ ܕܠܗܘܢ ܒܢܘܗ *
ܕܫܠܚܘ ܒܫܡܝܐ ܥܠ ܐܢܫܘܬܐ.
ܘܕܢܚ ܚܘܒܐ ܥܠ ܡܫܘܚܬܐ *
ܘܥܠܡܐ ܚܘܒܢܐ ܥܠ ܚܘܫܒܐ. ܥܘܢܝܐ

മോചനത്തിനുള്ള വിലയേറിയ രക്തം നിർമ്മല പുരോഹിതന് അല്ലെങ്കിൽ ദൈവത്തിന്റെ ശുശ്രൂഷകന് അല്ലെങ്കിൽ ഓരോരുത്തന് അവന്റെ പദവിക്കൊത്തവണ്ണം.

ഞായറാഴ്ചകളിലെ ഉപകാരസ്മരണഗീതം
മാർ അപ്രേമിനാൽ രചിക്കപ്പെട്ടത്.

തന്റെ കഷ്ടാനുഭവത്താൽ ക്രൂരമായ മരണത്തെ ജയിച്ച ആരാധിക്കപ്പെട്ട രാജാവായ ഞങ്ങളുടെ കർത്താവീശോയേ, ഉന്നതരാജ്യത്തിൽ പുതുജീവൻ ഞങ്ങൾക്കു വാഗ്ദത്തം ചെയ്ത ദൈവപുത്രാ, ഞങ്ങളിൽനിന്ന് എല്ലാ ഉപദ്രവങ്ങളെയും ഇല്ലായ്മ ചെയ്യുകയും ഞങ്ങളുടെ രാജ്യത്തിൽ സമാധാനവും കരുണയും ആവസിപ്പിക്കുകയും ചെയ്യുമാറാകേണമേ. നിന്റെ ഉദയദിവസത്തിൽ തിരുമുൻപാകെ ഞങ്ങൾ ജീവിക്കുകയും നിന്റെ ഇഷ്ടപ്രകാരം നിന്റെ എതിരേല്പിന്നു ഞങ്ങൾ പുറപ്പെടുകയും ചെയ്യട്ടെ. ഞങ്ങളുടെ ജാതിയോടുള്ള നിന്റെ കൃപക്കുവേണ്ടി നിന്റെ നാമത്തെ ഓശാനകളോടുകൂടി ഞങ്ങൾ സ്തുതിക്കും. ഞങ്ങളുടെ മനുഷ്യത്വത്തോടുള്ള നിന്റെ കരുണ വർദ്ധിച്ചിരിക്കുകയും ഞങ്ങളുടെ മർത്ത്യതയുടെ നേരെ നിന്റെ സ്നേഹം ഉദിക്കുകയും ചെയ്തിരിക്കുന്നു.

ܠܒܫܡܝܢ ܟܠ ܡܘܗܒܬܟ ❖ ܕܥܒܕܝܢ
ܐܡܗܬܐ ܡܢ ܟܘ ܒܫܒܬܟ. ܥܒܕ. ܫܘܒܚܐ
ܡܛܠ ܕܡܫܡܫܘ ❖ ܘܒܬܫܒܘܚܬܟ ܢܥܒܕ
ܠܥܠܡ. ܕܢܘܕܐ ܘܢܫܒܘܚ ܠܐܠܗܘܬܟ ❖
ܘܠܡܪܘܬܟ ܕܟܠ ܕܝܪܝܢ ܒܗܘܢ
ܫܘܒܚܐ ܐܡܝܢ ܘܐܡܝܢ ❖.

ܘܒܥܘܬܐ ܡܪܢܝܐ
(ܕܥܒܝܕܐ ܠܡܘܕܝܢ ܕܟܐ).

ܚܝܠ ܡܪܝ ܐܝܟܐ ܕܩܝܡܬ. ܘܩܒܠ
ܡܘܕܝܢܐ ܠܡܘܫܐ ܫܘܒܚܐ ❖ ܢܥܒܕ ܐܝܟ
ܕܥܒܕܝܢ ܡܘܗܝܢ. ܢܣܒܝܢ ܦܢܝܬܐ
ܠܐܠܗܘܬܟ ❖ ܦܘܡܢ ܕܡܠܝܠܘ ܒܟܢܘ
ܥܡ ܡܘܕܝܢܐ. ܢܥܒܕ ܐܠܘ ܠܡܘܫܐ
ܫܘܒܚܐ ❖ ܐܝܟܢܐ ܕܥܒܕ ܥܠ ܦܬܓܡܬܟ.
ܟܠ ܡܪܝ ܢܥܒܕܝܢ ܥܠ ܕܡܘܒܝܐ ❖
ܒܝܬܐ ܕܝܘܡܐ ܚܕܝܢ ܕܟܐ. ܚܘܒ ܡܪܝ

എന്തുകൊണ്ടെന്നാൽ നിന്റെ മോചനത്താൽ ഞങ്ങളുടെ കടങ്ങളെ നീ മായിച്ചുകളഞ്ഞിരിക്കുന്നു. നിന്റെ ദാനത്തെ പ്രതി തിരുനാമത്തിന്നു സ്തുതി. തന്റെ കരുണകൾ നിമിത്തം കടങ്ങളെ ക്ഷമിക്കുന്നവനേ നിന്റെ രാജ്യത്തിൽ നിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു. നിന്റെ ദൈവ ത്വത്തെ ഏറ്റുപറയുന്നതിന്നും ആരാധിക്കുന്നതിന്നും നിന്റെ കർത്തൃത്വത്തിന്നു സദാ ഞങ്ങൾ എല്ലാനേരത്തും സ്തുതി ഉയർത്തുന്നതിന്നും നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കേണമേ. ആമേൻ, ആമേൻ.

കർത്താവിന്നടുത്ത തിരുനാളുകളിൽ
യസ്ദീൻ റബ്ബായാൽ രചിക്കപ്പെട്ടത്.

ഞങ്ങളുടെ കർത്താവേ, കുറ്റങ്ങളുടെ മോചനത്തി ന്നായി വിശുദ്ധകുർബ്ബാന കൈക്കൊള്ളുവാൻ നീട്ടിയതായ കരങ്ങളെ ശക്തിപ്പെടുത്തേണമേ. നിന്റെ ദൈവത്വത്തിന്നു ദിനംപ്രതി ഫലങ്ങൾ പുറപ്പെടുവിക്കുവാൻ അവയെ യോഗ്യമാക്കേണമേ. വിശുദ്ധമന്ദിരത്തിൽ ഹല്ലേലൂയ പാടി യതായ വായകൾ സ്തുതി പാടുവാനായ് യോഗ്യമാക്കേ ണമേ. കർത്താവേ, നിന്റെ സ്തുതികളുടെ ശബ്ദം ശ്രവിച്ച തായ ചെവികൾ ആ ഭയാനകശബ്ദം കേൾക്കരുതേ.

ܕܚܘܒܟ ܫܒܩܬ ܥܒܕܐ ✤ ܐܦ ܠܚ̈ܝܐ
ܕܡܠܘ ܡܕܡ. ܥܒܕ ܐܢܘܢ ܠܡܣܟܢܐ
ܡܘܥܕܬܐ ✤ ܩ̈ܢܝܢܐ ܕܥܠܝܢ ܕܟܠܗ ܒܪܝܬܐ.
ܥܠܝܢ ܐܢܘܢ ܒܢܛܪܬܐ ܕܒܘܣܡܐ ✤ ܦܓܪܐ
ܕܐܬܟܠܝ ܦܓܪܟ ܚܢܢܐ. ܚܕܝ ܐܢܘܢ
ܒܫܡܝܐ ܚܕܬܐ ✤ ܒܢܝܢ ܕܫܬܩܢ ܠܢܚܘܡܬܟ.
ܢܫܬܐ ܠܦܓܪܘ ܒܠ ܒܘܣܡܝܢ ✤ ܘܒܫܡ
ܢܦܫܐ ܡܘܬܐ ܕܒܐ. ܘܒܗ ܢܬܢܛܪ
ܠܡܦܪܥ ܐܘܓܪܐ ✤ ܘܦܬܚ ܬܪܥܐ
ܠܟܠܗܘܢ ܒܠܝ. ܘܬܥܠ ܡܕܡܝܢ ܐܦ
ܒܐܡܐ ✤

ܘܩܘܩܝܢ ܘܒܪܟ ܡܪܢ ܟܠ. (ܦܐܬܐ: 93).

ܘܒܬܘܟܪܢܐ ܕܥܢܝ̈ܕܐ: ܘܒܬܘܫܡܫܬܐ
ܚܣܝ̈ܐ. (ܕܡܪܝ ܫܡܥܘܢ
ܩܘܩܐܝܐ).

ܥܕܬܐ ܕܡܫܝܚ ܒܩܕܝܫܘܬܐ. ܢܣܘܘܢ

കർത്താവേ, നിന്റെ വലിയ ദയ കണ്ടതായ കണ്ണുകൾ വീണ്ടും നിന്റെ വാഴ്ത്തപ്പെട്ടതായ പ്രത്യാശ കാണുമാറാകട്ടെ. പരിശുദ്ധൻ എന്നു ഘോഷിച്ചതായ നാവുകൾ സത്യം സംസാരിക്കുന്നതിന്നായ് ചമയ്ക്കേണമേ. ദൈവാലയത്തിൽ നടന്നതായ കാലുകളെ പ്രകാശത്തിന്റെ രാജ്യത്തിൽ നടത്തേണമേ. നിന്റെ ജീവനുള്ള ശരീരം ഭക്ഷിച്ച ശരീരികളെ പുതുജീവനാൽ പുതുക്കേണമേ. നിന്റെ ദൈവത്വത്തെ ആരാധിക്കുന്ന ഞങ്ങളുടെ കൂട്ടത്തിന്നു സർവ്വസഹായങ്ങളും വർദ്ധിപ്പിക്കേണമേ. നിന്റെ മഹാസ്നേഹം ഞങ്ങളോടുകൂടെ വസിക്കുകയും അതിനാൽ ഞങ്ങൾക്കു സ്തുതി പ്രത്യുത്തരം പറയുവാൻ ഉപകരിക്കപ്പെടുകയും ചെയ്യുമാറാകട്ടെ. ഞങ്ങളുടെ എല്ലാവരുടെയും അപേക്ഷകൾക്കു വാതിൽ തുറക്കുകയും ഞങ്ങളുടെ ശുശ്രൂഷ തിരുമുമ്പാകെ പ്രവേശിക്കുകയും ചെയ്യുമാറാകട്ടെ.

തുടരുന്നു. ഞങ്ങളിൽനിന്ന്.... പേജ് 93.

അന്നീദന്മാരുടെ ഓർമ്മദിവസങ്ങളിലും സാധാരണ ദിവസങ്ങളിലും (മാർ തിമാഥെയൂസ് കാതോലിക്കയുടെ)

ܠܟ ܡܪܝ ܠܚܘܕܝܟ ܫܘܒ̈ܚܐ܀ ܕܡܘܬܒܐ
ܕܪܡܐ ܘܕܡܬܪܘܡܐ. ܐܢܬܘ ܡܫܒܚܢܐ
ܡܠܟܐ ܕܡܠܟ̈ܐ܀ ܕܦܓܪܐ ܘܡܒܪܟܝܢ
ܫܡܟ ܘܡܫܒܚܝܢ. ܡܘܩܪܝܢ ܘܡܘܕܝܢ ܕܟܠ
ܕܪܘܡܝܘ ܠܟ܀ ܐܝܟܢܐ ܠܥܠܡ ܥܠܡܝ̈ܢ.
ܕܦܪܘܫܬܐ ܢܩܘܡ ܠܫܘܒܚܟ܀ ܘܒܗ
ܗܘ̈ܕܝܐ ܕܪܚܡܝ̈ܐ. ܢܦܫ ܫܘܒܚܐ
ܐܡܝܢ ܘܐܡܝܢ܀

ܘܡܐ ܕܫܠܡܘ ܐܡܪܝܢ ܣܘܓܝܬܐ:
ܡܛܘܠ ܦܛܘܪܐ ܕܒܥܘܬܐ ܟܘܠܗ ܠܕܘܟܪܗ.
ܘܒܬܪ ܟܢܫ ܟܘܠܗ: ܡܥܒܪܘ ܡܫܡܫܢ̈ܐ.

ܟܠܢ ܫܒܚܬ ܐܠܗܐ ܪܒܐ ܡܫܘܒܚܐ
ܕܡܫܒܚܐ ܕܥܘܬܐ ܕܣܘܓܝܬܐ: ܡܕܒܪܢ
ܘܡܬܒܪܟܝܢ ܘܡܫܬܒܚܝܢ ܒܡܫܒܚܬܐ
ܕܒܥܘܬܐ ܫܠܝܡ: ܥܒܝܕܬܐ ܘܡܕܝܢܬܐ ܘܡܫܝܚܝ̈ܐ
ܘܐܠܗܝ̈ܐ: ܢܘܗܪܐ ܟܠܢ ܐܒܗܬ ܘܡܫܒܚ

വിശ്വാസത്തോടുകൂടെ ഞങ്ങൾ കൈക്കൊണ്ടതായ രഹസ്യങ്ങൾ കർത്താവേ, ഞങ്ങൾക്കു കടങ്ങളുടെ മോചനത്തിന്ന് ആയിത്തീരുമാറാകട്ടെ. ലോകങ്ങളുടെ രാജാവായ മ്ശീഹായേ, ദാസന്റെയും സ്രഷ്ടാവിന്റെയും പ്രതിരൂപം നീയാകുന്നുവല്ലോ. നിന്നിൽ വിശ്വസിച്ച ഏവരുടെയും കറകളും കടങ്ങളും നിന്റെ ശരീരരക്തത്താൽ നീ മോചിക്കുകയും ക്ഷമിക്കുകയും ചെയ്തുവല്ലോ. നിന്റെ പ്രത്യക്ഷതയിൽ ധൈര്യത്തോടെ നിന്റെ എതിരേല്പിന്നു പുറപ്പെടുവാൻ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കേണമേ. സ്വർഗ്ഗീയനിരകളോടുകൂടെ ഞങ്ങൾ സ്തുതി ഉയർത്തും ആമേൻ. ആമേൻ.

ജനം വിശുദ്ധകുർബ്ബാന കൈക്കൊണ്ടശേഷം പുരോഹിതൻ വിശുദ്ധപാത്തോറ അതിന്റെ സ്ഥാനത്തു തിരികെ വെയ്ക്കുന്നു. പുരോഹിതൻ മടങ്ങിപ്പോകുമ്പോൾ ശമ്മാശൻ ഘോഷിക്കുന്നു. ആകയാൽ റൂഹാദ്കുദ്ശായുടെ കൃപാദാനത്താൽ സ്തുതിക്കപ്പെട്ടതും പരിശുദ്ധവും ജീവിപ്പിക്കുന്നതും ദൈവികവുമായ ഈ രഹസ്യങ്ങളുടെ സ്വീകരണത്തിൽ അടുത്തുവരികയും യോഗ്യരാക്കപ്പെടുകയും പങ്കാളികളാക്കപ്പെടുകയും ചെയ്ത നാമെല്ലാവരും ഒന്നിച്ച്

ܠܢܘܗܪܐ ܡܘܕܝܢܢ. ܩܘܡ: ܫܘܒܚܐ
ܠܗ ܡܢ ܟܠ ܬܘܕܝܬܐ ܕܟܠ ܡܬܒܪܝܢܐ.
ܘܐܡܪ ܡܙܡܘܪܐ. ܢܘܪܝܢ: ܫܠܡܐ
ܠܟܘܢ. ܘܡܬܠܝܢ ܩܘܠܐ ܒܩܠܐ ܕܩܕܡ. ܡܪܝ
ܡܪܝ ܒܥܠ ܢܘܗܪܝܢ: ܚܕ. ܘܢܘܪܐ ܒܥܠ
ܕܒܥܝܢ: ܘܢܘܪܐ ܒܥܠ ܚܛܝܢ: ܠܡܘܕܝܘ
ܘܠܡܫܒܚܘ ܘܠܡܣܓܕܘ ܠܫܡܟ ܕܚܝܠܐ
ܕܒܪܘܬܐ: ܕܢܫܘܬܦܘܢ ܗܟܢܐ ܒܛܝܒܘܬܐ:
ܠܫܡܝܐ ܡܚܝܠܐ ܕܒܪܝܬܐ ܡܘܬܒܐ:
ܕܒܗ ܬܘܫܒܚܐ ܠܫܡܟ ܢܣܩܘܢ:
ܘܒܥܕܬܐ ܕܩܘܕܫܐ ܢܫܬܘܕܘܢ:
ܘܒܢܝܢܗ ܕܦܝ ܠܫܡܝܐ ܢܬܒܢܘܢ:
ܘܥܠܝ ܕܫܘܒܚܐ ܘܬܘܕܝܬܐ ܠܢܘܗܪܐ ܘܫܡܝܐ
ܡܫܡܫܢܐ ܢܣܩܘܢ: ܒܟܠܥܕܢ: ܡܪܝܐ
ܒܟܠ. ܐܒܐ ܘܒܪܐ ܘܪܘܚܐ ܕܩܘܕܫܐ
ܠܥܠܡܝܢ. ܩܘܡ: ܐܡܝܢ ܒܪܟ ܡܪܝ.

ഏറ്റുപറകയും, അവയുടെ ദാതാവായ ദൈവത്തെ സ്തുതിക്കുകയും ചെയ്ക. ഉത്തരം വർണ്ണിക്കപ്പെടാവതല്ലാത്ത തന്റെ ദാനത്തെപ്രതി അവനു സ്തുതി.

ശമ്മാശൻ പറയുന്നു നമുക്കു പ്രാർത്ഥിക്കാം; നമ്മോടുകൂടെ സമാധാനം. പുരോഹിതൻ ഉച്ചത്തിൽ പ്രാർത്ഥിക്കുന്നു.

കർത്താവേ, എല്ലാ ദിവസങ്ങളിലും യോഗ്യമാകുന്നു ആവർത്തിക്കുക എല്ലാ സമയങ്ങളിലും ന്യായമാകുന്നു. എല്ലാ മണിക്കൂറുകളിലും ഉചിതവുമാകുന്നു. നിന്റെ മഹിമയുടെ ഭയങ്കരനാമത്തെ ഏറ്റുപറയുവാനും ആരാധിക്കുവാനും സ്തുതിക്കുവാനും തന്നെ. എന്തുകൊണ്ടെന്നാൽ കർത്താവേ, മർത്ത്യരായ മനുഷ്യരുടെ ബലഹീനസ്വഭാവത്തെ നിന്റെ നാമത്തെ ആത്മികരോടുകൂടെ പരിശുദ്ധൻ എന്നു ഘോഷിക്കുന്നതിന്നും, നിന്റെ ദാനത്തിന്റെ രഹസ്യങ്ങളിൽ പങ്കാളികളാക്കപ്പെടുന്നതിന്നും നിന്റെ വചനങ്ങളുടെ മാധുര്യത്തിൽ ആനന്ദിക്കുന്നതിന്നും, നിന്റെ അത്യുന്നതദൈവത്വത്തിനു സ്തുതിയുടെയും പുകഴ്ചയുടെയും ശബ്ദങ്ങൾ സദാ അർപ്പിക്കുന്നതിന്നും നിന്റെ കൃപയാൽ നീ യോഗ്യമാക്കിയല്ലോ. എന്നെന്നേക്കും സർവ്വനാഥനായ പിതാവും പുത്രനും റൂഹാദ്കുദ്ശായുമായുള്ളോവേ.

ܘܡܫܝܚ ܒܡܫܚܐ. ܡܫܝܚܐ ܦܠܢ،
ܘܡܪܝ، ܘܡܠܟܢ ܘܦܪܘܩܢ ܘܡܚܝܢܢ
ܘܡܚܣܢܐ ܕܚܛܗ̈ܝܢ: ܕܒܡܫܝܚܘܬܗ
ܘܒܡܥܡܘܕܝܬܗ ܐܬܝܗܒ ܠܢ ܠܡܣܒ ܦܓܪܗ
ܘܕܡܗ ܚܝܐ ܡܩܕܫ ܟܠ: ܗܘ ܢܬܠ
ܠܢ ܕܢܫܟܚ ܠܗ ܒܚܘܣܝ̈ܐ ܘܒܫܘܒܩܢ
ܘܒܚܝ̈ܐ ܘܒܩܘܒܠܢܐ. ܘܢܗܘܐ ܠܢ
ܬܪܝ ܟܗܢܘܬܐ ܗܢܐ ܕܥܠܡ ܘܫܘܠܛܢܐ:
ܠܚܘܣܝܐ ܕܚܘ̈ܒܐ: ܘܠܥܘܕܪܢܐ
ܕܚܝ̈ܐ: ܘܠܬܒܥܬܐ ܕܒܪܐ ܕܩܝܡܬܐ
ܕܡܢ ܒܝܬ ܡܝ̈ܬܐ: ܘܠܚܝ̈ܐ ܚܕ̈ܬܐ
ܕܡܠܟܘܬܐ ܕܫܡܝܐ: ܥܡ ܟܠ ܕܫܦܪܘ
ܩܕܡܘܗܝ ܒܡܫܝܚܘܬܗ ܘܒܡܥܡܘܕܝܬܗ
ܠܥܠܡܝܢ: ܐܡܝܢ.

ܘܡܫܚ ܟܠܗ ܦܓܪܗ ܕܝܠܘܕܐ ܚܕ ܡܢ
ܡܫܡܫܢ̈ܐ ܐܘ ܩܫܝܫܐ. ܘܡܫܚ ܩܘܪܝܐ

ഉത്തരം ആമേൻ. കർത്താവേ, അനുഗ്രഹിക്കേണമേ.

രണ്ടാമതും പ്രാർത്ഥിക്കുന്നു സർവ്വത്തെയും ശുദ്ധീകരിക്കുന്ന തന്റെ വിലയേറിയ ശരീരരക്തങ്ങൾ കൈക്കൊള്ളുവാൻ തന്റെ കൃപയാലും കരുണകളാലും ഞങ്ങളെ യോഗ്യരാക്കിയ ഞങ്ങളുടെ ദൈവവും കർത്താവും രാജാവും രക്ഷിതാവും ജീവിപ്പിക്കുന്നവനും പാപങ്ങളെ മോചിക്കുന്നവനുമായ ആ മ്ശീഹാതന്നെ ഞങ്ങളുടെ വിചാരങ്ങളാലും വാക്കുകളാലും പ്രവൃത്തികളാലും അനുഷ്ഠാനങ്ങളാലും തന്നെ പ്രസാദിപ്പിക്കുവാൻ ഞങ്ങൾക്കു കൃപ നൽകുമാറാകട്ടെ. ഞങ്ങൾ കൈക്കൊണ്ടതും കൈക്കൊള്ളുന്നതുമായ ഈ അച്ചാരം കർത്താവേ, ഞങ്ങളുടെ കടങ്ങളുടെ മോചനത്തിന്നും പാപങ്ങളുടെ പരിഹാരത്തിന്നും മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനത്തിന്റെ വലിയ പ്രത്യാശക്കും സ്വർഗ്ഗരാജ്യത്തിൽ തന്റെ കൃപയാലും കരുണകളാലും തന്നെ പ്രസാദിപ്പിച്ച എല്ലാവരോടുംകൂടെ പുതിയ ജീവന്നുമായി തീരുമാറാകട്ടെ. എന്നെന്നേക്കും ആമേൻ.

പുരോഹിതന്റെ പ്രാർത്ഥനയോടുകൂടി ശമ്മാശന്മാരിലൊരുവൻ തിരശ്ശീല ഇടുന്നു. കൻകിയിൽ പുരോഹി

ܡܫܠܡܝܢ ܠܥܢܝ̈ܢܐ ܕܨܦܪܐ: ܐܡܪܝܢ ܡܙܡܘܪܐ ܗܢܐ.

ܫܒܚܘ ܠܡܪܝܐ ܡܢ ܫܡܝܐ.

ܠܒܪܐ ܕܝܗܒ ܠܢ ܦܓܪܗ ܘܕܡܗ*

ܫܒܚܘܗܝ ܒܡܪ̈ܘܡܐ.

ܠܒܪܐ ܕܝܗܒ ܠܢ ܦܓܪܗ ܘܕܡܗ*

ܫܒܚܘܗܝ ܟܠܗܘܢ ܡܠܐܟܘ̈ܗܝ.

ܠܒܪܐ ܕܝܗܒ ܠܢ ܦܓܪܗ ܘܕܡܗ*

ܫܒܚܘܗܝ ܟܠܗܘܢ ܚܝ̈ܠܘܗܝ.

ܠܒܪܐ ܕܝܗܒ ܠܢ ܦܓܪܗ ܘܕܡܗ*

ܫܒܚܘܗܝ ܫܡܫܐ ܘܣܗܪܐ.

ܠܒܪܐ ܕܝܗܒ ܠܢ ܦܓܪܗ ܘܕܡܗ*

ܫܒܚܘܗܝ ܟܠ ܟܘܟܒ̈ܐ ܘܢܘܗܪܐ.

ܠܒܪܐ ܕܝܗܒ ܠܢ ܦܓܪܗ ܘܕܡܗ*

ܫܒܚܘܗܝ ܫܡܝ̈ ܫܡܝܐ.

ܠܒܪܐ ܕܝܗܒ ܠܢ ܦܓܪܗ ܘܕܡܗ*

തന്മാർ അന്യോന്യം സമാധാനം നല്കുമ്പോൾ ഈ മസ്മോറ പറയുന്നു.

സ്വർഗ്ഗത്തിൽ കർത്താവിനെ സ്തുതിപ്പിൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

അത്യുന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

അവന്റെ എല്ലാ മാലാഖമാരും അവനെ സ്തുതിപ്പിൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

അവന്റെ എല്ലാ സൈന്യങ്ങളും അവനെ സ്തുതിപ്പിൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

സൂര്യനും ചന്ദ്രനും അവനെ സ്തുതിപ്പിൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

സർവ്വനക്ഷത്രങ്ങളും പ്രകാശവും അവനെ സ്തുതിപ്പിൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

സ്വർഗ്ഗാധിസ്വർഗ്ഗങ്ങളും അവനെ സ്തുതിപ്പിൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

ܡܫܚܐ ܪܠܝܠ ܡܢ ܫܡܝܐ ܢܚܬܗ،
ܠܥܡܗ ܕܡܪܝܐ.

ܠܒܪܐ ܕܐܘܕܥ ܦܓܪܗ ܘܕܡܗ*

ܡܛܠ ܕܗܘ ܐܡܪ ܘܗܘܐ: ܘܗܘ ܦܩܕ
ܘܐܬܒܪܝܘ.

ܠܒܪܐ ܕܐܘܕܥ ܦܓܪܗ ܘܕܡܗ*

ܘܐܩܝܡ ܐܢܘܢ، ܠܥܠܡ ܥܠܡܝܢ.

ܠܒܪܐ ܕܐܘܕܥ ܦܓܪܗ ܘܕܡܗ*

ܩܘܩܠܝܘܢ

ܐܝܬܘ ܠܡܪܝܐ ܒܢܝ، ܐܡܪܐ.

ܥܠ ܡܕܒܚܗ ܕܝܠܗ،*

ܐܝܬܝܘ ܒܗܝܟܠܗ ܩܘܕܫܐ.

ܥܠ ܡܕܒܚܗ ܕܝܠܗ،*

ܡܛܠ ܕܫܒܝܚ ܒܟܠܝܢ ܦܘܠܚܢܗ.

ܥܠ ܡܕܒܚܗ ܕܝܠܗ،*

ܐܬܒܪܟ ܡܪܝܐ ܗܘ ܠܥܠܡ.

ആകാശത്തിന്റെ മീതെയുള്ള വെള്ളങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

എന്തുകൊണ്ടെന്നാൽ അവൻ അരുളിച്ചെയ്തു; അവ ഉളവായി. അവൻ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

അവൻ അവയെ എന്നെന്നേക്കും സ്ഥിരമാക്കി. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

തുടരുന്നു

സർവ്വജനങ്ങളും കർത്താവിനെ സ്തുതിപ്പിൻ. നമ്മോടുള്ള തന്റെ ദാനത്തെപ്രതി തന്നെ.

സർവ്വവംശങ്ങളും അവനെ സ്തുതിപ്പിൻ. നമ്മോടുള്ള തന്റെ ദാനത്തെപ്രതി തന്നെ.

എന്തുകൊണ്ടെന്നാൽ തന്റെ കൃപ നമ്മുടെ മേൽ പ്രബലപ്പെട്ടിരിക്കുന്നു. നമ്മോടുള്ള തന്റെ ദാനത്തെപ്രതി തന്നെ.

സത്യമായിട്ട് അവൻ എന്നെന്നേക്കും കർത്താവാകുന്നു. നമ്മോടുള്ള തന്റെ ദാനത്തെപ്രതി തന്നെ.

ܥܠ ܩܘܪܒܢܘ ܕܠܗܘܢ، *

ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܕܩܘܕܫܐ.

ܠܒܪܐ ܕܝܗܒܠܢ ܦܓܪܗ ܘܕܡܗ*

ܡܢ ܥܠܡ ܥܕܡܐ ܠܥܠܡ ܐܡܝܢ ܐܡܝܢ.

ܠܒܪܐ ܕܝܗܒܠܢ ܦܓܪܗ ܘܕܡܗ*

ܢܐܡܪ ܟܠܗ ܥܡܐ ܐܡܝܢ ܘܐܡܝܢ.

ܠܒܪܐ ܕܝܗܒܠܢ ܦܓܪܗ ܘܕܡܗ*

ܘܡܘܕܝܢܐ ܘܡܫܒܚܝܢ ܘܫܒܚܝܢ.

ܠܒܪܐ ܕܝܗܒܠܢ ܦܓܪܗ ܘܕܡܗ*

ܓ ܙܒܢܝܢ*

ܘܡܬܩܪܝܢ ܢܓܗ، ܕܒܥܘܬܐ.

ܩܠ ܕܦܐܝܐ: 2.

ܒܐܘܡܬܐ ܕܝܢ ܫܡܝܢܐ ܐܡܪܝܢ

ܩܕܝܫܘܬܐ ܡܪܝ ܘܐܚܝܕܐ. ܒܝܬ.

ܘܬܫܒܘܚܬܐ ܘܩܕܝܫܬܐ ܘܫܘܒܠܩܘܫܬܐ

ܐܡܝܢܬܐ ܫܠܝܬܐ ܠܡܫܝܚܐ

ബാവായ്ക്കും പുത്രന്നും റൂഹാദ്കുദ്ശായ്ക്കും സ്തുതി. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

അനാദിമുതൽ എന്നെന്നേക്കും ആമേൻ, ആമേൻ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

ജനമെല്ലാം ആമേൻ, ആമേൻ എന്നു പറയട്ടെ. തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ.

നാം ഏറ്റുപറകയും ആരാധിക്കയും സ്തുതിക്കയും ചെയ്യുക തന്റെ ശരീരരക്തങ്ങളെ നമുക്കു നല്കിയ പുത്രനെത്തന്നെ. മൂന്നു പ്രാവശ്യം ആവർത്തിക്കുക

തുടരുന്നു. സ്വർഗ്ഗത്തിലുള്ളവനായ....... പേജ് 2. വാക്യത്തോടുകൂടി.

സാധാരണദിവസങ്ങളിൽ പറയുന്നു. കർത്താവേ, സ്തുതിയും ബഹുമാനവും ആവർത്തിക്കുക ഞങ്ങളുടെ കടങ്ങളുടെ മോചനത്തിന്നായി നിന്റെ കരുണകളാൽ നീ ഞങ്ങൾക്കു നല്കിയ വിശുദ്ധരഹസ്യങ്ങളുടെ ദാനത്തിന്നുവേണ്ടി നിന്റെ സ്തുതിക്കപ്പെട്ട ത്രിത്വത്തിന്നു

ܠܬܠܝܬܝܘܬܟ ܡܫܒܚܬܐ. ܥܠ ܐܦܝ
ܬܘܕܝܬܐ ܕܒܥܘܬܐ ܬܟܫܦܬܐ ܕܩܪܒܢ ܠܟ
ܕܟܠ ܡܪܐ: ܚܘܒܟ ܠܚܘܣܝܐ ܚܛܗܝܢ
ܐܒܐ ܘܒܪܐ ܘܪܘܚܐ ܕܩܘܕܫܐ ܠܥܠܡܝܢ.
ܘܥܢܝܢ: ܐܡܝܢ ܒܪܟ ܡܪܝ.

ܣܕܪܐ ܕܝܢ ܐܝܬܝܟ ܡܫܒܚܐ ܡܢ
ܐܦܝܟ ܡܠܐܟܐ. ܡܥܝܪܐ ܡܫܡܫܢܐ
ܕܢܘܪܐ ܘܪܘܚܢܝܐ ܘܡܒܪܟܢܐ
ܕܫܠܗܒܝܢ، ܒܥܘܬܗܘܢ. ܟܪܘܒܐ ܘܣܪܦܐ
ܘܚܝܘܬܐ ܘܐܠܦܝܢ: ܡܥܝܪܐ ܫܒܚܘ
ܕܚܢܢ ܕܝܠܝܕܐ، ܠܥܠܡܝܢ. ܘܐܡܪܝܢ:
ܐܒܘ، ܕܪܚܡܢܐ.

ܣܘܓܝܬܐ.

ܕܚܕܒܫܒܐ ܘܕܬܠܬܐ ܘܕܚܡܫܒܫܒܐ.

ܢܩܘܡ. ܩܘܠܐ ܘܥܢܝܢܐ ܒܦܬܓܡܐ ܕܟܐ

പുകഴ്ചയും ആരാധനയും ഉപകാരസ്മരണയും സദാ അർപ്പിക്കുന്നതിന്ന് ഞങ്ങൾ കടക്കാരാകുന്നു. എന്നെന്നേക്കും സർവ്വനാഥനായ.....

ഉത്തരം ആമേൻ. കർത്താവേ, അനുഗ്രഹിക്കേണമേ.

മറ്റൊന്ന് സ്തുതിക്കപ്പെട്ടതും പരിശുദ്ധവും ജീവിപ്പിക്കുന്നതും ദൈവികവുമായ തന്റെ രഹസ്യങ്ങളാൽ ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിക്കുന്നവനും, ഞങ്ങളുടെ അപരാധങ്ങളെ ക്ഷമിക്കുന്നവനുമായ മ്ശീഹായേ, ഞങ്ങളുടെ സ്വഭാവത്തിന്റെ പ്രത്യാശയായ മ്ശീഹായേ, നിന്റെ വന്ദ്യമായ ബഹുമാനം നിന്റെ ഉന്നതരാജ്യത്തിൽ സദാ വാഴ്ത്തപ്പെട്ടതാകുന്നു. എന്നെന്നേക്കും ആമേൻ. പറയുന്നു സ്വർഗ്ഗത്തിലുള്ളവനായ......

✠ ഹൂത്താമ ✠

ഞായറാഴ്ചകളിലും തിരുനാളുകളിലും ഓർമ്മദിവസങ്ങളിലും - പുരോഹിതൻ പുറപ്പെട്ടു മദ്ബ്ഹയുടെ വലിയ വാതിൽക്കൽ വലത്തുഭാഗത്തുനിന്നു കേൾക്കത്തക്ക സ്വരത്തിൽ ജനത്തെ അനുഗ്രഹിച്ചു പറയുന്നു.

ܕܡܫܝܚܐ ܒܥܕܬܐ ܕܡܕܢܚܐ. ܘܡܟܪܙ
ܫܡܫܐ ܒܩܠܐ ܪܡܐ. ܘܐܡܪ: ܗܘ
ܕܒܪܟܢ ܒܟܠ ܒܘܪܟܝܢ ܕܪܘܚ ܒܫܡܝܐ
ܒܝܕ ܝܫܘܥ ܡܫܝܚܐ ܡܪܢ. ܘܙܡܢܢ
ܠܡܠܟܘܬܗ. ܘܩܪܢ. ܘܩܪܒܢ ܠܝܕܘܥܬܗ
ܩ̈ܝܡܬܐ ܕܗܘܘ ܢܘܟܪܝܢ ܘܗܘܘ ܦܠܚܝܢ
ܘܗܘܘ ܡܫܬܪܝܢ. ܐܝܟ ܕܡܠܟ ܘܐܫܬܘܕܝ
ܠܢ ܒܡܟܪܙܘܬܗ ܡܫܝܚܝܬܐ. ܘܐܡܪ
ܠܫܠܝܚܐ ܒܪܝܫܐ ܕܐܘܢܓܠܝܘܢ: ܕܐܝܟܢ
ܐܝܟܢ ܐܡܪ ܐܢܐ ܠܟܘܢ: ܕܟܠ
ܕܐܟܠ ܦܓܪܝ ܘܫܬܐ ܕܡܝ: ܒܝ ܡܩܘܐ
ܘܐܢܐ ܒܗ. ܘܐܢܐ ܐܩܝܡܝܘܗܝ ܒܝܘܡܐ
ܐܚܪܝܐ. ܘܠܚܝ̈ܐ ܕܠܐ ܐܝܬ. ܘܟܠ ܚܕ
ܠܗ ܡܢ ܩܘܫܬܐ ܠܒܝܬܐ ܕܠܥܠܡ. ܗܘ
ܕܝܢ ܢܒܪܟ ܠܥܝܢܢ ܘܢܫܒܚ ܠܫܡܗ.
ܘܢܪܘܡܐ ܠܟܝܢܗ. ܕܐܝܬܘܗܝ ܘܐܬܒܣܡ

നമ്മുടെ കർത്താവായ ഈശോമ്ശീഹ മുഖാന്തരം സ്വർഗ്ഗത്തിൽ നമ്മെ ആത്മികമായ എല്ലാ ആശീർവാദങ്ങളോടുംകൂടെ അനുഗ്രഹിക്കുന്നവനും, സ്വന്തരാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും, കുറഞ്ഞുപോകാത്തതും അവസാനിക്കാത്തതും നാശമില്ലാത്തതും ആഗ്രഹിക്കത്തെക്കതുമായ സൗഭാഗ്യങ്ങളിലേക്കു നമ്മെ വിളിക്കുകയും അടുപ്പിക്കുകയും ചെയ്യുന്നവനുമായവൻ ജീവദായകമായ തന്റെ സുവിശേഷത്താൽ തന്റെ അനുഗൃഹീതശിഷ്യന്മാരുടെ കൂട്ടത്തോടും അതുമൂലം നമ്മോടും ഇപ്രകാരം അരുളിച്ചെയ്യുന്നു. "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ഞാൻ അവനെ അവസാനദിവസത്തിൽ ഉയിർപ്പിക്കയും ചെയ്യും. അവൻ ന്യായവിധിയിൽ വരാതെ മരണത്തിൽനിന്നു നിത്യജീവനിലേക്കു കടന്നിരിക്കുന്നു" എന്നു ഗുണദോഷമായും വാഗ്ദത്തമായും അരുളിച്ചെയ്തിരിക്കുന്നു. ആകയാൽ അവൻ തന്നെ ഇവിടെ വരികയും തന്റെ ദൈവികവും ജീവിപ്പിക്കുന്നതും പരിശുദ്ധവും സ്തുതിക്കത്തക്കതുമായ സ്വന്തരഹസ്യങ്ങളുടെ ശക്തിയാൽ ആനന്ദിക്കുകയും ചെയ്തിരിക്കുന്ന നമ്മുടെ കൂട്ടത്തെയും സമുദായത്തെയും ജനത്തെയും, അനുഗ്രഹിക്കയും സൂക്ഷിക്കയും ശോഭിപ്പിക്കയും ചെയ്യുമാറാകട്ടെ.

ܒܚܝܠܐ ܕܐܠܗܘܬܗ ܣܓܝܕܬܐ ܘܡܫܒܚܬܐ
ܘܡܫܝܚܬܐ ܘܡܪܘܪܒܬܐ. ܘܒܡܘܗܒܬܗ ܚܢܢܐ
ܕܠܡܓܪܬܐ ܡܕܒܪܢܐ ܕܦܘܩ ܣܓܝܣܬܐ
ܘܡܓܕܪܐ: ܡܢ ܟܠ ܢܓܥܝܢ ܒܝܫܐ
ܘܠܥܠܬܐ. ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ
ܥܠܡܝܢ. ܘܥܢܝܢ: ܐܡܝܢ. ܘܡܫܠܡ ܟܗܢܐ
ܡܢ ܩܘܪܒܐ.

ܚܘܬܡܐ ܕܩܘܪܒܐ ܩܕܝܫܐ (ܠܟܗ
ܡܢ ܦܢܝܬܐ). ܗܕܐ ܕܐܝܬ ܡܫܝܚܐ
ܕܡܫܒܚܝܢܗ ܘܡܚܕܬܗ ܘܡܫܩܠܗ
ܕܐܠܗܘܬܗ ܣܓܝܕܬܐ ܘܡܫܒܚܬܐ ܘܡܫܝܚܬܐ
ܘܡܪܘܪܒܬܐ. ܗܘ ܢܗܘܐ ܠܢ ܠܚܘܣܝܐ ܦܢܝܢܐ
ܕܡܠܟܘܬܗ: ܘܠܫܘܒܩܢܐ ܕܒܝܬ
ܡܠܟܘܬܗ ܡܕܝܢܬܐ: ܘܠܚܘܣܝܐ ܕܒܝܬ
ܕܡܫܝܚܗ: ܘܠܚܘܣܝܐ ܕܡܢ ܢܡܘܣܗ
ܕܠܘܬܝܗ ܕܠܟܠ: ܕܒܝܬܘܗܝ

ഇങ്ങനെ കാണപ്പെടുന്നതോ കാണപ്പെടാത്തതോ ആയ എല്ലാ അപകടങ്ങളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും കർത്താവിന്നടുത്ത ✠ സ്ലീവായുടെ ജീവനുള്ള അടയാളത്താൽ നിങ്ങൾ മുദ്രയിടപ്പെടുന്നവരും സൂക്ഷിക്കപ്പെടുന്നവരുമാകുവിൻ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും ഉത്തരം ആമേൻ. ജനം പുരോഹിതനിൽനിന്ന് ആശീർവാദം വാങ്ങുന്നു.

സാധാരണദിവസങ്ങളിലെ 'ഹൂത്താമ'. 'കൻകി'യുടെ ഉള്ളിൽനിന്ന്. സ്തുതിക്കപ്പെട്ടതും പരിശുദ്ധവും ജീവിപ്പിക്കുന്നതും ദൈവികവുമായ തന്റെ രഹസ്യങ്ങളാൽ നാം ശുശ്രൂഷിക്കുകയും ആഘോഷിക്കുകയും ബഹുമാനിക്കുകയും ചെയ്ത നമ്മുടെ കർത്താവായ ഈശോമ്ശീഹ തന്നെ, തന്റെ രാജ്യത്തിന്റെ മനോഹരമായ മഹത്വത്തിന്നും, തന്റെ വിശുദ്ധമാലാഖമാരോടുകൂടെയുള്ള ആനന്ദാനുഭവത്തിന്നും, തന്റെ മുമ്പാകെയുള്ള പ്രസാദമുഖത്തിന്നും, ഉന്നത ഓറിശ്ലീമിൽ തന്റെ വലത്തുഭാഗത്തുള്ള നില്പിന്നും തന്റെ കൃപയാലും കരുണകളാലും നമ്മെ എല്ലാവരെയും യോഗ്യരാക്കുമാറാകട്ടെ. തനിക്കു സ്തുതി. നമ്മുടെ മേലും സർവ്വസൃഷ്ടികളുടെ മേലും തന്റെ ദൈവികപരിപാലനത്തിന്റെ വലങ്കൈ നിഴലിക്കുമാറാകട്ടെ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും

ܘܒܪ̈ܚܡܘܗܝ: ܕܠܗ ܫܘܒܚܐ. ܘܥܠܝܢ ܘܥܠ
ܥܢ̈ܝܕܝܢ ܕܡܟܝܢ ܒܫܝܢܐ ܕܡܠܟܘܬܗ.
ܗܪܟܐ ܘܒܥܠܡܐ ܘܠܥܠܡ ܥܠܡܝܢ.

ܕܩܘܪ̈ܒܢܐ ܫܘܚ̈ܠܦܐ ܕܬܘܫ̈ܡܫܬܐ ܐܚܪ̈ܢܐ
ܕܒܥܘܬܐ: ܚܕ ܒܚܕ ܢܣܒܬܐ.

ܘܥܠܬܐ ܠܦܓܪܗ. ܚܘܒܝܢ ܠܒܢܝܢ
ܗܘ ܠܫܡܥܘܬܐ. ܒܫܡܗ ܠܡܫܝܚܐ
ܕܫܡܝܐ ܗܘ ܘܥܠܡܐ، ܘܥܠܡܗ. ܕܒܪܝܐ
ܐܢܫܐ ܒܥܒܕܗ. ܘܒܪܝܐ ܘܠܥܠܡܐ،
ܕܒܢܝܗ: ܘܐܡܪ ܠܒܢܝܐ، ܠܒܢܝܗ
ܘܒܗܘܢܐ. ܘܥܒܕܗ، ܡܪܐ، ܘܐܠܗܐ،
ܡܢ ܕܟܠܗ ܘܩܕܝܫܘܬܗ. ܥܠܝܗ ܡܪܐ
ܐܠܗܐ ܘܡܪܝܐ. ܘܥܘܗܘ، ܚܣܝܐ
ܘܢܛܪܐ ܡܢ ܟܠ ܕܡܬܚܢܢ ܒܡܫܚܐ
ܘܒܢ̈ܝܐ. ܗܪܟܐ ܘܒܥܠܡܐ ܘܠܥܠܡ...

സാധാരണദിവസങ്ങളിൽ അന്നീദന്മാരുടെ കുർബ്ബാനക്കുള്ളതു (ഹൂത്താമ) കൻക്കിയുടെ വാതിൽക്കൽവെച്ച് തന്റെ ശരീരത്താൽ ഞങ്ങളുടെ കടങ്ങളെ മോചിക്കുകയും തന്റെ രക്തത്താൽ ഞങ്ങളുടെ പാപങ്ങളെ മായിച്ചുകളയുകയും ചെയ്തവന്നു തന്റെ സഭയിൽ സ്തുതി. അല്ലയോ കർത്താവിന്റെ ജനവും തന്റെ മേച്ചിലിലെ ആടുകളുമായുള്ളോരേ, നിങ്ങളുടെ മേൽ തന്റെ നന്മകൾ ഒഴുക്കുകയും തന്റെ അനുഗ്രഹങ്ങളും ദാനങ്ങളും നിങ്ങളുടെ ഭവനങ്ങളിന്മേൽ വർഷിപ്പിക്കുകയും ചെയ്യുമാറാകട്ടെ. മാർ ഓഗിന്റെയും കൂട്ടുകാരുടെയും പ്രാർത്ഥനയാൽ നമ്മുടെ കർത്താവും ദൈവവുമായവൻ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും നിങ്ങളെ വിടുവിക്കുകയും ചെയ്യുമാറാകട്ടെ. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ എല്ലാ ഉപദ്രവങ്ങളിൽനിന്നും നിങ്ങൾ മുദ്രയിടപ്പെടുന്നവരും സൂക്ഷിക്കപ്പെടുന്നവരുമാകുവിൻ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും

വിശുദ്ധ കുർബ്ബാന അനുഭവിക്കുമ്പോൾ ഉള്ള പ്രാർത്ഥന ഞങ്ങളുടെ സ്വഭാവത്തിന്റെ പ്രത്യാശയായ മ്ശീഹായേ, നിന്റെ വിശുദ്ധശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധീകരിക്കേണമേ. നിന്റെ വിലയേറിയ രക്തത്താൽ ഞങ്ങളുടെ കടങ്ങൾ മോചിക്കേണമേ. നിന്റെ കനിവിന്റെ ഇസ്സോപ്പിനാൽ ഞങ്ങളുടെ മനസ്സാക്ഷികളെ

ܨܠܘܬܐ ܕܒܬܪ ܫܒܝܚ ܐܢܬ ܡܘܪܝܐ. ܡܪܢ
ܦܩܝܕܝܢ ܒܦܘܠܚܢܟ ܢܡܘܣܐ. ܘܫܡܥܢ ܠܘܩܒܠ
ܦܘܩܕܢܝܟ ܢܛܝܪܝܢ. ܘܡܫܡܗܝܢ ܠܟ. ܒܟܠܙܒܢ
ܕܚܝܝܢ. ܡܫܝܚܐ ܦܪܘܩܗ ܕܓܢܣܢ. ܡܪܢ:...
ܕܚܘܬܡܐ ܪܡܫܐ. ܦܓܪܢ ܡܪܢ ܚܢܢ
ܕܝܠܟ. ܘܢܦܫܢ ܘܟܠܢ ܕܝܠܟܝܢ. ܐܦ
ܡܪܢ ܝܗܒ ܠܢ ܠܚܝܐ ܘܠܡܬܡܚܬܐ.
ܝܟܐ ܠܚܘܒܟ ܕܚܘܪܐ ܘܠܡܘܡܢܝܐ
ܕܚܣܝܐ: ܘܠܡܬܠܐ ܕܟܠܐ ܕܩܘܕܫܐ
ܕܡܢ ܟܠܗ ܡܢܝܢܐ: ܘܠܚܝܐ ܚܕܬܐ
ܕܡܠܟܘܬܐ ܕܫܡܝܐ: ܘܠܓܠܝܘܬ ܐܦܐ
ܕܩܕܝܫܝܢ. ܗܢܘܢ ܒܟܠܗ ܘܥܡܗܘܢ ܕܝܦܢܘܢ
ܠܟ. ܡܫܝܚܐ ܦܪܘܩܗ ܕܓܢܣܢ. ܡܪܐ ܕܟܠ.
ܐܚܪܢܐ. ܕܝܢܟܝܢ ܦܓܪܢ ܠܓܠܝܢܐ.
ܢܛܘܪ ܠܢ ܩܘܫܬ ܒܫܝܢܐ. ܘܢܦܨܐ
ܠܩܢܘܡܝܢ ܡܢ ܫܓܝܢܐ. ܘܢܘܗܪ ܠܢ ܒܚܘܫܒܢܐ

നിർമ്മലമാക്കേണമേ. എന്നെന്നേക്കും സർവ്വനാഥനായ....

രഹസ്യസമാപനം കർത്താവേ, ഞങ്ങൾ ഭക്ഷിച്ചതായ തിരുശരീരവും ഞങ്ങൾ പാനംചെയ്തതായ നിർമ്മലരക്തവും, കർത്താവേ, ഞങ്ങൾക്കു ന്യായവിസ്താരത്തിന്നോ പ്രതികാരത്തിന്നോ കാരണമായിത്തീരരുതേ. എന്നാൽ ഞങ്ങളുടെ ജാതിയുടെ പ്രത്യാശയായ മ്ശീഹായേ, കടങ്ങളുടെ മോചനത്തിന്നും പാപങ്ങളുടെ പരിഹാരത്തിന്നും മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനത്തിന്റെ വലിയ പ്രത്യാശക്കും സ്വർഗ്ഗരാജ്യത്തിൽ പുതിയ ജീവന്നും നിന്നെ പ്രസാദിപ്പിച്ചവരായ നീതിമാന്മാരോടും നിർമ്മലന്മാരോടും കൂടെ തിരുമുമ്പാകെ പ്രസാദമുഖത്തിന്നും ആയിത്തീരുമാറാകട്ടെ. സർവ്വനാഥനായ.......

മറ്റൊന്ന് ഞങ്ങളുടെ സ്വഭാവത്തിന്റെ പ്രത്യാശയായ മ്ശീഹായേ, പ്രത്യക്ഷമായി തിരുശരീരം ഞങ്ങൾ കൈക്കൊണ്ടതു നിമിത്തം നിന്റെ ആത്മാവ് ഞങ്ങളിൽ രഹസ്യമായി വസിക്കുകയും പ്രസാദത്തോടുകൂടെ നിന്റെ എതിരേല്പിന്നു ഞങ്ങൾ പുറപ്പെടുകയും നിന്റെ ഇഷ്ടം നിവർത്തിച്ചതായ നീതിമാന്മാരോടുകൂടെ ത്രീത്വത്തിന്ന് സ്തുതി പാടുകയും ചെയ്യുമാറാകട്ടെ. സർവ്വനാഥനായ...

മറ്റൊന്ന് പീലാസയിൽനിന്നു തിരുശരീരം ഞങ്ങൾ ഭക്ഷിക്കുകയും ക്യാസയിൽനിന്നു തിരുരക്തം ഞങ്ങൾ

ܘܠܡܫܝܚܗ. ܐܝܟ ܒܢܝ̈ܐ ܠܡܪܝ̈ܗܘܢ ܢܦܝ̈ܫܝܢ.
ܡܫܒܚܝܢ ܘܡܘܕܝܢ ܕܝܠܝܗ. ܡܪܐ ܕܟܠ.
ܐܡܝܢ. ܕܫܡܠܝܢ ܦܓܪܐ ܡܢ ܦܘܠܓܐ.
ܘܢܫܡܫܢ ܠܐܠܗܐ ܡܢ ܟܠܗܝܢ. ܢܫܒܘܚ ܡܪܢ
ܕܐܝܟ ܢܗܘܐ: ܢܫܡܫ ܒܫܘܒܚܐ ܕܦܪܨܘܦܗ.
ܐܝܟ ܒܢܝ̈ܐ ܠܡܪܝ̈ܗܘܢ ܢܦܝ̈ܫܝܢ. ܡܪܐ ܕܟܠ.

❖ ܚܘܬܡܐ ❖

ܕܢܫܘܕܐ ܡܪܢ ܠܡܫܒܚܘܬܗ
ܒܦܓܪܐ ܘܢܦܫܐ ܘܪܘܚܐ. ܘܫܡܝܐ ܢܫܒܚ
ܠܡܫܒܚܘܬܗ ܒܡܠܒܘܫܐ. ܗܘ ܕܟܠ
ܒܪܝܬܐ ܘܟܠ ܡܫܬܒܚܢܐ ܐܝܟ ܡܠܟܐ
ܒܪܒܝܢ. ܫܡܝܐ ܘܐܪܥܐ ܘܟܠܗܘܢ...

ܫܠܡ ܐܪܒܥܐ ܕܐܕܘܐ: ܐܝܟ ܡܘܕܥܢܐ
ܕܫܠܡܐ ܕܘܟܪܢܐ: ܡܪܢ ܐܝܬܝ:
ܘܡܪܢ ܡܪܢ: ܡܢ ܠܡܦܩܢܐ
ܕܡܪܢܝܬܐ ܐܡܝܢ.

കുടിക്കയും ചെയ്തതിനാൽ കർത്താവേ, നിന്റെ ഇഷ്ടം പൂർത്തീകരിച്ച നീതിമാന്മാരോടുകൂടെ പർദീസായിൽ ആ കള്ളനോടൊന്നിച്ചു സ്തുതിപാടുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. എന്നെന്നേക്കും സർവ്വനാഥനായ.......

✠ ഹൂത്താമ ✠

കർത്താവേ, നിന്റെ വിശുദ്ധ ശരീരരക്തങ്ങളിൽ ആനന്ദിക്കുന്നതിന്നു നീ ഞങ്ങളെ യോഗ്യരാക്കിയതു ഏതുപ്രകാരമോ അപ്രകാരംതന്നെ നീങ്ങിപ്പോകാത്തതും അനശ്വരവുമായ നിന്റെ രാജ്യത്തിൽ നിന്റെ എല്ലാ പരിശുദ്ധന്മാരോടുംകൂടെ ആനന്ദിക്കുന്നതിന്നു ഞങ്ങളെ യോഗ്യരാക്കേണമേ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും

ഭാഗ്യവാന്മാരായ ശ്ലീഹന്മാരും കിഴക്കിന്റെ
ശിഷ്യന്മാരുമായ മാർ അദ്ദായി, മാർ മാറി
എന്നിവരുടെ രഹസ്യങ്ങളുടെ
കൂദാശക്രമം
അവസാനിച്ചു.

ܩܘܠ

ܥܠ ܚܕܒܫܒܐ ܕܝܠܗ، ܡܨܥܝܬܐ
ܩܕܝܫܐ

ܡܘܬܒܐ

ܕܬܪܝܢ ܫܘܬܐܘܡܝܢ

ܡܦܩܢܐ

ܕܥܒܕܐ ܢܟܦܐ: ܢܦܫܘܬܐ
ܕܡܘܦܣܘܡܐ.

ܕܢܦܫܘ ܘܦܪܫܘ ܡܢ ܥܘܡܪܐ
ܠܡܘܕܝܢܐ ܡܪܢ ܢܟܐ ܡܫܘܠܡܐ:

ܟܕ ܡܠܘ ܠܟܝܢ ܕܥܘܡܪܐ:
ܘܢܦܫܘ ܒܡܕܘ ܕܡܠܟܘܬܐ
ܕܡܪܢ ܒܥܘܡܪܐ ܥܘܕܪܢܐ ܡܠܦܢܐ.

വീണ്ടും

നമ്മുടെ ആരാധ്യനായ ദൈവത്തിന്റെ
ശക്തിയാൽ ദിവ്യഗ്രന്ഥവ്യാഖ്യാതാവും
മപ്സോസ്തിയായിലെ
അപ്പിസ്കോപ്പയുമായ

മാർ തിയാദോറോസിന്റെ
കൂദാശക്രമം

മാർ ആവാ കാഥോലിക്ക
റോമാസാമ്രാജ്യം സന്ദർശിച്ചപ്പോൾ
ഉർഹായിലെ മല്പാനായ
മാർ തോമായുടെ
സഹായത്തോടെ ഗ്രീക്ക്
ഭാഷയിൽനിന്നു സുറിയാനിയിലേക്കു
പരിഭാഷപ്പെടുത്തിയത്

ܦܪܘܡܝܘܢ ܕܗ

ܡܢ ܚܕܒܫܒܐ ܩܕܡܝܐ ܕܩܘܕܫܐ
ܘܥܕܡܐ ܠܚܕܒܫܒܐ ܕܠܘܩܒܠܗ̇.

* * *

(ܚܕܫܒܐ ܡܫܝܚܐ ܦܘܪܫܐ ܢܦܫܐ
ܕܚܕܫܒ ܒܠܚܘܕ ܡܠܟܝܢ ܕܢܦܫܬܐ
ܕܠܗܘܢ: ܒܝܘܡܐ ܠܦܢܝܬܐ: 32).

❊ ܠܚܠܬܐ ܚܕܡܝܐ ❊

ܥܘܒܕܢܐ ܡܫܒܚܐ ܕܝܚܝܕܐ.

ܣܘܟ ܒܦܢܝܬܐ: 32.

❊ ܒܥܘܢܝܐ ❊ ܐܝܟ ܡܟܐ، ܘܢܘܟ، ܗܒ.

ܟܠ ܗܘܝܐ. ܣܘܟ ܒܦܢܝܬܐ: 36.

❊ ܠܥܘܢܐ ❊

ܢܠܘܬܐ ܕܣܘܕܝܪ ܡܕܒܚܐ.
ܗܝܐ ܦܘܬܐ ܒܫܠܝܒ:

ܡܟܐ ܢܟܘܢ ܚܠܝܬܐ ܢܚܝܐ ܡܠ:
ܗܒ. ܗܘ ܕܫܘܪܝ ܡܫܘܚܬܐ ܢܠܗܘܬܗ:

ഈ കൂദാശക്രമം സൂബാറയുടെ ഒന്നാം ഞായറാഴ്ച മുതൽ ഓശാന ഞായറാഴ്ചവരെ ഉപയോഗിക്കേണ്ടതാണ്.

(പ്രാരംഭമായി പുരോഹിതൻ 'തക്സ ദ്റാസി' യിൽനിന്നു (ശ്ലീഹന്മാരുടെ കൂദാശക്രമം) 32-ാം പേജ് വരെ എഴുതപ്പെട്ടിട്ടുള്ളതെല്ലാം പൂർണ്ണമായി ചെയ്യുന്നു.)

✠ ആദ്യത്തെ ഗിഹ്ഹല ✠

"കാണാതെ പോയവരെ......" (പേജ് 32)

✠ ക്യൂശാപ്പ ✠

"അതേ ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ........." (പേജ് 36)

✠ ഗ്ഹൻത്ത ✠

മദ്ബ്ഹയുടെ മുമ്പാകെ പുരോഹിതൻ രഹസ്യമായി ചൊല്ലുന്ന പ്രാർത്ഥന

സർവ്വാധിപതിയും സർവ്വശക്തനുമായ ദൈവമായ കർത്താവേ, ആവർത്തിക്കുക താൻമാത്രം ആദിയും

ܘܦܘܪܩܢ ܕܝܠܢ ܘܡܫܘܕܥܢܐ ܕܡܠܟܘܬܢ

ܒܥܕܬܐ. ܡܠܟܬܐ ܡܫܝܚܬܐ ܒܬܘܠܬܐ

ܘܬܘܕܝܬܐ ܕܟܠ ܡܘܕܝܢ. ܘܫܘܒܚܬܐ

ܘܬܫܒܘܚܬܐ ܕܟܠ ܡܫܬܒܠܠܝܢ. ܒܗ

ܕܒܡܫܬܘܕܝܢܘܬܐ ܗܡܝܢܘܬܐ ܘܫܝܢܬܐ

ܕܒܢܝ ܐܢܫܘܬܐ، ܗܢܐ ܢܚܝܬ ܡܢ،

ܢܚܘܬ ܡܫܝܚܐ: ܫܘܒܚܐ ܠܟ ܘܗܕܪܐ

ܕܫܠܝܛܐ ܒܪܝܬܐ. ܘܬܘܕܝܬܐ ܠܟ ܕܘܒܪܐ

ܕܪܘܚܐ ܕܩܘܕܫܐ ܕܟܝܢܗ، ܘܠܡܫܒܚܘܬܐ

ܗܘܝ ܕܐܠܗܐ ܩܕܡ ܐܡܝܢܐ ܘܡܫܒܚܬܐ

(ܘܒܟܠܗܝܢ) ܒܢܘܢܗ، ܕܒܥܘܬܗ ܚܕ

ܟܠ ܐܘܡܢ. ܟܠܗ ܒܥܠܡܐ ܕܝܠܗ

ܘܕܒܫܡܝܐ ܐܝܬ، ܐܝܟ ܐܦ ܠܡܫܒܚ

ܘܠܡܫܡܫܘ ܒܗܘ، ܟܠ ܡܕܡ

ܗܘܐ ܒܡܠܬܗ، ܘܒܡܘܠܕܗ،.

ܐܝܟ ܕܒܥܘܬܗ ܘܒܪܘܚܗ ܡܫܝܚܐ:

അന്തവും ഇല്ലാത്തവനും, താൻതന്നെ സർവ്വസൃഷ്ടിയുടെയും കാരണവും സ്രഷ്ടാവുമായിരിക്കുന്നവനും, ഗ്രഹിക്കാൻ കഴിയാത്ത മഹാകാര്യങ്ങളും വർണ്ണിക്കാൻ കഴിയാത്ത സ്തുത്യവും മഹോന്നതവുമായ കാര്യങ്ങളും പ്രവർത്തിച്ച മഹത്വമുള്ള രാജാവുമായവനേ, ഞങ്ങളുടെ കർത്താവീശോമ്ശീഹായും നിന്റെ ഏകജാതനുമായവൻ ഞങ്ങളുടെ മനുഷ്യസ്വഭാവംമൂലം നിർവ്വഹിച്ച അത്ഭുതകരവും ഭയജനകവുമായ ദിവ്യപരിപാലനത്താൽ നീ ഞങ്ങൾക്കു പുതിയജീവന്റെ പുതുക്കം വരുത്തിത്തരികയും, ഞങ്ങളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിന്റെ അച്ചാരം നൽകുകയും, ഞങ്ങൾ യോഗ്യരല്ലാതിരിക്കെത്തന്നെ നിന്റെ കൃപമൂലം മഹത്വമുള്ളതും പരിശുദ്ധവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ ജ്ഞാനത്തിന്നും, ഇവയോട് അടുത്ത് അനുഷ്ഠിക്കുവാൻ മാത്രമല്ല, പിന്നെയോ ഇവയെ സ്വീകരിച്ച് അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കുകയും ചെയ്തുവല്ലോ. എന്റെ കർത്താവേ, ഞങ്ങളുടെ നിസ്സാരത്വത്തിലും അരിഷ്ടാവസ്ഥയിലും നീ നോക്കരുതേ. എന്നാൽ നിർമ്മലമനസ്സാക്ഷിയോടെ തിരുമുമ്പാകെ ഞങ്ങൾ നിൽക്കുകയും, ജീവനുള്ളതും

ܡܠܝܢ ܡܢ ܐܒܗܬܐ ܕܪܘܚܐ ܕܩܘܕܫܐ.
ܕܡܪܐ ܕܩܕܝܫܝܢ ܡܫܒܚܝܢ ܒܬܫܒܘܚܬܐ
ܕܒܗ. ܘܡܫܒܚܝܢ ܠܗ ܕܝܗܒ ܗܘܐ
ܚܝܐ ܘܢܝܚܐ ܘܡܘܗܒܬܐ: ܘܕܠܐ
ܕܡܪܐ ✱ ܐܒܗܬܐ ܘܢܒܝܐ ܢܥܢܘܢ
ܡܫܒܚܝܢ. ܗ̈ܠܠ.

✱ ܚܘܬܡܐ ✱

ܐܦ ܒܗܘ ܢܣܠܩ ܕܡܢ ܟܠܢ
ܢܣܩ ܠܟ ܫܘܒܚܐ ܘܬܘܕܝܬܐ
ܕܚܢܢܐ. ܕܠܟ ܘܠܗ ܘܠܪܘܚܐ
ܕܩܘܕܫܐ: ܬܘܕܝܬܐ ܘܐܝܩܪܐ ܘܫܘܒܚܐ
ܘܬܫܒܘܚܬܐ ܢܣܩ. ܗܫܐ ܘܒܟܠ ܙܒܢ
ܘܠܥܠܡ ܥܠܡܝܢ. ܘܥܢܝܢ ܟܠ ܥܡܐ.
ܐܡܝܢ. ܘܐܡܪ ܟܗܢܐ ܫܠܡܐ
ܠܟܘܢ. ܘܥܢܐ ܥܡܐ ܘܥܡܟ ܘܥܡ
ܪܘܚܟ.

പരിശുദ്ധവും അംഗീകൃതവും രക്തരഹിതവുമായ ഈ ബലി അർപ്പിക്കുകയും ചെയ്യുമ്പോൾ നിന്റെ കൃപയാലും കരുണാധിക്യത്താലും പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു ഞങ്ങളെ നിറക്കേണമേ. * തിരുമുമ്പിൽ കൃപയും കരുണയും ഞങ്ങൾ കണ്ടെത്തുവാനായിട്ടുതന്നെ. ആവർത്തിക്കുക

✠ കാനോന ✠

നിന്റെ ഏകജാതന്റെ കൃപയാലും കരുണകളാലും ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടെ നിനക്കും അവന്നും പരിശുദ്ധാത്മാവിന്നും സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും ഞങ്ങൾ അർപ്പിക്കുന്നു. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും. പുരോഹിതൻ തന്റെ മേൽ മുദ്രയിടുന്നു.

ഉത്തരം ആമേൻ.

പുരോഹിതൻ പറയുന്നു നിങ്ങളോടുകൂടെ സമാധാനം.

ജനം പറയുന്നു നിങ്ങളോടും നിങ്ങളുടെ ആത്മാവോടും കൂടെ.

ܘܐܡܪ ܡܫܡܫܢܐ: ܗܒܘ ܫܠܡܐ ܚܕ
ܠܚܕ ܒܚܘܒܗ ܕܡܫܝܚܐ. ܘܝܗܒܝܢ
ܫܠܡܐ ܠܚܕܕܐ ܘܐܡܪܝܢ ܦܫܠܦ
ܟܠܗܘܢ. ܣܘܟ ܕܦܢܩܝܬܐ: .42 ܘܡܩܪܝܢ
ܕܝܢ ܡܫܡܫܢܐ ܕܐܘܦܠܓܝܢ: ܩܘܡܘ ܒܟܢ
ܗܦܟ ܚܝܐ ܘܡܚܕܐ.

ܘܡܟܪܙ ܡܫܡܫܢܐ: ܢܘܕܐ ܘܢܒܥܐ

ܣܘܟ ܕܦܢܩܝܬܐ: .43

ܘܡܫܚܐ ܩܕܡ ܟܘܪܐ ܘܦܬܘ، ܡܕܡ
ܡܢܚܫܐ ܥܠ ܕܘܟܬܗ. ܘܦܬܚܐ ܚܘܬܝܐ
ܩܕܡ.

❖ ܟܘܫܦܐ ❖

ܡܪܢܐ ܐܠܗܐ ܚܝܠܬܢܐ. ܥܢ.
ܥܒܕܘܗܝ ܠܡܫܡܠܝܘܬܗ ܕܡܪܚܡܢܘܬܟ.
ܘܡܫܒܚܘܬܐ ܕܛܝܒܘܬܟ: ܢܥܘܕܘܢ
ܕܢܗܘܐ ܕܐܬܚܝܒ ܕܝܚܝܕܐ ܩܕܡ ܚܝܠܐ

ശമ്മാശൻ പറയുന്നു മ്ശീഹായുടെ സ്നേഹത്തിൽ തമ്മിൽ തമ്മിൽ സമാധാനം കൊടുപ്പിൻ.

സമാധാനം കൊടുത്തു പറയുന്നു. കാഥോലിക്കന്മാർ അപ്പിസ്കോപ്പന്മാർ..... (പേജ് 42)

രണ്ട് ശമ്മാശന്മാർ ജീവനുള്ളവരുടെയും മരിച്ചവരുടെയും പുസ്തകമായ 'ദ്യോപത്ഹ്ഹീൻ' വായിക്കുന്നു.

ശമ്മാശൻ ഘോഷിക്കുന്നു.

നാമെല്ലാവരും നിർമ്മലതയോടും...... (പേജ് 43)

ഉടനെ പുരോഹിതൻ മദ്ബ്ഹയുടെ മുമ്പാകെ മുട്ടുകുത്തി ഈ പ്രാർത്ഥന ചൊല്ലുന്നു.

✠ ക്യൂശാപ്പ ✠

ബലവാനായ ദൈവമായ കർത്താവേ, ആവർത്തിക്കുക നിന്റെ കാരുണ്യത്താലും നിന്റെ കൃപയുടെ സഹായത്താലും എന്നെ നടത്തേണമേ: പൊതുനന്മയ്ക്കും നിന്റെ മഹത്വമുള്ള ത്രിത്വത്തിന്റെ മഹിമയ്ക്കുമായി ജീവനുള്ളതും പരിശുദ്ധവുമായ ഈ ബലി തിരുമുമ്പാകെ അർപ്പിക്കുവാൻ എന്നെ യോഗ്യനാക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ. ആമേൻ.

ܘܣܓܕܬܐ: ܗܫܐ ܒܟܠܗܘܢ ܙܒܢܐ ܕܚܝܝܢ
ܟܠܗ: ܘܠܥܠܡܘܬܐ ܕܠܥܠܡܝܢܘܬܗ
ܡܫܒܚܬܐ. ܐܝܟܢܐ ܕܗܘܐ ܘܗܘܐ ܕܩܘܕܫܐ
ܠܥܠܡܝܢ * ܘܡܢ ܐܡܪ ܡܫܡܫܢܐ:
ܟܦܠܬܐ ܣܘܦ ܘܣܘܓܐܐ ܕܡܢܐ .45
ܘܡܣܝܒ ܟܝܢ ܟܗܢܐ ܘܡܫܪܐ ܠܩܘܪܒܐ
(ܘܡܢܗܘܢ) ܡܢ ܬܢܢ: ܘܡܫܡܫܝܢ ܠܗ ܣܡܟܐ
ܟܗܢܐ ܘܡܫܡܫܢܐ ܘܐܡܪ. ܕܝܢ ܡܢܝܗܘܢ ܡܪܝܐ
ܕܐܘܪܫܠܡ ܠܫܡܝܐ ܘܕܠܝܠܐ: ܗܘܐ
ܢܣܟ ܠܡܠܘܐ ܐܝܟܐ ܕܣܡܟܝܢ ܒܗܘܢ
ܕܝܢܐ: ܐܡܝܢ.
(ܚܠܦ ܕܝܣܩܐ ܟܣܦܐ ܗܟܝܢܐ
ܘܡܫܪܝܢ ܕܒܠܥܘܬܐ ܡܫܒܚܬܐ:
ܒܡܕܒܚܐ ܕܩܘܕܫܐ ܗܘܐ ܕܫܠܡܐ
ܠܐܝܠܝܢ ܘܠܝܘܢܐ ܠܥܠܡܝܢ:
ܐܡܝܢ.)

ശമ്മാശൻ പറയുന്നു. 'ഉണർവ്വോടും ശ്രദ്ധയോടും' (പേജ് 45)

ഉടനെ പുരോഹിതൻ എഴുന്നേറ്റു, ശോശിപ്പ രഹസ്യങ്ങളിന്മേൽനിന്നു (സൂക്ഷ്മത്തോടെ) എടുക്കുകയും ക്യാസയുടെയും പീലാസയുടെയും ചുറ്റും ചുരുട്ടിവെയ്ക്കുകയും ചെയ്യുമ്പോൾ പറയുന്നു.

എന്റെ കർത്താവേ നിന്റെ കൃപയാൽ നിന്റെ ശരീരരക്തങ്ങൾക്ക് എന്നെ യോഗ്യനാക്കിയതുപോലെ ന്യായവിധി ദിവസത്തിൽ തിരുമുമ്പാകെ പ്രസാദമുഖത്തിന്നും എന്നെ യോഗ്യനാക്കേണമേ. ആമേൻ.

(സുഗന്ധവർഗ്ഗത്തിന്റെ പ്രാർത്ഥന നിന്റെ ബഹുമാനത്തിന്നും ഞങ്ങളുടെ വിമോചനത്തിന്നുമായി ഞങ്ങൾ ഇടുന്നതായ ഈ സുഗന്ധവർഗ്ഗങ്ങൾ നിന്റെ മഹത്വപ്പെട്ട ത്രിത്വത്തിന്റെ വന്ദ്യവും സ്തുത്യവുമായ നാമത്താൽ വാഴ്ത്തപ്പെടുമാറാകട്ടെ. എന്നെന്നേക്കും ആമേൻ.)

പുരോഹിതൻ പാത്തോറയെ ധൂപിക്കുമ്പോൾ ചൊല്ലുന്നു.

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നിന്റെ ആലയത്തിലുള്ള വിശുദ്ധമദ്ബ്ഹയ്ക്കു മുമ്പാകെ

ܘܡܒܪܟ ܟܗܢܐ ܦܝܪܡܐ ܕܒܣܡܐ
ܟܕ ܐܡܪ: ܢܣܝܡ ܠܟ ܡܪܢ ܘܐܠܗܢ
ܒܣܡܐ ܗܢܐ ܕܡܩܪܒܝܢܢ ܠܟ ܚܠܦ
ܡܕܒܚܢ ܡܪܚܡܢܐ ܟܠܗ ܘܡܫܠܡ ܥܒܕܝܟ.
ܘܪܘܚܐ ܠܢܦܫܬܐ ܕܥܡܟ ܡܪܚܡܢܐ:
ܘܚܘܣܝܐ ܕܚܛܗܝܢ ܘܫܘܒܩܢܐ. ܐܒܐ
ܘܒܪܐ ܘܪܘܚܐ ܕܩܘܕܫܐ ܠܥܠܡܝܢ ⁘
ܘܐܡܪ ܟܗܢܐ ܠܡܫܡܫܢܐ: ܡܫܡܫܢܐ
ܢܫܩܝܢ ܕܟܗܢܐ ܐܝܕܗ ܒܐܝܕܝܗ.
ܘܡܒܪܟ (ܒܗܘ ܩܝܡܐ):

⁘ ܩܢܘܢܐ ⁘

ܠܒܘܣܡܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ
ܘܗܘܝܘ ܕܐܠܗܐ ܐܒܐ ܘܫܘܒܩܢܐ
ܕܪܘܚܐ ܕܩܘܕܫܐ ܢܗܘܐ ܥܡ ܟܠܢ
ܗܫܐ ܘܒܟܠܙܒܢ ܠܥܠܡܝܢ.
ܘܥܢܝܢ ܟܠ ܥܡܐ. ܘܐܡܪܝܢ: ܐܡܝܢ.

ഞങ്ങൾ സമർപ്പിക്കുന്ന ഇമ്പകരമായ ധൂപം നിന്നെ പ്രസാദിപ്പിക്കുകയും നിന്റെ വിശുദ്ധനാമത്തിന്റെ ആനന്ദത്തിന്നും, നിന്റെ ദാസന്മാരുടെയും നിന്റെ ആട്ടിൻകൂട്ടത്തിന്റെയും വിമോചനത്തിന്നുമായിത്തീരുകയും ചെയ്യുമാറാകട്ടെ. എന്നെന്നേക്കും പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, ആമേൻ.

പുരോഹിതൻ ശമ്മാശനോടു പറയുന്നു.

എന്നെന്നേക്കും തന്റെ ഇഷ്ടം ചെയ്യുന്നതിന്നു മ്ശീഹ നിങ്ങളെ ശക്തിപ്പെടുത്തട്ടെ.

(കേൾക്കത്തക്ക ശബ്ദത്തിൽ) തുടരുന്നു

✠ കാനോന ✠

നമ്മുടെ കർത്താവായ ഈശോമ്ശീഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും രഹസ്യങ്ങളിന്മേൽ മുദ്രയിടുന്നു

ഉത്തരം ആമേൻ.

ܘܡܨܦ

ܠܟܠ ܝܘܡܘܗܝ ܡܕܒܪܢܘܗܝ. ܘܡܟܝܡ:
ܠܥܠܡ ܥܠܡܝܢ ܘܡܥܢܐ. (ܠܟܝܘܬܐ: ܠܟܠ
ܕܡܫܘܡܫܐ ܕܟܠܝܐ ܕܢܦܫܬܐ ܕܡܫܟܢܐ
ܕܡܥܡܘܕܝܬܐ. ܢܦܫܐ ܕܟܠܗ ܥܠܡܐ
ܠܡܥܒܕܐ ܕܚܝܘܗܝ ܕܫܘܒܚܐ.
ܘܠܡܘܠܟܢܐ ܘܟܘܠܢܐ ܕܡܠܟܐ
ܕܡܘܕܝܢܘܗܝ ܕܫܘܦܪܐ ܕܡܚ
ܝܘܡܘܗܝ ܡܕܒܪܢܘܗܝ. ܘܡܟܝܡ: ܠܥܠܡ
ܥܠܡܝܢ ܕܡܕܒܪܢܘܬܐ ܘܕܫܘܒܚܐ ܘܕܫܘܒܚܐ
ܡܠܟܐ ܡܫܝܚܐ.)

ܘܡܨܦ

ܘܡܢܚܡܢܐ ܠܢܦܫܬܐ ܡܪܝܡ ܡܕܟܝܢܐ.
ܘܡܟܝܡ ܡܪܢ ܘܐܠܗܢ. (ܠܟܝܘܬܐ: ܘܡܢܚܡܢܐ
ܫܠܡܐ ܘܡܫܡܠܝܐ ܕܡܢܚܡܐ. ܘܕܝܢܐ ܟܠ
ܕܒܫܝܢܐ ܘܡܬܒܠܟܐ ܕܟܠ ܚܝܠܢ.

തുടരുന്നു

നിങ്ങളുടെ ഹൃദയങ്ങൾ ഉന്നതത്തിൽ ആയിരിക്കട്ടെ. ഉത്തരം പറയുന്നു അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും...... ശേഷവും (തിരുനാളുകളിൽ ക്രോബേന്മാരുടെ ചിറകടിയ്ക്കും, സ്രാപ്പേന്മാരുടെ ഹല്ലേലൂയ്യാകൾക്കും പരിശുദ്ധൻ പരിശുദ്ധനെന്ന ഇമ്പമുള്ള കീർത്തനങ്ങൾക്കും എവിടെ മുടക്കമില്ലാതിരിക്കുന്നുവോ, അവിടെ അത്യുന്നതങ്ങളിൽ മഹത്വത്തിന്റെ ഭയങ്കരസ്ഥലത്തു നിങ്ങളുടെ ഹൃദയങ്ങൾ ആയിരിക്കട്ടെ. ഉത്തരം അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമായ മഹത്വപ്പെട്ട രാജാവേ, നിങ്കലേക്കുതന്നെ.)

തുടരുന്നു

സർവ്വനാഥനായ ദൈവത്തിന്നു കുർബ്ബാന അർപ്പിക്കപ്പെടുന്നു. ഉത്തരം പറയുന്നു ന്യായവും ഉചിതവും തന്നെ. (തിരുനാളുകളിൽ നബീയന്മാർ രഹസ്യമായി അവനെ ചിത്രീകരിച്ചു. ശ്ലീഹന്മാർ പരസ്യമായി അവനെ പ്രസംഗിച്ചു. സഹദേന്മാർ തങ്ങളുടെ കഴുത്തുകളിലെ രക്തത്താൽ അവനെ വിലയ്ക്കു വാങ്ങി. മല്പാന്മാർ

(ܬܘܫܒܚܬܐ ܕܒ̈ܢܝܐ ܕܠܐܕܘܐ ܥܠܬܗܘܢ.
ܘܥܠܝܬܐ ܕܒܝܬܐ ܕܒܥܘܬܗܘܢ. ܘܗܘܝܐ
ܕܒܗ ܥܘܩܣܗ ܘܢܒܘܗܘܢ. ܘܡܠܦ̈ܢܐ
ܒܝܕܥܐ ܦܪܘܩܗܘܢ. ܘܡܘܕܝܢܐ ܟܠ
ܡܕܝܢ ܡܘܕܥܐ ܕܟܣܝܘܗܘܢ. ܘܠܦܝܐ
ܟܠ ܕܒܕܡܘܗܝ ܟܕܢܘܗܘܢ. ܘܟܡܣ̈ܐ
ܠܣܘܦܐ ܡܘܬܢܘܗܝ ܢܥܒܘܗܘܢ)
ܣܓܕ ܕܠܗܘܢ ܕܒ̈ܢܝܐ ܡܢ ܗܕܪܗܘܢ
ܠܥܠܡܐ ܡܫܬܒܚ ܡܢܡܢܟ. ܘܫܝܢ:
ܐܝܟ ܘܗܟܢ.) ܘܐܡܪ ܡܫܡܫܢܐ: ܒܫܠܡܐ
ܢܣܒ.

✦ ܒܥܘܬܐ ✦

ܡܪܢܐ: ܡܪܢܐ: ܗܒܠܢ ܟܠܢܘܟ ܒܩܐ
ܡܒܣܡ: ܕܒܦܪܘܣܬܐ ܕܡܫܝܚܐ ܢܬܡܪܝܢ
ܠܡܫܡܫܬܐ ܘܒܐ ܚܝܬܐ ܘܡܫܡܫܬܐ: ܟܕ
ܕܒܝܬ ܒܠܘܬܗ ܡܢ ܕܠܝܗ ܒܡܫܢܬܐ

പള്ളികളിൽ അവനെ വ്യാഖ്യാനിച്ചു. പുരോഹിതന്മാർ വിശുദ്ധ മദ്ബ്ഹമേൽ അവനെ ബലിയർപ്പിച്ചു. ലേവ്യക്കാർ തങ്ങളുടെ ഭുജങ്ങളിന്മേൽ അവനെ വഹിച്ചു. ജാതികൾ അവരുടെ കടങ്ങളുടെ പരിഹാരത്തിന്നായി അവനെ സ്വീകരിച്ചു. ഞങ്ങളുടെ ആദ്യഫലത്തിന്റെ ജീവനുള്ളതും വിവേകപൂർവ്വകവുമായ കുർബ്ബാനയും ഞങ്ങളുടെ അതേ വർഗ്ഗത്തിലുള്ളവന്റെ അർപ്പിക്കപ്പെടാത്തതും സ്വീകാര്യവുമായ ബലിയും എല്ലാ സൃഷ്ടികൾക്കുംവേണ്ടി സർവ്വനാഥനായ ദൈവത്തിന്ന് അർപ്പിക്കപ്പെടുന്നു.) ഉത്തരം അതു ന്യായവും ഉചിതവും തന്നെ. ശമ്മാശൻ പറയുന്നു നമ്മോടുകൂടെ സമാധാനം.

✠ കൃൂശാപ്പ ✠

കർത്താവേ, കർത്താവേ, ഞങ്ങളുടെ മനസ്സാക്ഷികൾ സർവ്വതിന്മകളിൽനിന്നും കയ്പിൽനിന്നും നിർമ്മലമാക്കിക്കൊണ്ടു നിന്നിൽനിന്നുള്ള ധൈര്യത്താൽ ജീവനുള്ളതും പരിശുദ്ധവുമായ ഈ ശുശ്രൂഷ പൂർണ്ണമാക്കുന്നതിന്നു, ഞങ്ങൾക്കു തിരുമുമ്പാകെ മുഖപ്രസാദം നൽകുകയും പരസ്പരം എല്ലാ മനുഷ്യരോടുമുള്ള സ്നേഹവും

ܘܫܘܒܚܐ ܣܘܓܐܐ ܥܡ ܦܘܪܫܢ. ܘܪܘܪܒܘܬܐ
ܘܐܘܚܕܢܐ ܕܠܐ ܚܪܬܐ ܘܕܠܐ ܣܟ ܥܠ
ܐܡܝܢ܀

ܘܩܐܡ ܘܐܚܕ ܠܡܕܒܚܢܐ. ܘܐܦ
ܗܕܐ ܐܠܗܐ ܠܡܘܕܝܘ: ܕܒܫܘܠܡ ܥܠ
ܟܘܪܣܝܐ ܘܒܫܘܠܡܢܐ ܡܬܩܘܢܐ ܚܕܕ
ܘܠܡܕܒܚܢܐ ܢܚܬ. ܘܡܚܝܦ ܦܘܬܐ ܚܕ
ܦܬܘܪܐ ܠܚܕܘܗܝ (ܡܢ ܗܕܐ ܘܠܗܠ)
ܡܬܟܫܦܢ: ܘܐܡܪ ܗܕܐ ܟܘܫܦܐ
ܒܫܠܝܐ܀

܀ ܟܘܫܦܐ ܀

ܐܢܬ ܡܪܝ ܕܟܠ ܥܘܠܡܝܢ. ܟܗ.
ܘܡܪܐ ܕܟܠ ܒܪܝܬܐ. ܘܐܠܗܐ ܕܟܠ ܥܠܡܝܢ.
ܠܡܘܕܝܘ ܠܒܪܝܟ ܡܒܪܟܐ. ܘܠܡܫܒܚܘ
ܠܫܘܒܚܟ ܕܟܠ ܦܘܡ ܘܕܟܠ ܠܫܢ.
ܐܦ ܚܢܢ ܥܒܕܝܟ ܡܚܝܠܐ ܘܡܣܟܢܐ ܕܟܝܢ

സമാധാനവും ഐകമത്യവും ഞങ്ങളിൽ വിതക്കുകയും ചെയ്യേണമേ.

എഴുന്നേറ്റു മദ്ബ്ഹയെ മുത്തുന്നു. ഇത് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാകുന്നു. ഓരോ ഗ്ഹൻത്തയുടെയും ആരംഭത്തിലും അവസാനത്തിലും കുമ്പിട്ടാരാധിക്കുകയും മദ്ബ്ഹയെ മുത്തുകയും വേണം. ഇവിടന്നങ്ങോട്ടു പുരോഹിതൻ തന്റെ കൈകളെ ക്രമപ്രകാരം നീട്ടിക്കൊണ്ട് ഈ ഗ്ഹൻത്ത ചൊല്ലുന്നു.

✠ ഗ്ഹൻത്ത ✠

കർത്താവേ, എല്ലാ ദേശത്തും എല്ലാ സ്ഥലത്തും നിന്റെ പരിശുദ്ധനാമത്തെ ഏറ്റുപറയുവാനും നിന്റെ കർത്തൃത്വത്തെ ആരാധിപ്പാനും * എല്ലാ ദിവസങ്ങളിലും യോഗ്യമാകുന്നു. ആവർത്തിക്കുക എല്ലാ നേരങ്ങളിലും യുക്തവും എല്ലാ സമയങ്ങളിലും ന്യായവുമാകുന്നു. അനാദിയിൽനിന്നുള്ള നിത്യനായ സത്യത്തിന്റെ പിതാവായ ദൈവമേ നിനക്കും, ഞങ്ങളുടെ കർത്താവീശോമ്ശീഹായാകുന്ന നിന്റെ ഏകജാതനായ പുത്രന്നും, പരിശുദ്ധാത്മാവിന്നും എന്നും

ܥܠܡ. ܘܠܒܪܟ ܝܚܝܕܝܐ ܡܪܢ ܝܫܘܥ
ܡܫܝܚܐ. ܘܠܪܘܚܐ ܕܩܘܕܫܐ ܠܥܠܡܝܢ
ܐܡܝܢ ✠ ܕܐܢܬ ܗܘ ܡܪܐ ܘܡܚܝܢܐ ܕܟܠ
ܕܡܫܒܚܢܐ ܘܥܠ ܟܠ ܡܫܒܚܢܐ. ܩܕܝܫ
ܒܪܟ ܝܚܝܕܝܐ ܐܠܗܐ ܡܠܬܐ. ܗܘ
ܕܗܘܐ ܒܕܡܘܬܐ ܕܡܫܥܒܕܘܬܐ: ܘܠܒܫܗ
ܕܒܢܝܢܫ ܘܐܠܒܫ ܕܡܘܬܗ. ܒܟܠܗ
ܘܦܓܪܐ ܢܦܫܐ ܘܗܘܢܐ ܘܟܠ ܕܝܠܗܘܢ.
ܘܒܪܘܚܐ ܕܩܘܕܫܐ ܪܘܚܐ ܕܫܪܪܐ ܗܘ
ܕܡܢ ܐܒܐ ܢܦܩ. ܟܠܗܘܢ ܒܪܝܬܐ
ܡܠܝܠܐ ܕܡܬܚܣܝܢ ܘܟܠܗ ܡܬܚܣܝܢ:
ܡܬܢܛܪܝܢ ܘܡܬܩܕܫܝܢ: ܘܡܫܬܘܝܢ
ܠܡܫܡܫܘ ܬܫܡܫܬܐ ܠܐܠܗܘܬܟ
ܣܓܝܕܬܐ. ܕܡܫܡܫܝܢ ܐܠܗܐ ܐܒܐ ܒܪܝܬܐ:
ܘܩܕܝܫ ܒܪܟ ܝܚܝܕܝܐ ܡܪܢ ܝܫܘܥ
ܡܫܝܚܐ. ܘܩܕܝܫ ܪܘܚܐ ܕܩܘܕܫܐ ܩܕܡܝܢ

എന്നെന്നേക്കും യോഗ്യമാകുന്നു. ആമേൻ.

* കർത്താവേ, നിന്റെ മഹത്വത്തിന്റെ പ്രകാശവും നിന്നിൽനിന്നുള്ള രശ്മിയും നിന്റെ സാരാംശത്തിന്റെ സ്വരൂപവുമായ വചനമായ ദൈവമാകുന്ന നിന്റെ ഏക ജാതനായ പുത്രൻ മുഖാന്തരം ആകാശവും ഭൂമിയും അവയിലുള്ള സകലവും സൃഷ്ടിക്കുകയും ക്രമപ്പെടുത്തുകയും ചെയ്തവനായ കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സർവ്വത്തിന്റെയും നാഥനും സ്രഷ്ടാവും നീയാകുന്നു. പിതാവേ, നിന്നിൽനിന്നുള്ള സത്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവുമൂലം ദൃശ്യവും അദൃശ്യവുമായ വിവേകമുള്ള എല്ലാ സ്വഭാവങ്ങളും ശക്തീകരിക്കപ്പെട്ടു വിശുദ്ധീകരിക്കപ്പെടുകയും, വന്ദ്യമായ നിന്റെ ദൈവത്വത്തിന്നു സ്തുതി അർപ്പിക്കുവാൻ യോഗ്യരാക്കിത്തീർക്കുകയും ചെയ്യുന്നു. സത്യത്തിന്റെ പിതാവായ ദൈവമേ, നിന്റെയും ഞങ്ങളുടെ കർത്താവീശോമ്ശീഹായാകുന്ന നിന്റെ ഏകജാതനായ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മുമ്പാകെ ഉന്നതങ്ങളിലെ ആയിരം ആയിരങ്ങളും, വിശുദ്ധ മാലാഖമാരുടെ പതിനായിരം

ܐܦ ܢܦ̈ܫܬܐ ܕܥܢ̈ܝܕܐ ܘܢܝܚ ܐܢܘܢ،
ܒܡܠܟܘܬܐ ܫܡܝܢܝܬܐ. ܠܗܘ، ܕܠܒܘܫܡܬܐ
ܕܢܚܬܘܗ، ܕܒܡܫܝܚܘܬܐ ܕܒܚܕܝܘܗ.
ܠܥܠܡ ܥܠܡܝܢ ܘܡܫܝܚܐ ܕܒܬܪܝܗܘܢ
ܐܡܝܢ ܡܫܒܚܝܢ. ܘܢܫܘܒܚܘܢܗ ܡܪܢ
ܕܒܫܘܒܚܐ ܐܦ ܠܥܠܡܐ ܡܫܝܚܐ
ܕܒܢܝ̈ܢܫܐ ܡܪܘܡܐ. ܕܒܗ ܕܝܠܢ ܒܠܗܘ،
ܕܝܠܗܘܢ ܠܡܪܘܡܐ ܫܠܝܚܐ ܒܟܠ:
ܕܥܒܘܕܐ ܘܠܡܫܒܚܐ ܢܗܘܐ، ܒܗ ܢܦܫܢ
ܕܒܠܘܟܝܢ ܥܡܟ ܪܘܚܐ ܕܩܘܕܫܘܬܐ
ܡܫܒܚܝܢ: ܠܡܫܒܚܘ ܠܟܠܗܘܢ
ܡܫܡܫܢܐ ✠ ܗܘ ܕܒܠܥܕܝܗ ܩܘܡܝܐ
ܥܘܠܡܐ ܘܟܠ ܗܝܡܢܐ ܡܫܒܚܢܐ ✠ ܥܡܐ.

✦ ܩܘܡܐ ✦

ܟܕ ܩܝܡܝܢ ܘܡܫܡܫܝܢ ܕܟܠ ܥܠܡܐ
ܘܩܕܡ ܗܘ ܠܗܘܢ ܘܐܡܪܝܢ.

പതിനായിരങ്ങളും നിൽക്കുന്നു. അവരുടെ നിരന്തരമായ ഇഷ്ടംമൂലം അവരുടെ ജീവിതത്തിന്റെ ആനന്ദത്തിന്നായി ശ്രേഷ്ഠവും പരിശുദ്ധവുമായ നിന്റെ നാമത്തെ ഇടവിടാതെ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നു പറഞ്ഞുകൊണ്ടു സ്തുതിക്കുകയും ചെയ്യുന്നു. കർത്താവേ, നിന്റെ കൃപയാൽ മർത്ത്യരായ മനുഷ്യരുടെ ബലഹീനവർഗ്ഗത്തെ അത്യുന്നതങ്ങളിലെ എല്ലാ സമൂഹങ്ങളുമൊന്നിച്ചു സകലത്തിലും അധികാരമുള്ള നിന്റെ കർത്തൃത്വത്തിന്ന് മഹത്വവും ബഹുമാനവും അർപ്പിക്കുവാൻ നീ യോഗ്യതയുള്ളതാക്കിയല്ലോ. നിന്റെ വിശുദ്ധിയുടെ ശ്രേഷ്ഠതക്കുമുമ്പാകെ എപ്പോഴും അട്ടഹസിക്കുന്നവരോടുകൂടെ മഹത്വമുള്ള ത്രിത്വത്തെ സ്തുതിപ്പാനും യോഗ്യതയുള്ളതാക്കി. * സമത്വമുള്ളതും അവിഭാജ്യവുമായ മൂന്നു ക്നൂമകളായി സ്തോത്രം ചെയ്യപ്പെടുന്നു. ആവർത്തിക്കുക

✠ കാനോന ✠

ഇടവിടാതെ അട്ടഹസിച്ചും സ്തുതിച്ചുംകൊണ്ട് ഒരുവനോടൊരുവൻ വിളിച്ചുപറയുന്നു.

ܘܥܢܝܢ: ܩܕܝܫ ܩܕܝܫ ܩܕܝܫ: ܡܪܝܐ
ܐܠܗܐ ܚܝܠܬܢܐ. ܕܡܠܝܢ ܫܡܝܐ ܘܐܪܥܐ
ܡܢ ܫܘܒܚܗ: ܘܡܢ ܟܝܢ ܐܝܬܘܬܗ ܘܡܢ
ܙܝܘܐ ܕܫܘܦܪܗ ܡܝܩܪܐ. ܘܡܫܡܫ ܓܚܢܐ
ܐܘܫܥܢܐ ܒܡܪܘܡܐ. ܐܘܫܥܢܐ ܠܒܪܗ
ܕܕܘܝܕ. ܒܪܝܟ ܕܐܬܐ ܘܐܬܐ ܒܫܡܗ
ܕܡܪܝܐ. ܐܘܫܥܢܐ ܒܡܪܘܡܐ. ܘܒܬܪ
ܟܠ ܡܠܬܐ ܕܩܕܝܫ ܓܚܢ ܟܗܢܐ
ܡܫܡܫܢܐ ܩܕܡ ܡܕܒܚܐ. ܘܩܐܡ
ܒܘܪܟܐ ܘܐܡܪ ܟܘܫܦܐ ܗܢܐ.

ܟܘܫܦܐ

ܩܕܝܫ ܩܕܝܫ ܩܕܝܫ ܡܪܝܐ ܐܠܗܐ
ܚܝܠܬܢܐ: ܕܡܠܝܢ ܫܡܝܐ ܘܐܪܥܐ ܡܢ
ܫܘܒܚܗ: ܘܡܢ ܟܝܢ ܐܝܬܘܬܗ: ܘܡܢ
ܙܝܘܐ ܕܫܘܦܪܗ ܡܝܩܪܐ. ܐܝܟܢܐ ܕܫܡܝܐ
ܘܐܪܥܐ ܡܠܝܢ ܡܠܝܢ: ܐܡܪ ܡܪܝܐ.

ഉത്തരം പറയുന്നു തന്റെ സ്തുതികളാലും തന്റെ ഉള്ളായ്മയുടെ സ്വഭാവത്താലും മഹത്വപ്പെട്ട തന്റെ പ്രഭയുടെ അലങ്കാരത്താലും സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവമായ കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. തിരുനാളുകളിൽ തുടരുന്നു അത്യുന്നതങ്ങളിൽ ഓശാന. ദാവീദ്പുത്രന്ന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും വരുന്നവനുമായവൻ വാഴ്ത്തപ്പെട്ടവൻ. അത്യുന്നതങ്ങളിൽ ഓശാന. പരിശുദ്ധൻ എന്നു പറയുന്ന ഓരോ പ്രാവശ്യവും പുരോഹിതൻ മദ്ബ്ഹയുടെ മുമ്പാകെ ആരാധിക്കുകയും മുട്ടുകുത്തുകയും ചെയ്തുകൊണ്ട് ഈ ക്യൂശാപ്പ ചൊല്ലുന്നു.

✠ ക്യൂശാപ്പ ✠

സ്വർഗ്ഗങ്ങളും ഭൂമിയും എന്നാൽ നിറഞ്ഞിരിക്കുന്നുവെന്നു കർത്താവ് പറയുന്നപ്രകാരം തന്റെ സ്തുതികളാലും തന്റെ ഉള്ളായ്മയുടെ സ്വഭാവത്താലും മഹത്വപ്പെട്ട തന്റെ പ്രഭയുടെ അലങ്കാരത്താലും സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവമായ കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. സ്വർഗ്ഗത്തിലും ഭൂമിയി

ܡܕܝܢܬܐ ܢܟܝܬܐ ܢܦܠܬ ܕܚܕܕܐ: ܗܘ
ܕܡܕܝܢܗ ܡܫܬܟܚܢܘܬܐ ܡܠ ܢܦܝܫܘܬܐ
ܕܒܥܡܡܐ ܘܒܢܕܪܐ. ܡܕܝܢܬܐ ܒܪܐ
ܡܬܘܡܢܬܐ: ܕܟܠ ܒܐܝܕܗ ܗܘܬ. ܡܕܝܢܬܐ
ܪܘܚܐ ܕܡܘܕܝܢܐ ܐܝܬܝܐ ܕܟܠ ܒܐܝܕܗ
ܡܬܡܕܒܪ ✠ ܡܠܟ ܡܠܟ ܕܬܘܡܪ ܐܢܬ:
ܡܟܠܠ ܕܟܠܝܠܐ ܐܢܬ ܠܡܠܟ ܫܩܘܦܬܐ:
ܘܟܢܘܫ ܠܡܠܟܐ ܕܟܠܡܪܐ ܫܩܘܦܗ
ܠܡܠܟ ܐܢܬ: ܘܠܡܠܟܘܬܐ ܡܪܢܐ ܚܝܠܬܢܐ
ܡܠܟ ܟܢܫܢ. ܡܪܐ ܕܚܝܠܘ ܢܦܩܬܐ ܗܘܬ:
ܕܢܘܡܪܐ ܒܝܫ ܒܟܝܢ ܠܡܪܢܐ ܚܘܝܬ.
ܘܠܗܘܗܝ ܗܘܐ: ܢܟܠ ܠܝ ܟܢܘܫܗ
ܕܢܟܝܬܐ ܘܗܘܐ ܩܪܝܗ ܕܥܡܡܐ ✠ ܘܗܦܟܬ
ܡܕܝܢܬܐ ܠܡܠܘܟܐ ܒܒܝܫ ܡܪܢܐ. ܩܝܡ.
ܘܟܬܫܐ ܠܡܐܠܘܟܝ: ܘܚܘܬܡ ܫܩܘܦܝ:
ܘܢܣܒܐ ܡܪܝ ܡܟܝܠ ܕܢܝܫܘܟܝ

ലുമുള്ളതായ പിതൃത്വം എല്ലാം തന്നാൽ നാമകരണം ചെയ്യപ്പെടുന്ന സത്യത്തിന്റെ പിതാവായ ദൈവമേ, നീ പരിശുദ്ധൻ ആകുന്നു. താൻ മുഖാന്തരം സർവ്വവും ഉളവായ അനാദിയായ പുത്രനേ, നീ പരിശുദ്ധൻ ആകുന്നു. താൻമൂലം സർവ്വവും ശുദ്ധീകരിക്കപ്പെടുന്ന അനാദിയായ പരിശുദ്ധാത്മാവേ, നീ പരിശുദ്ധനാകുന്നു * എനിക്ക് അയ്യോ കഷ്ടം. എനിക്ക് അയ്യോ കഷ്ടം. എന്തെന്നാൽ ഞാൻ ഭയപരവശനായിരിക്കുന്നു. കാരണം ഞാൻ അശുദ്ധ അധരങ്ങളുള്ള മനുഷ്യനാകുന്നു. അശുദ്ധ അധരങ്ങളുള്ള ജനങ്ങളുടെ ഇടയിൽ പാർക്കുകയും ചെയ്യുന്നു. ബലവാനായ കർത്താവായ രാജാവിനെ എന്റെ കണ്ണുകൾ കണ്ടുവല്ലോ. ഈ സ്ഥലം എത്രയോ ഭയങ്കരം. എന്തുകൊണ്ടെന്നാൽ ഇന്ന് ഞാൻ കർത്താവിനെ മുഖാമുഖമായി കണ്ടു. ഇതു ദൈവാലയമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ വാതിലും ഇതുതന്നെ. * ഇപ്പോഴോ കർത്താവേ നിന്റെ കൃപ ഞങ്ങളുടെമേൽ ഉണ്ടായിരിക്കുമാറാകേണമേ. ആവർത്തിക്കുക ഞങ്ങളുടെ അശുദ്ധിയെ വെടിപ്പാക്കുകയും ഞങ്ങളുടെ അധരങ്ങളെ ശുദ്ധീകരിക്കുകയും, കർത്താവേ, ഞങ്ങളുടെ നിസ്സാരാവസ്ഥയുടെ ശബ്ദങ്ങളെ

ܕܡܘܬܒܐ ܕܫܘܦܪܐ ܘܗܘܠܠܐ ܕܡܠܐܟ̈ܐ.
ܫܘܒܚܐ ܠܪܚܡܢ ܕܠܒܫܘܗܝ ܫܘܦܪܗ
ܕܝܠܗ ܥܡ ܩܘܫܬܐ. ܘܩܐܡ ܘܐܡܪ: ܒܪܟ
ܡܪܝ: ܒܪܟ ܡܪܝ: ܒܪܟ ܡܪܝ. ܐܚ̈ܝ ܨܠܘ
ܥܠܝ. ܘܥܢܝܢ ܠܘܬܗ ܗܦܟܐ ܕܫܟܝܚ.

ܒܥܘܬܐ

ܫܪܝܪܐܝܬ ܡܪܝܐ. ܥܢ. ܩܕܝܫ ܐܢܬ
ܘܡܫܒܚ ܐܢܬ ܠܥܠܡ ܥܠܡܝܢ. ܩܕܝܫܗ
ܐܝܟܢܐ ܐܝܬ ܕܫܡܝܐ. ܘܩܕܝܫ ܗܘ ܐܦ
ܟܠܗ ܚܝܠܘܬܐ ܪܡܐ ܕܐܝܬ ܡܫܝܚܐ.
ܘܩܕܝܫ ܗܘ ܫܡܝܐ ܘܐܦ ܐܪܥܐ
ܕܡܠܝܢ ܡܢܗ ܫܘܒܚܗ ܕܟܠ ܚܕܝܢ.
ܫܘܒܚܐ ܕܟܠ ܥܕܢ. ܗܘ ܕܡܫܒܚܝܢ ܠܗ ܡܢ
ܡܠܐܟ̈ܐ ܩܕܝܫ̈ܐ ܘܢܘܪ̈ܢܐ ܠܡܩܕܫܘܬܗ.
ܘܩܕܝܫ ܫܡܗ ܘܩܕܝܫ ܡܫܒܚܘ. ܘܡܩܕܫܝܢ
ܩܕܝܫ̈ܐ ܠܫܠܡܗ. ܐܝܟܢ ܕܡܫܒܚܝܢ

 സ്രാപ്പേന്മാരുടെ കൂദാശയോടും മാലാഖമാരുടെ ഹൂലാലകളോടുംകൂടെ കലർത്തുകയും ചെയ്യുമാറാകേണമേ. മൺമയന്മാരെ ആത്മികരോടുകൂടെ പങ്കാളികളാക്കിയ നിന്റെ കൃപയ്ക്കു സ്തുതി. എഴുന്നേറ്റു പറയുന്നു. കർത്താവേ, അനുഗ്രഹിക്കേണമേ. കർത്താവേ, അനുഗ്രഹിക്കേണമേ. കർത്താവേ, അനുഗ്രഹിക്കേണമേ. എന്റെ സഹോദരന്മാരേ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ഈ ഗ്ഹൻത്ത സാവധാനം ചൊല്ലുന്നു

✠ ഗ്ഹൻത്ത ✠

കർത്താവേ, സത്യമായും ആവർത്തിക്കുക നീ പരിശുദ്ധനാകുന്നു. എന്നെന്നേക്കും മഹത്വമുള്ളവനുമാകുന്നു. സത്യത്തിന്റെ പിതാവായ ദൈവമേ, നീ പരിശുദ്ധനാകുന്നു. ഞങ്ങളുടെ കർത്താവീശോമ്ശീഹയായ നിന്റെ ഏകപുത്രനും പരിശുദ്ധനാകുന്നു. നിർമ്മിക്കപ്പെടാത്ത ദൈവസ്വഭാവത്തോടുകൂടിയവനും, താൻ സകലത്തിന്റെയും നിർമ്മാതാവും, സ്വഭാവത്താൽത്തന്നെ അനാദിമുതൽക്കേ സത്യമായി പരിശുദ്ധനുമായ പരിശുദ്ധാത്മാവും സത്യമായും പരിശുദ്ധനാകുന്നു. അവന്റെ

ܠܡܫܩܠܘ ܡܘܗܒܬܐ ܕܛܝܒܘܬܗ.
ܘܡܫܒܚܝܢ ܚܢܢ ܠܓܒܘܠܐ ܘܐܣܝܐ
ܘܬܘܕܝܬܐ ܘܣܓܕܬܐ: ܠܐܒܐ ܘܠܒܪܐ
ܘܠܪܘܚܐ ܕܩܘܕܫܐ. ܗܫܐ ܘܒܟܠܙܒܢ
ܘܠܥܠܡ ܥܠܡܝܢ ܐܡܝܢ ✱ ܣܓܝܐܝܢ ܠܝ
ܡܪܝ. ܗܦܟ. ܘܡܘܣܦܝܢ ܠܝ. ܘܡܪܚܡܢܝ
ܠܝ. ܥܠ ܢܦܫ̈ܐ ܕܠܗܘܢ ܛܝܒܘܬܟ
ܕܠܗܝ. ܕܬܒܬܗ. ܡܢ ܟܠ ܚܝܒ.
ܘܢܥܘܒܗ. ܠܐܝܫܘܥ ܒܪܐ ܕܐܠܗܘܬܐ
ܘܕܝܬܩܘܬܐ. ܘܡܫܝܢ ܡܬܘܡ
ܘܒܠܥܕ ܕܡܢܠܗ ܠܝ ܥܠ ܚܘܒܝ̈ܐ
ܕܣܢܝ̈ܢ. ܘܚܙܝ ܥܡܟ ܒܪܐ ܘܫܒܘܩ
ܕܚܛܝܬ ܘܫܒܘܩܝܢ. ܘܐܢܬ ܡܪܚܡܢ
ܘܡܘܕܝܢ ܐܦ ܚܝ̈ܠܐ ܕܥܠܡܐ ܕܥܠܡܝ̈ܐ:
ܥܠ ܛܝܒܘܬܟ ܕܟܠ ܡܬܒܪܟܐ.
ܕܡܫܬܟܚܝ ܒܢܦܫ̈ܬܐ ܘܡܫܬܠܠ

നാമം പരിശുദ്ധമാകുന്നു. അവന്റെ തിരുനിവാസവും പരിശുദ്ധമാകുന്നു. തന്റെ കൃപയുടെ ദാനം സ്വീകരിപ്പാൻ അർഹതയുള്ള എല്ലാവരെയും അവൻ സത്യത്താൽ വിശുദ്ധീകരിക്കുന്നു. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതിയും ബഹുമാനവും പുകഴ്ചയും ആരാധനയും ഞങ്ങൾ അർപ്പിക്കുന്നു. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും ആമേൻ. * കർത്താവേ, ഞങ്ങൾ നിന്നെ ആരാധിക്കുന്നു. ആവർത്തിക്കുക ഞങ്ങളോടുള്ള നിന്റെ സർവ്വകൃപകൾക്കുമായ് നിന്നെ ഞങ്ങൾ സ്തുതിക്കുകയും, സ്തോത്രം ചെയ്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഇല്ലായ്മയിൽനിന്നു നീ ഞങ്ങളെ സൃഷ്ടിച്ചു. സ്വാതന്ത്ര്യത്തിന്റെയും വിജ്ഞാനത്തിന്റെയും വലിയ ബഹുമാനത്തിന്നു ഞങ്ങളെ നീ യോഗ്യരാക്കി. ആദ്യംമുതൽക്കേ എല്ലായ്പോഴും ഞങ്ങളുടെ ജീവന്റെ നിലനില്പിനെക്കുറിച്ചു നീ കരുതലുള്ളവനാകുന്നു. നിന്റെ ശ്രേഷ്ഠവും ഭയങ്കരവുമായ നാമത്തിന്റെ മുമ്പാകെ ഞങ്ങൾ മുട്ടുകുത്തി ആരാധിക്കുന്നു. അവർണ്ണനീയമായ നിന്റെ കൃപയെപ്രതി ഉന്നതന്മാരുടെ എല്ലാ സമൂഹങ്ങളും ഞങ്ങളോടൊന്നിച്ചു സ്തുതിക്കുകയും

ܦܘܪܩܢܢ: ܡܚܝܢܢܐ ܐܠܗܐ ܡܫܝܚܐ: ܗܘ
ܕܐܒܘܗܝ ܒܕܡܘܬܐ ܕܐܠܗܐ. ܠܐ ܗܘܐ
ܚܛܘܦܝܐ ܐܚܫܒܗ ܠܗܘܝܐ ܕܐܒܘܗܝ
ܦܚܡܐ ܕܐܠܗܐ ܐܠܐ ܢܦܫܗ ܣܪܩ:
ܘܕܡܘܬܐ ܕܥܒܕܐ ܢܣܒ. ܟܕ ܢܚܬ ܡܢ
ܫܡܝܐ: ܘܠܒܫ ܐܢܫܘܬܐ ˏ: ܦܓܪܐ ܡܝܘܬܐ
ܘܢܦܫܐ ܡܠܝܠܬܐ ܘܝܕܘܥܬܢܝܬܐ ܘܠܐ
ܡܝܘܬܬܐ: ܡܢ ܒܬܘܠܬܐ ܩܕܝܫܬܐ
ܒܚܝܠܐ ܕܪܘܚܐ ܕܩܘܕܫܐ. ܘܒܐܝܕܘܗܝ
ܫܡܠܝ ܘܓܡܪ ܟܠܗ ܡܕܒܪܢܘܬܐ ܗܘܝܐ
ܕܟܝܢܐ ܘܡܩܝܡܘܬܐ. ܕܡܫܬܡܠܝܐ ܗܘܬ
ܒܡܫܬܡܠܝܢܘܬ ܢܒܝܘܬܐ ܡܢ ܩܕܝܡ ܐܟܡܢܝܐ
ܕܥܠܡܐ. ܘܫܡܠܝܬܗ ܗܘܬ ܕܝܬܩܐ
ܥܬܝܩܬܐ: ܟܕ ܗܘܐ ܒܪܢܫܐ ܡܛܠ ˏ ܦܘܪܩܢܢ
ܡܫܝܚܐ. ܗܘ ܕܒܗ ܥܡܪ ܟܠܗ ܡܘܠܝܐ
ܕܐܠܗܘܬܐ ܓܘܫܡܢܐܝܬ. ܘܗܘܝܘ ܪܝܫܐ

സ്തോത്രം ചെയ്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി ദൈവത്തിന്റെ സാദൃശ്യമാകുന്ന ഏകജാതനായ വചനമായ ദൈവം ദൈവരൂപത്തിൽത്തന്നെയിരിക്കണമെന്ന് അശേഷം കരുതാതെ തന്നത്താൻ ത്യജിച്ചു ദാസരൂപം എടുക്കുകയും ചെയ്തു; അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി മരണമുള്ള ശരീരത്തെയും, വിവേകവും പരിജ്ഞാനവുമുള്ളതും മരണമില്ലാത്തതുമായ ആത്മാവിനെയും എടുക്കുകയും, റൂഹാദ്കുദ്ശായുടെ ശക്തിയാൽ വിശുദ്ധ കന്യകയിൽനിന്നു ഞങ്ങളുടെ മനുഷ്യത്വത്തെ ധരിച്ചുകൊണ്ട് ശ്രേഷ്ഠവും അതിശയകരവും ലോകാരംഭങ്ങൾക്കു മുമ്പുതന്നെ നിന്റെ മുന്നറിവിനാൽ ഒരുക്കപ്പെട്ടിരുന്നതുമായ ഈ ദിവ്യപരിപാലനത്തെ അവൻമൂലം പരിപൂർണ്ണമായി നിവർത്തിച്ചു. കാലങ്ങളുടെ അവസാനത്തിൽ, ഇപ്പോൾ നിന്റെ പ്രിയപുത്രനായ ഞങ്ങളുടെ കർത്താവീശോമ്ശീഹാമൂലം നീ അതിനെ പൂർത്തീകരിച്ചു. അവനിൽ ദൈവത്തിന്റെ മുഴുവൻ പൂർണ്ണതയും അക്ഷരാർത്ഥത്തിൽതന്നെ വസിക്കുന്നു. അവൻതന്നെ സഭയുടെ തലവനും, മരിച്ചവരുടെ

ܕܝܕܥܬܐ: ܘܒܘܫܒܚܐ ܕܡܠܟ ܒܝܬ ܡܫܝܚܐ.
ܘܦܘܩܕ ܢܡܘܣܐ ܕܝܠܗ: ܘܟܠ ܒܗ
ܡܬܗܝܡܢܝܢ. ܗܘ ܕܒܪܘܚܐ ܕܩܘܕܫܐ
ܢܦܫܗ ܡܢܗ ܕܠܐ ܡܘܡ ܠܐܠܗܐ.
ܘܡܕܟܝ ܒܡܘܕܥܬܐ ܕܦܓܪܗ ܕܡܠܟܐ
ܘܕܡ. ܘܢܝܚ ܒܢܦܫܬܐ ܕܡܘܬܐ ܒܐܝܕܝܘܗܝ
ܗܢܐ ܕܒܥܡܢܐ ܘܡܢܐ ܕܒܪܢܫܐ. ܗܘ
ܕܡܫܬܡܠܐ ܡܠܠ ܢܟܣܝܢ: ܘܩܡ ܡܠܠ
ܕܝܢܐ. ܕܒܗ ܥܠܝܡܘܬܗ ܡܕܝܢܬܐ
ܕܠܠܝܐ ܗܘ ܕܒܗ ܐܬܚܠܡ ܗܘܐ:
ܚܒܝܒܐ ܕܐܘܐ ܗܘܐ ܕܝܢܐ ܘܡܕܝܢܬܐ ܘܢܛܘܪܬܐ.
ܗܝ ܥܡܠ ܠܡܢܐ ܢܛܠ ܐܝܕܘܗܝ
ܡܕܝܢܬܐ ܘܕܒܪܐ ܡܢܗܐ: ܘܡܗܘܐ
ܠܗܠܩܘܕܘܗܝ ܘܐܡܪ: ܗܢܘ ܦܓܪܝ
ܕܝܠܝ ܢܦܩ ܚܢܘܢ ܕܠܠܡܐ ܡܫܝܚܐ
ܠܫܘܒܚܐ ܕܥܠܡܐ. ܘܗܢܐ ܐܦ ܢܠܠ

ഇടയിൽനിന്നുള്ള ആദ്യജാതനും, സകലത്തിന്റെയും പൂർത്തീകരണവും, തന്നാൽത്തന്നെ സർവ്വവും പൂർത്തീകരിക്കപ്പെടുന്നവനും, നിത്യനായ റൂഹായാൽ തന്നെത്തന്നെ ദൈവത്തിന്നു കറകൂടാതെ അർപ്പിക്കുകയും, ഒരിക്കലായുള്ള തന്റെ മൂർത്തിയുടെ ബലിയാൽ ഞങ്ങളെ ശുദ്ധീകരിക്കുകയും സ്വർഗ്ഗത്തിലുള്ളവരെയും ഭൂമിയിലുള്ളവരെയും തന്റെ ക്രൂശിലെ രക്തത്താൽ നിരപ്പാക്കുകയും, ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി ഏല്പിച്ചുകൊടുക്കപ്പെടുകയും, ഞങ്ങളെ നീതീകരിപ്പാൻവേണ്ടി ഉയിർത്തെഴുന്നേൽക്കുകയും ചെയ്തവനും ആകുന്നു. താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ തന്റെ പരിശുദ്ധശ്ലീഹന്മാരോടുകൂടെ ഈ വലുതും വിശുദ്ധവും ദൈവികവുമായ രഹസ്യം അനുഷ്ഠിച്ചു. തന്റെ പരിശുദ്ധകൈകളിൽ അപ്പം എടുത്ത് അനുഗ്രഹിച്ചു നുറുക്കി തന്റെ ശിഷ്യന്മാർക്കു കൊടുത്തു പറഞ്ഞു. ലോകത്തിന്റെ ജീവന്നുവേണ്ടി പാപമോചനത്തിന്നായി നുറുക്കപ്പെടുന്ന എന്റെ ശരീരം ഇതാകുന്നു. അപ്രകാരം പാനപാത്രവും അനുഗ്രഹിച്ച് അവർക്കു കൊടുത്തു പറഞ്ഞു; പാപമോചനത്തിന്നായ് അനേകർക്കുവേണ്ടി

ܟܗܢܐ ܐܘܪܚ ܘܦܬܚ ܠܗܘܢ ܘܐܡܪ:
ܗܢܘ ܕܝܢ ܕܢܝܚܘܬܐ ܚܕܬܐ: ܕܡܠܟ
ܗܟܝܠ ܡܬܩܢܢ ܠܥܘܡܪܢܐ ܕܡܠܟܘܬܐ.
ܗܘܘ ܡܩܒܠ ܡܠܟܗ ܢܦܘܠܘ ܡܢ
ܠܫܡܝܐ ܗܢܐ: ܘܝܗܒܘ ܡܢ ܫܡܝܐ ܗܢܐ.
ܘܡܠܟܐ ܕܥܠܡܐ ܚܕܝܢ ܥܠ ܢܦܫܗ
ܕܡܬܚܕܝܢ ܐܝܟܘ: ܠܕܘܒܪܐ.
ܘܫܡܝܐ ܕܐܬܦܨܝܘ ܐܬܦܬܚܘ: ܐܦ
ܚܢܢ ܢܫܒܚܝܘܢ ܒܡܢܐ ܘܡܠܟܝܐ ܘܥܘܬܪܐ.
ܕܡܢ ܡܫܬܘܕܥܐ ܕܢܨܚܢܘܬܐ: ܢܬܬܢ
ܠܟܘܠ ܗܢܐ ܕܒܪܐ ܘܕܡܠܟܐ ܘܡܕܒܪܢܐ
ܘܐܠܗܘܬܐ ܕܝܠܗ ܗܘܐ ܦܘܪܩܢܐ ܕܟܠܐ ✤
ܠܥܠܡ ܥܠܡܝܢ ܐܡܝܢ ܘܐܡܝܢ. ܫܒ.

✤ ܥܘܢܝܐ ✤

ܟܕ ܡܫܝܚܐ ܒܥܘܡܪܢܐ ܘܐܬܩܪܝ
ܘܬܘܕܝܬܐ ܘܫܘܒܚܐ ܠܒܪܐ ܘܠܐܒܐ

ചൊരിയപ്പെടുന്ന പുതിയ നിയമത്തിൽ എന്റെ രക്തം ഇതാകുന്നു. ആകയാൽ നിങ്ങളെല്ലാവരും ഈ അപ്പത്തിൽനിന്നു വാങ്ങി ഭക്ഷിപ്പിൻ; ഈ ക്യാസയിൽനിന്നു കുടിക്കുകയും ചെയ്‌വിൻ. നിങ്ങൾ കൂടിവരുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായ് ഇപ്രകാരം ചെയ്യുന്നവരാകുവിൻ എന്നും പറഞ്ഞു. ഞങ്ങളോടു കല്പിച്ചപ്രകാരം ഞങ്ങൾ കൂടിവന്നിരിക്കുന്നു. നിസ്സാരന്മാരും അരിഷ്ടരും ബലഹീനരുമായ നിന്റെ ദാസന്മാരായ ഞങ്ങൾ നിന്റെ കൃപയുടെ അനുവാദത്തോടെ ശ്രേഷ്ഠവും ഭയാനകവും വിശുദ്ധവും ദൈവികവുമായ ഈ രഹസ്യം ഇതാ നിർവ്വഹിക്കുന്നു. * എന്തുകൊണ്ടെന്നാൽ മനുഷ്യവർഗ്ഗത്തിന്നുമുഴുവനും ഇതിനാൽ വലിയ രക്ഷയുണ്ടായി. ആവർത്തിക്കുക

✠ കാനോനാ ✠

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും ഞങ്ങൾ സ്തുതിയും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിച്ചുകൊണ്ട് ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും രഹസ്യങ്ങളിൻമേൽ മുദ്രയിടുന്നു. ഉത്തരം പറയുന്നു ആമേൻ.

ܘܠܪܘܚܐ ܕܩܘܕܫܐ ܗܫܐ ܘܒܟܠܙܒܢ
ܘܠܥܠܡ ܥܠܡܝܢ. ܘܥܢܝܢ ܒܬܪ ܟܗܢܐ.
ܘܥܢܝܢ: ܐܡܝܢ.
ܘܐܡܪ ܡܫܡܫܢܐ ܕܡܫܒܚܢܘܬܐ،
ܕܠܗ. ܫܠܡܐ ܥܡܢ.

ܒܥܘܬܐ

ܡܪܢ ܝܫܘܥ ܡܫܝܚܐ: ܢܛܪܝܗܝ
ܠܩܘܪܒܢܐ ܗܢܐ (ܡܢ ܟܠܗܝܢ ܡܘܡܣܝܢ):
ܚܠܦ ܟܠܗ ܥܕܬܐ ܩܕܝܫܬܐ ܩܬܘܠܝܩܝ.
ܘܚܠܦ ܟܠܗܘܢ، ܪܥܘܬܐ ܥܠܝܐ ܘܡܕܒܪܢܐ
ܕܥܕܬܗ ܩܕܝܫܬܐ. ܘܚܠܦ ܟܠܗܘܢ،
ܟܗܢܐ ܘܡܫܡܫܢܐ. ܘܚܠܦ ܟܠܗܘܢ،
ܒܬܘܠܐ ܘܡܗܝܡܢܐ. ܘܚܠܦ ܟܠܗܘܢ،
ܝܬܡܐ ܘܡܣܟܢܐ. ܘܚܠܦ ܟܠܗܘܢ،
ܟܪܝܗܐ ܘܡܬܟܪܗܢܐ. (ܘܚܠܦ ܟܠܗܘܢ،
ܡܘܬܐ ܘܡܫܬܥܠܝܢܐ.) ܘܚܠܦ

ശമ്മാശൻ പറയുന്നു

നിങ്ങളുടെ ഹൃദയങ്ങളിൽ പ്രാർത്ഥിപ്പിൻ;

സമാധാനം നമ്മോടുകൂടെ.

✠ കൃൂശാപ്പ ✠

ബലവാനായ ദൈവമായ കർത്താവേ, വിശുദ്ധ കാഥോലിക്ക സഭ മുഴുവന്നും, നിന്നെ പ്രസാദിപ്പിച്ച നീതിമാന്മാരും നിർമ്മലന്മാരുമായ എല്ലാ പിതാക്കന്മാർക്കും, എല്ലാ നവീയന്മാർക്കും ശ്ലീഹന്മാർക്കും, എല്ലാ സഹ്ദന്മാർക്കും മോദ്യാനന്മാർക്കും, എല്ലാ വിലപിക്കുന്നവർക്കും ദുഃഖിക്കുന്നവർക്കും, എല്ലാ മുട്ടുള്ളവർക്കും ക്ഷീണിച്ചവർക്കും, (എല്ലാ പുരോഹിതന്മാർ, രാജാക്കന്മാർ, അധികാരികൾ എന്നിവർക്കും,) എല്ലാ രോഗികൾക്കും ഞെരുക്കപ്പെടുന്നവർക്കും, നമ്മുടെ ഇടയിൽനിന്നു വേർപെട്ടു കടന്നുപോയ എല്ലാ മരിച്ചുപോയവർക്കും, നിന്റെ കരുണകൾക്കായ് നോക്കിക്കാത്തിരിക്കുന്ന ഈ ജനത്തിന്നും * ബലഹീനനും അരിഷ്ടനും ദരിദ്രനുമായ എനിക്കും വേണ്ടി ആവർത്തിക്കുക (എന്റെ ബലഹീനകരങ്ങളിൽനിന്ന്)

ܫܒܚܘܗܝ ܒܩܕܝܫܐ ܘܒܠܬܝܪܐ. ܘܣܠܩ
ܫܒܚܘܗܝ ܒܟܢܪܐ ܕܩܠܐ ܘܒܢܒܠܐ ܡܢ
ܫܡܝܐ. ܘܣܠܩ ܒܫܘܒܚܐ ܗܘܐ ܕܢܚܬ
ܘܡܫܒܚܐ ܠܥܠܡܝܢ ✤ ܘܣܠܩ ܢܣܒܘܗܝ
ܘܡܘܕܝܢ ܘܡܫܒܚܝܢ. ܥܢ. ܐܝܟ
ܡܪܝ ܘܐܠܗܝ: ܐܝܟ ܪ̈ܚܡܝܟ ܘܣܘܓܐܐ
ܕܛܝܒܘܬܟ: ܫܒܘܩ ܠܢ ܚܘ̈ܒܝܢ ܘܣܟܠܘ
ܬܢ: ܘܥܠ ܐܝܟ ܣܓܝ̈ܐܬܐ ܘܡܚܠܒܘܬܢ.
ܐܝܟ ܛܝܒܘܬܐ ܐܝܬܝܟ ܘܚܢܢ ܠܡܘܕܝܘ
ܕܝܘܡܐ: ܘܠܥܘܒܕܢܐ ܕܣܘܓܐܐ: ܒܟܠ
ܒܪܝܬܐ ܗܢܐ ܕܡܫܒܚܐ: ܕܒܝܬܘܡܪܘܬܐ
ܕܥܠܡܐ ܠܥܠܡ ܐܡܝܢ ܕܚܝܠܘ ܕܡܝܢܟ
ܐܡܝܢ ✱ ܘܩܐܡ ܘܐܡܪ ܒܥܐ ܡܪܝ. ܠ.
ܘܒܬܪܝܢ ✱ ܘܩܝܡܐ ܠܥܘܢܝܬܐ ܗܘܦܟܐ ܕܫܘܒܚܐ.

✤ ܥܘܢܝܬܐ ✤

ܡܫܒܚܝܢܢ ܠܟ ܡܪܝ. ܥܢ ܘܡܘܕܝܢܢ

ഈ കുർബ്ബാന കൈക്കൊള്ളേണമേ. അതേ ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നിന്റെ കരുണകളാലും കൃപകളുടെ ആധിക്യത്താലും നിന്റെ ജനത്തോടും അരിഷ്ടനായ എന്നോടും പ്രവർത്തിക്കേണമേ. എന്റെ പാപങ്ങൾക്കും ലംഘനങ്ങൾക്കും തക്കവണ്ണമരുതേ; എന്നാൽ നിന്നിൽനിന്നുള്ള കൃപയാൽ സത്യ.വിശ്വാസത്തോടെ ഞങ്ങൾ കൈക്കൊള്ളുന്ന ഈ വിശുദ്ധശരീരംമൂലം കടങ്ങളുടെ മോചനത്തിന്നും പാപങ്ങളുടെ പരിഹാരത്തിന്നും ഞാനും ഇവരും യോഗ്യരാക്കപ്പെടുമാറാകട്ടെ. ആമേൻ. എഴുന്നേറ്റു കർത്താവേ അനുഗ്രഹിക്കേണമേ എന്നു മൂന്നു പ്രാവശ്യം പറയുന്നു.

ഈ ഗ്ഹൻത്ത സാവധാനത്തിൽ തുടരുന്നു.

✠ ഗ്ഹൻത്ത ✠

കർത്താവേ, ഞങ്ങൾ നിന്നെ ആരാധിക്കുന്നു. ആവർത്തിക്കുക ഞങ്ങളുടെ പാപങ്ങൾമൂലം ഞങ്ങൾ യോഗ്യരല്ലാതിരിക്കെ നിന്റെ കരുണകളുടെ

ܠܟ ܘܡܫܒܚܝܢܢ ܠܟ. ܕܐܢܬ ܗܘ ܐܣܝܐ
ܡܛܠ ܚܛܗܝܢ. ܢܦܫܬܗ، ܠܗܘܢ
ܡܛܠ ܕܣܒܪܝܢ ܗܟܢܐ. ܘܢܦܫܬܗ،
ܘܦܓܪܗ، ܕܒܠܥܘܬܐ ܕܐܘܪܚܐ ܕܡܘܕܥܢܐ.
ܘܢܫܘܬܗ، ܠܡܫܡܫܘ ܡܕܡ ܕܡܫܡܫܢ
ܗܘܐ ܕܚܠܬܐ ܘܢܟܦܘܬܐ ܠܦܘܪܩܢܐ
ܕܢܦܫܬܢ. ܟܕ ܡܘܕܝܢ ܡܢܟܢ ܡܘܕܝܬܐ
ܕܡܘܬܒ ܚܕܘܬܐ ܕܩܕܡ. ܡܛܠ
ܦܘܪܩܢܐ ܕܗܢܐ ܕܝܘܡܐ ܠܥܠܡ. ܟܕ ܕܐܗ
ܢܒܚܬܐ ܟܕ، ܢܫܘܠ ܡܫܝܚܐ.
ܘܡܦܢܝܢ ܡܕܡ ܗܠܝܢ ܘܡܫܒܚܝܢ:
ܕܠܬܐ ܫܡܥܬܐ ܘܒܪܘܚܐ ܦܬܝܚܬܐ.
ܕܒܣܝܡܐ ܗܘܐ ܢܘܗܪܐ ܘܦܪܘܫܘܬܐ
ܘܡܦܢܝܢܢ. ܐܢܬ ܢܡܪܝܐ ܕܢܘܟܪܝܐ ܗܘ ܘܗ
ܕܥܡܠ ܣܛܢܐ ܕܫܠܡܬܐ. ܟܕ ܩܪܝܢ
ܡܪܝ ܘܡܫܬܒܚܝܢ ܠܟ. ܕܡܢܐ ܠܗܝܢ ܡܪܝ

ബഹുത്വത്താൽ നിന്റെ അരികിലേക്കു ഞങ്ങളെ അടുപ്പിക്കുകയും, റൂഹാദ്കുദ്ശായുടെ കൃപയാൽ ഞങ്ങളെ പുതുക്കി ശുദ്ധീകരിക്കുകയും, ഞങ്ങളുടെ ജീവന്റെ രക്ഷയ്ക്കായുള്ള ഭയാനകവും ദൈവികവുമായ ഈ ശുശ്രൂഷ തിരുമുമ്പാകെ അർപ്പിക്കുന്നതിന്നു നീ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്തിരിക്കുന്നതിനാൽ നിന്നെ ഞങ്ങൾ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ഞങ്ങളുടെ കർത്താവീശോമ്ശീഹായാകുന്ന നിന്റെ വത്സല പുത്രൻ മൂലം ഞങ്ങൾക്കെല്ലാവർക്കുമുണ്ടായ മഹാ രക്ഷയെപ്രതി വലിയ കൃതജ്ഞതയോടെ തിരുമുമ്പിൽ സ്തോത്രം ചെയ്തുകൊണ്ടു ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിന്റെ രഹസ്യമാകുന്ന ജീവനുള്ളതും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി നുറുങ്ങിയ ഹൃദയത്തോടും താഴ്മയുള്ള ആത്മാവോടുംകൂടി, മഹത്വമുള്ള ത്രിത്വത്തിന്റെ സന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്നു. കർത്താവേ, നിന്റെ ആരാധിക്കപ്പെട്ട ദൈവത്വം പ്രസാദിക്കേണമേ. എന്നും

ܐܠܗܘܬܟ ܡܫܒܚܬܐ. ܘܡܪܚܡܢܘܬܟ
ܝܬܩܢܠ ܡܘܬܒܐ ܗܢܐ ܕܝܢܐ ܘܚܢܢܐ.
ܕܒܗ ܢܬܕܝܢ ܘܢܬܦܪܥ ܥܠ ܐܦܝ
ܣܘܥܪܢܘܗܝ ܕܟܠܢܫ ✠ ܘܐܦ ܗܢܐ ܡܪܝܐ
ܬܢܝ. ܗܘ ܡܬܩܪܒ ܡܘܬܒܐ ܗܢܐ:
ܡܢܗ ܥܬܝܕ ܕܢܐܬܐ ܘܢܕܝܢ. ܫܠܘ ܟܠܗ
ܒܪܝܐ ܢܕܝܫܬܐ ܬܫܒܘܚܬܗ. ܕܢܥܕܐ
ܕܓܘܢܗ ܢܚܝܢ ܘܫܠܡܝܢ ܠܟܠܗܘܢ
ܢܡܘܣܗ ܕܟܠܢܫ ✠ ܒܝܡ ܡܪܗܘܢ ܘܥܠܗܘܢ.
ܬܢܝ. ܢܥܕܐ ܕܓܘܢܗ ܢܚܝܢ ܘܫܠܡܝܢ
ܠܟܠܗܘܢ ܢܡܘܣܗ ܕܟܠܢܫ. ܘܢܬܦܪܥܘܢ
ܡܢܗ ܥܒܕܝܐ ܘܡܫܘܚܬܐ ܕܒܘܩܝܐ
ܘܡܕܝܢܬܐ ܘܦܠܚܘܬܐ. ܘܡܬܢܣܒ ܟܠ
ܠܚܕܕܐ ܒܚܕܐ ܠܐܘܡܬܐ. ܒܠܚܘܕ ܕܝܢܐ
ܘܚܘܣܢܐ ܟܠܢܫ ✠ ܘܫܠܘ ܠܟܠܗܘܢ
ܢܓܒܘܢ ܢܡܣܘܩܐ ܘܦܘܪܥܢܐ:

ലോകത്തിന്റെ പാപത്തിന്നുവേണ്ടി നീ അതിൽ പ്രസാദിച്ചു, രമ്യപ്പെട്ട നിർമ്മലവും പരിശുദ്ധവുമായ ഈ കുർബ്ബാന നിന്റെ കരുണയാൽ കൈക്കൊള്ളപ്പെടേണമേ എന്നു ഞങ്ങൾ നിന്നോടു യാചിക്കയും അപേക്ഷിക്കയും ചെയ്യുന്നു. * ഇപ്പോഴും കർത്താവേ, ആവർത്തിക്കുക പരിശുദ്ധ കാഥോലീക്ക സഭ മുഴുവന്നുംവേണ്ടി നിന്റെ സമാധാനവും സംപ്രീതിയും ലോകമുള്ള നാളെല്ലാം അതിൽ വസിപ്പിക്കുവാനായി വലുതും ഭയങ്കരവുമായ നിന്റെ തിരുനാമസന്നിധിയിൽ ഇതാ ഈ കുർബ്ബാന അർപ്പിക്കപ്പെടുന്നു. * ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ആവർത്തിക്കുക അതിനുള്ളിൽ നിന്റെ സമാധാനവും സംപ്രീതിയും ലോകമുള്ള നാളുകളെല്ലാം വസിപ്പിക്കേണമേ. പീഡകളും കലഹങ്ങളും തർക്കങ്ങളും ഭിന്നതകളും വിഭാഗങ്ങളും അതിൽനിന്നകറ്റുകയും, ഞങ്ങളെല്ലാവരും നിർമ്മലഹൃദയത്തോടും പരിപൂർണ്ണസ്നേഹത്തോടും ഐക്യത്തോടും പരസ്പരം അതിനെ അനുഗമിക്കുകയും ചെയ്യുമാറാകട്ടെ. ഈ

ܘܢܨܚܢܐ ܘܡܢܨܚܢܘܬܐ: ܐܢܫܝܢ ܕܐܝܬܝܗܘܢ
ܒܬܫܡܫܬܐ ܗܕܐ ܕܝܘܡܢܐ. ܕܢܬܦܨܘܢ
ܘܢܬܚܣܘܢ، ܡܢܗܝܢ ܕܒܝܫܬܐ ܘܥܘܠܬܐ
ܘܢܟܪܝܬܐ. ܘܢܫܒܚܘܢ، ܠܥܠܡܝܢ:
ܐܝܟܢܐ ܕܢܫܬܘܘܢ، ܠܡܫܒܚܘ ܡܪܢ
ܕܝܠܗ ܟܠܗ ܘܡܫܒܚܬܐ. ܕܠܥܠܡ
ܕܥܠܡ، ܐܡܝܢ ܡܫܝܚܐ❖ ܘܣܓܘ
ܠܟܘܢ، ܒܝܬܗ ܕܡܪܝܬܐ ܡܢܝܫܬܐ
ܡܬܚܠܡܝܢ ܕܚܝܠ ܘܕܒܝܠܝܢ ܐܬܪ.
ܕܝܬܒܘ، ܒܡܓܝܪܬܐ ܕܡܪܘܬܗ:
ܒܡܫܝܚܘܬܐ ܕܝܘܡܢܐ ܘܟܢܘܫܬܐ ܟܠܗ
ܘܡܫܡܫܢܐ: ܠܡܘܕܝܬܐ ܕܫܒܚܘ، ܘܣܓܘ
ܟܒܢܝ ܢܟܪܝܐ ܘܡܫܟܢܬܐ: ܕܒܚܒܘܒܝ
ܡܪܝ ܡܢܫܐ ܫܒܘܚܝ ܘܐܒܕܪ
ܡܬܠܗܡܢ. ܐܢܫܝܢ ܕܒܟܝ ܡܪܝܐ ܐܢܬ ܘܐܒܝ
ܠܟ ܡܪܝܐ ܐܢܬ: ܫܠܝܚܝ ܘܐܫܬܠܝ

സത്യശുശ്രൂഷയിലുള്ള ഞങ്ങളുടെ പിതാക്കന്മാരായ എല്ലാ അപ്പിസ്ക്കോപ്പന്മാർ, പിർയാദോത്തന്മാർ, കശ്ശീശന്മാർ, ശമ്മാശന്മാർ എന്നിവർ നിർമ്മലതയോടും ശോഭയോടും വിശുദ്ധിയോടുംകൂടെ തിരുമുമ്പിൽ നിലനിന്നു ശുശ്രൂഷ ചെയ്‌വാനും, തിരുവിഷ്ടത്തെ പ്രസാദിപ്പിക്കുവാനും, അങ്ങനെ ഞങ്ങളുടെ കർത്താവീശോമ്ശീഹായുടെ പ്രത്യക്ഷതയിങ്കൽ നിന്നിൽനിന്ന് ഉത്തമവും മഹോന്നതവുമ്ായ സ്ഥാനങ്ങൾ പ്രാപിക്കുവാൻ യോഗ്യരാക്കപ്പെടുന്നതിനു വേണ്ടിയും, ഇവിടെയും എല്ലാ സ്ഥലത്തുമുള്ള പരിശുദ്ധ കാഥോലീക്കീസഭയുടെ മക്കളെല്ലാവരും അവരുടെ ജീവന്റെ രക്ഷയ്ക്കായി സത്യവിശ്വാസത്തോടും നല്ലതും വിശിഷ്ടവുമായ പ്രവൃത്തികളോടുംകൂടെ നിന്റെ കർത്തൃത്വത്തിന്റെ ആരാധനയിൽ വളർത്തപ്പെടുവാൻ അവർക്കു വേണ്ടിയും; അറിഞ്ഞും അറിയാതെയും ഞാൻ തിരുമുമ്പാകെ പിഴചെയ്ത എന്റെ പാപങ്ങളെ നിന്റെ കൃപയാൽ മോചിക്കയും, എന്റെ അകൃത്യങ്ങളെ മായ്ച്ചുകളയുകയും ചെയ്യുന്നതിന്നു

ܡܪܚܡܢ. ܫܘܒܚ ܠܗܘ، ܐܢܫܝܢ
ܕܡܫܬܠܛܝܢ، ܡܫܡܫܢܝ ܒܗܘܦܟܐ ܗܘܝܐ:
ܕܝܥܩܘܒ، ܡܪܚܡܢ ܩܕܝܫܐ ܘܚܣܝܢܐ
ܘܝܗܘ، ✠ ܫܘܒܚ ܦܩܕܐ ܕܝܠܕܬܐ
ܘܡܫܘܕܥܘܬܐ ܕܐܒܐ ܕܝܠܕܬܗ ܠܠܒܟܠ
ܕܒܢܝܐ ܒܟܠܡܘܬܗ. ܩܢܝ ܠ ܐܠܗܝ ✠
ܫܘܒܚ ܠܗ ܠܝܫܐ ܕܝܢܬܬܐ: ܐܢܫܝܢ
ܕܚܫܒܬܐ ܘܒܝܡܘܢ ܠܒܝܬܗܘ،
ܕܒܟܠܡܘܬܗ ܡܪܢ ܫܡܥܐ ܝܗܘ،
ܠܒܢܝܢܐ ܕܥܕܬܐ ܘܠܩܕܝܫܬܐ ܕܡܪܘܬܗ.
ܕܝܠܘܕܝܢ ܕܐܬܐ ܐܠܗܐ ܐܢܫܐ
ܕܥܕܬܐ ܒܠܥܘܕܝܢ: ܟܠܗܐ ܕܝܠܗ ܐܬܐ
ܕܒܠܗܘ، ܒܢܬܬܐ ܝܗܘ، ܘܝܫܘܥܘ،
ܠܒܢܝܢܐ ܕܥܕܬܐ. ܘܒܝܠܕܗ، ܕܐܬܗ
ܡܪܢܐ ܕܡܢ ܡܫܘܡ ܘܡܢ ܟܠܢ. ܚܢܢܐ
ܐܠܗܐ ܕܟܠ ܒܟܝܢ. ܟܕܒܘܟܐ ܕܒܠܗ

പാപിയും കുറ്റക്കാരനുമായ ഈ നിന്റെ ദാസന്നുവേണ്ടിയും, ആർക്കായിട്ട് ഈ കുർബ്ബാന അർപ്പിക്കപ്പെടുന്നുവോ അവരെല്ലാവരും തിരുമുമ്പാകെ കരുണകളും ദയയും കണ്ടെത്തി ജീവിക്കുവാൻ അവർക്കുവേണ്ടിയും * നിന്റെ കൃപയാൽ വത്സരത്തിന്റെ ഫലം അനുഗ്രഹിക്കപ്പെടേണ്ടതിന്നും ഭൂമിയിലെ ഉല്പന്നങ്ങൾക്കും കാലാവസ്ഥക്കും വേണ്ടിയും മൂന്നു പ്രാവശ്യം ആവർത്തിക്കുക പാപത്തിലും തെറ്റിലും അകപ്പെട്ടിരിക്കുന്ന മനുഷ്യവർഗ്ഗമെല്ലാം സത്യത്തിന്റെ പിതാവായ ദൈവം നീ മാത്രമാണെന്നും, എല്ലാ മനുഷ്യരും ജീവിക്കുകയും സത്യത്തിന്റെ അറിവിലേക്കു തിരിച്ചുവരേണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന നല്ലവനാണ് നീയെന്നു നിന്നെപ്പറ്റി അറിയുന്നതിന്നും, നീ അനാദിയായും എന്നെന്നേക്കും കർത്താവാണെന്നും, നിർമ്മിതമല്ലാത്ത സകലത്തിന്റെയും സ്രഷ്ടാവായ പിതാവും പുത്രനും റൂഹാദ്കുദ്ശായുമാകുന്ന ദൈവസ്വഭാവമാണെന്നും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി ദൈവ

ܩܕܝܫ. ܐܒܐ ܘܒܪܐ ܘܪܘܚܐ ܕܩܘܕܫܐ.
ܗܘ ܕܡܫܬܠܡܗ̇ ܒܢܝ̈ܢܫܐ ܘܡܫܬܠ
ܦܘܪܩܢ: ܒܪܐ ܕܐܠܗܐ: ܐܠܗܐ ܡܫܝܚܐ:
ܠܟܡ ܒܢ̈ܝܢܫܐ ܡܫܠܡܢܘܬܐ ܡܪܢ ܝܫܘܥ
ܡܫܝܚܐ. ܘܐܬܓܠܝܬ ܘܐܬܝܕܥܬ ܒܫܡܝܐ
ܕܐܠܗܐ ܘܒܪܘܚܐ ܕܩܘܕܫܐ. ܘܐܬܚܕܘܗܝ
ܡܢ ܟܠܗ ܕܐܠܗܐ ܘܒܪ̈ܢܫܐ. ܘܡܗܘܕܝܐ
ܕܫܒܩܐ ܠܥܠܡ ܥܠܡܝܢ. ܠܟܠܗܘܢ،
ܐܢܫܝܢ ܕܡܬܩܪܒܝܢ ܒܗܝܡܢܘ ܠܐܠܗܐ
ܐܒܐ. ܗܘ ܕܠܗ ܫܘܒܚܐ ܘܬܘܕܝܬܐ ܠܥܠܡ
ܥܠܡܝܢ: ܐܡܝܢ ✠ ܐܦ ܡܪܢ، ܘܐܠܗܢ،.
ܚܒ ܐܬܐ ܡܢܢ ܒܡܘܬܒܗ ܕܫܡܝܐ
ܗܘܐ ܕܬܘܕܝܬܐ: ܕܐܬܓܠܝܬ ܦܪܨܘܦܐ
ܡܠܟܐ ܕܥܘܠܡܐ. ܕܗܝܡܢ ܒܫܡܝܐ
ܕܘܡܝܐ ܥܒܕܐ: ܠܢܘܗܪܐ ܐܘܡܬܐ:
ܘܠܟܠܗܝܢ ܐܘܡܬܐ: ܘܠܥܠܡܐ ܟܠܗ̇:

പുത്രനായ വചനമായ ദൈവമാകുന്ന ഞങ്ങളുടെ കർത്താവീശോമ്ശിഹ പൂർണ്ണമനുഷ്യത്വം ധരിക്കുകയും ദൈവശക്തിയാലും റൂഹാദ്കുദ്ശായാലും പൂർത്തീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തു എന്നും, താൻ ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനും താൻമൂലം പിതാവായ ദൈവത്തിങ്കലേക്കു - തനിക്കു സ്തുതിയും പുകഴ്ചയും എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ ആമേൻ - അടുത്തുവരുന്ന ഏവർക്കും നിത്യജീവനെ നല്കുന്നവനുമാകുന്നുവെന്നും അറിയുന്ന സത്യപരിജ്ഞാനത്തിന്നും, നിന്റെ കർത്തൃത്വത്തിന്റെ ആരാധനക്കും നിന്റെ കൃപയാൽ അവരെ യോഗ്യരാക്കുവാൻവേണ്ടിയും * ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ആവർത്തിക്കുക പൂർവ്വികനീതിമാന്മാർക്കും പരിശുദ്ധനവിയന്മാർക്കും ഭാഗ്യവാന്മാരായ ശ്ലീഹന്മാർക്കും സഹദന്മാർക്കും മോദ്യാനന്മാർക്കും അപ്പിസ്ക്കോപ്പന്മാർക്കും മല്പാനന്മാർക്കും കശ്ശീശന്മാർക്കും ശമ്മാശന്മാർക്കും ഈ ലോകത്തിൽനിന്നു

ܘܠܦܛܪܝܪܟܐ ܘܠܡܝܛܪܦܘܠܝܛܐ: ܘܠܐܦܝܣܩܘܦܐ
ܘܠܡܠܦܢܐ: ܘܠܟܗܢܐ ܘܠܡܫܡܫܢܐ:
ܘܠܟܠܗܘܢ ܒܢܝܗ ܕܥܕܬܐ ܩܕܝܫܬܐ
ܩܬܘܠܝܩܝ: ܐܝܟܢ ܕܢܛܘܪܘܬܐ
ܕܫܠܡܐ ܢܛܪܘ ܡܢ ܒܝܫܬܐ ܗܪܟܐ ✠

ܗܘܦܟܐ ܕܝܘܡ: ܘܡܫܦܚ ܥܠ ܢܦܫܗ.

ܕܐܬܓܠܝܬ ܡܪܝ ܒܦܓܪܐ ܐܢܬ:
ܠܟܠܗܘܢ ܚܛܝܐ ܘܫܒܩܬܘܢ: ܐܝܟܢ
ܕܫܠܡܐ ܗܘܐ ܒܦܓܪܐ ܡܚܘܐ
ܘܓܪܓܝܢܐ ܡܫܬܠܦܢܐ: ܚܙܘ
ܘܐܫܬܠܘ ܡܢܝܢ ✠ ܕܠܗ ܫܘܒܚܐ ܕܟܠ
ܫܥܝܢ: ܘܠܟ ܐܝܢ ܥܠ ܩܢܘܡܐ ܘܐܘܫܥܢܐ
ܕܡܢ ܠܥܠܡ. ܐܡܝ. ܘܨܠܝܢ ܡܢܢ ܡܪܝ:
ܘܡܬܟܫܦܝܢ ܠܟ: ܘܡܫܒܚܝܢ ܠܟ:
ܘܣܓܕܝܢ ܠܟ: ܕܢܬܪܚܡ ܡܪܝ
ܥܠܘܗܝ ܫܝܢܐ ܘܡܫܬܘܕܝܢ:

സത്യവിശ്വാസത്തിൽ മരിച്ചുപോയവരായ വിശുദ്ധ കാഥോലിക്കി സഭയുടെ മക്കളെല്ലാവർക്കും തിരുമുമ്പാകെ നല്ല ഓർമ്മ ഉണ്ടാകുവാൻവേണ്ടിയും ഞങ്ങളുടെ അധരങ്ങളുടെ വിവേകത്തോടുകൂടിയ ഫലങ്ങളാകുന്ന സ്തോത്രത്തിന്റെ ഈ ബലി കർത്താവേ, നിന്റെ കൃപയാൽ ഞങ്ങളിൽനിന്നു കൈക്കൊള്ളേണമേ. ഇവിടെ മുദ്രയിട്ടു മുഖത്തേയ്ക്കു കൈ നീട്ടുന്നു കർത്താവേ മർത്ത്യമായ ശരീരത്തിലും വ്യത്യാസപ്പെടുന്ന ആത്മാവിലും ഈ ലോകത്തിൽ തിരുമുമ്പാകെ അവർ ചെയ്ത എല്ലാ പാപങ്ങളും കുറ്റങ്ങളും നിന്റെ കൃപയാൽ പരിഹരിക്കേണമേ. * പാപം ചെയ്യാത്തവനും തിരുസന്നിധിയിൽനിന്നുള്ള കരുണയും പാപമോചനവും ആവശ്യമില്ലാത്തവനുമായി ഒരു മനുഷ്യനുമില്ലല്ലോ. ആവർത്തിക്കുക കർത്താവേ, ആരാധിക്കപ്പെട്ട നിന്റെ ദൈവത്വവും നിന്റെ കരുണയും പ്രസാദിക്കുമാറാകേണമേ എന്നു ഞങ്ങൾ നിന്നോടു യാചിക്കയും അപേക്ഷിക്കയും പ്രാർത്ഥിക്കയും നിന്നെ വന്ദിക്കയും ചെയ്യുന്നു.

ܒܥܘܬܐ

ܥܠܝܢ ܘܥܠ ܩܘܪܒܢܐ ܗܢܐ ܛܝܒܘܬܐ
ܕܪܘܚܐ ܕܩܘܕܫܐ. ܘܬܫܪܐ ܘܬܓܢ ܥܠ
ܠܚܡܐ ܗܢܐ ܘܥܠ ܟܣܐ ܗܢܐ. ܘܬܒܪܟ
ܘܬܩܕܫ ܘܬܚܬܘܡ ܐܢܘܢ: ܒܫܡ ܐܒܐ
ܘܒܪܐ ܘܪܘܚܐ ܕܩܘܕܫܐ. ܘܢܗܘܐ
ܒܚܝܠܐ ܕܫܡܟ ܠܚܡܐ ܗܢܐ: ܦܓܪܗ
ܩܕܝܫܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ. ܘܟܣܐ
ܗܢܐ ܕܡܗ ܝܩܝܪܐ ܕܡܪܢ ܝܫܘܥ
ܡܫܝܚܐ. ܘܟܠ ܡܢ ܕܒܗܝܡܢܘܬܐ ܫܪܝܪܬܐ
ܐܟܠ ܡܢ ܠܚܡܐ ܗܢܐ: ܘܫܬܐ ܡܢ
ܟܣܐ ܗܢܐ: ܢܗܘܘܢ ܠܗ ܡܪܝ ܠܚܘܣܝܐ
ܕܚܘܒܐ: ܘܠܫܘܒܩܢܐ ܕܚܛܗܐ: ܘܠܣܒܪܐ
ܪܒܐ ܕܩܝܡܬܐ ܕܡܢ ܒܝܬ ܡܝܬܐ:
ܘܠܦܘܪܩܢܐ ܕܦܓܪܗ ܘܕܢܦܫܗ: ܘܠܚܝܐ

ഞങ്ങളുടെ മേലും ഈ കുർബ്ബാനമേലും
റൂഹാദ്കുദ്ശായുടെ കൃപ
വരികയും

ഈ അപ്പത്തിന്മേലും ക്യാസയിന്മേലും ആവസിക്കുകയും നിഴലിക്കുകയും പിതാവിന്റെയും പുത്രന്റെയും റൂഹാദ്കുദ്ശായുടെയും നാമത്തിൽ ഇവയെ വാഴ്ത്തി വിശുദ്ധീകരിച്ചു മുദ്രയിടുകയും ചെയ്യുമാറാകേണമേ. നിന്റെ തിരുനാമത്തിന്റെ ശക്തിയാൽ ഈ അപ്പം ഞങ്ങളുടെ കർത്താവീശോമ്ശീഹായുടെ തിരുശരീരവും, ഈ ക്യാസ ഞങ്ങളുടെ കർത്താവീശോമ്ശീഹായുടെ വിലയേറിയ തിരുരക്തവുമായിത്തീരുകയും, സത്യവിശ്വാസത്തോടെ ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഈ ക്യാസയിൽനിന്നു കുടിക്കുകയും ചെയ്യുന്നവനാരോ അവന്നു, കർത്താവേ, ഇവ കടങ്ങളുടെ മോചനത്തിന്നും, പാപങ്ങളുടെ പരിഹാരത്തിന്നും, മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനത്തിന്റെ വലിയ പ്രത്യാശക്കും, അവന്റെ ശരീരാത്മാക്കളുടെ രക്ഷയ്ക്കും, എന്നെന്നേക്കുമുള്ള ജീവന്നും, മഹത്വത്തിന്നുമായിത്തീരുകയും

ܘܠܡܫܘܚܬܐ ܕܠܥܠܡ ܥܠܡܝܢ.
ܘܐܣܘܬܐ ܠܟܠܢ ܕܡܬܟܢܫܝܢ ܕܗܪܟܐ،
ܒܫܘܪ ܡܫܝܚܐ: ܕܒܗ ܟܠܗܘܢ،
ܐܢܫܝܢ ܕܥܒܕܘ ܠܨܒܝܢܟ: ܘܐܬܪܥܝܘ
ܒܢܝ ܦܘܩܕܢܝܟ. ܢܬܒܣܡܘܢ ܕܡܠܟܘܬܐ
ܕܫܡܝܐ ܕܡܠܝܬܐ ܕܐܬܛܝܒܬ، ܘܟܠ
ܬܒܥܐ، ܚܝ.

ܡܢ ܕܐܡܪ ܩܠܐ ܘܥܢܝܢ ܟܠܢ.
ܐܡܪ ܡܫܡܫܢܐ: ܒܫܝܢܐ ܘܒܫܠܡܐ
ܢܗܘܐ، ܩܘܡܘ ܘܨܠܘ: ܫܠܡܐ
ܥܡܢ.

ܥܘܢܝܬܐ

ܘܗܘܕܝܬܐ ܘܣܒܪܬܐ ܟܠܢ ܒܢܦܫܢ ܢܣܩܘܢ.
ܬܘܕܝܬܐ ܘܣܓܕܬܐ ܘܫܘܒܚܐ. ܠܒܪܐ
ܘܠܐܒܐ ܘܠܪܘܚܐ ܕܩܘܕܫܐ. ܗܫܐ

ചെയ്യുമാറാകട്ടെ. തിരുവിഷ്ടത്തെ പ്രസാദിപ്പിക്കുകയും, നിന്റെ കല്പനകളനുസരിച്ചു ജീവിക്കുകയും ചെയ്ത എല്ലാവരോടുംകൂടെ, നമ്മുടെ കർത്താവീശോമ്ശീഹായുടെ കൃപയാൽ ഞങ്ങളെല്ലാവരെയും യോഗ്യരാക്കേണമേ * സ്വർഗ്ഗരാജ്യത്തിൽ വരുവാനിരിക്കുന്ന നശിച്ചുപോകാത്ത നന്മകളിൽ ഞങ്ങളും ആഹ്ലാദിക്കുവാനായിട്ടുതന്നെ. ആവർത്തിക്കുക

'ഞങ്ങളുടെ മേൽ വരികയും' എന്നു പുരോഹിതൻ പറയുമ്പോൾ ശമ്മാശൻ പറയുന്നു. നിശ്ശബ്ദമായും ഭയഭക്തിയോടുകൂടെയും എഴുന്നേറ്റുനിന്നുകൊണ്ടു പ്രാർത്ഥിപ്പിൻ. നമ്മോടുകൂടെ സമാധാനം.

✠ കാനോനാ ✠

ഇവിടെയും അവിടെയും ഞങ്ങളെല്ലാവരും ഒരുമിച്ച് ഒരുപോലെ പിതാവിനെയും പുത്രനെയും റൂഹാദ്കുദ്ശായെയും സ്തോത്രം ചെയ്കയും ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും.

ܘܒܟܠ ܙܒܢ ܘܠܥܠܡ ܥܠܡܝܢ. ܘܚܬܡ
ܥܠ ܥܡܐ. ܘܥܢܝܢ: ܐܡܝܢ.

ܘܡܫܠܡܝܢ ܟܠ ܡܕܡ ܐܝܟ ܕܟܬܝܒ
ܒܟܬܒܐ ܕܥܠܡܢܝܐ ܠܥܘܢܝܬܐ ܚܕ
ܕܦܫܝܛܐ: 64 ✤

ܫܠܡ ܠܟܘܢ ܡܢܝ
ܘܒܥܘܬܐ ܕܠܘܬܟ ܡܪܝ ܓܪܝܓܘܪܝܘܣ
ܡܢܗܪܢܐ ܕܥܡ̈ܡܐ ܐܪ̈ܡܢܝܐ.
ܢܠܘܦܘ ܠܟܝܢܐ ܕܡܘܡܝܬܐ.

രഹസ്യങ്ങളിന്മേൽ മുദ്രയിടുന്നു.

ഉത്തരം **ആമേൻ.**

തുടർന്ന് ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ കൂദാശക്രമത്തിൽ എഴുതപ്പെട്ടിരിക്കുന്നതെല്ലാം ചെയ്യുന്നു.

64-ാം പേജ് മുതൽ

ദിവ്യഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവായ

മാർ തിയാദോറോസ് എന്ന ഭാഗ്യവാന്റെ

കൂദാശക്രമം കർത്താവിന്റെ സഹായത്താൽ

പൂർത്തീകരിച്ചിരിക്കുന്നു.

തന്റെ പ്രാർത്ഥന വിശ്വാസികളുടെ

കൂട്ടത്തിന്ന് ഉണ്ടായിരിക്കുമാറാകട്ടെ.

ܩܘܡ

ܥܰܠ ܢܺܫܠܘ ܕܡܳܪܝ ܐܰܦܪܶܝܡ ܡܰܠܦܳܢܳܐ
ܡܥܰܕܪܳܢܳܐ ܠܡܶܫܬܰܡܥܽܘ

ܡܘܬܒܐ

ܕܡܳܪܝ ܝܰܥܩܽܘܒ

ܦܶܢܩܺܝܬܳܐ ܕܩܽܘܪܒܳܢܳܐ ܕܝܰܘܡ ܚܰܕ
ܘܡܶܬܩܰܪܒܳܢܽܘܬܳܐ ܡܫܰܡܫܳܢܳܐ.

ܘܰܗܳܝ ܕܟܽܠ ܕܡܢܳܐ: ܘܰܐܒܽܘܬܳܐ ܕܟܽܠܗ̇
ܥܕܳܬܳܐ ܕܫܽܘܒܚܳܐ ܢܽܘܚܡܳܐ ܕܩܽܘܕܫܳܐ.

ܡܳܪܝ ܢܰܦܫܝ ܒܳܪܶܟ: ܫܽܘܒܚܳܐ
ܕܡܪܝܡܐ ܠܡܫܝܚܐ:

ܬܘܒ ܫܚܠܦ ܠܩܠܐ ܕܣܘܓܝܬܐ ܢܦܫܐ
ܠܡܘܬܒܗ ܕܡܳܪܝ ܝܰܥܩܽܘܒ

വീണ്ടും

നമ്മുടെ കർത്താവീശോമ്ശീഹായുടെ ശക്തിയാൽ
രക്തച്ചൊരിച്ചൽ അനുഭവിക്കാത്ത സഹ്ദായും
സത്യവിശ്വാസത്തിന്റെ സത്യത്തിനുവേണ്ടി
പീഡിപ്പിക്കപ്പെട്ടവനുമായ

ബൊസന്തിയായുടെ അതായതു
കുസ്തന്തീനാപ്പോലീസ് നഗരിയുടെ
പാത്രിയർക്കീസ്

മാർ നെസ്തോറീസിന്റെ കൂദാശക്രമം

ഞങ്ങൾ എഴുതുവാൻ തുടങ്ങുന്നു.

മാർ ആവാറബ്ബോ കാഥോലിക്കാ -
അദ്ദേഹത്തിന്റെഓർമ്മ വാഴ്ത്തപ്പെടുമാറാകട്ടെ

റോമൻ പ്രദേശങ്ങളിൽ എത്തിയപ്പോൾ മാർ നെസ്തോറീസ്സിന്റെ കൂദാശക്രമവും, അദ്ദേഹത്തിന്റെ

ܘܫܡܫܘܗܝ ܒܟܠܗ: ܡܢ ܕܘܟܬܐ
ܠܕܘܟܬܐ: ܐܝܟ ܕܡܘܕܥ ܡܪܝ ܒܐܓܪܬܗ.
ܘܦܘܠܚܢܐ ܕܫܠܝܚܘܬܐ ܥܒܕ ܠܡܫܝܚܐ.
ܥܠܘܗܝ ܒܟܠܢ ✤

ܘܡܫܒܚܝܢ ܒܗ ܐܝܟ ܕܐܝܬ ܒܥܕܬܐ:
ܒܕܝܢܐ ✤ ܐܝܟܘܬܐ ܕܡܪܝ ܝܘܚܢܢ
ܡܫܡܫܢܐ ✤ ܒܩܘܒܪܐ ܕܡܠܟܘܬܐ
ܕܘܒܪܐ ✤ ܐܢܫܐ ܕܫܘܒܚܐ
ܕܒܗܘܢܐ ✤ ܒܦܫܛܐ ✤ (ܡܕܒܚܐ ܡܫܡܫܢܐ
ܥܘܬܐ ܐܚܪܬܐ ܕܒܟܝ ܒܠܡܝܕܘ
ܡܠܟܐ ܕܩܝܡܐ ܕܐܠܗܐ: ܒܫܡܐ
ܠܦܢܝܬܐ: (32

✤ ܒܩܠܐ ܡܫܡܫܢܐ ✤

ܡܫܒܚܝܢ ܡܟܐ ܘܐܠܗܐ ܠܟܘܢܫܐ
ܥܕܬܐ ܕܡܫܝܚܐ ܕܠܗܘܢ. ܩܕ.
ܕܐܝܟ ܐܚܪܢܐ ܐܢܫ ܘܢܗܪܐ ܡܥܠܠ

എല്ലാ കൃതികളും ഗ്രീക്കിൽനിന്നു സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്തതായി പിതാക്കന്മാർക്ക് എഴുതിയ പ്രസ്താവനയിൽ മാർ യോവാനീസ് കാഥോലിക്ക പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മുടെ മേൽ ഉണ്ടാകുമാറാകട്ടെ.

ആണ്ടിൽ അഞ്ചുപ്രാവശ്യം ഈ കുർബാനക്രമം ഉപയോഗിക്കുന്നു.

ദിൻഹാ * മാർ യോഹന്നാൻ മാംദ്ദാനയുടെ വെള്ളിയാഴ്ച * ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മദിവസം നിൻവെക്കാരുടെ ബാവൂത്തയുടെ (മൂന്നു നൊയമ്പിന്റെ) ബുധനാഴ്ച * പെസഹ *

(ആദ്യമായി കുർബ്ബാന തക്സായിൽ **32-ാം** പേജ് വരെ എഴുതിയിരിക്കുന്നവ സർവ്വവും പൂർത്തീകരിച്ച ശേഷം പുരോഹിതൻ ആരംഭിക്കുന്നു.)

✠ ആദ്യത്തെ ഗിഗ്ല ✠

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ഞങ്ങളോടുള്ള നിന്റെ കൃപയുടെ കവിഞ്ഞൊഴുകുന്ന ഐശ്വര്യത്തെ ഞങ്ങൾ സ്തുതിക്കുന്നു. ആവർത്തിക്കുക

ܗܝܟܠܐ ܕܡܫܝܚܘܬܗ. ܒܬܘܕܝܬܗ
ܕܐܫܬܡܥ ܠܟܠܗܘܢ ܥܡܡܐ ܕܦܠܓܘܬܐ ܘܕܩܕܡܐ
ܕܡܫܝܚܐ. ܟܕ ܥܠܡܝܢ ܒܘܝܕܐ ܕܡܢܝܢ
ܠܗܘܢܟܠ ܕܢܦܫܬܗ ܂ ܕܒܗܘܢܐ ܥܠܡܐ
ܘܒܗ ܡܕܒܪܢܘܬܐ ܥܒܕܐ ܒܢܝܢ
ܠܡܘܗܒܬܗ ܕܠܘܗܝ. ܗܒ.

ܚܘܬܡܐ

ܐܝܢ ܡܪܝ ܘܐܠܗܝ ܗܒ. ܟܠ
ܒܚܘܪ ܕܗܝܟܠܐ ܕܡܫܝܚܘܬܟ: ܘܟܠ
ܕܒܟܠ ܡܕܒܪܢܘܬܟ ܡܢ ܡܘܗܒܬܐ ܕܒܢܝܢܐ.
ܕܟܠ ܕܡܫܒܚܘܬܟ ܟܠ ܡܫܡܠܝܬܐ:
ܡܢܟ ܠܕܝܢܘܬܐ ܗܘܐ ܡܢ ܐܒܝܢ. ܘܗܒ
ܟܗ ܚܝܠܐ ܘܡܫܡܠܝܘܬܐ: ܕܡܫܒܚ
ܫܒܝܚ ܡܫܝܚܐ ܠܡܫܚܘܗܝ. ܕܗܘܐ
ܕܡܫܒܠܝܢ ܠܢܗ ܒܚܕܘܬܐ ܕܘܟܝܬܐ:
ܒܟܢܫܐ ܕܡܝܢ ܒܗܝܢ: ܡܫܒܚ ܡܫܡܫܢ

ഞങ്ങൾ പാപികളും കുറവുള്ളവരുമായിരിക്കെ നിന്റെ മ്ശീഹായുടെ ശരീരത്തിന്റെയും രക്തത്തിന്റെയും വിശുദ്ധ രഹസ്യങ്ങളെ ശുശ്രൂഷിക്കുവാൻ നിന്റെ മനസ്സലിവിന്റെ ആധിക്യത്താൽ ഞങ്ങളെ യോഗ്യരാക്കിയല്ലോ. ഞങ്ങളുടെ ആത്മാക്കളുടെ ബലത്തിന്നുവേണ്ടി നിന്നിൽനിന്നുള്ള സഹായം ഞങ്ങൾ യാചിക്കുന്നു. * പൂർണ്ണസ്നേഹത്തോടും സത്യവിശ്വാസത്തോടുംകൂടെ ഞങ്ങളുടെ നേരെയുള്ള നിന്റെ ദാനത്തെ ഞങ്ങൾ ശുശ്രൂഷിക്കുന്നതിന്നായിട്ടുതന്നെ. ആവർത്തിക്കുക.

✠ ക്യൂശാപ്പ ✠

അതേ ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ആവർത്തിക്കുക ഞങ്ങളുടെ പാപങ്ങളുടെ ബഹുത്വത്തെ നോക്കരുതേ. ഞങ്ങളുടെ തിന്മകളുടെ ഭാരം നിമിത്തം നിന്റെ കർത്തൃത്വത്തിന്നു വെറുപ്പു തോന്നരുതേ. എന്നാൽ പറഞ്ഞാൽ തീരാത്ത നിന്റെ കൃപയാൽ ഞങ്ങളുടെ കൈകളിൽനിന്ന് ഈ ബലി കൈക്കൊള്ളേണമേ. ഇതിനാൽ ഞങ്ങളുടെ അനേകമായ പാപങ്ങളുടെ മോചനം സാധിക്കുവാൻ ഞങ്ങൾക്കു ശക്തിയും പ്രാപ്തിയും

ܠܡܫܝܚܗ ܘܣܓܕܬܐ: ܘܬܫܒܘܚܬܐ ܠܐܒܘܗܝ
ܥܡ ܟܠܗܝܢ ܡܫܒܚܢܘ̈ܬܐ. ܘܫܪܝܐ ܩܠܐ
ܕܠܘܬܐ ܗܘ ܕܩܕܡ ܟܕ ܥܘܗܕܢܐ ܒܪ
ܠܗܘܢ ܩܕܡ ܡܫܒܚܐ ✤

✤ ܒܥܘܬܐ ✤

ܫܘܒܚܠܟ ܡܫܝܚܐ ܕܐܬܓܠܝܬ.
ܫܘܒܚܠܟ ܡܫܒܚܢܐ ܕܡܫܒܚܬܐ. ܫܘܒܚܠܟ
ܡܚܕܝܢܐ ܕܥܠܡܐ. ܫܘܒܚܠܟ ܡܦܪܩܢܐ
ܕܒ̈ܢܝܐ ܠܡܫܝܚܐ ܕܥܒܕܐ. ܫܘܒܚܠܟ
ܡܪܝ ܕܡܪܝܡܘܗܝ ܐܦܠܐ ܡܠܐܟܐ
ܕܫܡܝܐ: ܘܡܪܢܡܝ ܠܗܘܢ ܕܪ̈ܚܡܐ.
ܘܡܫܡܗܝ ܟܕ ܗܘ ܡܪܝܐ ܒܫܡܐ ܕܫܘܒܚܐ
ܢܬܐ ܕܢܬܐ ܒܡܫܐ ܡܫܘܠܚܝ:
ܕܐܚܝܕ ܟܠ ܕܡܫܡܝܢ ܕܒܫܡܐ ܗܘܐ ܚܝܠܐ
ܘܒܫܡܫܬܐ ܘܡܚܒܠܢܘܬܐ. ܕܐܝܬܝܗ
ܕܒܪܝܬܐ ܕܝܠܗ ܘܡܫܡܗ ܘܕܡܫܒܚܗ

നൽകേണമേ. ഞങ്ങളിൽനിന്നു നീ എടുത്ത മനുഷ്യത്വ ത്തിൽ കാലങ്ങളുടെ അവസാനത്തിൽ നീ പ്രത്യക്ഷപ്പെടു മ്പോൾ തിരുമുമ്പാകെ ഞങ്ങൾ കൃപയും കരുണകളും കണ്ടെത്തുവാനും ആത്മികഗണങ്ങളോടുകൂടെ നിന്നെ സ്തുതിപ്പാനും ഞങ്ങൾ യോഗ്യരാക്കപ്പെടുമാറാകട്ടെ.

മദ്ബ്ഹയുടെ മുമ്പാകെ കുനിഞ്ഞുനിന്നുകൊണ്ടു മാർ ബർസോമയുടെ ഈ പ്രാർത്ഥന പുരോഹിതൻ ചൊല്ലുന്നു.

✠ ഗ്ഹൻത്ത ✠

കാണാതെ പോയവരെ കണ്ടുപിടിക്കുന്നവനേ, നിനക്കു സ്തുതി. ചിതറിപ്പോയവരെ കൂട്ടിശേഖരിക്കുന്ന വനേ, നിനക്കു സ്തുതി. ദൂരസ്ഥന്മാരെ അടുപ്പിക്കുന്നവനേ, നിനക്കു സ്തുതി. തെറ്റിപ്പോയവരെ സത്യത്തിന്റെ അറിവി ലേക്ക് തിരിച്ചുവരുത്തുന്നവനേ, നിനക്കു സ്തുതി. കർത്താവേ, ബലഹീനനായ എന്നെയും നീ വിളിക്കുകയും നിന്റെ ദയയാൽ നിന്റെ അടുക്കലേക്ക് എന്നെ അടുപ്പിക്കു കയും ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ ഈശോ മ്ശീഹായുടെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും കബറടക്കത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും ഓർമ്മ യാകുന്ന ജീവനുള്ളതും വിശുദ്ധവും സ്വീകാര്യവുമായ ഈ

ܘܒܡܐܬܝܬܗ ܕܡܪܢ ܘܦܪܘܩܢ ܝܫܘܥ
ܡܫܝܚܐ ✠ ܕܒܗ ܐܬܪܥܝܬ ܘܐܬܦܝܣܬ:
ܠܫܘܒܩܢܐ ܚܛܗ̈ܐ ܕܟܠܗܘܢ ܕܒܢܝ̈ܢܫܐ.

✠ ܩܢܘܢܐ ✠

ܕܠܡ ܐܠܗܐ ܐܒܐ ܕܫܪܪܐ. ܘܠܒܪܗ ܝܚܝܕܝܐ ܡܪܢ ܝܫܘܥ ܡܫܝܚܐ. ܘܠܪܘܚܗ ܚܝܐ ܘܩܕܝܫܐ ܘܡܚܝܢܝܬܐ ܫܘܒܚܐ ܘܐܝܩܪܐ ܘܬܘܕܝܬܐ ܘܣܓܕܬܐ ܢܗܘܐ. ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ ܥܠܡܝܢ.

ܘܪܫܡ ܥܠ ܥܡܗ. ܘܥܢܝܢ: ܐܡܝܢ.

ܘܐܡܪ ܟܗܢܐ: ܫܠܡܐ ܠܟܠܟܘܢ. ܘܥܢܝܢ ܥܡܐ: ܘܥܡܟ ܘܥܡ ܪܘܚܟ.

ܘܐܡܪ ܡܫܡܫܢܐ: ܗܒܘ ܫܠܡܐ ܚܕ ܠܚܕ ܒܚܘܒܗ ܕܡܫܝܚܐ.

ܘܥܢܝܢ ܫܠܡܐ ܠܚܕܕܐ. ܘܐܡܪܝܢ

ബലി തിരുമുമ്പാകെ അർപ്പിക്കുന്നതിന്നു നിന്റെ വിശുദ്ധ കാഥോലീക്കാസഭയുടെ വലിയ ശരീരത്തിൽ അറിയപ്പെട്ട അംഗമായി എന്നെ നിയമിക്കുകയും ചെയ്തതിനാൽ നിനക്കു സ്തുതി. സർവ്വമനുഷ്യരുടെയും പാപങ്ങൾ ക്ഷമിക്കുന്നതിന്നു ഇതുമുഖാന്തരം നീ പ്രസാദിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തുവല്ലോ. ആവർത്തിക്കുക

✠ കാനോന ✠

സത്യത്തിന്റെ പിതാവായ ദൈവമേ നിനക്കും, ഞങ്ങളുടെ കർത്താവീശോമ്ശീഹയാകുന്ന നിന്റെ ഏകജാതനായ പുത്രന്നും, ജീവനുള്ളവനും പരിശുദ്ധനും ജീവിപ്പിക്കുന്നവനുമായ നിന്റെ റൂഹായ്ക്കും, സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും ഞങ്ങൾ അർപ്പിക്കും. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും

(പുരോഹിതൻ) തന്റെ മേൽ മുദ്രയിടുന്നു. ഉത്തരം ആമേൻ.

പുരോഹിതൻ പറയുന്നു. നിങ്ങളോടുകൂടെ സമാധാനം. ജനം ഉത്തരം പറയുന്നു. നിങ്ങളോടും നിങ്ങളുടെ ആത്മാവോടുംകൂടെ.

ܘܫܠܡ ܒܠܗܘܢ. ܣܘܟ ܕܦܢܝܬܐ: 42

ܘܩܕܡ ܗܕܡ ܡܫܡܫܢܐ ܕܡܘܦܩܝܢ:

ܗܢܘ ܕܝܢ ܣܦܪܐ ܚܝܐ ܘܡܕܚܐ.

ܘܡܚܕܘ ܡܫܡܫܢܐ: ܢܘܪܐ ܘܝܒܝܐ

ܣܘܟ ܕܦܢܝܬܐ: 43

ܘܡܣܒܐ ܩܕܝ ܦܘܢܐ ܘܠܒܣ܆ ܡܕܡ

ܡܕܒܫܐ ܒܟܠ ܒܘܩܦܘܣ. ܘܡܒܝܐ

ܓܠܘܚܐ ܗܘܐ.

✱ ܒܘܫܪܐ ✱

ܡܕܢܚܐ ܐܠܗܐ ܫܠܝܚܐ. ܒܕܝ.

ܦܢܝܢܘ ܠܡܫܝܠܘܬܝ ܒܡܕܢܚܘܬܝܗ.

ܘܡܕܝܕܘܬܐ ܕܡܒܕܘܬܝܗ: ܐܬܘܒܝ

ܕܐܦܪܝ ܡܕܡܝܢ ܕܟܣܝܐ ܗܘܐ ܫܒܝܐ

ܘܦܕܒܫܬܐ: ܐܝܟ ܕܠܒܘܕܢܐ ܕܟܠܗ ܠܗܐ:

ܘܠܓܫܘܫܬܐ ܕܥܠܝܘܬܝܗ ܡܫܒܚܬܐ.

ܐܝܟ ܘܕܢܐ ܘܦܘܫܐ ܕܦܘܪܩܢܐ ܠܥܠܡܝܢ ✱

ശമ്മാശൻ പറയുന്നു. മ്ശീഹായുടെ സ്നേഹത്തിൽ തമ്മിൽതമ്മിൽ സമാധാനം കൊടുപ്പിൻ. അവർ അന്യോന്യം സമാധാനം കൊടുത്തുകൊണ്ടു പറയുന്നു.

കാഥോലിക്കമാർ...... പേജ് 42

രണ്ട് ശമ്മാശന്മാർ 'ദ്‌യോപ്പത്ത്ഹീൻ' അതായത് ജീവനുള്ളവരുടെയും മരിച്ചവരുടെയും പുസ്തകം വായിക്കുന്നു. ശമ്മാശൻ പ്രസ്താവിക്കുന്നു. നാമെല്ലാവരും നിർമ്മലതയോടും..... പേജ് 43

ഉടനെ പുരോഹിതൻ സമീപിച്ചു മദ്ബ്ഹായുടെ മുമ്പാകെ മുട്ടുകുത്തി ഈ പ്രാർത്ഥന ചൊല്ലുന്നു.

✠ കൃൂശാപ്പ ✠

ബലവാനായ ദൈവമായ കർത്താവേ, ആവർത്തിക്കുക എന്റെ ബലഹീനതയെ നിന്റെ കാരുണ്യത്താൽ സഹായിക്കുകയും പൊതുവിൽ എല്ലാവരുടെയും സഹായത്തിന്നും സ്തുതിക്കപ്പെട്ട നിന്റെ ത്രിത്വത്തിന്റെ മഹത്വത്തിന്നുമായി ജീവനുള്ളതും പരിശുദ്ധവുമായ ഈ ബലി തിരുമുമ്പാകെ അർപ്പിക്കുന്നതിന്നു നിന്റെ കൃപയുടെ സഹായത്താൽ എന്നെ യോഗ്യനാക്കുകയും

ܘܟܰܕ ܐܳܡܰܪ ܡܫܰܡܫܳܢܳܐ: ܒܰܫܠܳܡܳܐ
ܘܰܫܠܳܡܳܐ ܚܘܪ ܒܟܦܠܐ .45 ܘܡܫܚܬܐ
ܩܳܐܶܡ ܟܳܗܢܳܐ ܘܡܰܩܪܶܒ ܠܩܘܼܪܒܳܢܳܐ
(ܘܰܫܒ݂ܩܳܐ) ܡܶܢ ܐܰܪܥܳܐ: ܘܡܚܰܬܶܡ ܠܶܗ
ܣܶܕܪܳܐ ܩܰܫܝܳܐ ܘܦܰܠܛܶܗ ܘܐܳܡܰܪ.
ܕܢܶܬ݂ܩܰܕܰܫ ܩܘܼܪܒܳܢܳܐ ܗܳܢܳܐ ܒܰܫܡܳܐ
ܘܒܚܘܼܒܳܐ: ܘܥܰܡ ܢܰܦ݂ܫܳܐ ܠܰܐܠܳܗܳܐ ܢܶܗܘܶܐ
ܕܰܡܩܰܪܒܺܝܢ ܒܶܗ ܒܢܰܝ̈ܳܐ: ܐܳܡܺܝܢ.
(ܨܠܘܿܬ݂ܳܐ ܕܩܘܼܕܳܫܳܐ. ܢܶܥܡܰܪ ܫܰܝܢܳܐ
ܘܰܡܫܰܒ݂ܚܳܐ ܒܡܰܠܟ݁ܘܼܬ݂ܳܐ ܡܫܺܝܚܳܝܳܐ:
ܕܰܡܚܰܕܶܬ݂ ܒܩܘܼܕܳܫܳܐ ܟܠܗܘܢ ܕܢܺܐܡܢܘܢ
ܠܫܡܳܐ ܕܰܐܠܳܗܳܐ ܠܥܳܠܡܺܝܢ: ܐܳܡܺܝܢ.)

ܘܡܰܦܩܶܕ ܟܳܗܢܳܐ ܦܬ݂ܘܪܳܐ ܒܩܘܼܕܳܫܳܐ

ܟܶܕ ܐܳܡܰܪ: ܕܰܫܡܰܥ ܠܝܼ ܡܳܪܝ، ܘܢܶܠܦܳܘ،
ܢܰܦܩܳܐ ܘܰܡܢܳܬ݂ܳܐ ܕܰܡܩܰܕܫܺܝܢ ܠܝܼ ܚܳܝܶܐ
ܘܰܡܗܰܝܡܢܳܐ ܕܰܡܫܰܕܪܳܐ ܠܶܗ ܘܰܡܫܰܠܡܳܐ ܥܰܒܕܳܐ.

ചെയ്യുമാറാകേണമേ. എന്നെന്നേക്കും പിതാവും പുത്രനും റൂഹാദ്കുദ്ശായുമായുള്ളോവേ

ശമ്മാശൻ പറയുന്നു. ഉണർവ്വോടും ഉത്സാഹത്തോടും .... പേജ് 45. പുരോഹിതൻ ഉടനെ എഴുന്നേറ്റ് രഹസ്യങ്ങളിന്മേൽനിന്നു ശോശിപ്പ (സൂക്ഷ്മതയോടെ) ഉയർത്തി അതിനെ ക്യാസയുടെയും പീലാസയുടെയും ചുറ്റും ചുരുട്ടിവെച്ചുകൊണ്ടു പറയുന്നു. കർത്താവേ, നിന്റെ കൃപയാൽ നിന്റെ തിരുശരീരത്തിന്നും തിരുരക്തത്തിന്നും നീ എന്നെ യോഗ്യനാക്കിയല്ലോ. അപ്രകാരംതന്നെ വിധിനാളിൽ തിരുമുമ്പാകെ മുഖപ്രസാദത്തിന്നും എന്നെ യോഗ്യനാക്കേണമേ. ആമേൻ.

(സുഗന്ധവർഗ്ഗത്തിന്റെ പ്രാർത്ഥന നിന്റെ ബഹുമാനത്തിന്നും ഞങ്ങളുടെ വിമോചനത്തിന്നുമായി ഞങ്ങൾ ഇടുന്നതായ ഈ സുഗന്ധവർഗ്ഗങ്ങൾ നിന്റെ മഹത്വപ്പെട്ട ത്രിത്വത്തിന്റെ വന്ദ്യവും സ്തുത്യവുമായ നാമത്താൽ വാഴ്ത്തപ്പെടുമാറാകട്ടെ എന്നെന്നേക്കും ആമേൻ.)

പുരോഹിതൻ പാത്തോറയെ ധൂപിക്കുമ്പോൾ ചൊല്ലുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നിന്റെ ആലയത്തിലുള്ള വിശുദ്ധമദ്ബ്ഹയ്ക്കു

ܘܢܗܘܐ ܠܚܕܘܬܐ ܕܥܠܡܝܢ ܒܕܒܚܐ:
ܘܬܘܕܝܬܐ ܕܥܠܝܝܢ ܘܬܚܬܝܐ.
ܐܒܐ ܘܒܪܐ ܘܪܘܚܐ ܕܩܘܕܫܐ ܠܥܠܡܝܢ ❖

ܘܐܡܪ ܟܗܢܐ ܠܡܫܡܫܢܐ: ܡܫܡܫܢܐ
ܢܫܠܡ ܕܫܠܝܚܝܢ ܢܦܫܢ ܒܡܫܝܚܐ.

ܘܡܦܩ (ܒܩܠܐ ܫܡܝܢܐ):

❖ ܩܘܩܐ ❖

ܫܒܘܚܘܗ ܕܡܪܐ ܦܪܘܩ ܡܫܝܚܐ.
ܘܗܘܕܘ ܕܐܠܗܐ ܐܒܐ. ܘܫܘܒܚܐ
ܕܪܘܚܐ ܕܩܘܕܫܐ. ܢܗܘܐ ܥܡ ܟܠܢ.
ܗܫܐ ܘܒܟܠܥܕܢ ܠܥܠܡܝܢ.

ܘܥܢܝܢ ܟܠ ܥܡܐ ܘܐܡܪܝܢ: ܐܡܝܢ.

ܘܡܦܩ ❖ ܩܘܩܐ ❖

ܠܟܠ ܐܡܬܘܡܝܢ ܒܟܬܒܐ ܕܢܒܝܐ
ܕܚܝܠܬܐ ܕܡܫܝܚܘܬܐ. ܢܚܬ ܕܠܒܗ
ܥܠܝܢ ܠܡܫܡܫܢܐ ܕܦܬܓܡܘ ܕܝܠܘܗܝ.

മുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്ന ഇമ്പകരമായ ധൂപം നിന്നെ പ്രസാദിപ്പിക്കുകയും നിന്റെ വിശുദ്ധനാമത്തിന്റെ ആനന്ദത്തിന്നും നിന്റെ ദാസന്മാരുടെയും നിന്റെ ആട്ടിൻകൂട്ടത്തിന്റെയും വിമോചനത്തിന്നുമായിത്തീരുകയും ചെയ്യുമാറാകട്ടെ. എന്നെന്നേക്കും പിതാവും പുത്രനും റൂഹാദ്കുദ്ശായുമായുള്ളോവേ

പുരോഹിതൻ ശമ്മാശനോടു പറയുന്നു.

എന്നെന്നേക്കും തന്റെ ഇഷ്ടം മ്ശീഹ ചെയ്യുന്നതിന്നു നിങ്ങളെ ശക്തിപ്പെടുത്തട്ടെ. കേൾക്കത്തക്ക ശബ്ദത്തിൽ തുടരുന്നു

✠ കാനോന ✠

നമ്മുടെ കർത്താവായ ഈശോമ്ശീഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ. ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും രഹസ്യങ്ങളിന്മേൽ മുദ്രയിടുന്നു.

തുടരുന്നു

ܘܠܐܪܡܠܳܬܳܐ ܘܠܝܰܬܡܶܐ ܡܣܟܺܢܶܐ
ܕܡܰܘܕܶܝܢ ܗ̱ܘܘ، ܕܡܫܰܒܩܳܐ ܚܛܗܝܢ ܕܗܘܘ،
ܡܕܝܢܬܗ، ܘܡܢܢ: ܠܗܘܢ ܢܬܠܗܘ
ܕܢܺܐܪܬܽܘܢ ܘܢܶܬܒܰܣܡܽܘܢ ܘܢܶܫܬܰܒܚܽܘܢ ܡܰܠܟܽܘܬܳܐ
ܡܕܝܢܬܐ.

ܘܩܘܡ ✣ ܒܥܘܬܐ ✣

ܦܘܪܩܢܐ ܚܢܢ ܘܡܠܠܢܢ ܕܢܦܫܢ، :
ܘܕܝܢܐ ܟܠ ܕܒܝܫܐ ܘܡܫܒܚܢ ܕܒܪ
ܚܝܘܢ: ܕܝܬܝܪܐ ܒܠܚܘܕ ܢܘܗܪܗ.
ܘܡܠܟܬܐ ܕܝܠܟܐ ܢܚܘܗܝ. ܘܗܘܝܐ
ܒܝܡ ܢܘܗܪܗ، ܘܒܪܘܟܗ: ܘܡܠܟܘܬܐ
ܒܒܝܬܐ ܦܪܘܩܗ. ܘܚܘܒܐ ܕܠ
ܡܕܝܢܬܐ ܕܝܠܗ: ܘܠܘܩܒܠ
ܕܠ ܕܫܒܚܗ، ܚܕܘܗ: ܘܒܚܕܘܬܐ
ܠܢܘܚܐ ܢܘܚܡܗ، ܢܗܘܘܗ. ܣܠܩ
ܒܠܘܡܐ ܕܬܫܒܚܬܐ ܡܢ ܫܘܝܗ: ܠܒܢܝܐ

✠ കാനോനാ ✠

ക്രോബേന്മാരുടെ ചിറകടിയ്ക്കും സ്രാപ്പേന്മാരുടെ ഹല്ലേലൂയ്യാകൾക്കും പരിശുദ്ധൻ പരിശുദ്ധനെന്ന ഇമ്പമുള്ള കീർത്തനങ്ങൾക്കും എവിടെ മുടക്കമില്ലാതിരിക്കുന്നുവോ, അവിടെ അത്യുന്നതങ്ങളിൽ മഹത്വത്തിന്റെ ഭയങ്കരസ്ഥലത്തു നിങ്ങളുടെ ഹൃദയങ്ങൾ ആയിരിക്കട്ടെ. ഉത്തരം അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമായ മഹത്വപ്പെട്ട രാജാവേ, നിങ്കലേക്കുതന്നെ. തുടരുന്നു

✠ കാനോനാ ✠

നവീയന്മാർ രഹസ്യമായി അവനെ ചിത്രീകരിച്ചു; ശ്ലീഹന്മാർ പരസ്യമായി അവനെ പ്രസംഗിച്ചു; സഹദേന്മാർ തങ്ങളുടെ കഴുത്തുകളിലെ രക്തത്താൽ അവനെ വിലയ്ക്കു വാങ്ങി; മല്പാന്മാർ പള്ളികളിൽ അവനെ വ്യാഖ്യാനിച്ചു; പുരോഹിതന്മാർ വിശുദ്ധ മദ്ബ്ഹമേൽ അവനെ ബലിയർപ്പിച്ചു; ലേവ്യക്കാർ തങ്ങളുടെ ഭുജങ്ങളിന്മേൽ അവനെ വഹിച്ചു; ജാതികൾ അവരുടെ കടങ്ങളുടെ പരിഹാരത്തിന്നായി അവനെ സ്വീകരിച്ചു; ഞങ്ങളുടെ ആദ്യഫലത്തിന്റെ

ܡܳܪܟ ܡܫܰܒܰܚ̈. ܘܩܽܘܠܳܝܳܐ: ܐܶܢܳܐ ܘܰܐܟܶܡ.

ܘܰܐܡܰܪ ܡܫܰܡܫܳܢܳܐ: ܫܠܳܡܳܐ ܥܰܡܟܽܘܢ.

ܐܳܘ ܡܽܘܫܶܐ ܪܳܒܳܐ. ܨܠܽܘܬܶܗ ܕܰܐܒܽܘܢ
ܠܡܶܕܰܒܪܳܢܽܘܬܶܗ ܘܰܡܩܰܝܡܽܘܬܳܐ ܕܰܡܥܰܕܪܳܢܽܘܬܳܐ
ܦܳܪܽܘܩܰܢ: ܕܰܫܠܰܚܶܗ ܠܶܗ ܠܡܳܪܶܗ. ܕܢܰܦܩܽܘܗ̇ܝ
ܢܦܶܫ ܠܡܰܠܟܽܘܬܶܗ. ܘܰܐܩܺܝܡܶܗ ܚܰܝ̈ܶܐ
ܕܥܰܡܶܗ ܟܽܠ ܠܒ̈ܢܰܘܗ̇ܝ: ܘܕܳܪ̈ܰܘܳܬܶܗ
ܨܠܽܘܬܶܗ ܥܰܡܰܢ. ܘܥܽܘܕܪܳܢܶܗ: ܫܠܳܡܳܐ
ܥܰܡܟܽܘܢ

✥ ܚܽܘܬܳܡܳܐ ✥

ܡܳܪܳܢܳܐ ܡܳܪܳܢܳܐ: ܥܒܶܕ ܫܠܳܡܳܐ ܢܰܦܫܳܐ

ܣܘܪ. ܡܰܦܩܳܢܳܐ · 48 ✥ ܐܳܘ ܪܳܒܳܐ.

ܫܡܰܥ ܐܰܢ̱ܬ ܡܳܪܝ ܠܨܠܽܘܬܰܢ. ܗܒ.
ܘܩܰܒܶܠ ܐܰܢ̱ܬ ܠܡܶܬܚܰܢܢܽܘܬܰܢ. ܕܰܟܪܶܝ ܟܽܠ
ܥܰܡܶܗ ܐܰܢ̱ܬ: ܢܶܥܒܶܕ ܒܚܰܝ̈ܶܝܢ: ܠܡܰܢܚܳܢܶܗ
ܟܽܠ ܐܰܝܟܳܐ ܥܒܺܝܕܳܬܳܐ ܘܢܰܟܦܽܘܬܳܐ. ܟܺܐܢܳܐ ܐܰܢ̱ܬ

ജീവനുള്ളതും വിവേകപൂർവ്വകവുമായ കുർബ്ബാനയും ഞങ്ങളുടെ അതേ വർഗ്ഗത്തിലുള്ളവന്റെ അർപ്പിക്കപ്പെടാത്തതും സ്വീകാര്യവുമായ ബലിയും എല്ലാ സൃഷ്ടികൾക്കുംവേണ്ടി സർവ്വനാഥനായ ദൈവത്തിന്ന് അർപ്പിക്കപ്പെടുന്നു. ഉത്തരം അതു ന്യായവും ഉചിതവും തന്നെ.

ശമ്മാശൻ പറയുന്നു. നമ്മോടുകൂടെ സമാധാനം.

അല്ലെങ്കിൽ ഈ കൂലാസ തന്റെ ശരീരത്താൽ നമ്മുടെ ദുഃഖത്തെ സന്തോഷിപ്പിക്കുകയും തന്റെ ജീവരക്തം നമ്മുടെ ഹൃദയങ്ങളിന്മേൽ തളിക്കുകയും ചെയ്തുകൊണ്ടു നമുക്കുവേണ്ടി പൂർത്തിയാക്കപ്പെട്ട നമ്മുടെ രക്ഷകനായ മ്ശീഹായുടെ അത്ഭുതകരമായ പരസ്യശുശ്രൂഷയെ നിങ്ങൾ ഓർക്കുകയും നിർമ്മലതയോടെ ഉണർന്നു പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നമ്മോടുകൂടെ സമാധാനം.

✠ കൃൂശാപ്പ ✠

കർത്താവേ, കർത്താവേ...... പേജ് 48

അല്ലെങ്കിൽ ഇത് കർത്താവേ, നിന്റെ കൃപയെ ഞാൻ ആരാധിക്കുന്നു. ആവർത്തിക്കുക ഞാൻ യോഗ്യനല്ലാതിരിക്കെ, മഹത്വമുള്ളവയും ദൈവികവുമായ രഹസ്യങ്ങൾ

ܡܢܝ ܡܪܝ: ܘܡܟܝܠ ܐܢܐ ܘܥܡܟܘܢ
ܐܢܐ ܠܡܫܝܚܘܬܗ ܕܝܠܗ ܠܒܢܝܗ
ܕܥܠܡܐ ܘܠܟܠܗܘܢ ܕܒܥܕܬܐ: ܘܠܟܘܡܪܐ
ܕܒܥܕܬܐ ܡܗܝܡܢܬܐ: ܘܠܡܫܡܫܢܐ
ܕܟܘܢܫܝܢ: ܘܠܐܚܝܢܐ ܕܡܗܝܡܢܝܢ:
ܘܠܒܬܘܠܬܐ ܕܩܕܝܫܝܢ: ܘܠܟܘܢܫܐ
ܘܠܢܘܟܪܝܐ ܕܐܬܚܫܒܘ: ܘܠܐܒܗܬܐ
ܕܡܝܬܝܢ: ܘܠܐܘܪܚܝܐ ܘܠܡܘܟܟܐ
ܕܟܠܗܘܢ ܥܡܡܝܐ: ܘܠܝܬܡܐ
ܕܒܟܠܕܘܟܐ ܕܟܠܗܘܢ ܐܢܫܝܢ
ܘܐܪܟܐ: ܕܡܢܟ ܡܬܒܥܝܢ ܟܕ ܡܬܚܢܢܝܢ
ܟܡܪܘܬܐ ܘܒܢܘܗܝ ܠܥܠܡܝܢ: ܐܡܝܢ.

ܒܥܘܬܐ

ܘܒܬܪ ܥܢܝܢܐ ܒܥܘܬܐ ܗܕܐ ܡܫܠܡ.

ܟܕ ܡܪܢܐ ܒܐܝܕܐ ܫܠܝܚܐ ܐܡܪܐ
ܡܫܘܡܥܐ ܒܪܐ ܐܚܝܕ ܟܠ. ܟܗܢ.

നിനക്കർപ്പിക്കുവാൻ നിന്റെ ദയയാൽ എന്നെ നീ യോഗ്യ നാക്കിയതിനാൽ നിന്റെ കരുണയെ ഞാൻ സ്തുതിക്കുന്നു. കർത്താവേ, ഇവ ലോകത്തിന്റെ ശാന്തിക്കും സൃഷ്ടിയുടെ സമാധാനത്തിന്നും നിന്റെ വിശ്വസ്തസഭയുടെ നിലനി ല്പിന്നും നിന്റെ പുരോഹിതന്മാരുടെ വിജയത്തിന്നും നിന്റെ വിശ്വാസികളുടെ വളർച്ചയ്ക്കും നിന്റെ നീതിമാന്മാ രുടെ കാവലിന്നും അനുതപിക്കുന്നവരുടെ പാപങ്ങളുടെ പരിഹാരത്തിന്നും വിമോചനത്തിന്നും തെറ്റിപ്പോയവരുടെ തിരിച്ചുവരവിന്നും എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കും സഹായത്തിന്നും നിന്റെ കൃപയാലും കരുണകളാലും ഇപ്പോൾ തിരുമുമ്പിൽ നിൽക്കുന്ന നിന്റെ എല്ലാ ദാസന്മാ രുടെയും ദാസിമാരുടെയും കുറ്റങ്ങളുടെ നിർമ്മാർജ്ജന ത്തിന്നും ആയിത്തീരുവാൻ നിന്നോടു ഞാൻ അപേക്ഷി ക്കുകയും നിന്റെ കൃപയോടു യാചിക്കുകയും പ്രാർത്ഥി ക്കുകയും ചെയ്യുന്നു. ആമേൻ.

✠ ഗ്ഹൻത്ത ✠

സർവ്വശക്തനായ പിതാവും അനാദിയായുള്ള വനും ബലവാനുമായ ദൈവമായ കർത്താവേ, ആവർത്തിക്കുക എപ്പോഴും സദാകാലത്തും താൻ

ܗܘ ܕܐܡܝܢܐܝܬ ܘܒܟܠܙܒܢ ܐܝܬܘܗܝ:
ܘܐܝܬܘܗܝ ܐܝܟ ܕܐܝܬܘܗܝ: ܐܒܐ ܘܒܪܐ
ܘܪܘܚܐ: ܕܫܘܝܐ ܘܡܫܬܘܕܝ ܘܡܫܬܒܚ:
ܘܡܬܪܡܡ ܒܟܠܙܒܢ ܘܒܟܠܕܘܟ. ܐܢܬ
ܠܟ ܐܠܗܐ ܫܒܚܐ: ܟܠ ܡܬܕܡܪܢ̈ܐ:
ܘܟܠ ܡܫܡܫܢ̈ܐ: ܘܟܠ ܡܬܦܩܕܢ̈ܐ:
ܘܟܠ ܡܬܚܘܝܢ̈ܐ: ܘܟܠ ܡܕܒܪ̈ܢܐ:
ܘܟܠ ܫܘܠܛܢ̈ܐ: ܘܟܠ ܡܪ̈ܘܬܐ: ܘܪܡ
ܘܡܥܠܝ ܡܢ ܚܘܫܒܐ ܘܣܘܟܠܐ
ܕܟܠܗܘܢ ܒܪ̈ܝܬܐ. ܗܘ ܕܒܟܠ ܕܘܟ
ܐܝܬܘܗܝ: ܘܒܕܘܟ ܠܐ ܡܬܚܡ. ܐܢܬ
ܘܒܪܟ ܝܚܝܕܝܐ ܘܪܘܚܟ ܩܕܝܫܐ. ܐܢܬ
ܡܪܝ ܗܒܠܢ ܡܠܬܐ ܕܡܦܬܚ ܦܘܡܢ:
ܕܢܩܪܒ ܠܟ ܒܠܒܐ ܫܦܝܐ ܘܒܪܘܚܐ
ܡܟܝܟܬܐ: ܦܐܪ̈ܐ ܚܘ̈ܫܝܐ ܕܣܦܘ̈ܬܢ
ܬܫܡܫܬܐ ܡܠܝܠܬܐ. ܐܢܬܘ ܠܟ

ആയിരിക്കുന്നതുപോലെ ആയിരിക്കുന്ന നിന്നെ ഞങ്ങൾ എല്ലാ കാലത്തും എല്ലാ നേരത്തും സ്തോത്രം ചെയ്ത് ആരാധിച്ചു മഹത്വപ്പെടുത്തി പുകഴ്ത്തുവാൻ യോഗ്യവും ന്യായവും യുക്തവുമാകുന്നു. എന്തെന്നാൽ ഗ്രഹിക്കപ്പെടുവാൻ പാടില്ലാത്തവനും, പരിധി നിർണ്ണയിക്കുവാനും വ്യാഖ്യാനിക്കപ്പെടുവാനും കഴിയാത്തവനും, അദൃശ്യനും, നിർമ്മിതനല്ലാത്തവനും, നിർവ്വികാരനും, അമർത്ത്യനും, സൃഷ്ടിക്കപ്പെട്ട എല്ലാറ്റിന്റെയും ചിന്തയ്ക്കും പരിജ്ഞാനത്തിന്നും അതീതനായിരിക്കുന്നവനും, താൻ സർവ്വവ്യാപിയും ഒരിടത്തും സംക്ഷേപിക്കപ്പെടാവതല്ലാത്തവനും ആയ സത്യദൈവമേ, നീയും നിന്റെ ഏകജാതനായ പുത്രനും റൂഹാദ്കുദ്ശായുമായ എന്റെ കർത്താവേ, വിവേകപൂർവ്വകമായ ശുശ്രൂഷയായി ഞങ്ങളുടെ അധരങ്ങളുടെ ആത്മികഫലങ്ങൾ തകർന്ന ഹൃദയത്തോടും വിനീതമായ ആത്മാവോടുംകൂടെ നിനക്കർപ്പിക്കുവാൻ ഞങ്ങളുടെ വായ തുറക്കുമ്പോൾ ഞങ്ങൾക്കു വചനം നല്കേണമേ. എന്തെന്നാൽ ഞങ്ങളുടെ ദൈവവും, ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും സർവ്വനിക്ഷേപങ്ങളും

ܐܠܗܝ: ܘܐܒܘܗܝ ܕܡܠܟܢ ܘܡܪܝ
ܘܦܪܘܩܢ ܝܫܘܥ ܡܫܝܚܐ ܥܒܕܝ: ܗܘ
ܕܒܗ ܒܫܡ ܕܠܥܠܡ ܫܡܝܐ ܕܫܡܝܐ
ܘܒܪܝܬܐ: ܘܒܐܝܕܗ ܡܫܬܠܛܝܢ ܚܝܠܘܬܐ
ܕܪܘܚܐ ܕܩܘܕܫܐ: ܪܘܚܐ ܕܫܪܪܐ: ܗܘ
ܕܡܢ ܐܒܐ ܢܦܩ: ܘܡܢ ܒܪܐ ܠܒܪܐ
ܕܐܠܗܘܬܗ ܡܫܡܠܝܐ: ܗܘ ܕܒܗ ܟܠ
ܚܝܠܘܬܐ ܕܡܫܡܫܝܢ ܕܡܠܐܟܐ ܘܕܟܠ
ܡܫܒܚܝܢ: ܡܫܡܠܝܢ ܘܡܫܒܚܝܢ
ܘܡܫܬܓܕܝܢ ܘܡܘܕܝܢ. ܘܠܟ ܘܠܒܪܟ
ܝܚܝܕܝܐ ܘܠܪܘܚܐ ܕܩܘܕܫܐ: ܬܫܒܘܚܬܐ
ܢܡܘܣܐ ܕܟܠ ܥܠܡܐ ܕܒܠܘܬܢ ܡܫܬܒܚܢ.
ܡܛܠ ܕܡܢ ܠܥܠܡ ܐܠܗܘܬܐ. ܥܡܐ
ܟܗܢܐ ܡܢ ܟܠ ܡܝܩܪ ܠܒܘܫܐ ܢܫܩܗܝ
ܘܢܚܝܗܝ. ܟܕ ܕܝܢ ܢܩܒܠ ܘܢܦܠ
ܘܢܚܝܠ. ܡܢܕܪܫ ܢܝܫܗܝ، ܘܢܫܩܝܗܝ،

തന്നിൽ നിഗൂഢമായിരിക്കുന്ന ഞങ്ങളുടെ രാജാവും കർത്താവും രക്ഷിതാവും പ്രത്യാശയുമായ ഈശോ മ്ശീഹായുടെ പിതാവുമാകുന്നുവല്ലോ നീ. പിതാവേ, നിന്നിൽനിന്നു പുറപ്പെടുകയും, നിന്റെ ദൈവത്വത്തിന്റെ അദൃശ്യസ്വഭാവത്തിൽനിന്നു ആയിരിക്കുകയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ എല്ലാ വിവേകമുള്ള സ്വഭാവങ്ങളും തന്നാൽ ശുദ്ധീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്ന സത്യത്തിന്റെ ആത്മാവായ റൂഹാദ്കുദ്ശായുടെ പരിജ്ഞാനം അവൻമൂലം ഞങ്ങൾ പ്രാപിച്ചിരിക്കുന്നു. നിനക്കും നിന്റെ ഏകജാതനായ പുത്രന്നും റൂഹാദ്കുദ്ശായ്ക്കും നിരന്തരമായ സ്തുതി ഇടവിടാതെ എപ്പോഴും (ഞങ്ങൾ) അർപ്പിക്കുന്നു. എന്തെന്നാൽ സർവ്വവും നിന്റെ പ്രവൃത്തിയാകുന്നു. നീ ഞങ്ങളെ ഇല്ലായ്മയിൽനിന്ന് ആസ്തിക്യത്തിലേക്കു വരുത്തുകയും, ഞങ്ങളെ ക്രമപ്പെടുത്തുകയും ചെയ്തു. എന്നാൽ ഞങ്ങൾ ഇടറി വീണുപോകയും ജീർണ്ണിക്കയും ചെയ്തപ്പോൾ, നീ രണ്ടാമതും ഞങ്ങളെ പുതുക്കുകയും എഴുന്നേല്പിക്കുകയും സമ്പാദിക്കുകയും

ܕܫܘܒܚܐ ܡܢ ܦܪܐ ܘܟܠ: ܩܕܝܫܗܘܢ
ܠܕܡܠܟܐ: ܕܡܠܐܟܐ ܒܟܠܝܘܡ ܠܗܘܢ
ܕܫܡܝܢܐ ܢܫܡܬܗܘܢ: ܘܡܠܟܘܬܐ ܕܒܝܬܐ
ܕܚܝܠܘܬܐ ܢܘܪܐ ܠܗ: ܘܟܠ ܢܦܫ ܒܟܠܝܘܡ
ܒܪܝܫܘܬܐ ܕܠܗܘܢ: ܡܘܕܝܢ ܠܟ ܢܦܫܬܐ
ܢܦܫܐ ܕܥܕܬܐ: ܘܠܒܪܬܐ ܫܒܝܚܬܐ ܡܪܝ
ܐܢܘܢ ܡܫܝܚܐ: ܩܕܘܫܝܢ ܫܡܐ ܘܩܕܝܫܐ.
ܘܡܫܒܚܝܢ ܠܟ ܟܠ ܢܦܫ ܒܟܠܝܘܡ
ܒܪܝܫܘܬܐ ܕܫܡܝܐ ܠܗܘܢ: ܕܢܒܥܝܢ
ܘܒܟܠ ܢܒܥܝܢ: ܕܟܠܗܘܢ ܘܒܢܝܗܘܢ.
ܘܡܘܕܝܢ ܠܟ ܟܠ ܢܦܫ ܒܫܡܝܐ
ܘܒܪܐ: ܘܡܫܒܚܝܢ ܠܟ ܒܫܠܡܐ
ܡܢ ܐܝܢܐ. ܡܢܘ ܒܪܐ ܗܦܟ ܒܫܡܠܠ
ܟܠ ܒܫܡܝܐ ܕܡܠܟܘܬܐ: ܘܒܐܪܥܐ
ܒܟܠܝܘܡ ܒܪܝܫܘܬܐ ❖ ܡܫܒܚ ܕܐܦܠܐ
ܒܐ ܝܬܝܪ ܒܟܠܝܘܡ ܢܗܘܐ ܠܢ ܦܘܩܕܢܐ

ചെയ്തു. ഞങ്ങളെ സ്വർഗ്ഗത്തോളം ഉയർത്തുകയും വരുവാനുള്ള രാജ്യത്തെ നിന്റെ ദയയാൽ ഞങ്ങൾക്കു പ്രദാനം ചെയ്യുകയും ചെയ്തു. ഞങ്ങളോടു കരുതലോടെ പ്രവർത്തിക്കുന്നതിൽനിന്നു നീ വിരമിച്ചതുമില്ല. ഞങ്ങളോടുള്ള നിന്റെ സർവ്വകൃപകൾക്കുംവേണ്ടി സത്യത്തിന്റെ പിതാവായ ദൈവമേ, നിന്നെയും, നിന്റെ ഏകജാതനായ പുത്രനാകുന്ന ഞങ്ങളുടെ കർത്താവീശോമ്ശീഹായെയും, ജീവനും വിശുദ്ധിയുമുള്ള നിന്റെ റൂഹായെയും ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങൾ അറിയുന്നവയും അറിയാത്തവയുമായി പരസ്യവും രഹസ്യവുമായി നീ ഞങ്ങൾക്കു ചെയ്തുതന്നിട്ടുള്ള സർവ്വകൃപകൾക്കുമായി നിന്നെ ഞങ്ങൾ ആരാധിക്കുന്നു. ഈ ശുശ്രൂഷയെപ്രതി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ കൈകളിൽനിന്നും അതിനെ കൈക്കൊള്ളുവാൻ ഞങ്ങൾ നിന്നോട് അപേക്ഷിക്കയും ചെയ്യുന്നു. നിന്റെ ശക്തിയുടെ അത്ഭുതങ്ങളെക്കുറിച്ചു വർണ്ണിപ്പാനും നിന്റെ എല്ലാ മഹത്വങ്ങളെയും പ്രഘോഷിക്കുവാനും ആർക്കാകുന്നു കഴിയുന്നത്. * എന്തെന്നാൽ എന്റെ കർത്താവേ, എല്ലാ

ܘܠܥܠܡܐ: ܩܘܡ ܡܪܝܐ ܠܡܥܕܪܢܘܬܢ ܐܝܟ
ܪܚܡܘܬܟ. ܥܢ.

❖ ܩܘܠܐ ❖

ܕܡܪܝܡ ܘܠܝܠܕܘܬܗ ܡܪܝܐ ܣܓܕܝܢ:
ܐܝܟ ܐܠܗܐ ܘܒܪܗ ܕܐܒܐ، ܕܡܫܒܚܢܐ
ܘܒܪܝܐ ܡܠܐܟܐ. ܘܒܗܘ، ܐܝܟܢܐ
ܟܘܠܗܘܢ ܦܪܚܝܢ ܘܡܫܒܚܝܢ ܘܟܠ
ܥܠܡܝܢ: ܘܢܡܫܒܚܘܢ ܒܬܘܠܬܐ ܪܡܙܐ
ܕܟܠ ܥܠܡܐ ܒܬܫܒܚܬܐ ܡܢܨܚܝܢ
ܘܡܗܠܠܝܢ: ܘܩܥܝܢ ܩܕܝܫܐ ܠܒܪܐ
ܘܐܡܪܝܢ: ܘܓܚܢܝܢ: ܩܕܝܫ: ܩܕܝܫ:
ܩܕܝܫ: ܡܪܝܐ ܐܠܗܐ ܚܝܠܬܢܐ. ܕܡܠܝܢ
ܫܡܝܐ ܘܐܪܥܐ ܡܢ ܫܘܒܚܗ: ܘܡܢ
ܚܝܠ ܐܝܩܪܗ: ܘܡܢ ܗܕܪܐ ܕܙܝܘܗ
ܡܫܒܚܬܐ ܘܐܘܫܥܢܐ ܒܡܪܘܡܐ. ܐܘܫܥܢܐ ❖
ܠܒܪܗ ܕܕܘܝܕ. ܒܪܝܟ ܕܐܬܐ ܘܐܬܐ

സൃഷ്ടികൾക്കുംകൂടി ഒരു വായും ഒരു നാവുമാണെങ്കിൽപ്പോലും നിന്റെ മഹത്വത്തെ വർണ്ണിപ്പാൻ കഴിയുന്നതല്ലല്ലോ. ആവർത്തിക്കുക

✠ കാനോന ✠

എന്റെ കർത്താവേ, നിന്റെ ത്രിത്വത്തിന്റെ സന്നിധിയിൽ മാലാഖമാരുടെയും റബ്ബെ മാലാഖമാരുടെയും ആയിരമായിരങ്ങളും പതിനായിരം പതിനായിരങ്ങളും നില്ക്കുകയും അവരൊന്നിച്ചു യോജിച്ചു പറന്നു നിരന്തരം ചുറ്റി ഇടവിടാതെ സദാ അത്യുച്ചത്തിൽ മഹത്വമട്ടഹസിച്ചു ഹല്ലേലൂയ പാടുകയും അന്യോന്യം വിളിച്ചുപറയുകയും ചെയ്യുന്നു. ഉത്തരം തന്റെ സ്തുതികളാലും തന്റെ ഉള്ളായ്മയുടെ സ്വഭാവത്താലും, മഹത്വപ്പെട്ട തന്റെ പ്രഭയുടെ അലങ്കാരത്താലും സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്നു. ബലവാനായ ദൈവമായ കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. അത്യുന്നതങ്ങളിൽ ഓശാന. ദാവീദുപുത്രന്ന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും വരുന്നവനുമായവൻ വാഴ്ത്തപ്പെട്ടവൻ. അത്യുന്നതങ്ങളിൽ ഓശാന. പരിശുദ്ധൻ എന്നു പറയുന്ന ഓരോ

ܒܥܘܡܪܗ ܕܡܪܢܐ. ܘܫܒܚܐ ܒܡܪ̈ܘܡܐ.

ܒܬܪ ܟܠ ܡܬܒܥܐ ܕܚܕܒܫܒ ܐܡܪܝܢ ܟܘܠܗ
ܡܙܡܘܪܐ ܡܢܗ ܡܕܒܚܢܐ ܘܩܐܡ ܒܘܪܟܐ
ܘܐܡܪ ܒܘܥܝܐ ܗܢܐ.

❖ ܒܘܥܝܐ ❖

ܚܕܒܫ: ܚܕܒܫ: ܚܕܒܫ ܡܪܢܐ ܐܠܗܐ

ܣܘܦ ܕܩܠܐ: 51 ❖ ܐܘ ܗܢܐ.

ܟܝܢܐ ܐܢܐ ܡܢܝܢ ܡܪܢܐ ܐܠܗܐ
ܚܠܦܝܐ. ܗܒ. ܘܡܫܒܚܢܐ ܐܢܐ
ܠܫܡܝܢ ܩܕܝܫܐ: ܐܢܐ ܕܚܛܝܬ ܚܛܝܬܐ
ܘܡܣܟܠܢܐ ܘܛܘܡܐ. ܚܘܣ ܚܛܝܬܝ
ܘܫܘܠܛܢ ܕܚܛܘܗܝ ܠܝ ܗܘܐ
ܘܚܛܘܗܝ ܘܦܩܕܠܗ ܠܕܝܢܐ ܗܘܐ
ܚܝܐ ܘܩܕܫܐ ܡܢ ܐܒܝ ܫܬܒܘܩ
ܚܘܒ ܘܚܛܘ ܒܠܝܢ ܗܘܐ ܕܡܫܟܢ
ܠܘܟܝܢ ܕܝܘܡܐ ܠܡܪܢܐ ܠܚܘܒܐ

പ്രാവശ്യവും പുരോഹിതൻ മദ്ബ്ഹയുടെ മുമ്പാകെ ആരാധിക്കുകയും മുട്ടുകുത്തുകയും ചെയ്തുകൊണ്ട് ഈ ക്യൂശാപ്പ ചൊല്ലുന്നു.

✠ ക്യൂശാപ്പ ✠

സ്വർഗ്ഗങ്ങളും ഭൂമിയും എന്നാൽ നിറഞ്ഞിരിക്കുന്ന...... പേജ് 51. അല്ലെങ്കിൽ ഇത്

ബലവാനായ ദൈവമായ കർത്താവേ, നിന്നോടു ഞാൻ അപേക്ഷിക്കുന്നു. ആവർത്തിക്കുക കർത്താവേ, പാപിയും കുറ്റക്കാരനും നിർഭാഗ്യവാനുമായ നിന്റെ ദാസനായ ഞാൻ, എന്റെ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കുവാൻ, എന്റെ പാപാവസ്ഥക്കും ബലഹീനതക്കുംവേണ്ടി നിന്റെ ധാരാളമായ കരുണകളോടപേക്ഷിക്കുന്നു. ഞങ്ങൾക്കു വിമോചനത്തിന്നും രോഗശാന്തിക്കും സഹായത്തിന്നും കരുണകൾക്കുമായിത്തീരുവാൻ നിന്റെ രക്ഷയെ പ്രത്യാശിക്കുന്നു. എനിക്കും ഈ നിന്റെ ജനത്തിന്നും വേണ്ടി എന്റെ ബലഹീനകരങ്ങളിൽ നിന്നു ജീവനുള്ളതും പരിശുദ്ധവുമായ ഈ ബലി സ്വീകരിക്കേണമേ. നിന്റെ വിശുദ്ധശരീരവും രക്തവും നിന്റെ

ܘܠܐܣܝܘܬܐ ܘܠܒܘ̈ܝܐܐ ܘܠܬ̈ܫܡܫܬܐ. ܘܟܕ
ܡܫܠܡ. ܦܓܪܗ ܘܕܡܗ ܒܕܡܘܬܐ ܕܦܓܪ̈ܐ
ܘܬܘܒܥܬܐ ܕܡܕܒܪ̈ܢܝܢ: ܕܪܚܡܐ ܡܢܝܢ
ܗܘܠܠܐ ܕܢܚܡܬܐ: ܘܢܣܒ ܡܢܢ ܕܟܠܗ
ܒܚܝܒܘܬܐ ܘܒܚܠܘܬܐ ܕܓܠܠܝܒܐ
ܕܐܢܫܘܬܐ ܆: ܘܢܫܠܡ ܫܠܡܐ ܕܒܫܡܝܘܬܐ
ܘܚܘܒܐ ܕܒܝܬܐ ܕܡܬܒܢܢܝܢܘܬܐ:
ܘܣܘܟܠܐ ܠܡܫܢܐ ܕܡܬܘܬܐ: ܘܦܓܪܐ
ܟܪܝܐ ܕܝܗܒܘܬܐ. ܘܢܬܝܠܗ ܠܡܫܝܚܐ
ܗܦܟܐ ܕܒܝܬܐ ܘܢܒܝܥܐ ܕܚܝܘܬܐ. ܘܒܟܠ
ܒܟܠ ܕܘܟܐ ܢܚܘܐ ܠܟܝ ܘܢܒܢ ܢܟܢܝ
ܢܥܠܘܢ ܠܡܚܝܡܝܢ ܕܒܢ̈ܝܢ: ܠܗ ܡܫܒܚܘܬܐ
ܕܥܒܕܐ ܘܢܘܗܪܐ ܠܡܚܕܐ. ܘܢܥܠܘܢ
ܠܡܫܡܫܘ ܚܕܘܬܐ ܠܡܫܘܚܘܬܐ: ܢܟܠ
ܢܦܩ ܒܠܗܘܢ ܚܝ̈ܠܘܬܐ ܕܠܘܬܗ ܕܟܠ
ܡܫܡܫܢ̈ܐ ܀

ദാസരുടെ ശരീരങ്ങളിലും ആത്മാക്കളിലും കലർത്തപ്പെടുമ്പോൾ അതു ഞങ്ങളിൽനിന്നു പാപത്തിന്റെ എല്ലാ അഴുക്കിനെയും മാറ്റി വെടിപ്പാക്കുകയും മനുഷ്യവർഗ്ഗശത്രുവിന്റെ എല്ലാ തിന്മയും വഞ്ചനയും ഞങ്ങളിൽനിന്ന് അകറ്റുകയും ചെയ്യുമാറാകേണമേ. വിശ്വാസത്തിന്റെ സത്യവും, നിന്റെ പരസ്യശുശ്രൂഷയുടെ പരിജ്ഞാനത്തിന്റെ പ്രകാശവും നിന്റെ കർത്തൃത്വത്തിന്റെ പൂർണ്ണസ്നേഹവും നിന്റെ കൃപയുടെ നല്ല പ്രത്യാശയുംകൊണ്ടു ഞങ്ങൾ നിറയ്ക്കപ്പെടുമാറാകട്ടെ. നിന്റെ തിരുമുമ്പിലുള്ള നിർമ്മലവും പരിശുദ്ധവുമായ ഈ ശുശ്രൂഷയെ നീ കൈക്കൊള്ളുമാറാകേണമേ. ഞങ്ങളെല്ലാവരും എല്ലാ സ്ഥലത്തും ഏകാത്മാവിലും, ഏകവിചാരത്തിലും സത്യവിശ്വാസത്തോടും പൂർണ്ണ സ്നേഹത്തോടുംകൂടി നിന്റെ ഇഷ്ടം തികയ്ക്കുവാൻ ഞങ്ങൾ യോഗ്യരായിരിക്കുമാറാകട്ടെ. ഞങ്ങളുടെ നേരെയുള്ള അവർണ്ണനീയമായ നിന്റെ എല്ലാ കൃപകൾക്കുമായി നിന്റെ കർത്തൃത്വത്തിന്നു മഹത്വം ഉയർത്തുവാനും ഞങ്ങൾ യോഗ്യരായിത്തീരുമാറാകട്ടെ.

✠ ܒܥܘܬܐ ✠

ܘܒܬܪܗ ܕܡܪܝ ܒܥܘܬܐ ܗܕܐ
ܒܫܒܬܐ. ܘܒܕܡ ܗܠܝܢ ܚܠܘܬܐ ܥܢܝܬܐ.
ܐܒܝ. ܘܐܦ ܚܢܢ ܩܕܡ ܟܠܢܐ ܘܢܦܠܐ
ܢܒܥܐ ܡܢ ܡܪܚܡܢܘܬܐ: ܩܒܠܝܢ ܚܢܢ ܘܐܡܪܝܢ
ܚܢܢ: ܒܪܘܟ. ܢܗܘܐ ܫܘܒܚܐ ܘܡܩܒܠ
ܢܗܘܐ ܕܬܘܒܬܐ. ܘܡܫܡܫܢ ܢܗܘܐ ܘܡܫܠܡ
ܢܗܘܐ ܡܢ ܟܠ: ܕܫܘܒܚܐ ܠܐܠܗܘܬܟ
ܕܫܦܝܪܐ: ܕܢܬܒܪܟ ܘܡܫܒܚ ܫܡܟ
ܕܒܡܫܝܚܐ. ܒܪܝܟ ܕܝܢ ܐܦ ܒܪܐ ܕܐܠܗܐ
ܡܪܢ ܕܫܘܒ ܡܫܝܚܐ ܕܒܗ ܩܕܝܫܐ
ܕܫܘܒܚܐ: ܗܘ ܕܒܪܚܡܘܗܝ ܗܘ ܡܬܘܡܐܝܬ:
ܘܡܪܐ ܒܫܡܝܐ ܐܝܬܘܗܝ: ܘܥܒܘܕܐ ܗܘ
ܕܒܠܘܗܝ ܕܩܢܘܢܐ. ܘܡܫܒܚܝܢ ܚܢܢ ܡܪܢ
ܠܐܠܗܐ ܡܠܟܐ: ܢܠܒܫ ܠܒܘܫܐ ܕܡܢ
ܒܘܫܐ: ܗܘ ܕܒܪ ܐܝܬܘܗܝ ܒܫܘܒܚܐ:

✠ ഗ്ഹൻത്ത ✠

